1813

C. V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

# യുക്തിപ്രകാശം

2863

# YUKTHIPRAKASAM

[ ESSAYS ]

By

**M. C, JOSEPH**

*Second Impression—October 1968.*
*One Thousand Copies.*

PUBLISHERS :

THE MANGALODAYAM (PRIVATE) LTD.,
TRICHUR.

**Price : Rs. 4-00**

Printed at the Mangalodayam Press, Trichur-1.

# യുക്തിപ്രകാശം

എം. സി. ജോസഫ്

പ്രസാധകന്മാർ:
മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,
തൃശ്ശിവപേരൂർ.

1968/1144

ഒന്നാംപതിപ്പ്: 1966 ജനുവരി കോപ്പി 1000
രണ്ടാംപതിപ്പ്: 1968 ഒക്ടോബർ കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

വില:
നാലുറുപ്പിക.

# എന്റെ കൈത്തിരി വേണ്ടാ

പരേതനായ കേസരി ബാലകൃഷ്ണപിള്ളയെപ്പോലെ, മതത്തിന്റെയും സമുദായത്തിന്റെയും മററും സൂചിഭേദ്യമായ തമോരാശിയെ തട്ടിത്തകർത്തു്, കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ യുക്തിപ്രകാശം പ്രസരിപ്പിച്ച ഈ എൺപതുകാരനു്—ശ്രീ. എം. സി. ജോസഫിനു്—അദ്ദേഹത്തെ ഒരു പഴങ്കാരണവരായെണ്ണിപ്പോരുന്ന എന്നെപ്പോലൊരാളുടെ ഊന്നുവടി ഇനിയങ്ങോട്ടുള്ള ജീവിതത്തിൽപ്പോലും ആവശ്യമാണെന്നു തോന്നുന്നില്ല. ഇതുവരെകാലം തളരുകയോ വളയുകയോ ചെയ്യാതെ നിന്നിട്ടുള്ള ഒരു നട്ടെല്ലിന്നു്, തനിയേ ചുമക്കേണ്ട ഭാരം താരതമ്യേന കുറഞ്ഞുപോയിട്ടുള്ള നാളേത്തെ ജീവിതത്തിൽ ഇന്നലത്തേതിലും നിവർന്നുനില്ക്കാൻ കഴിയുമെന്നാണെന്റെ വിശ്വാസം. ഈ എൺപതാംകാലത്തും താനഴിച്ചുവിട്ട സാംസ്കാരികനവോത്ഥാനത്തിന്റെ മുൻപന്തിയിൽത്തന്നെ നിന്നു്, വാർദ്ധക്യത്തെ തോല്പിക്കാൻ വളർത്തിയ മീശയുടെ ധവളിമയെപ്പോലും വെല്ലുവിളിക്കുന്ന പുഞ്ചിരിയോടുകൂടി, മുമ്പോട്ടു കുതിക്കുന്ന ഈ ചാർവ്വാകമഹർഷിക്കു ഞാൻ ഹൃദയംഗമമായി ദീർഘായുസ്സു നേർന്നുകൊള്ളട്ടെ.

ശ്രീ. എം. സി.യുമായി എനിക്കു നേരിട്ടു പരിചയപ്പെടാനൊത്തതു വളരെ പിന്നീടാണു്. അതിനു മുമ്പദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടും വായിച്ചിട്ടുമേ ഉള്ളു. പ്രാരംഭദശയിൽ അദ്ദേഹത്തെ ഒരപകടകാരനായിട്ടാണു് ആളുകൾ പറഞ്ഞുകേട്ടിട്ടുള്ള

*

ളു്; ക്രിസ്ത്യാനികൾക്കിടയിൽ പ്രത്യേകിച്ചും. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുകയോ ലേഖനങ്ങൾ വായിക്കുകയോ ചെയ്യുന്നതു പാപമാണെന്നുവരെ താക്കീതുചെയ്തിട്ടുള്ളവരുണ്ടു്. അതു കുംഭസാരത്തിലേററുപറയണമെന്നനുശാസിച്ച വൈദികന്മാരെ എനിക്കറിയാം. അക്കാലത്തൊക്കെ എനിക്കദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടുള്ളതു്, നമ്മുടെ സാമൂഹ്യജീവിതത്തിലെ അന്ധവിശ്വാസങ്ങൾക്കും യാഥാസ്ഥിതികനടപടികൾക്കുമെതിരായി ധീരധീരം ശബ്ദമുയർത്തിയ ഒരു സമുദായപരിഷ്കരണവാദിയായിട്ടാണു്. സ്വന്തം സമുദായത്തിലെന്നതിലുമധികം അന്യസമുദായങ്ങളിലല്ലേ അദ്ദേഹത്തിൻെറ ആ ധീരസ്വരം മാറെറാലിക്കൊണ്ടിട്ടുള്ളതു്? അനുഭവത്തിൽനിന്നെനിക്കു് അങ്ങനെ തോന്നീട്ടുണ്ടു്. വ്യക്തികൾക്കു ക്രിസ്ത്യൻസമുദായത്തിലെന്നതിലുമധികം ക്രൈസ്തവേതരസമുദായങ്ങളിൽ ചിന്താസ്വാതന്ത്ര്യമുണ്ടായതാവാം അതിന്നു മുഖ്യകാരണം. പിന്നീടു പിന്നീടു ക്രിസ്ത്യൻസമുദായത്തിലും എം. സി.യുടെ ചിന്താഗതികൾക്കു കുറെയൊക്കെ കേറിച്ചെല്ലാൻ കഴിഞ്ഞിട്ടില്ലെന്നില്ല. എന്നാൽ കേറിച്ചെന്നേടത്തെല്ലാം ഏറെക്കുറെ കുഴപ്പങ്ങളുണ്ടാക്കിയേ അവ പ്രവർത്തിച്ചിട്ടുമുള്ളു. ഏതായാലും ഇന്നു് എം. സി.യുടെ പ്രഭാഷണങ്ങൾ കേൾക്കുന്നതും ലേഖനങ്ങൾ വായിക്കുന്നതും പാപമല്ലാതായിത്തീർന്നിട്ടുണ്ടു് എല്ലാ സമുദായങ്ങൾക്കും.

ഏതു കാര്യത്തിലും സ്വാഭിപ്രായധീരതയോടുകൂടി ചിന്തിക്കുകയും പറയുകയും എഴുതുകയും ചെയ്യുന്നവർക്കു പാരമ്പര്യത്തിൻെറ പക്ഷത്തുനിന്നു് എതിർപ്പുണ്ടാവുക എന്നതു സ്വാഭാവികമാണു്. ആ എതിർപ്പുകളെ മറച്ചു നേരിടണമെന്നുണ്ടെങ്കിൽ ഇന്നത്തെ ലോകത്തിൽ ഒന്നാമത്തേതിവളർത്തേണ്ടതു സ്വന്തം കാലിൽ ഉറച്ചുനില്ക്കാനുള്ള ശേഷിയാണു്—ബുദ്ധിയിലും സമ്പത്തിലുമുള്ള ശേഷി. ഒരു ക്രിസ്ത്യൻകേന്ദ്രമായ ഇരിങ്ങാലക്കുടെ താമസമാക്കി ഒരു വക്കീലായി പ്രാക്ടീസാരംഭിച്ച ദശയിൽ ശ്രീ.

എം. സി.ക്കു് ആ ജോലിയിൽത്തന്നെ ഒട്ടൊക്കെ എതിപ്പ്നുഭവപ്പെട്ടിട്ടുണ്ടു്. ഒരു സത്യവിശ്വാസഘാതകനെക്കൊണ്ടു കേസു വാദിപ്പിക്കുന്നതുതന്നെയും ശരിയല്ലെന്നു കരുതിയ കക്ഷികളുണ്ടായിരുന്നു. പക്ഷേ അഭിഭാഷകവൃത്തിയിൽ അവശ്യം വേണ്ട യുക്തിവാദചാതുര്യത്തിൽ മററാരെക്കാളും മുന്നിട്ടുനിന്ന എം. സി.യുണ്ടോ ഏതദ്വിഷയത്തിൽ പിന്മടങ്ങുന്നു! ബുദ്ധിമാനായ അദ്ദേഹം ക്രമേണ പരക്കേ അംഗീകാര്യനായ ഒരഭിഭാഷകനായി എന്നുമാത്രമല്ല, ആ നിലയിൽ ചെറുപ്പക്കാരായ പല അഭിഭാഷകർക്കും ആചാര്യനാവുകയും ചെയ്തു. വക്കീലപ്പണിയിലെന്നപോലെ, രാഷ്ട്രീയത്തിലും ഒട്ടൊക്കെ പ്രഗത്ഭനായിത്തീർന്നിട്ടുള്ള ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെപ്പോലെ പലരും ശ്രീ. എം. സി.യുടെ ശിഷ്യന്മാരാണു്. അഭിഭാഷകവൃത്തിയിൽ വിജയിച്ചതോടുകൂടി വേണ്ടത്ര സാമ്പത്തികശേഷിയും കൈവന്നു ശ്രീ. എം. സി.ക്കു്. അങ്ങനെ ബുദ്ധിയിലും സമ്പത്തിലും സാശ്രിതനായിത്തീർന്നതിനാൽ സാംസ്കാരികരംഗത്തു് ഏതെതിപ്പിനെയും വെല്ലുവിളിച്ചഭിപ്രായം പറയാമെന്നായി അദ്ദേഹത്തിനു്. ആ സ്വാശ്രയശീലത്തിനിന്നും കോട്ടംതട്ടിയിട്ടില്ലാത്തതിനാൽ എം. സി.യുടെ യുക്തിപ്രകാശത്തിനു് ഏതു കൂരിരുട്ടിനെയും നേരിടാനുള്ള കഴിവു് ഏറിയേറിക്കൊണ്ടിരിക്കയാണു്.

ആദ്യകാലങ്ങളിൽ ശ്രീ. എം. സി.യുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ നമ്മുടെ പത്രമാസികകൾ ധൈര്യപ്പെട്ടിരുന്നില്ല. ഉത്പതിഷ്ണുചിന്തയെ കാലോചിതമായി സ്വാഗതം ചെയ്തിരുന്ന 'സഹോദരൻ', 'ഉണ്ണിനമ്പൂതിരി' തൊട്ടുള്ള ചുരുക്കം ചില ആനുകാലികപ്രസിദ്ധീകരണങ്ങളിലേ ശ്രീ. എം. സി.യുടെ തൂലികയ്ക്കു കയ്യിച്ചോന്നു വിഹരിക്കാൻ ഒത്തിരുന്നുള്ളൂ. തനിക്കു പറയാനുള്ളതെല്ലാം വെട്ടിത്തുറന്നു പറയാൻ ഒരു 'ഫോറ'മില്ല എന്നു വന്നപ്പോൾ അതിനൊരു പ്രതിവിധിയായി അ

ദ്ദേഹം സഹോദരനയ്യപ്പനെപ്പോലുള്ള യുക്തിവാദിസതീർത്ഥ്യ
ന്മാരുടെ സഹകരണത്തോടുകൂടി പുതിയൊരു മാസികയ്ക്കു കള
മൊരുക്കി. അങ്ങനെയുണ്ടായതാണ് 'യുക്തിവാദി.' ആദ്യത്തെ
വളരെക്കുറച്ചു കാലമൊഴിച്ചാൽ ഇന്നേവരെ ആ മാസികയുടെ
പത്രാധിപരും മാനേജരും ഗുമസ്തനും ശിപായിയുമായി എല്ലാ
പണികളും ചെയ്തുപോന്നിട്ടുള്ളതു് അദ്ദേഹമാണ്. ഒ'രപ്പോ
സ്തോല'ന്റെ ആവേശത്തോടും ത്യാഗബുദ്ധിയോടുംകൂടിയാണ്
ആ മാസികയുടെ നിലനില്പിനുവേണ്ടി ഇക്കഴിഞ്ഞ കാലമത്രയും
അദ്ദേഹം പ്രവർത്തിച്ചുപോന്നിട്ടുള്ളതു്: ഏതാനും കൊല്ലമായി,
അദ്ദേഹത്തിന്റെ ഉത്പതിഷ്ണുചിന്തകൾ 'യുക്തിവാദി'പംക്തി
കളെയും അതിലംഘിച്ചു ലേഖനരൂപത്തിൽ 'മാതൃഭൂമി' ആഴ്ച
പ്പതിപ്പുപോലുള്ള അഭിജാതപ്രസിദ്ധീകരണങ്ങളിലൂടെയും ജ
നങ്ങളിലേക്കെത്തിത്തുടങ്ങിയിട്ടുണ്ടു്. എന്നുവെച്ചാൽ ശ്രീ. എം.
സി.യുടെ യുക്തിവാദത്തിനു പണ്ടുണ്ടായിരുന്ന അയിത്തമെല്ലാം
പോയ്പ്പോയിരിക്കുന്നു എന്നർത്ഥം.

മാനവസംസ്കാരത്തിന്റെ ഉദയംതൊട്ടുതന്നെ, ഒരു തരത്തി
ലല്ലെങ്കിൽ മറ്റൊരു തരത്തിൽ, യുക്തിവാദം തലപൊക്കിയി
രുന്നു. ഗ്രീസിലും ഇന്ത്യയിലും ചൈനയിലുമൊക്കെ കാണാം
അതിന്റെ വേരുകൾ. പ്രത്യേകിച്ചൊരു ദർശനസംഹിതതന്നെ
അതിന്റെ പേരിൽ ഓരോ രാജ്യത്തും വളർന്നുവന്നിട്ടുണ്ടു്. ആ
സ്തികനാസ്തികവാദങ്ങൾ തമ്മിൽ അടിപിടി നടന്നിട്ടുള്ളതെ
ല്ലാം അതിൻഫലമായിട്ടാണ്. എന്നാൽ യുക്തിവാദം മാനവ
ചിന്താഗതിയിൽ വ്യക്തമായ ഒരു പ്രസ്ഥാനമായിത്തീർന്നതു മ
ധ്യശതകങ്ങളിലെ യൂറോപ്യൻസാംസ്കാരികനവോത്ഥാനത്തിനു
ശേഷമാണെന്നു തോന്നുന്നു. ഫ്രഞ്ചുവിപ്ലവത്തിനു പശ്ചാത്തല
മൊരുക്കിയതു്, വാസ്തവത്തിൽ, ആ പ്രസ്ഥാനമാണ്. സർ ഐ
സാക് ന്യൂട്ടന്റെ ചലനസിദ്ധാന്തങ്ങൾ യൂറോപ്പിലാകെ വരു
ത്തിവെച്ച ആ പുതിയ കാലാവസ്ഥയിലാണ് യുക്തിവാദം അ

ത്രയും തഴച്ചുവളൎന്നതു്. എന്തിലും കാൎയ്യകാരണബന്ധം തേടി പ്പിടിക്കാനുള്ള ഒരുത്കണ്ഠ യൂറോപ്യൻചിന്തകന്മാരിൽ പൊതു വേ വൎദ്ധിച്ചുവശായി. ആ ഉത്കണ്ഠയുടെ ഏററവും വലിയ സംഭാവനയായിട്ടാണു് ഫ്രെഞ്ചുഭാഷയിൽ ഒരു എൻസൈക്ലോ പ്പീഡിയ (വിശ്വവിജ്ഞാനകോശം) രൂപംകൊണ്ടതു്. ആ വി ജ്ഞാനകോശത്തിൻെറ നിൎമ്മാതാക്കളെ രാജ്യദ്രോഹികളായി പ്പോലും മുദ്രകുത്താൻ അക്കാലത്താളുകൾ മടിച്ചില്ല. വോൾട്ടയ റെപ്പോലെ പലർക്കും നാടുവിട്ടോടിപ്പോകേണ്ടിവന്നിട്ടുണ്ടു്. എന്തായാലും ആ വിജ്ഞാനകോശവും അതിൻെറ നിൎമ്മാതാക്ക ളും കൂടി യൂറോപ്യൻസാംസ്കാരികജീവിതത്തിൽ പുതിയൊരു കാ ലഘട്ടത്തിനു 'ഹരിശ്രീ' കുറിക്കുകതന്നെയുണ്ടായി. അതിനു ശേഷം ഒന്നോ രണ്ടോ നൂററാണ്ടിനുള്ളിൽ നാമോ നമ്മുടെ കാ രണവന്മാരോ പ്രതീക്ഷിച്ചിട്ടില്ലാത്തവിധം പ്രപഞ്ചരഹസ്യങ്ങ ളിലേയ്ക്കിറങ്ങിച്ചെല്ലാൻ കഴിഞ്ഞ ശാസ്ത്രത്തിൻെറ പിൻബല ത്തിന്മേൽ മിക്കവാറും എല്ലാ മണ്ഡലങ്ങളിലും യുക്തിവിചാര ത്തിനു പ്രാബല്യമേറിയേറി വരികയാണു്. പിന്നണിരാജ്യങ്ങ ളിൽ സയൻസിൻെറ വാഴ്ചയ്ക്കു കാലവിളംബം ഇനിയും വേണ്ടി വന്നേയ്ക്കാം. അതിനാൽ സാൎവ്വത്രികമായ യുക്തിവിചാരവും വൈകിപ്പോയേയ്ക്കും അവിടങ്ങളിൽ. അമ്മാതിരി രാജ്യങ്ങളി ലൊന്നായ ഇന്ത്യയിൽ പൊതുവിദ്യാഭ്യാസം പരക്കേ എത്തിക്ക ഴിഞ്ഞിട്ടുള്ള ഈ കേരളത്തിലെങ്കിലും, യുക്തിവിചാരപ്രവണത ജനങ്ങളിലുണൎത്തിവിടുവാൻ നമ്മുടെ ശാസ്ത്രവിത്തുകളെക്കാളും മുന്നിട്ടു് ഇത്രയും കാലം ഇടതടവില്ലാതെ പ്രവൎത്തിച്ച ശ്രീ. എം. സി.യെയും അദ്ദേഹത്തിൻെറ സഹപ്രവൎത്തകരെയും എത്ര അ ഭിനന്ദിച്ചാലും മതിയാകയില്ല. പരേതനായ ഡോക്ടർ സി. എൽ. ജോസഫും ഡോക്ടർ പി. പി. ആൻറണി(കുസുമം)യും മ ററും ശാസ്ത്രത്തിൻെറ ചുററികകൊണ്ടടിച്ചു പല അന്ധവിശ്വാ സങ്ങളെയും തകർക്കുകയുണ്ടായി. ശ്രീ: എം. സി.യാകട്ടെ, ന

മ്മുടെ സാമൂഹ്യജീവിതത്തിൽ നേരെയങ്ങോട്ടു കേറി കാട്ടംപാട ലുമായിക്കണ്ടതെല്ലാം കൈയിൽ കിട്ടിയ ഏതായുധവുമുപയോ ഗിച്ചു വെട്ടിനീക്കുകയാണുണ്ടായതു്. അദ്ദേഹത്തിൻേറതൊരു പ്രായോഗികയുക്തിവാദമാണു്. സാധാരണക്കാരുടെ തെററായ വിശ്വാസങ്ങളെയും ധാരണകളെയും എളുപ്പത്തിൽ ബോധ്യമാ കത്തക്കവിധം തിരുത്തിക്കൊടുക്കാൻ ആ പ്രായോഗികയുക്തി വാദം കൂടുതൽ ഉതകിയിട്ടുണ്ടു്. യുക്തിപ്രകാശമെന്ന ഈ പു സ്തകത്തിൽ സമാഹരിച്ചിട്ടുള്ള പല ലേഖനങ്ങളും ഇതിന്നു തെ ളിവാണു്.

കേരളത്തിൻേറ ചിന്താമണ്ഡലത്തിൽ എത്രയോ നാളാ യി പ്രകാശം വീശി നില്ക്കുന്ന ഈ മഹാജ്യോതിസ്സിൻേറ മു മ്പിൽ ഒരു കൈത്തിരി കൊളുത്തിക്കാട്ടുക എന്നതു് എൻേറ ഭാ ഗത്തു് ഒരനൗചിത്യ... 

തൃശ്ശൂർ,
25—1—1966.

മുണ്ടശ്ശേരി.

# വിഷയവിവരം


| | | |
|---|---|---|
| 1. | ഐൻസ്റ്റിൻ—മഹാനായ നാസ്തികൻ | 13 |
| 2. | മതത്തിന്റെ ശാസ്ത്രീയാടിസ്ഥാനം | 28 |
| 3. | നിക്കോബാറികൾ | 42 |
| 4. | പഞ്ചക്ഷതങ്ങൾ | 59 |
| 5. | ദുസ്വപ്നങ്ങൾ | 72 |
| 6. | സദാചാരത്തിന്റെ രക്തസാക്ഷി | 84 |
| 7. | പൂർവ്വസ്മരണകളും പുനർജ്ജന്മവും | 99 |
| 8. | ബുദ്ധനും ക്രിസ്തുവും നബിയും | 110 |
| 9. | പുതിയ ദൈവങ്ങൾ | 117 |
| 10. | ജ്യോത്സ്യത്തിന്റെ അശാസ്ത്രീയത | 126 |
| 11. | പെണ്ണ്—പുണ്യത്തിന്റെ ശത്രു | 140 |
| 12. | മന്ത്രചികിത്സ | 148 |
| 13. | മതവിശ്വാസിയും പട്ടുനൂല്പുഴുവും | 161 |
| 14. | മതസന്മാർഗ്ഗം | 169 |
| 15. | ദുശ്ശീലം കളയാൻ | 175 |
| 16. | ആഭിചാരം | 185 |
| 17. | ഹിസ്റ്റീരിയ | 195 |
| 18. | കണ്ണപുരത്തെ ശ്രീകൃഷ്ണൻ | 202 |
| 19. | തൃഷ്ണയും തൃപ്തിയും | 210 |
| 20. | മിശ്രവിവാഹം എന്നാൽ | 219 |
| 21. | വിവാഹവും പ്രണയവും | 228 |

# ഐൻസ്റ്റിൻ—മഹാനായ നാസ്തികൻ

ആധുനികയുഗത്തിലെ ഏററവും വലിയ ശാസ്ത്രജ്ഞനും ചിന്തകനും മാത്രമല്ല മഹാനായൊരു മനുഷ്യസ്നേഹിയും കൂടിയായ ഡാക്ടർ ആൽബർട്ട് ഐൻസ്റ്റിൻ 18—4—'55-ൽ അമേരിക്കയിലെ പ്രിൻസ്റ്റൺപട്ടണത്തിൽവെച്ച് അന്തരിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ 76-ാംജന്മദിനം കൊണ്ടാടിയിട്ട് ഒരു മാസമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളു. ആകസ്മികമായിരുന്നു മരണം. രക്തസമ്മർദ്ദത്താൽ മസ്തിഷ്കത്തിലെ ഒരു രക്തനാഡി പൊട്ടിയതുനിമിത്തമാണ് മരണം സംഭവിച്ചതു്. അടുത്തു് അദ്ദേഹത്തിൻെറ ഒരു മകനും മകളുമുണ്ടായിരുന്നു. ലോകത്തിൽ ഉണ്ടായിട്ടുള്ള അതിപ്രശസ്തമതികളിലും പ്രതിഭാശാലികളിലും അഗ്രഗണനീയനായ ഐൻസ്റ്റിൻെറ മരണത്തിൽ ലോകം മുഴുവനും കേഴുകയാണ്. നമ്മുടെ കേരളത്തിൽപ്പോലും അദ്ദേഹത്തിൻെറ മരണത്തിൽ ദുഃഖം രേഖപ്പെടുത്തുകയും അദ്ദേഹത്തിൻെറ സ്വഭാവ

*

ശുദ്ധിയെയും അനശ്വരസംഭാവനകളെയും പ്രകീർത്തിക്കയും ചെയ്യാത്ത ഒരൊററ പത്രമോ മാസികയോ ഇല്ല. ലോകോത്തരമായ അഹിംസാസിദ്ധാന്തം രാഷ്ട്രീയരംഗത്തിൽ ആവിഷ്കരിച്ച് പ്രായോഗികതയിൽ എത്തിച്ച മഹാത്മാഗാന്ധിയുടെ ഒരാരാധകനായിരുന്നു ഐൻസ്റ്റിൻ.

ജർമ്മൻകാരനായ അദ്ദേഹം ഒരു ജൂതനായിട്ടാണു് ജനിച്ചുവളൎന്നതു്. ധിഷണാശക്തിയുടെയും ശാസ്ത്രജ്ഞാനത്തിൻെറയും വികാസത്തിൽ അദ്ദേഹം അജ്ഞതാപരമായ തൻെറ മതവിശ്വാസം ത്യജിച്ചു. ഏതെങ്കിലും മതം നിൎവ്വചിക്കുന്ന ദൈവത്തിലോ ആത്മാവിലോ സ്വൎഗ്ഗനരകങ്ങളിലോ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. അവയെല്ലാം അന്ധവിശ്വാസഭാവനകൾമാത്രമാണെന്നു് അദ്ദേഹത്തിൻെറ 'ലോകം എൻെറ ദൃഷ്ടിയിൽ' (The World as I see it) എന്ന ഗ്രന്ഥത്തിൻെറ പ്രാരംഭത്തിലും മററു ചില ഗ്രന്ഥങ്ങളിലും പ്രസ്താവനകളിലും ലളിതമായ സ്വന്തം വാചകങ്ങളിൽ അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തീട്ടുണ്ടു്. മതപരമായ യാതൊരു ആചാരാനുഷ്ഠാനങ്ങളും അദ്ദേഹം നടത്തിയിരുന്നില്ല. ഐൻസ്റ്റിൻെറ നിൎയ്യാണശേഷം അദ്ദേഹത്തിൻെറ വിശ്വാസത്തെപ്പററി ഭിന്നരീതിയിലുള്ള റിപ്പോർട്ടുകളാണു് കാണുന്നതു്. ചില പത്രങ്ങൾ അദ്ദേഹത്തിൻെറ ഈശ്വരവിശ്വാസത്തെ ശ്ലാഘിക്കുന്നു. മററു പല പത്രങ്ങളും നേരെമറിച്ചും പറഞ്ഞിട്ടുണ്ടു്. ഇക്കാൎയ്യത്തിൽ ആരും മററാരാളെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. 'The

World as I see it' എന്ന ഐൻസ്റ്റീൻെറ ഗ്രന്ഥം വായിച്ചുനോക്കിയാൽ മതി.

പ്രപഞ്ചത്തിൻെറ നിയമങ്ങളെയും ഘടനാധർമ്മങ്ങളെയും പററി ഏററവും അധികം അറിയാവുന്ന ശാസ്ത്രജ്ഞനായ അദ്ദേഹത്തിൻെറ വിനീതമായ അഭിപ്രായം മനുഷ്യനാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതിൽ അനേകമനേകം മടങ്ങു രഹസ്യങ്ങൾ പ്രപഞ്ചത്തിൽ അറിയപ്പെടാതെ കിടക്കുന്നു എന്നാണു്. ഗാന്ധിജിയുടെ ഒരു ശിഷ്യയും ഇപ്പോൾ ഡൽഹിസ്റ്റേററിലെ മന്ത്രിണിയും ആയിരിക്കുന്ന ഡാക്ടർ സുശീലനയ്യാർ അടുത്ത കാലത്തു് അമേരിക്കയിൽ പര്യടനം നടത്തിയ അവസരത്തിൽ ഐൻസ്റ്റിനെ സന്ദർശിക്കയുണ്ടായി. അപ്പോൾ സംഭാഷണമദ്ധ്യേ ദൈവത്തിൽ ഐൻസ്റ്റിൻ വിശ്വസിക്കുന്നുണ്ടോ എന്നു ചോദിച്ചതിനു പുഞ്ചിരി തൂകിക്കൊണ്ടു ദൃഢസ്വരത്തിൽ ഐൻസ്റ്റിൻ നല്കിയ ഉത്തരം "ഇല്ല" എന്നായിരുന്നു എന്നു് ആ സന്ദർശനവിവരത്തെപ്പററി എഴുതിയ ലേഖനത്തിലുണ്ടു്.

ഗണിതശാസ്ത്രത്തിലും ഊർജ്ജതന്ത്രത്തിലും അവഗാഢജ്ഞാനിയായിരുന്ന ഐൻസ്റ്റിൻ, പ്രപഞ്ചനിയമങ്ങളുടെ ഏകീകൃതാവിഷ്ക്കരണത്തിനുവേണ്ടിയാണു്. തൻെറ ആയുസ്സു ചെലവഴിച്ചതു്.

പദാർത്ഥത്തിനു നീളം, വീതി, കനം എന്നീ മൂന്നു് അളവുകൾമാത്രമേയുള്ളൂ എന്നായിരുന്നു അതേവരെ ലോകധാരണ. 'കാലം' (Time) എന്ന നാലാമതൊരളവുകൂടി ഉണ്ടെന്നു കണ്ടുപിടിച്ച 'ചതുർമ്മാനസിദ്ധാന്തം'

ആവിഷ്കരിച്ച പ്രപഞ്ചത്തെപ്പററിയുള്ള അറിവിനു് ഒരു സമൂലപരിവത്തനം വരുത്തിയതു് ഐൻസ്റ്റീനാണു്. അതോടു ബന്ധപ്പെട്ടതാണു് അദ്ദേഹത്തിൻെറ മറെറാരു മഹാകണ്ടുപിടുത്തമായ 'ആപേക്ഷികതാസിദ്ധാന്തം.' ഈ കണ്ടുപിടുത്തങ്ങൾ സാധാരണന്മാക്ക് മനസ്സിലാക്കാനോ പ്രയോഗിക്കാനോ കഴിയാത്ത അതിഗഹനമായ തത്വങ്ങളാണു്. അവയെന്താണെന്നു ശരിയായറിയാവുന്നവരായി ലോകത്തിൽ ആകെക്കൂടി 12 പേരിലധികമില്ല. ഊൗജ്ജതന്ത്രം, രസതന്ത്രം, ജ്യോതിശ്ശാസ്ത്രം മുതലായ ശാസ്ത്രശാഖകളിൽ അതേവരെ സ്വീകരിക്കപ്പെട്ടിരുന്ന പല ആശയങ്ങളെയും ഐൻസ്റ്റീൻെറ പുതിയ സിദ്ധാന്തങ്ങൾ കീഴ്മേൽ മറിച്ചു. അവ ആകർഷണശക്തിക്കു പുതിയ വ്യാഖ്യാനം നല്കി; സ്ഥലകാലങ്ങൾ, ചലനങ്ങൾ മുതലായ ആശയങ്ങൾക്കും വലിയ മാററം വരുത്തി. കേവലചലനം എന്നൊന്നില്ലെന്നും ഒരു വസ്തുവിൻെറ ചലനം മറെറാരു വസ്തുവിനെ അപേക്ഷിച്ചുമാത്രമുള്ളതാണെന്നുമാണു് ഐൻസ്റ്റീൻ വെളിപ്പെടുത്തിയതു്. ആകാശത്തിലെ നക്ഷത്രങ്ങളെയോ ചുററുപാടും കിടക്കുന്ന കരകളെയോ കാണാൻ പാടില്ലാത്തപ്രകാരം ധൂമിക മൂടിക്കിടക്കുന്ന സമുദ്രത്തിൽ പൊന്തിക്കിടക്കുന്ന ഒരു ചെറുവള്ളിയിൽ ഇരിക്കുന്ന ഒരു തീരെച്ചെറിയ മനുഷ്യനെപ്പോലെയാണു് അന്തരീക്ഷത്തിൽ ഭൂമിയുടെ നില; ആ മനുഷ്യനു കാണാവുന്ന മററു വഞ്ചികളുടെ ചലനങ്ങൾക്കു് ആപേക്ഷികമായിമാത്രമേ ആയാൾക്കു സ്വചലനം വിവരിക്കാൻ കഴികയുള്ളൂ എന്നു് ഐൻസ്റ്റീൻ വ്യക്തമാക്കി.

ഒരു പ്ലാററ്ഫാറത്തിൽനിന്നു തീവണ്ടി ഓടുമ്പോഴ് പ്ലാററ്ഫാറത്തിൽ നില്ക്കുന്ന ഒരാൾക്കു വണ്ടി ഓടി മറയുന്നതായി അനുഭവപ്പെടുന്നു. താൻ പ്ലാററ്ഫാറത്തിൽ അനങ്ങാതെ നില്ക്കുകയാണെന്നു തോന്നുന്ന അയാൾക്ക് ആ ഓടുന്ന വണ്ടിയുടെ ഗതിവേഗം ക്ലിപ്തപ്പെടുത്താനും സാധിച്ചേയ്ക്കും. എന്നാൽ അയാൾ അനങ്ങാതെ നില്ക്കയാണോ? ഭൂമി സ്വന്തം അച്ചുതണ്ടിന്മേൽ മണിക്കൂറിൽ 1000 നാഴിക എന്ന വേഗതയിൽ തിരിഞ്ഞുകൊണ്ടിരിക്കമാത്രമല്ല സൂര്യനെ പ്രദക്ഷിണം ചെയ്യുന്നുമുണ്ട്. ആ സൂര്യമണ്ഡലംതന്നെയും മററു സൂര്യമണ്ഡലങ്ങളെ (നക്ഷത്രങ്ങളെ) അപേക്ഷിച്ചും സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. അപ്പോൾ ഭൂമി വിട്ടു പുറത്തുകടലെ ഒരു മനുഷ്യൻ നിന്നു നോക്കുകയാണെങ്കിൽ ആ പ്ലാററ്ഫാറവും അതിൽ നില്ക്കുന്ന ആളും സ്റ്റേഷനുമെല്ലാം നീക്കമില്ലാതെ നില്ക്കുന്നിടത്തുതന്നെ നില്ക്കുകയല്ലെന്നറിയാം. അങ്ങനെ കേവലമായി നിശ്ചലത ഒന്നിനും ഇല്ല. നമ്മുടെ കിഴക്കുപടിഞ്ഞാറും തെക്കുവടക്കും മേൽകീഴും നീളം വീതിയുയരവും കാലത്തിന്നനുസരിച്ചു മാറിക്കൊണ്ടേയിരിക്കുന്നു. അപ്പോൾ നീളം, വീതി, ഉയരം എന്നീ അളവുകൾക്കു പുറമേ കാലം (Time) എന്ന നാലാമതൊരളവുകൂടി കൂടാതെ തരമില്ല.

ഒരു മഞ്ഞുതുള്ളി നീരാവിയാകുമ്പോൾ അതിൻെറ വലിപ്പത്തിൻെറ അഥവാ വ്യാപ്തിയുടെ ഇടം വർദ്ധിക്കുന്നു. ആ നീരാവിയുടെ സങ്കുചിതഭാവമാണ് മഞ്ഞുതുള്ളി. അങ്ങനെ ശക്തിയുടെ സങ്കുചിതഭാവമാണ് ഘ

നദ്രവ്യം (Solid matter) എന്നതായിരുന്നു ഐൻസ്റ്റീൻെറ നിഗമനം. അങ്ങനെ പരമാണുകേന്ദ്രം പിളരുമ്പോഠം ആ കേന്ദ്രം ശക്തിയായി രൂപാന്തരപ്പെടുകയാണു്. അതാണു് ആററംശക്തിയുടെ രഹസ്യം. ഇപ്പോഠം യുറേനിയം എന്ന വസ്തുവിനെസ്സംബന്ധിച്ചാണു് അണുവിഭജനം സാധ്യമായിട്ടുള്ളതു്. കാലാന്തരത്തിൽ യുറേനിയം അല്ലാതെ മററന്തെല്ലാം വസ്തുക്കളെ സംബന്ധിച്ചു് അണുവിഭജനം സാധ്യമാകയില്ലെന്നാരറിഞ്ഞു? ആററംശക്തിയുടെ താത്വികമായ സാധ്യത കണ്ടുപിടിച്ചതു് ഐൻസ്റ്റീനാണു്.

ഈവക അത്ഭുതപൂർവ്വവും ദൂരവ്യാപകഫലങ്ങളുള്ളതുമായ കണ്ടുപിടുത്തങ്ങളാൽ ഐൻസ്റ്റീൻെറ കീർത്തി ലോകമാകെ പരന്നു. ബഹുമതികഠം അദ്ദേഹത്തിൽ ചൊരിയപ്പെട്ടു. എന്നാൽ അദ്ദേഹം വളരെ വിനീതമായ ലളിതജീവിതമാണു് നയിച്ചുവന്നതു്. മരിക്കുന്നതുവരെ ഐൻസ്റ്റീൻ ഒരു കാർ സ്വന്തമായി വെച്ചിരുന്നില്ല. കൂലിവേലക്കാക്കുപോലും കാർ ഉള്ള അമേരിക്കയിൽ ഐൻസ്റ്റീൻ ഒരു കാർ വെച്ചിരുന്നില്ലെന്നു കേട്ടാൽ അദ്ദേഹത്തിൻെറ മിതവ്യയശീലത്തെയും ലളിതജീവിതത്തെയും പററി നമുക്കു് ഏകദേശം മനസ്സിലാക്കാം. യാത്രചെയ്യുമ്പോഠം അദ്ദേഹം ചെലവു കുറഞ്ഞ ഹോട്ടലുകളിൽമാത്രമേ താമസിക്കുമായിരുന്നുള്ളു.

ഐൻസ്റ്റീൻ സ്വന്തം വീട്ടിലെ അംഗങ്ങളോടും ഭൃത്യന്മാരോടും പെരുമാറിയിരുന്നതുപോലും വളരെ ശാന്തനും സൗമ്യനുമായിട്ടാണു്. നാനാരാജ്യങ്ങളിൽനിന്നും

ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും മാത്രമല്ല അദ്ദേഹത്തെ സന്ദർശിച്ചിരുന്നതു്. വലിയ രാഷ്ട്രങ്ങളുടെ ഭരണസാരഥികളായ മഹാരഥന്മാരും അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. അദ്ദേഹം പതിവായി വീട്ടിൽ ധരിക്കുന്ന ഉടുപ്പു(പാൻറ്)മാത്രം ധരിച്ചുകൊണ്ടാണു് എത്ര വലിയ ആളെയും സ്വീകരിച്ചിരുന്നതു്.

അധികം പണം ശേഖരിച്ചുകൂട്ടി വലിയ ധനികനാകാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമില്ലായിരുന്നു. എന്നാൽ അങ്ങനെ ധനവാനാകരുതെന്നുമാത്രമല്ല, അധികം പണമുണ്ടാക്കുന്നതു് ആപത്കരമാണെന്നുകൂടിയായിരുന്നു ആ ശാസ്ത്രീയതത്വജ്ഞാനിയുടെ മതം. അതുകൊണ്ടു തൻെറ ലക്ഷ്യത്തിലധികം പണം വന്നുകൊണ്ടിരുന്നതിനെ വാങ്ങാതിരിക്കുക അല്ലെങ്കിൽ നല്ല കാര്യങ്ങൾക്കു കൊടുത്തുകളയുക എന്നതു് അദ്ദേഹത്തിൻെറ പതിവായിരുന്നു.

1921-ൽ അദ്ദേഹത്തിനു നോബൽസമ്മാനം ലഭിച്ചു. എന്നാൽ ആ വലിയ സംഖ്യ മുഴവനും അദ്ദേഹം പല ധർമ്മസ്ഥാപനങ്ങൾക്കായി കൊടുത്തുകളഞ്ഞു. അദ്ദേഹം ആവശ്യപ്പെടുന്ന വേതനം കൊടുത്തുകൊള്ളാമെന്നുള്ള വാഗ്ദാനത്തോടുകൂടിയാണു് അദ്ദേഹത്തെ അമേരിക്കക്കാർ പ്രിൻസ്റ്റൺ ഇൻസ്റ്റിട്ട്യൂട്ടിൽ ഗവേഷണത്തിനു ക്ഷണിച്ചതു്. ആണ്ടിൽ 1250 ഡോളറേ ഐൻസ്റ്റിൻ ആവശ്യപ്പെട്ടുള്ളു എങ്കിലും അവർ ആണ്ടിൽ 5000 ഡോളർ ശമ്പളംവെച്ചു മാസംതോറുമുള്ള ശമ്പളച്ചെക്കുകൾ കൊടുത്തുകൊണ്ടിരിക്കയായിരുന്നു. ആവശ്യ

മുള്ളതിലധികം പണം തനിക്കു വേണ്ടെന്നുള്ള നില യിൽ പല മാസങ്ങളിലും ചെക്കുകൾ മാററി പണം വാങ്ങാതിരുന്നിട്ടുണ്ടു്. ചെക്ക് മാററിക്കിട്ടുന്ന കൻസി നോട്ടുകളിൽ ചിലതു താൻ വായിക്കുന്ന പുസ്തകത്തിൽ അടയാളമായി വെച്ചും മററും കളഞ്ഞുപോയ സന്ദർഭങ്ങ ളും ഉണ്ടാകാതിരുന്നിട്ടില്ല.

ഒരിക്കൽ റോക്ക്ഫെല്ലർ ഫൗണ്ടേഷനിൽനിന്നു 1500 ഡോളറിൻെറ ഒരു ചെക്ക് സമ്മാനമായി ഐൻ സ്റ്റിനു് അയച്ചുകൊടുത്തതു പുസ്തകത്തിൽ അടയാളം വെയ്ക്കാൻമാത്രമേ ഉപയോഗിച്ചിട്ടുള്ളു.

വീട്ടിൽനിന്നു് ഒരു നാഴിക അകലെയായിരുന്ന ഇൻസ്റ്റിററ്യൂട്ടിൽ രാവിലെ 9 മണിക്കുമുമ്പു് എത്താൻ അദ്ദേഹം എന്നും നടന്നാണു് പോയിരുന്നതു്. വേനല്ക്കാ ലത്തു് ഒരു ബാലനെപ്പോലെ ഐസ്ഫ്രൂട്ട് രുചിച്ചു കൊണ്ടായിരിക്കും ആ നടത്തം.

ഐൻസ്റ്റിൻെറ ആദ്യവിവാഹത്തിൽ രണ്ടു പുത്ര ന്മാരും പുനർവിവാഹത്തിൽ രണ്ടു പുത്രിമാരും മാത്രമേ യുള്ളു. ആദ്യഭാര്യയും ഐൻസ്റ്റിനും തമ്മിൽ സ്വഭാവ പ്പൊരുത്തമില്ലാതെവന്നതിനാൽ ഇരുവരുടെയും ആവ ശ്യാനുസരണം വിവാഹബന്ധം വേർപെടുത്തുകയാണു ണ്ടായതു്. ഐൻസ്റ്റിൻെറതന്നെ തറവാട്ടിൽപ്പെട്ട ഒരു അകന്ന ദായാദിയും ഒരു മകളുമുള്ള വിധവയും ആയ ഒരു സ്ത്രീ ആയിരുന്നു അദ്ദേഹത്തിൻെറ രണ്ടാമത്തെ ഭാര്യ.

ഐൻസ്റ്റിൻെറ മക്കളെല്ലാം ബുദ്ധിശക്തിയും സ്വ ഭാവഗുണവും ഉള്ളവരാണു്. അവർ സാമാന്യം നല്ല

നിലയിലാണിരിക്കുന്നതു്. പുത്രന്മാർ ഇരുവരും ഡാക്ടർ ബിരുദം സമ്പാദിച്ചിട്ടുണ്ടു്.

സ്വന്തം വീടു കൂടാതുള്ള ഐൻസ്റ്റിൻെറ സമ്പാദ്യം 75,000 ഡോളറിൽ കുറയുകയില്ല. അതിൽ 20,000 ഡോളറും തൻെറ പുസ്തകശേഖരവും സിക്രട്ടറി ആയ മിസ്സ് ഹെലൻ ഡ്യൂക്കാസിനും 20,000 ഡോളറും വീട്ടുസാമാനങ്ങളോടുകൂടി വീടും തൻെറ ഭാര്യയുടെ പുത്രിയായ മിസ്സ്മാർഗരെററ് ഐൻസ്റ്റിനും (അവരാണു് ഐൻസ്റ്റിൻെറ കൂടെ താമസിച്ചു് അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നതു്) 15,000 ഡോളർ സ്വിററ്സർലണ്ടിൽ പാക്കുന്ന തൻെറ മൂത്ത പുത്രൻ ഡാക്ടർ എഡ്വേർഡ് ഐൻസ്റ്റിനും 10,000 ഡോളർ കാലിഫോർണിയാസർവ്വകലാശാലയിലെ എഞ്ചിനിയറിങ്ങ് പ്രൊഫസറായ ഇളയ പുത്രൻ ഹാൻസ് ആൽബർട്ട് ഐൻസ്റ്റിനും 10,000 ഡോളർ തൻെറ സഹോദരിക്കും ആയിട്ടാണു് ഐൻസ്റ്റിൻ തൻെറ മരണപത്രത്തിൽ വിഭജിച്ചിട്ടുള്ളതു്. മേൽപ്പറഞ്ഞ വിഭജനപ്രകാരം കൊടുത്തു കഴിഞ്ഞു ബാക്കി കാണുന്നതു മുഴുവനും തൻെറ കൂടെ താമസിച്ചുവന്ന മിസ്സ് മാർഗററിനുമാത്രം ലഭിക്കേണ്ടതാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ടു്. 10,000 ഡോളർ വെച്ചിട്ടുള്ള സഹോദരി ഐൻസ്റ്റിനു മുമ്പുതന്നെ മരിച്ചുപോയി.

തൻെറ വിശ്വവിഖ്യാതമായ സിദ്ധാന്തങ്ങൾ സ്വന്തം കുടുംബാംഗങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ അദ്ദേഹം ഒരിക്കലും മുതിർന്നിട്ടില്ല. ഒരിക്കൽ ഒരു സത്കാ

രത്തിൽ സംബന്ധിച്ചുകൊണ്ടിരിക്കേ അദ്ദേഹത്തിൻെറ ആപേക്ഷികതാതത്വം എന്താണെന്നൊന്നു പറഞ്ഞു മനസ്സിലാക്കണമെന്നു് ഒരു ബഹുമാന്യൻ ഐൻസ്റ്റിനോടാവശ്യപ്പെട്ടു. “നിങ്ങഠം പ്രേമിക്കുന്ന ഒരു വനിതയുമൊന്നിച്ചു 2 മണിക്കൂർ സമയം നിങ്ങഠം ചെലവാക്കുകയാണെങ്കിൽ അതു 2 മിനുട്ടായേ നിങ്ങഠംക്കു തോന്നൂ. പക്ഷേ ഒരു ഇരിമ്പടുപ്പിൻെറ ചുട്ടുപഴുത്ത തട്ടിൽ നിങ്ങഠംക്കു രണ്ടു നിമിഷം ഇരിക്കേണ്ടിവന്നാൽ അതു രണ്ടു മണിക്കൂർ സമയമായും തോന്നും” എന്ന ദൃഷ്ടാന്തമാണു് ആ തത്വം സംബന്ധിച്ചു് അദ്ദേഹം പറഞ്ഞുകൊടുത്തതത്രേ.

ജർമ്മൻശാസ്ത്രജ്ഞന്മാരെക്കൊണ്ടു ഹിററ്ലർ അണുശക്തിഗവേഷണം നടത്തിച്ചുകൊണ്ടിരിക്കയാണു്. അവർ അണുബോമ്പു കണ്ടുപിടിക്കാനുള്ള അടുത്ത സാധ്യതയുണ്ടു്; അതുകൊണ്ടു് ഉടനടി അമേരിക്കയുടെ ശ്രദ്ധ, ആ വിഷയത്തിലേയ്ക്കു തിരിക്കാത്തപക്ഷം അമേരിക്കയും ലോകവും ആപത്സന്ധിയിലാകുമെന്നു്, പ്രസിഡണ്ടു് റൂസ്‌വെൽട്ടിനു് ഐൻസ്റ്റിൻ ശക്തിയായ ഒരു സ്വകാര്യക്കത്തെഴുതിയതിനെ തുടന്നാണു് അമേരിക്ക കാര്യക്ഷമമായ ഗവേഷണം ഏർപ്പെടുത്തി അണുബോമ്പുകഠം നിർമ്മിക്കാനും രണ്ടെണ്ണം ജപ്പാനിൽ പൊട്ടിച്ചതോടുകൂടി യുദ്ധം പരിപൂർണ്ണമായി നിലയ്ക്കാനും ഇടയായതു്.

ഐൻസ്റ്റിൻ വളരെ ഫലിതമയനായ വിനോദരസികൻ ആയിരുന്നു. ഗാനരചനയും വീണവായനയും തൻെറ അടുത്തു വരുന്ന കൊച്ചുകുട്ടികഠംക്കു വീട്ടുകണക്കു

ചെയ്തുകൊടുക്കലും സൗകര്യം കിട്ടിയാൽ വള്ളംകളിയുമായിരുന്നു അദ്ദേഹത്തിൻെറ വിനോദം. അഹിംസയുടെയും ലോകസമാധാനത്തിൻെറയും തീവ്രവാദിയായിരുന്ന ഐൻസ്റ്റിൻ, "എന്തിനു യുദ്ധം?" (Why War?) "എൻെറ തത്ത്വജ്ഞാനം" (My Philosophy) മുതലായ ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. സാമുദായികവിഷയകമായി "About Zionism" എന്ന ഗ്രന്ഥവും അദ്ദേഹം എഴുതീട്ടുള്ളതാണ്. അദ്ദേഹത്തിൻെറ തനിശാസ്ത്രീയഗ്രന്ഥങ്ങൾക്കു പുറമെയാണിവയെല്ലാം.

ഈ യുഗത്തിലെ ഏററവും വലിയ ജ്ഞാനിയാണ് ഗാന്ധിയെന്നും രാജ്യതന്ത്രജ്ഞന്മാരിൽവെച്ച് ഏററവും പ്രശാന്തഗംഭീരനും ആത്മാർത്ഥിയും ആണ് നെഹ്റു എന്നും ഐൻസ്റ്റിൻ പ്രസ്താവിക്കയുണ്ടായിട്ടുണ്ട്.

അദ്ദേഹം ആവിഷ്കരിച്ച ശാസ്ത്രസിദ്ധാന്തമാണ് അണുബോംബുനിർമ്മാണത്തിനു സാധ്യത നല്കിയതെങ്കിലും, ശാസ്ത്രവിജ്ഞാനം സംഹാരാത്മകമായ പദ്ധതികൾക്കോ മാരകമായ ആയുധശേഖരണത്തിനോ ഉപയോഗിക്കരുതെന്ന് അദ്ദേഹം നിരന്തരം അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. അണുശക്തിയുടെ നിയന്ത്രണത്തിന്നായി പ്രസിഡണ്ട് റൂസ്‌വെൽട്ടിനോട് അഭ്യർത്ഥിച്ച ആദ്യത്തെ ശാസ്ത്രജ്ഞൻ ഐൻസ്റ്റിനാണ്.

രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം അല്പംപോലും താത്പര്യം കാണിച്ചിരുന്നില്ല. സങ്കുചിതമായ രാഷ്ട്രതന്ത്രത്തിൽ ശാസ്ത്രകാരൻ എന്തിന് ഇടപെടുന്നു എന്നതായിരുന്നു അദ്ദേഹത്തിൻെറ നില.

ജൂതസമുദായാംഗമായ ഒരു വ്യാപാരിയായിരുന്നെ ങ്കിലും ഏറെക്കുറെ സ്വതന്ത്രചിന്തകനായിരുന്നു ഐൻസ്റ്റിൻെറ പിതാവു്. ഐൻസ്റ്റിനെ ആദ്യമായി ചേൎത്തതു് ഒരു റോമൻകത്തോലിക്കസ്കൂളിലായിരുന്നു.

വിദ്യാൎത്ഥിയായ ഐൻസ്റ്റിൻ ഗണിതശാസ്ത്രത്തിൽ പ്രതിപത്തി കാണിക്കാൻ തുടങ്ങിയപ്പോൾ ഒരു എഞ്ചിനിയറായിരുന്ന അമ്മാവൻ അതിനു പ്രോത്സാഹനം നല്കി. 16 വയസ്സു കഴിഞ്ഞപ്പോൾ ആ ബാലനെ ഒരു പോളിടെക്നിക് ഇൻസ്റ്റിററ്യൂട്ടിൽ ചേൎത്തു. 21 വയസ്സുള്ളപ്പോൾ മറെറാരു ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ ഒരധ്യാപകനായിട്ടാണു് ഐൻസ്റ്റിൻ ജീവിതമാരംഭിച്ചതു്. പിന്നീടു പേററൻഡ്സ് ആഫീസിൽ ഒരു ഉദ്യോഗസ്ഥനായി ഐൻസ്റ്റിൻ ആറു കൊല്ലം ജോലിചെയ്തു. അക്കാലത്താണു് തത്വജ്ഞാനത്തിൽ അദ്ദേഹം സൂറിച്ച് സൎവ്വകലാശാലയിൽനിന്നു ഡാക്ടർബിരുദം നേടിയതു്. 26-ാംവയസ്സിൽ അദ്ദേഹം തൻെറ സ്വന്തം സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. 1913-ൽ കൈസർ വില്യം ഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടർസ്ഥാനവും പ്രഷ്യൻസയൻസ് അക്കാദമിയിൽ അംഗത്വവും അദ്ദേഹത്തിനു ലഭിച്ചു. 1919-ൽ ഉണ്ടായ സൂൎയ്യഗ്രഹണത്തിൽ ഐൻസ്റ്റിൻെറ ആപേക്ഷികസിദ്ധാന്തം പ്രയോഗക്ഷമമായി തെളിയിക്കപ്പെട്ടു.

ഹിററ്ലരുടെ സൎവ്വാധിപത്യത്തിൽ വൎഗ്ഗവിവേചനംമൂലം ജൎമ്മനിയിൽ ആരംഭിച്ച യഹൂദവിദ്വേഷത്താൽ ജന്മനാ ഒരു യഹൂദനും പ്രകൃത്യാ സമരവിരോധി

യുമായ ഐൻസ്റ്റിനെ 1933-ൽ ഉദ്യോഗത്തിൽനിന്നു പിരിച്ചും അദ്ദേഹത്തിൻെറ ജൎമ്മൻപൗരത്വം റദ്ദാക്കിയും കളഞ്ഞു. തന്മൂലം ജീവരക്ഷാൎത്ഥം തൻെറ വസ്തുവകകളെല്ലാം ഉപേക്ഷിച്ച് അദ്ദേഹം ജൎമ്മനിയിൽനിന്നോടി ബൽജിയത്തിൽ അഭയംപ്രാപിച്ചു: ഐൻസ്റ്റിനെ മുഴുവനോടെയോ ഐൻസ്റ്റിൻെറ തലയോ ഹാജരാക്കുന്നവൎക്ക് 20000 മാൎക്ക്സ് (ജൎമ്മൻനാണയം) സമ്മാനം പ്രഖ്യാപിച്ചു ജൎമ്മൻഗവൎമ്മേണ്ടു പരസ്യം ചെയ്തു. ഐൻസ്റ്റിനെ മററാൎക്കും ലഭിക്കരുതെന്നായിരുന്നു ഹിററ്ലരുടെ ഉദ്ദേശം. അതുകൊണ്ടു പട്ടാളക്കാരെ വീടിനുചുററും കാവലിട്ടുകൊണ്ടാണ് ബൽജിയം ഗവൎമ്മേണ്ട് ഐൻസ്റ്റിൻെറ ജീവനെ രക്ഷിച്ചുകൊണ്ടിരുന്നതു്. ആ സങ്കടാകുലസന്ധിയിൽ അഹിംസയുടെ ആധുനികപ്രവാചകനായ മഹാത്മാഗാന്ധിയുടെ നാടായ ഇന്ത്യയിലേയ്ക്കു കടക്കാൻ ഐൻസ്റ്റിൻ ആഗ്രഹിച്ചുവെങ്കിലും അദ്ദേഹം ആവശ്യപ്പെടുന്ന ശമ്പളത്തിൽ അമേരിക്കയിലെ പ്രിൻസ്റ്റൻ ഇൻസ്റ്റിററ്യൂട്ടിൻെറ ഗവേഷണവകുപ്പിൽ അദ്ദേഹത്തെ നിയമിച്ചുകൊള്ളാമെന്നറിയിച്ചു ക്ഷണിച്ചതനുസരിച്ച് അദ്ദേഹം അമേരിക്കയിലേയ്ക്കു പോയി.

അമേരിക്കയിൽ എത്തിയ ഐൻസ്റ്റിനു് അവിടത്തെ പൗരാവലി വലിയ ഒരു സ്വീകരണം നല്കി. കപ്പലിൽനിന്നു ന്യൂയോൎക്കിലിറങ്ങിയ ഐൻസ്റ്റിനെയും കുടുംബത്തെയും അലങ്കരിച്ചതും തുറന്നുവെച്ചതുമായ ഒരു കാറിൽ കയററി "ഇദ്ദേഹമാണ് പ്രശസ്തനായ പ്രൊഫ

സർ ഐൻസ്റ്റിൻ" എന്നു മനോഹരമായെഴുതിയ ഒരു ബോർഡ് കാറിൻെറ മുൻവശത്തു വെച്ചുകൊണ്ടാണ് പ്രധാനതെരുവീഥിയിലൂടെ ഘോഷയാത്രയായി കൊണ്ടുപോയതു്. തത്സമയം ആകാശത്തുനിന്നു വിമാനങ്ങൾ പുഷ്പവൃഷ്ടി ചെയ്തു. വർണ്ണശബളമായ കടലാസുകഷ്ണങ്ങൾ അന്തരീക്ഷത്തിൽ തത്തിക്കളിച്ചു. ആ ഗംഭീരസ്വീകരണത്തിൽ അത്ഭുതപ്പെട്ടു ഭാര്യ ഐൻസ്റ്റിനോടു് "ആൽബെർട്ട്, ഇതെല്ലാം കണ്ടിട്ടെന്തു തോന്നുന്നു?" എന്നു ചോദിച്ചതിനു് "ഒരു സർക്കസ്സുപോലിരിക്കുന്നു" എന്നായിരുന്നു അദ്ദേഹം ചിരിച്ചുകൊണ്ടു നല്കിയ മറുപടി. ജനക്കൂട്ടത്തിൻെറ ആഹ്ലാദപ്രകടനം കണ്ടിട്ടദ്ദേഹം ഭാര്യയോടു് "ഇവക്കു് എന്നേക്കാൾ കൗതുകകരമായിരിക്കുക ഒരു ആനയോ, ജിറാഫോ ആണു്" എന്നും പറഞ്ഞുവത്രേ.

1946 മേയ്മാസത്തിൽ ഐൻസ്റ്റിൻെറ അദ്ധ്യക്ഷതയിൽ "ആററംശക്തിയെ സംബന്ധിച്ച ഒരു അടിയന്തരക്കമ്മിററി" അമേരിക്ക രൂപവത്കരിച്ചു. യഹൂദരുടെ രാഷ്ട്രമായ ഇസ്രേയിലിൻെറ പ്രസിഡണ്ടായിരിക്കാൻ ഐൻസ്റ്റിൻ ക്ഷണിക്കപ്പെട്ടു. അതദ്ദേഹം നന്ദിപൂർവ്വം നിരസിക്കയാണു് ചെയ്തതു്.

മരിച്ചു 15 മണിക്കൂർ കഴിഞ്ഞപ്പോൾ, അദ്ദേഹം മുൻകൂട്ടി ചെയ്തിരുന്ന നിർദ്ദേശപ്രകാരം അദ്ദേഹത്തിൻെറ തലച്ചോറെടുത്തു ന്യൂയോക്കിലെ മോൺടിഫിയോർ ആസ്പത്രി അധികാരിയായ ഡാക്ടർ സിമ്മർമാനു ഗവേഷണാത്ഥം അയച്ചുകൊടുത്തു. ഹൃദയം മുതലായ പ്രധാ

നമായ ജീവകരണങ്ങൾ (Organs) ഗവേഷണത്തിനു മ
റൊരാസ്പത്രിക്കു നല്കി. ബാക്കി ജഡം കുഴിച്ചിടുക
യല്ല ദഹിപ്പിക്കയാണു് ചെയ്തതു്. ശവസംസ്കാരപരമാ
യ പ്രാൎത്ഥനയോ കൎമ്മങ്ങളോ യാതൊന്നും നടത്തിയതു
മില്ല.

അല്പമെങ്കിലും ആഡംബരപരമോ സുഖാസ്വാദ
തത്പരമോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ജീവി
തം. അദ്ദേഹത്തിന്റെ പെരുമ താഴ്മയിലും സൗമ്യതയി
ലും മനുഷ്യത്വത്തിലും അധ്വാനത്തിലും സഹനത്തിലും
മുഴുകിയതായിരുന്നു.

1954-ൽ വിഖ്യാതനായ ഒരു പത്രപ്രവൎത്തകൻ,
ഒരു ഇംഗ്ലീഷുകാരൻ, ഐൻസ്റ്റിനെ സന്ദശിച്ച അവ
സരത്തിലെ സംഭാഷണത്തിൽ ഐൻസ്റ്റീൻ പറഞ്ഞു,
വിജയം അമേരിക്കയെ ദൂഷിപ്പിച്ചിട്ടുണ്ടെന്നു്. "വിജ
യം, അന്യാദൃശവിജയം, വരിച്ച ആളാണല്ലോ നിങ്ങൾ.
അപഭ്രംശത്തെ നിങ്ങൾ അതിജീവിച്ചതെങ്ങനെ?" എ
ന്നു ചോദിച്ചു.

"വ്യക്തിപരമായ ദൗരാത്മ്യം ബാധിക്കാതിരിക്കു
ന്നതിന്നു് ഒരു പോംവഴിയേയുള്ളൂ—അധ്വാനം. പ്രയ
ത്നിച്ചുകൊണ്ടിരിക്കുക. വേല നിൎത്തി, മററുള്ളവർ ന
മ്മെ പ്രശംസിക്കുന്നതിനെ കേട്ടുകൊണ്ടിരിക്കാൻ വലി
യ ആകർഷണം ഉണ്ടു്. അതിനു ചെവികൊടുക്കാതെ
പ്രവൎത്തനം തുടൎന്നുകൊണ്ടിരിക്കതന്നെ വേണം" എന്നാ
യിരുന്നു മറുപടി.

# മതത്തിൻെറ ശാസ്ത്രീയാടിസ്ഥാനം

## ഇല്ലാത്ത ഒന്നു കണ്ടുപിടിക്കാനുള്ള പരിഹാസ്യശ്രമത്തിൻെറ രണ്ടു് ഉദാഹരണങ്ങൾ

സ്വർഗ്ഗസ്ഥിതനായ ദൈവത്തിൻെറയും നരകാധിപനായ പിശാചിൻെറയും അസ്തിത്വത്തിലുള്ള വിശ്വാസം ബുദ്ധികൊണ്ടു് ആലോചിച്ചു സാധിക്കേണ്ടതല്ലെന്നും ദൈവകൃപയാലുണ്ടാകുന്ന വെളിപാടിനാൽമാത്രം സിദ്ധിക്കേണ്ടതാണെന്നും എല്ലാ ക്രൈസ്തവവേദശാസ്ത്രങ്ങളും സിദ്ധാന്തിക്കുന്നു. ഇക്കാരണത്താൽ ആസ്തിക്യവിശ്വാസം ശാസ്ത്രീയമല്ലെന്നൊരു ന്യൂനതയുണ്ടെന്നതു ശാസ്ത്രീയയുഗത്തിൻെറ ആരംഭം മുതൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപമാണു്. ആ ആക്ഷേപവും ന്യൂനതയും പരിഹരിക്കാനായി മതവിശ്വാസത്തിനൊരു ശാസ്ത്രീയാസ്പദം കണ്ടുപിടിക്കാനുള്ള പരിശ്രമം ക്രൈസ്തവനായ ഒരു ഉന്നതശാസ്ത്രജ്ഞൻ പതിമൂന്നു വർഷംമുമ്പു നടത്തുകയുണ്ടായി.

## മോറിസന്റെ ലേഖനം

ന്യൂയോക്കിലെ സയൻസ് അക്കാദമിയുടെ അദ്ധ്യക്ഷനായിരുന്ന മോറിസൺ (A. Cressy Morrison) എന്ന വയോധികനാണ് ആ ശാസ്ത്രജ്ഞൻ. അദ്ദേഹം തന്റെ കണ്ടുപിടുത്തം ഒരു ലേഖനമായി 1948 ജനുവരിയിലെ റീഡേഴ്സ് ഡൈജെസ്റ്റ് മാസികയിൽ വെളിപ്പെടുത്തി. ലേഖനത്തിന്റെ തലക്കെട്ട് "ഒരു ശാസ്ത്രജ്ഞൻ ദൈവത്തിൽ വിശ്വസിക്കുന്നതിനുള്ള ഏഴു ന്യായങ്ങൾ" എന്നായിരുന്നു. ആ ഏഴു ന്യായങ്ങൾ താഴെ ചേർക്കുന്നു:

1. മഹത്തായ എൻജിനിയറിങ്(ശില്പ)വൈദഗ്ദ്ധ്യമുള്ള ഒരു വ്യക്തി സംവിധാനം ചെയ്തു സൃഷ്ടിച്ചിട്ടുള്ളതാണ് പ്രപഞ്ചം എന്നു ഗണിതശാസ്ത്ര(Mathematics)നിയമങ്ങളാൽ സ്പഷ്ടമായി തെളിയിക്കാൻ കഴിയും.

2. ജീവൻ അതിന്റെ ആവശ്യനിർവ്വഹണത്തിനു പ്രയോഗിക്കുന്ന പ്രത്യുത്പന്നമതിത്വം സർവ്വവ്യാപിയായ ഒരതിബുദ്ധിയുടെ പ്രകടനമാണ്.

3. ജന്തുക്കളിൽ കാണുന്ന ജന്മവാസന ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തെ സൂചിപ്പിക്കുന്നു.

4. മനുഷ്യന്റെ യുക്തിബോധം ജന്തുക്കളുടെ ജന്മവാസനയിൽനിന്നു വ്യത്യസ്തമല്ല.

5. ജീൻ (Gene) എന്ന അത്ഭുതപ്രതിഭാസത്തിന്റെ കണ്ടുപിടുത്തത്താൽ വിവിധതരം ജനുസ്സുകളുടെ

യും പാരമ്പര്യരഹസ്യം ഇന്നു ഭേദിക്കപ്പെട്ടിരിക്കുന്നു. ഡാർവിന്റെ കാലത്തു 'ജീൻ' എന്നൊന്നുണ്ടെന്നുതന്നെ അറിയപ്പെട്ടിരുന്നില്ല.

6. പ്രകൃതിയിലെ നിപുണമായ മിതവ്യയത്തിൽനിന്നു് അതിന്റെ സംവിധാനം ഒരു അനന്തബുദ്ധിയാൽ നടത്തപ്പെട്ടതാണെന്ന അനുമാനം അനിവാര്യമാണു്.

7. ദൈവം എന്ന ആശയത്തെ മനുഷ്യനു വിഭാവനംചെയ്യാൻ കഴിയുന്നുണ്ടെന്നുള്ളതുതന്നെയാണു് ദൈവാസ്തിക്യത്തിനു് അദ്വിതീയമായ തെളിവു്.

## വിശ്വാസംമാത്രം

മേല്പറഞ്ഞ ഏഴു ന്യായങ്ങളിൽ ഒന്നാമത്തേതുമാത്രമാണു് ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ടതു്. രണ്ടാമത്തേതുതൊട്ടുള്ള ബാക്കി ആറും ശാസ്ത്രജ്ഞനെങ്കിലും ദൃഢവിശ്വാസിയായ മോറിസന്റെ വിശ്വാസപ്രകടനംമാത്രമാകയാൽ നിരൂപണം അർഹിക്കുന്നില്ല. "നിലത്തുള്ള ലഘുതൃണംമുതൽ ആകാശം തുളച്ചുനില്ക്കുന്ന വൻമരങ്ങൾ അടക്കമുള്ള സമസ്തസസ്യവൃക്ഷാദികളുടെയും തുമ്പു മേലോട്ടായിരിക്കുന്നതു് അവ സ്വർഗ്ഗസ്ഥിതനായ സ്രഷ്ടാവിനഭിമുഖമായി വന്ദിച്ചുനില്ക്കുന്നതുകൊണ്ടാണു്. അതാണു് ദൈവാസ്തിക്യത്തിനു തക്കമേറിയതും പ്രധാനതമവുമായ തെളിവു്" എന്നു് ഒരു ഉപദേശി പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമല്ല ഈ ശാസ്ത്രജ്ഞന്റെ രണ്ടുമുതൽ ഏഴുകൂടി തെളിവുകൾ.

ഒന്നാമത്തെ തെളിവു ഗണിതശാസ്ത്രത്തിലെ അംഗീകൃതതത്വങ്ങളിൽ ഒന്നിനെയും ആസ്പദിച്ചതല്ലെന്നും കല്പനാത്മകമായ ഒരു പൂർവ്വപക്ഷത്തെ (Hypothesis) മോറിസൺ ബാലിശമായി ഉപയോഗിക്കുകമാത്രമാണു് ചെയ്തിട്ടുള്ളതെന്നും ഗണിതശാസ്ത്രജ്ഞന്മാരായ ഹൈമൻ ലെവി (Hyman Levy) മുതലായവർ ഉടനടി ചൂണ്ടിക്കാണിക്കുകയുണ്ടായി.

അതൊന്നും ഗണ്യമാക്കാതെ, മോറിസൺ തെററായി അവതരിപ്പിച്ച 'ഗണിതശാസ്ത്രന്യായം' തന്നെ മോറിസൻേറതുപോലുള്ള മററു ദൃഷ്ടാന്തങ്ങളാൽ പുനരവതരിപ്പിച്ചുകൊണ്ടു ലെ കോം ടു നോയി (Le Compte Du Nouy) എന്ന മറെറാരു ദൃഢവിശ്വാസിയായ ശാസ്ത്ര ജ്ഞൻ 'മാനുഷനിയതി' * (Human Destiny) എന്ന ഒരു ഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രസ്തുതപുസ്തകം പ്രചണ്ഡമായ പ്രചാരണങ്ങളാൽ ക്രൈസ്തവലോകത്തിൽ പ്രചുരപ്രചാരം നേടിക്കൊണ്ടിരിക്കുന്നു.

കൗൾസൺ (Prof. C. A. Coulson F. R. S.) എന്ന മറെറാരു വിശ്വാസിയായ ശാസ്ത്രജ്ഞൻെറ നിർദ്ദേശപ്രകാരം മോറിസൻെറ 1948_ലെ ലേഖനം റീഡേഴ്സ് ഡൈജെസ്റ്റ്കാർ 1960 നവംബർലക്കത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുമുണ്ടു്. ഇതെല്ലാം ക്രൈസ്തവമതപക്ഷക്കാരുടെ പ്രചാരണതീവ്രതയെ കാണിക്കുന്നു.

---

* ഈ പുസ്തകം 'മാനവഭാഗധേയം' എന്ന പേരിൽ തർജ്ജമചെയ്തു കൊല്ലം ശ്രീരാമവിലാസം പ്രസ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

## ആ തെളിവു്

മോറിസൻെറ തെളിവു് ഇതാണു്: "സൂര്യനും ഗ്രഹങ്ങളും നക്ഷത്രജാലങ്ങളുമടങ്ങിയ പ്രപഞ്ചം ഒരു വലിയ എൻജിനീയറിങ്ങ്പ്രതിഭയാൽ പ്ലാൻചെയ്തു സൃഷ്ടിക്കപ്പെട്ടതാണെന്നു തെളിയിക്കുന്ന കണക്കുശാസ്ത്രമാണിതു്: പത്തു നാണയങ്ങൾ നിങ്ങളുടെ കീശയിലിട്ടു കിലുക്കി മറിച്ചിട്ടു് ഓരോന്നായി എടുത്തു നമ്പർ ഇട്ടു വീണ്ടും കീശയിൽ ഇടുക. ആ നാണയങ്ങളെ നല്ലപോലെ കിലുക്കി മറിച്ചതിനുശേഷം വീണ്ടും അവയെ നമ്പർമുറയ്ക്കു കീശയിൽനിന്നെടുക്കാൻ ശ്രമിച്ചാൽ ഒന്നാംനമ്പർ ആദ്യം കിട്ടുവാനുള്ള സാദ്ധ്യത $\frac{1}{10}$ ആണു്. 1-ം 2-ം നമ്പറുകൾ തുടർച്ചയായി കിട്ടാനുള്ള സാദ്ധ്യത $\frac{1}{10} \times \frac{1}{10} = \frac{1}{100}$ ആകുന്നു. 1-ം 2-ം 3-ം നമ്പറുകൾ തുടർച്ചയായി കിട്ടാനുള്ള സാദ്ധ്യത $\frac{1}{1000}$ അത്രേ. അങ്ങനെ 10 നാണയങ്ങളും വഴിക്കുവഴി കിട്ടാനുള്ള സാദ്ധ്യത $\frac{1}{10,000,000,000}$ ആയിരിക്കും.

"ജീവൻ നിലനില്ക്കുന്നതിനു് അവശ്യം ആവശ്യമായ സാഹചര്യങ്ങൾ അതേപടി നിലനില്ക്കുന്നതു വെറും യാദൃച്ഛികത്വംകൊണ്ടായിരിക്കുക സാദ്ധ്യമല്ല. ഭൂമി മണിക്കൂറിൽ 1000 മൈൽ വേഗത്തിലാണു് കറങ്ങുന്നതു്. ആ വേഗം 100 മൈലായിക്കുറഞ്ഞാൽ പകലും രാത്രിയും പത്തിരട്ടി നീണ്ടുനില്ക്കും. പകൽ സൂര്യൻെറ ചൂടിനാൽ സസ്യജാലങ്ങൾ കരിഞ്ഞു ചാമ്പലാകും. വല്ലതും അവശേഷിച്ചാൽ രാത്രിയിലെ കഠിനമായ തണുപ്പുകൊണ്ടു് അവയുടെ മുള മരവിച്ചു നശിച്ചുപോകും.

ഭൂമിയും സൂര്യനും തമ്മിലുള്ള ദൂരം പകുതി കുറഞ്ഞിരുന്നെങ്കിൽ സൂര്യൻ ഭൂമിയെത്തന്നെ ഉരുക്കിക്കളയുകയും ദൂരം ഇപ്പോഴത്തേതിലും വളരെക്കൂടിയിരുന്നെങ്കിൽ നാം മരവിച്ചു മരിക്കുകയും ചെയ്യുമായിരുന്നു. ഭൂമിക്കു 23 ഡിഗ്രി ചരിവുള്ളതുനിമിത്തമാണു് ഋതുക്കൾ യഥാകാലം വന്നുചേരുന്നതു്. ഈ ചരിവു വ്യത്യാസപ്പെട്ടാൽ, സമുദ്രത്തിൽനിന്നുയരുന്ന നീരാവി ഹിമമായി അനേകം അടി കനത്തിൽ വീണു ഭൂമി മുഴുവനും മൂടിക്കളയും. അന്തരീക്ഷത്തിലെ വായുവിൻെറ കനം സ്വല്പം കുറവായിരുന്നെങ്കിൽ നിരവധി ഉല്ക്കകൾ തീജ്വാലകളോടെ ദിവസേന ഭൂമിയിൽ വീണു ഭൂമുഖം കത്തി എരിഞ്ഞുകൊണ്ടിരിക്കുമായിരുന്നു. ഭൂമിയും ചന്ദ്രനും തമ്മിലുള്ള അകലം അമ്പതിനായിരം മൈൽമാത്രമായിരുന്നെങ്കിൽ ദിവസവും രണ്ടു പ്രാവശ്യംവീതം ഭൂഖണ്ഡങ്ങളെല്ലാം കടലാക്രമണത്താൽ വെള്ളംകൊണ്ടു മൂടിയിരിക്കും. ഇങ്ങനെ ഇനിയും അനേകം സംഗതികൾ പറയാനുണ്ടു്. അതിനാൽ യാദൃച്ഛികമായി രൂപമെടുത്തു സ്ഥിതിചെയ്യുന്ന ഒരു ഗോളമാണു് ഭൂമിയെന്നു ഞാൻ വിശ്വസിക്കുന്നില്ല.''

ഒരു ശാസ്ത്രജ്ഞൻ എന്തിനിത്ര സാഹസികഭാവനകൾക്കു പോകുന്നു? വെള്ളം കീലുപോലെയോ ചാരായംപോലെയോ ആയിരുന്നെങ്കിൽ ജീവൻ ഭൂമിയിലാവിർഭവിക്കുമായിരുന്നില്ലല്ലോ!

ദ നോയി നല്കുന്ന ദൃഷ്ടാന്തങ്ങളും മോറിസൻേറതുപോലെതന്നെയാണു്.

ദ നോയിയുടെ ദൃഷ്ടാന്തങ്ങൾ

യാദൃച്ഛികത്വത്തിന്റെ ഗണിതനിയമത്തെ (The Law of Calculus of Probabilities) ദ നോയി ഇപ്രകാരം തെളിയിക്കുന്നു: "ഒരു നാണയം മേല്പോട്ടെറിഞ്ഞു താഴെ വീണു കാണുന്ന വശം നോക്കി ഭാഗ്യം പരീക്ഷിക്കുന്ന 'അകമോ പുറമോ' അല്ലെങ്കിൽ 'തലയോ വാലോ' എന്ന കളിയുണ്ടല്ലോ. അതിൽ അകമോ പുറമോ വീണുകിട്ടുന്നതിന്റെ യാദൃച്ഛികത്വം പകുതി പകുതി($\frac{1}{2}$ & $\frac{1}{2}$)യാണ്. എന്നാൽ ആറു വശങ്ങൾ ഉള്ള പകിടകളുടെ കാര്യത്തിൽ ഏതെങ്കിലും ഒരു പ്രത്യേകവശം ഒരിക്കൽ വീണുകിട്ടുന്നതിന്റെ യാദൃച്ഛികത്വം $\frac{1}{6}$ ആകുന്നു. പകിടയിലെ '5' എന്ന അക്കം ഇടവിടാതെ തുടർച്ചയായി രണ്ടു പ്രാവശ്യം വീണുകിട്ടുന്നതിൽ ആദ്യത്തേതിന്റെ യാദൃച്ഛികത്വം $\frac{1}{6}$-ഉം രണ്ടാം പ്രാവശ്യത്തിന്റേതു $\frac{1}{6}\times\frac{1}{6}=\frac{1}{36}$-ഉം പത്തു പ്രാവശ്യം തുടർച്ചയായി കിട്ടുന്നതിന്റേതു് $\frac{17}{6046616}$-ഉം ആണ്."

—('Human Destiny' P. 34, 32)

"നമ്മുടെ ഭൂമിയോളം വലിപ്പമുള്ള ഒരു ഗോളം ഊഷ്മികചലനവും (Thermic Agitation) യാദൃച്ഛികത്വവും കൊണ്ടുണ്ടാവുന്നതിനു സുമാർ $10^{243}$ ഖർവ്വം (Billion) വർഷങ്ങൾ (ഒന്നിനുശേഷം 243 പൂജ്യങ്ങൾ ഉള്ള സംഖ്യയാണിതു്) വേണ്ടിവരും. എന്നാൽ നമ്മുടെ ഭൂമിയുണ്ടായിട്ടു രണ്ടു ഖർവ്വം വർഷങ്ങളും ഭൂമിയിൽ ജീവൻ ആവിർഭവിച്ചിട്ടു് ഒരു ഖർവ്വം വർഷങ്ങളും മാത്രമേ ആയിട്ടുള്ളൂ." (ടി. പേ. 35-36)

അതുകൊണ്ടു്, അപാരബുദ്ധിമാനും ഗണിതശാസ്ത്രജ്ഞനുമായ ദൈവത്തിൻെറ ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ കാണുന്ന ഭൂഗോളവും അതിലെ ജീവികളും ഉണ്ടാകുമായിരുന്നില്ലെന്നതാണു് ഗൈ നോയിയുടെ ഗണിതശാസ്ത്രത്തെളിവു്!

"ആദ്യത്തെ മനുഷ്യൻ ഒരു കോടി വർഷത്തിനു മുമ്പാണു് ജീവിച്ചിരുന്നതു് എന്നു ലണ്ടനിൽ നരവംശശാസ്ത്രജ്ഞന്മാരുടെ ഒരു യോഗത്തിൽ സംസാരിക്കവേ നാച്ചുറൽ ഹിസ്റ്ററിമ്യൂസിയത്തിൻെറ കീപ്പർ ആയ ഡോ. കെന്നത്തു് ഓക്ക്‌ലി പ്രസ്താവിച്ചിരിക്കുന്നു. ആഫ്രിക്കയിൽ നടത്തിയ പരിശോധനകളിൽനിന്നു മനുഷ്യസമുദായത്തിനു് ഇന്നു കണക്കാക്കപ്പെടുന്നതിൻെറ ഇരട്ടിയിൽ കുറയാതെ പഴക്കമുണ്ടെന്നു തെളിഞ്ഞിരിക്കുന്നതായും അദ്ദേഹം പ്രസ്താവിച്ചു." ഇതു 1961 സെപ്തംബർ 6-ാം തിയ്യതിയിലെ ഒരു പത്രറിപ്പോർട്ടാണു്. ശാസ്ത്രജ്ഞന്മാൎക്കു ലഭിക്കുന്ന ഏതാനും തെളിവുകളെ അടിസ്ഥാനപ്പെടുത്തി അവർ ശാസ്ത്രീയാഭ്യൂഹങ്ങൾ നടത്തുന്നു. കൂടുതൽ തെളിവുകൾ കിട്ടുമ്പോൾ അഭ്യൂഹങ്ങൾ മാറും. ഈ വക അഭ്യൂഹങ്ങൾ ശാസ്ത്രജ്ഞന്മാരെ പരമസത്യത്തിലേയ്ക്കു കൂടുതൽ അടുപ്പിക്കുന്നേയുള്ളു. ഈ അഭ്യൂഹങ്ങൾ പരമസത്യങ്ങളായി സ്വീകരിക്കുന്നതാണു് അബദ്ധം.

## ഇതിനു ചേരില്ല

'യാദൃച്ഛികത്വത്തിൻെറ ഗണിതനിയമം' എന്നതു യാദൃച്ഛികസംഭവത്തിൻെറ കാര്യകാരണങ്ങളെ കുറി

ക്കുന്നതല്ല. സംഭവത്തിൻെറ കാരണങ്ങളെപ്പററി യാതൊരു മുൻസൂചനയുമില്ലാതെ, കാരണങ്ങൾ അജ്ഞാതമായുണ്ടാകുന്ന സംഭവങ്ങളാണു് യാദൃച്ഛികങ്ങളെന്നു വ്യവഹരിക്കപ്പെടുന്നതു്. കാരണങ്ങളില്ലാതെ യാതൊന്നും തന്നെ സംഭവിക്കുന്നില്ല. മനുഷ്യനു കൈകാര്യം ചെയ്യാവുന്ന യാദൃച്ഛികങ്ങളെ ആവർത്തിപ്പിക്കുന്നതിനുള്ളതാണു് 'യാദൃച്ഛികത്വത്തിൻെറ ഗണിതനിയമം.' അതു ഗ്രഹനക്ഷത്രങ്ങളുടെ സംവിധാനത്തെയോ നിലനില്പിനെയോ പററി എന്തെങ്കിലും അറിയാനോ അളക്കാനോ ഉള്ളതല്ല. 'വാതകങ്ങളുടെ ചലനാത്മകത്വസിദ്ധാന്തം' (Kinetic theory of gases), നിരീക്ഷണങ്ങളുടെ ന്യൂനീകരണം (Reduction of observations) മുതലായ കാര്യങ്ങളിൽ സാങ്കേതികോപയോഗത്തിനുമാത്രം ഉള്ളതാണു് അതു്. ആ ഗണിതനിയമത്തെ ദ്ധവിശ്വാസിയായ ഒരു ശാസ്ത്രജ്ഞൻ നാണയങ്ങൾ കിലുക്കി മറിച്ചിടുന്നതിലെ യാദൃച്ഛികത്വത്തെ അളക്കാൻ ഉപയോഗിച്ചു. മറെറാരു വിശ്വാസിയായ ശാസ്ത്രജ്ഞൻ കണ്ണടച്ചു നാണയമെറിഞ്ഞും പകിട ഉരുട്ടിയും കളിക്കുന്നതിലെ യാദൃച്ഛികത്വം അളക്കാൻ ആ നിയമത്തെ ബാലിശമായി ഒന്നു കൊള്ളിച്ചുനോക്കിയെന്നേയുള്ളൂ. എന്നുമാത്രമല്ല, ആ നിയമം സാമാന്യതയുടെ ഒരു സങ്കല്പമല്ലാതെ നിശ്ചിതത്വം ഉള്ളതുമല്ല.

നാണയങ്ങളുടെയും പകിടയുടെയും കാര്യത്തിൽ യാദൃച്ഛികത്വത്തെ ഉപപാദിക്കാനല്ല, ഒരു യാദൃച്ഛികമാതൃകയുടെ ആവർത്തനം സാധിക്കുന്നതിനെ (Repetition

of a pattern of probability) വിവരിക്കാനാണു് പ്രസ്തുതഗണിതം പ്രയോഗിച്ചതു് എന്ന ഒരു മഹാപ്രമാദവും ആ ശാസ്ത്രജ്ഞന്മാക്ക് പററിയിട്ടുണ്ടു്. കീശയിലിട്ടു കിലുക്കിമറിച്ചു് ഓരോ നാണയം എടുക്കുന്നതിലാണു് യാദൃച്ഛികത്വം. അങ്ങനെ എടുത്ത നാണയം ഒന്നുമുതൽ പത്തുവരെ അക്കമിട്ടതിനുശേഷം വീണ്ടും കിലുക്കി മറിച്ചിട്ടു കിട്ടുന്നതു് 8-4-2-6-3-5-10-7-1 എന്ന മുറയ്ക്കാണെങ്കിൽ അതും യാദൃച്ഛികം തന്നെ. ആ നമ്പർ ഇട്ട നാണയങ്ങൾ അക്കമുറയ്ക്കു വീണ്ടും കിട്ടാൻ ശ്രമിക്കുന്നതിൽമാത്രമേ 'യാദൃച്ഛികത്വത്തിൻെറ ഗണിതനിയമം' എന്നു പറയപ്പെടുന്നതു് ഒട്ടൊക്കെയെങ്കിലും പ്രായോഗികമായി വരികയുള്ളൂ. ഇപ്പോഴത്തെ ഗ്രഹനക്ഷത്രനിലകളും അവയുടെ ബന്ധങ്ങളും അകലങ്ങളും ചരിവുകളുമെല്ലാം കശക്കി മറിച്ചു് ഇല്ലാതെയാക്കിയിട്ടു വീണ്ടും അവയെ ഇതേ രീതിയിൽ പുനസ്സംവിധാനം ചെയ്യുകയാണെങ്കിൽ, ആ യാദൃച്ഛികത്വത്തിൽ ഒരു വലിയ എൻജിനിയറിങ്ങ് വിദഗ്ദ്ധൻെറ കൈ ഉണ്ടെന്നു സമ്മതിക്കുകതന്നെ വേണം, അതിനുമാത്രമേ—യാദൃച്ഛികത്വത്തിൻെറ ആവത്തനത്തിനുമാത്രമേ—ഈ കണക്കുനിയമം (The Law of Calculus of Probability) ഒത്തെല്ലെങ്കിലും ഒക്കുകയുള്ളൂ എന്നാണല്ലോ നാണയത്തിൻെറയും മററും ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതു്. അതും വെറും യാദൃച്ഛികത്വമല്ല, യാദൃച്ഛികത്വത്തെ ആവത്തിപ്പിക്കലാണു്. യാദൃച്ഛികത്വത്തിനു് അതിൻെറ ആവത്തിപ്പിക്കലിൻെറ സാങ്കേതികഗണിതം പ്രയോഗിക്കാമെന്നു ത

ങ്ങളുടെ വിശ്വാസമൂഢതയാൽ കരുതിപ്പോയി എന്ന താണു് മോറിസൺ, ദു നോയി, കാറ്റ്സൺ എന്നീ മൂന്നു ക്രിസ്ത്യൻശാസ്ത്രജ്ഞന്മാർക്കും പററിയ ബാലിശമായ അബദ്ധം.

## അടിസ്ഥാനം തപ്പൽ

ക്രൈസ്തവവിശ്വാസത്തിനു് എങ്ങനെയെങ്കിലും ഒരു ശാസ്ത്രീയാടിസ്ഥാനം ഉണ്ടാക്കാനാണവർ ലക്ഷ്യം വെച്ചിരുന്നതു്. അതാണുദ്ദേശമെന്നു തെളിയിക്കുന്ന ധാരാളം പ്രസ്താവനകൾ ദു നോയിയുടെ ഗ്രന്ഥത്തിൽ ആപാദചൂഡം ഉണ്ടു്. അവയിൽ ഏതാനും എണ്ണം മാതൃകയ്ക്കായി ഉദ്ധരിച്ചുകൊള്ളുന്നു:

1. "ക്രൈസ്തവസംസ്കാരം നിലനില്ക്കേണ്ടതാണു്." (പേജ് 1)

2. "വിശ്വാസത്തിനു് ഒരു ശാസ്ത്രീയാടിസ്ഥാനം നല്കി അതിനെ സാധൂകരിക്കുകയാണു് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശം." (മുഖവുര)

3. "സത്യം ഗ്രഹിക്കുന്നതിനു മാർഗ്ഗങ്ങൾ രണ്ടേയുള്ളൂ. അതിൽ ഒന്നാമത്തേതാണു് വെളിപാടു്. അതു യുക്തിചിന്തയിൽനിന്നു് അന്യവും ബഹുഭൂരിപക്ഷം ആളുകൾക്കു് അടച്ചുപ്പെട്ടിരിക്കുന്നതുമാണു്." (പേജ് 15)

4. "സയൻസിന്റെ മണ്ഡലം വെടിഞ്ഞിട്ടു വേണം മതമണ്ഡലത്തിന്റെ ഉള്ളിലേയ്ക്കു പ്രവേശിക്കുവാൻ." (പേജ് 19)

5. "ഒരു ഭൗതികവാദിയെ ഈ പ്രതിപാദനം ബോധ്യപ്പെടുത്തുമെന്നു വിചാരിക്കാനുള്ള മൂഢത ഈ ഗ്രന്ഥകാരനില്ല." (പേജ് 46)

6. "എട്ടാം ദിവസം ദൈവം മനുഷ്യനെ നിർമ്മിക്കുകയും അവൻെറ മൂക്കിൽ ഊതി ആത്മാവിനെ കൊടുക്കുകയും ചെയ്തതു് ഒടുവിലത്തെ സ്വാതന്ത്ര്യത്തിൻെറയും മനസ്സാക്ഷിയുടെയും ജന്മത്തെക്കുറിക്കുന്നു."

(പേജ് 85)

7. "പണ്ഡിതന്മാർക്ക് ദൈവാസ്തിക്യം സ്വയം ബോധ്യപ്പെടാൻ സാധിച്ചില്ലെങ്കിൽ പിന്നെ മറെറന്തു കൊണ്ടാണു് പ്രാചീനമായ മതമാനദണ്ഡത്തെ പുനഃസ്ഥാപിക്കാൻ പോകുന്നതെന്നു് അവർ സ്വയം ചോദിക്കണം." (പേജ് 98)

8. "ദൈവത്തിൽ വിശ്വസിക്കുക എന്നതു ദൈവത്തിൻെറ അസ്തിത്വത്തിനു് ആഗ്രഹിക്കുകമാത്രമല്ല, ദൈവം ഉണ്ടെന്നുള്ളതുപോലെ പ്രവർത്തിക്കുകയുംകൂടിയാണു് എന്ന ഒരു മനോഹരനിരുക്തി ക്രൈസ്തവഗ്രന്ഥകാരനും മഹാനുമായ ഉനാമുനോ (Miguel Unamuno) നല്കീട്ടുണ്ടു്." (പേജ് 99)

9. "കഴിഞ്ഞ പതിനായിരം വർഷങ്ങളിൽ മനുഷ്യബുദ്ധി വികസിച്ചിട്ടേയില്ല." (പേജ് 102)

10. "മതത്തിനുവേണ്ടിയുള്ള മനുഷ്യൻെറ ആദ്യത്തെ ചാതുര്യരഹിതമായ തപ്പിത്തടൽ ആയിരുന്നു അ

സ്ഥവിശ്വാസം. ആ നിലയ്ക്കു് അതു് അസന്ദിഗ്ദ്ധമായ ആദരം അർഹിക്കുന്നു.” (പേജ് 118)

11. “വളരെയാളുകൾ ദൈവാസ്തിക്യത്തിൽ വിശ്വസിക്കാത്തതു് അവർക്കു ദൈവത്തെ വിഭാവനം ചെയ്യാൻ സാധിക്കായ്കയാലാണു്. അതുകൊണ്ടു ദൈവം ഇല്ലെന്നതിനു് അതു തെളിവാകയില്ല.” (പേജ് 133)

(വാലിന്റെ സ്ഥാനത്തും തലയായി, രണ്ടറ്റത്തും തലയുള്ളതും ഭക്ഷണം വേണ്ടാതെ എന്നെന്നും ജീവിച്ചിരിക്കുന്നതും ആയ ഒരു പാമ്പിനെ വിഭാവനം ചെയ്യാൻ സാധിക്കാത്തതു് അങ്ങനെ ഒന്നില്ലെന്നതിനു തെളിവാകയില്ലെന്നാണു് ഒ നോയി പറയുന്നതു്!)

12. “മനുഷ്യനു നിഷ്പ്രയോജനങ്ങളെന്നല്ല, ആപത്കാരികൾമാത്രമായ ഉഗ്രവിഷമുള്ള പാമ്പു്, മലമ്പനിവരുത്തുന്ന കൊതുകു്, ഭയങ്കരകുഷ്ഠരോഗാണു, സിഫിലീസ് ഉണ്ടാക്കുന്ന രോഗബീജം മുതലായവയെ സൃഷ്ടിച്ചതു ദൈവത്തിന്റെ ധാർമ്മികത്വത്തിനു ചേർന്നതാണോ എന്നു ചില ധിഷണാശാലികളായ മഹാന്മാർ ചോദിക്കുന്നു. മനുഷ്യന്റെ മനശ്ശാസ്ത്രം വെച്ചു ദൈവത്തെ കാണുന്നതുകൊണ്ടാണു് അവർ അപ്രകാരം ചോദിക്കുന്നതു് എന്നതാണതിനു മറുപടി.” (പേജ് 142)

13. “ചിരപുരാതനമായ ആദർശങ്ങൾകൊണ്ടു് സജീവമാക്കപ്പെട്ട ആദരണീയക്രൈസ്തവമതംമാത്രമാണു് മനുഷ്യവർഗ്ഗത്തിന്റെ ഏകരക്ഷ.” (പേജ് 183)

ഈ ഉദ്ധാരണങ്ങളിൽനിന്നുതന്നെ പ്രസ്തുതഗ്രന്ഥകാരനായ ശാസ്ത്രജ്ഞൻ എത്രമാത്രം അസഹിഷ്ണുവും പ്രമത്തനുമായ ക്രൈസ്തവമതപക്ഷപാതിയാണെന്നു കാണാൻ കഴിയും. ശാസ്ത്രജ്ഞാനമല്ല മതോന്മത്തതയാണു് അദ്ദേഹത്തെ ഈവിധമൊരു ക്ഷുദ്രഗ്രന്ഥമെഴുതാൻ പ്രേരിപ്പിച്ചതെന്നുള്ളതു സുവിദിതമാണു്. ആധുനികശാസ്ത്രജ്ഞന്മാർ സാമാന്യേന മതദാസ്യമില്ലാത്ത സ്വതന്ത്രചിന്തകരാണെങ്കിലും അവരിൽ അന്ധവിശ്വാസികളും സങ്കുചിതമതികളുമായ ചില മതകിങ്കരന്മാരെയും കാണാമെന്നതിനു രണ്ടു നല്ല ദൃഷ്ടാന്തങ്ങളാണു് മോറിസൻെറ ലേഖനവും ലെ കോം ദു നോയിയുടെ ഗ്രന്ഥവും.

# നിക്കോബാറികൾ

നിക്കോബാർദ്വീപുകൾ ഇന്ത്യയുടെ ഭരണസീമയിൽ പെട്ടതും നിക്കോബാറികൾ ഇന്ത്യൻപൗരന്മാരുമാണു്.

ഇന്ത്യയിൽനിന്നു 'നാടുകടത്തൽ'ശിക്ഷയ്ക്കു വിധിക്കപ്പെടുന്ന ക്രിമിനൽപ്പുള്ളികളെ പാർപ്പിക്കുന്ന ഇടമെന്ന നിലയിൽ ആൻഡമാൻദ്വീപുകളെപ്പററി പണ്ടുതന്നെ നാം കേട്ടു പരിചയപ്പെട്ടിട്ടുണ്ടു്. അടുത്ത കാലത്തു കുറെ ഇന്ത്യൻകുടുംബങ്ങളെ കുടിയേററിപ്പാർപ്പിച്ചതുസംബന്ധിച്ചും ആൻഡമാൻ കൂടുതൽ കേൾക്കപ്പെടുവാൻ ഇടയായി. എന്നാൽ അവയ്ക്കു കുറെ തെക്കായി നിക്കോബാർദ്വീപസമൂഹമുണ്ടെന്നു ബാല്യകാലത്തു ഭൂമിശാസ്ത്രത്തിൽനിന്നറിഞ്ഞിട്ടുള്ളതിൽ കൂടുതലൊരു വിവരവും ഇന്ത്യൻവൻകരയിലുള്ളവർക്കു് ഇന്നുമില്ല.

ആൻഡമാൻ, നിക്കോബാർ എന്നീ രണ്ടു ദ്വീപസമൂഹങ്ങൾ ബംഗാളുൾക്കടലിൽ സ്ഥിതിചെയ്യുന്നു.

എണ്ണം, വിസ്താരം, ജനസംഖ്യ എന്നിവയിൽ ആൻഡമാൻദ്വീപുകളെക്കാൾ തുലോം താഴെയാണ് നിക്കോബാർദ്വീപുകൾ.

ആൻഡമാൻെറ തെക്കെ അററത്തെ ദ്വീപിൽ നിന്നു 75 മൈൽ തെക്കോട്ടു ചെന്നാൽ നിക്കോബാർ സമൂഹത്തിൻെറ വടക്കെ അററത്തെത്തും. 1869-ൽ നിക്കോബാറും പീനൽകോളനി എന്ന നിലയ്ക്കും ഭരണ വിഷയകമായും ആൻഡമാനോടു ചേർക്കപ്പെട്ടു. നിക്കോബാർസമൂഹത്തിൽ 19 ദ്വീപുകളേയുള്ളൂ. അവയുടെ ആകെ വിസ്താരം 625 ചതുരശ്രമൈലും ജനസംഖ്യ 15000ത്തിൽപ്പരവുമാണ്. ആൻഡമാനു 2260 ചതുരശ്രമൈൽ വിസ്താരവും 30000ത്തിൽപ്പരം ജനസംഖ്യയുമുണ്ട്.

നിക്കോബാറികളെപ്പററിയുള്ള വിവരങ്ങൾ നേരിട്ടറിയുന്നതിനു ആൻഡമാനിലെ ഒരുന്നതോദ്യോഗസ്ഥനും കേരളീയനുമായ മിസ്റ്റർ സി. എം. മൊഹമ്മദ് ഈയിടെ നിക്കോബാർ സന്ദർശിച്ച് 'The Illustrated Weekly of India'യിൽ നല്കീട്ടുള്ള വിവരങ്ങളും പടങ്ങളും അദ്ദേഹത്തിൻെറ പ്രത്യേകസമ്മതത്തോടുകൂടി ചേർത്തു 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ എഴുതീട്ടുള്ള ലേഖനമാണ് ഈ കുറിപ്പ്:

തെന്നിന്ത്യയുടെ കിഴക്കെ കടൽത്തീരത്തിൻെറ തെക്കേ അററത്തുനിന്നു നേരെ കിഴക്ക്, സുമാർ ആയിരം നാഴിക അകലെയാണ് നിക്കോബാർദ്വീപസമൂഹം കിടക്കുന്നതു് എന്നതായിരിക്കാം അവയെപ്പററി

ഇന്ത്യക്കാക്കുള്ള അവിജ്ഞാതതയ്ക്കു കാരണം. എന്നാൽ പ്രസ്തുതദ്വീപുകളിൽ ഏററവും വടക്കേതായ 'കാർനിക്കോബാറി'ൽനിന്നു 120 നാഴികമാത്രം ദൂരമുള്ള 'പോർട്ട് ബ്ലെയറി'ൽ (Port Blair ആൻഡമാൻെറ തലസ്ഥാനം) ഉള്ളവക്കുപോലും നിക്കോബാറികളെപ്പററി ഇന്ത്യാക്കാക്കുള്ളടത്തോളംതന്നെ അജ്ഞതയുണ്ടു്. ആസൂത്രണം ചെയ്തു പണിയിച്ച പട്ടണങ്ങളോ വലിയ കെട്ടിടങ്ങളോ സാഹിത്യസംഗീതങ്ങളോ കോട്ടുകുപ്പായങ്ങളോ ഇല്ലാത്തതാണു് പിന്നോക്കനിലയെങ്കിൽ, നിക്കോബാറികൾ തീത്തും പിന്നോക്കനിലക്കാരാണു്. പക്ഷേ പുരോഗതിയെപ്പററിയുള്ള അവരുടെ ആശയം അതല്ല.

പണ്ടു ചൈനക്കാർ ഈ ദ്വീപുകളിന്മേൽ നേരിയ രാധിപത്യം നടത്തിയിരുന്നു. അതു വിലോപിച്ചതോടെ ആധിപത്യം ഇന്ത്യാക്കാരുടേതായി. അവിടത്തെ ഒരുവഴിയുടെ പേർ 'ഗംഗ' എന്നും ഒരു ഗ്രാമത്തിൻെറ പേർ 'ലക്ഷ്മി' എന്നുമാണെന്നതു് ഇന്ത്യനാധിപത്യത്തിൻെറ ലക്ഷ്യങ്ങളായി ഇന്നും അവശേഷിച്ചിരിക്കുന്നുണ്ടു്.

ഇന്ത്യയിലെ പവ്വതവാസികളായ നാഗന്മാർമുതലായവർ ബാഹ്യലോകവുമായി ബന്ധപ്പെടാതെ അനേകനൂററാണ്ടുകൾ വിമുക്തജീവിതം നയിച്ചതുപോലെയാണു് നിക്കോബാറികളും കഴിഞ്ഞുവരുന്നതു്.

16-ാംശതകത്തിൻെറ ആരംഭംമുതൽ പോത്തുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും തമ്മിൽ ഈ ദ്വീപുകളുടെ ആധിപത്യത്തിനുവേണ്ടി മത്സരമുണ്ടായി. അവിടത്തെ 'നാൻകൗറി' എന്ന തുറമുഖസ്ഥലത്തു് ഒരു നാ

വികത്താവളം സ്ഥാപിക്കുന്നതിനു പോർത്തുഗീസുകാർക്കു സാധിച്ചു. അതേസമയം 'കാർനിക്കോബാർ', 'വലിയ നിക്കോബാർ' എന്നീ രണ്ടു ദ്വീപുകളിൽ ഫ്രഞ്ചുകാർ ഏതാണ്ടൊരാധിപത്യവും നടത്തിവന്നു. ഇന്ത്യാസമുദ്രത്തിൽ ബ്രിട്ടീഷുകാരുടെ ആധിപത്യം സ്ഥാപിതമായതോടെ ഈ ദ്വീപസമൂഹം മുഴുവനും ബ്രിട്ടീഷുകാരുടെ വകയായി.

ഈ കാലങ്ങളിലെല്ലാം—200-ൽപ്പരം വർഷങ്ങൾ—അതായതു യൂറോപ്യൻമഹാശക്തികളുടെ രക്ഷാശയത്തോടുകൂടി ആ ദ്വീപനിവാസികളെ മുഴുവനും ക്രൈസ്തവീകരിക്കാനുള്ള മിഷനറിപ്രവർത്തനങ്ങൾ സുശക്തവും നിരന്തരവുമായി നടത്തീട്ടുണ്ടു്. എന്നിട്ടും ക്രൈസ്തവവിശ്വാസം അവരുടെ ഇടയിൽ ഗണ്യമായവിധം വേരൂന്നിയിട്ടില്ല. 15000 ജനങ്ങളിൽ 6000 പേർ നാമമാത്രക്രൈസ്തവരായിട്ടുണ്ടു്. അതു കാർനിക്കോബാറിലാണു്. നിക്കോബാറികളുടെ പൂർവ്വികവും വംശപരവുമായ വിശ്വാസങ്ങളോടു കൂടി ക്രൈസ്തവത്വം കൂട്ടിച്ചേർത്ത വിശ്വാസമാണു് മിഷ്യനറിമാർ അവരിൽ ചെലുത്തീട്ടുള്ളതു്. ക്രൈസ്തവനിക്കോബാറിയും അക്രൈസ്തവനിക്കോബാറിയും തമ്മിൽ വിശ്വാസാചാരാനുഷ്ഠാനകാര്യങ്ങളിൽ സാരമായ വ്യത്യാസമൊന്നുമില്ല. ക്രൈസ്തവനിക്കോബാറിയും ക്രൈസ്തവനല്ലാത്ത നിക്കോബാറിയെപ്പോലെ മരിച്ച കാരണവന്മാരുടെ അസ്ഥിയെ ആരാധിക്കുകയും മററു സകലനിക്കോബാറിയാചാരങ്ങളും അനുഷ്ഠിക്കുകയും വഞ്ചികൾ 'ചൗറി'യിലേക്കു കൊ

ണ്ടുപോയി അവിടത്തെ അക്രൈസ്തവരെക്കൊണ്ടു ശുദ്ധി കർമ്മം നടത്തിക്കുകയും പതിവാണു്. അതുകൊണ്ടൊന്നും ക്രൈസ്തവമേലധ്യക്ഷന്മാർ അവക്കു ഭ്രഷ്ടു കല്പിക്കുന്നി ല്ല, ഭ്രഷ്ടു കല്പിക്കുമെന്ന ഭയം അനുയായികൾക്കുമില്ല.

അവിടെ ഇപ്പോഴുള്ള ഏകക്രിസ്ത്യൻമിഷ്യനറി ബിഷപ്പ് റിച്ചാർഡ്സൺ എന്ന ആളാണു്. ആദ്യത്തെ ഇന്ത്യൻപാർലിമെൻറിലേയ്ക്കു നിക്കോബാർപ്രതിനിധി യായി ഇന്ത്യാഗവമ്മേണ്ടിനാൽ നിയുക്ത (Nominated) നായിരുന്ന ആളാണു് ബിഷപ്പ് റിച്ചാർഡ്സൺ. അ ദ്ദേഹം ഒരു തനിനിക്കോബാറിവംശജൻതന്നെയാണു്. സ്വഭാവമാധുര്യവും ജോലിത്തിരക്കുമുള്ള ഈ നല്ല മനു ഷ്യനുമായി ധാരാളം സംഭാഷണം നടത്താനും അദ്ദേഹ ത്തിൻെറ പ്രവത്തനങ്ങളെ സൂക്ഷ്മവീക്ഷണം ചെയ്യാനും സന്ദൎശകനായ മി. മൊഹമ്മദിനു പല അവസരങ്ങളും ലഭിച്ചു. അനുയായികളുടെ ആത്മാക്കളെ സ്വൎഗ്ഗരാജ്യ ത്തിനവകാശികളാക്കുന്നതിലെന്നപോലെ, ആ നാട്ടിൽ റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിലും പൊതുജനങ്ങ ളുടെ ഉന്നമനത്തിനായി സഹകരണസംഘങ്ങൾ രൂപീ കരിക്കുന്നതിലും അദ്ദേഹം ഏർപ്പെട്ടിരിക്കയാണു്.

കച്ചവടക്കപ്പലുകളുടെ പുരാതനമായ സഞ്ചാരമാ ൎഗ്ഗത്തിനു സമീപമായിരുന്നതുകൊണ്ടുമാത്രമാണു് യൂറോ പ്യൻമഹാശക്തികളുടെ ശ്രദ്ധ ഈ ദ്വീപുകളിലേയ്ക്കാ കർഷിക്കപ്പെട്ടതു്. ക്രിസ്തുവിനു രണ്ടു നൂറാണ്ടുമുമ്പു ടോ ളമിയുടെ സഞ്ചാരക്കുറിപ്പിൽ ഈ ദ്വീപുകളെപ്പററി പ റഞ്ഞുകാണുന്നുണ്ടു്. ക്രി. പി. 672-ൽ ചൈനീസ്സ

ഞ്ചാരിയായ ഐതൾസിങ്ങ് 'നഗ്നമനുഷ്യരുടെ ദ്വീപുകഠം' എന്നാണിവയെപ്പററി പറയുന്നതു്. 1050-ലെ തഞ്ചാവൂർശിലാലേഖനത്തിൽ കാണുന്നതു് ഈ ദ്വീപുകഠംക്ക 'നിക്കാവരം' എന്ന പേരാണു്. 16-ാംനൂററാണ്ടിൽ പോൎത്തുഗീസുകാർ ഈ ദ്വീപുകളിൽ ചെന്നതിനുശേഷമാണു് 'നിക്കോബാർ' എന്ന പേരു് അവയ്ക്കുണ്ടായതു്.

## കടൽത്തീരഗ്രാമങ്ങഠം

നിക്കോബാറികളുടെ എല്ലാ ഗ്രാമങ്ങളും കടൽത്തീരങ്ങളിലാണു്. ഓരോ ഗ്രാമത്തിലും മണൽ വിരിച്ചു നിരപ്പും വൃത്തിയുമാക്കിവെച്ചിട്ടുള്ള ഒരു മൈതാനസ്ഥലമുണ്ടു്. അവിടെയാണു് ഗ്രാമീണരുടെ പൊതുയോഗങ്ങളും നൃത്തങ്ങളും ഗുസ്തികളും പന്നിപ്പോരുകളും മററും നടത്തുന്നതു്. അവരുടെ ഭാഷയിൽ 'എൽപാനം' എന്നു പറയപ്പെടുന്ന ഓരോ അതിഥിമന്ദിരം ഓരോ ഗ്രാമത്തിനുമുണ്ടു്. കലാപ്രകടനങ്ങഠം, ഉത്സവങ്ങഠം, കായികാഭ്യാസങ്ങഠം മുതലായവ കാണാൻ സമീപദ്വീപുകളിൽനിന്നു വരുന്ന അതിഥികളെ പാർപ്പിക്കുന്നതു് ഈ അതിഥിമന്ദിരത്തിലാണു്. ചില ഗ്രാമങ്ങളിൽ എല്ലാ വീട്ടുകാൎക്കും പൊതുവായി സാമൂഹ്യമായ അടുക്കളെ(Communal Kitchens)കളിലാണു് എല്ലാ വീട്ടുകാരും വെപ്പും ഭക്ഷണവും നടത്തുന്നതു്. എല്ലാ ഗൃഹങ്ങളിലെയും സ്ത്രീകഠം വന്നു് ഊഴംവെച്ചു് അവിടെ അവരുടെ ഭക്ഷണം പാകം ചെയ്യുകയും എല്ലാ വീട്ടുകാരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുകയുമാണു് പതിവു്.

നിലത്തുനിന്നു് അഞ്ചാറടി പൊക്കത്തിൽ കുററി കഠം നാട്ടി, അതിന്മീതെ വാരികഠം വിരിച്ചു തട്ടാക്കി ആ തട്ടിന്മീതെ മുളകൊണ്ടു നിർമ്മിച്ചിട്ടുള്ളതാണു് അവിടത്തെ പുരകഠം. ഒരുതരം നീളമുള്ള പുല്ലുകഠംകൊണ്ടാണവർ പുര മേയുന്നതു്. മരക്കൊമ്പിൽ കൊതകഠം വെട്ടിയുണ്ടാക്കിയ കോണി വെച്ചു പുരയ്ക്കുള്ളിലേയ്ക്കു കയറുകയും ഉള്ളിൽനിന്നു പുറത്തേയ്ക്കിറങ്ങുകയും ചെയ്യുന്നു. അവർതന്നെ കൊത്തിയുണ്ടാക്കുന്ന ചില മരപ്രതിമകളും മററു കൊത്തുപണിത്തരങ്ങളുമല്ലാതെ സൂക്ഷിച്ചുവെയ്ക്കപ്പെടുന്ന സമ്പാദ്യങ്ങളൊന്നും അവക്കില്ല. പന്നിത്തലകഠം ഉണക്കിയെടുത്തു മാലപോലെ കോർത്തിട്ടു ചില ഗ്രാമക്കാർ തങ്ങളുടെ വീടുകഠം അലങ്കരിക്കുന്നുണ്ടു്. മരിച്ചുപോയ കാരണവന്മാരുടെ തലയോടും അസ്ഥികളും എടുത്തു സൂക്ഷിച്ചുവെച്ചു് അവർ ആരാധിച്ചുവരുന്നു.

നിക്കോബാർസമൂഹത്തിൽ 19 ദ്വീപുകളുള്ളവയിൽ പത്തെണ്ണത്തിൽമാത്രമേ ആഠംപ്പാപ്പുള്ളു. ബാക്കി ഒമ്പതും ഇപ്പോഠം ജനവാസമില്ലാതെ കിടക്കുകയാണു്.

ഓരോ ഗ്രാമത്തിനും ഓരോ തലവനുണ്ടു്. അയാഠം ഗ്രാമീണരിൽ ഏററവും ധനവാനായിരിക്കും. ഒരാഠം ഉണ്ടാക്കീട്ടുള്ള തോട്ടത്തിന്റെ വലിപ്പവും കൈവശമുള്ള പന്നികളുടെ എണ്ണവും നോക്കിയാണു് അയാളുടെ ധനസ്ഥിതിയെ നിർണ്ണയിക്കുന്നതു്. ഗ്രാമത്തിന്റെ ഭരണനിർവ്വഹണോദ്യോഗസ്ഥന്റെ പ്രധാനോപദേഷ്ടാവായി ഗ്രാമത്തലവൻ വർത്തിക്കുന്നു. തലവനു സ്വയാധികാര

മൊന്നുമില്ല. ഗ്രാമസഭയ്ക്കു വിപുലമായ അധികാരങ്ങളു ണ്ടു്. ഗ്രാമത്തിൻെറ ശുചീകരണം നിർവ്വഹിപ്പിക്കുക, ഉത്സവങ്ങളും കലോത്സവങ്ങളും കായികാഭ്യാസങ്ങളും മററു വിനോദങ്ങളും സംഘടിപ്പിക്കുക മുതലായവയ്ക്കുള്ള അധികാരം പൗരാണികാചാരമനുസരിച്ചുതന്നെ ഗ്രാമസഭയ്ക്കാണു്.

കളവും വ്യഭിചാരവും കൊലപാതകത്തെക്കാൾ കഠോരങ്ങളായ കുററങ്ങളായാണു് നിക്കോബാറികൾ കരുതുന്നതു്. കള്ളനെയും വ്യഭിചാരിയെയും കൊലയ്ക്കു വിധിക്കുകയായിരുന്നു അടുത്ത കാലംവരെ അവരുടെ പതിവു്. കൊലയ്ക്കു വിധിച്ചിരുന്നതും വിധി നടത്തിയിരുന്നതും ഗ്രാമസഭയാണു്. പകരുന്നതും മാറാത്തതുമായ രോഗമുള്ളവരെയും കൊല്ലാൻ വിധിക്കുകയും കൊല്ലുകയും ചെയ്തിരുന്നു. ഇപ്പോൾ ആ വകയ്ക്കൊന്നും അത്ര കഠിന ശിക്ഷ നല്കുന്നില്ല. എല്ലാത്തരം കുററവാളികളെയും ശിക്ഷിക്കാൻ തഹസീൽദാരുടെയോ അസിസ്റ്റൻറു് കമ്മീഷണരുടെയോ പക്കൽ ഏല്പിക്കുകയാണു് 'കാർനിക്കോബാർ', 'നാൻകൗറി' എന്നീ ദ്വീപുകാർ ഇപ്പോൾ ചെയ്യുന്നതു്. മററു ദ്വീപുകളിൽ വർഗ്ഗധർമ്മത്തെയോ ആചാരത്തെയോ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതു ഗ്രാമമൂപ്പന്മാരുടെ സഭതന്നെയാണു്. കുററക്കാർ പിഴയായി ഇത്ര പന്നിയെ കൊടുക്കണമെന്നോ അല്ലെങ്കിൽ കുററക്കാരെ ഇത്ര അടി അടിച്ചുവിടണമെന്നോ ആയിരിക്കും ശിക്ഷാവിധി. പിഴയായി ഈടാക്കുന്ന പന്നികളെക്കൊണ്ടു ഗ്രാമീണക്കു് ഒരു പൊതുസദ്യ നടത്തുന്നു.

ഭൂന്നയം

അവരുടെ ഭൂനയം സിവിൽവ്യവഹാരത്തിനു് ഇട നല്കാത്ത തരമാണു്. ഒരു കുടുംബക്കാരുടെ വകയാണു് 'കാർനിക്കോബാറി'ലെ ഭൂമി മുഴുവനും. എന്നാൽ പാട്ടമൊന്നും കൊടുക്കാതെ അവനവനു തെങ്ങുവെയ്ക്കാവുന്നോടത്തോളം ഭൂമി കൈവശംവെച്ച തെങ്ങുവെച്ചുപിടിപ്പിച്ചാദായമെടുത്തനുഭവിക്കാൻ അവിടത്തെ ഗ്രാമീണക്കവകാശമുണ്ടു്. 'കച്ചാൽ', 'നാൻകൗറി', 'ചൗറ' എന്നീ ദ്വീപുകളിൽ കൈവശമിരിക്കുന്ന ഭൂമിയെല്ലാം അതാതു കൈവശക്കാരായ കർഷകരുടെ തനതുവകയാണു്. 'വലിയ നിക്കോബാർ', 'കൊണ്ടൂൽ' എന്ന ദ്വീപുകളിൽ ഒരുതരം കമ്മ്യൂണിസമാണു് നിലവിലിരിക്കുന്നതു്. അവിടെ ഗ്രാമീണർ കൂട്ടുകൃഷിസമ്പ്രദായത്തിൽ ഒരുമിച്ച വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും മററു കൃഷികൾ ചെയ്തും ഉത്പന്നങ്ങൾ വീതിച്ചെടുക്കുന്നു.

ആൻഡമാൻ നിക്കോബാർദ്വീപസമൂഹങ്ങളുടെ ഭരണനേതൃത്വം വഹിക്കുന്നതു് അവയ്ക്കു പൊതുവായി ഇന്ത്യാഗവമ്മെണ്ടു നിയമിച്ചിട്ടുള്ള ചീഫ് കമ്മീഷണരാണു്. അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു അസിസ്റ്റന്റ് കമ്മീഷണരാണു് നിക്കോബാർദ്വീപസമൂഹങ്ങളുടെ ഭരണാധികാരി. ഗ്രാമങ്ങളുടെ അഭ്യന്തരഭരണത്തിൽ അദ്ദേഹം കൈകടത്തുകയോ ഗ്രാമീണരുടെ ആചാരാനുഷ്ഠാനങ്ങൾ തടസ്സപ്പെടുത്തുകയോ പതിവില്ല. അവരുടെ ഗ്രാമസഭയിൽ എന്തെങ്കിലും അഭിപ്രായഭിന്നതകൾ തീരാത്തവയായി വന്നാൽ അവ പറഞ്ഞുതീക്കുകയാണ

ദ്ദേഹം പതിവു്. ഈ നില ഇനി എത്ര കാലം തുടരാൻ സാധിക്കുമെന്നു നിശ്ചയിക്കാൻ തരമില്ല. അവിടെ 'സാധനങ്ങൾക്കുമാററക്കച്ചവടം' മാറിയും നാണയക്കൈമാററം ഏറിയുമാണു് വരുന്നതു്. അതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുമുണ്ടു്.

ദാരിദ്ര്യമോ സാമൂഹ്യാരക്ഷിതത്വമോ നിക്കോബാറികളുടെ ഇടയിൽ ഇപ്പോൾ അശേഷവുമില്ല. ജനസംഖ്യയും ജനങ്ങളുടെ ആവശ്യങ്ങളും വളരെ പരിമിതങ്ങളാണു്. തേങ്ങയും അടയ്ക്കയും നേന്ത്രക്കായും അവിടെ സമൃദ്ധമായി വിളയുന്നുണ്ടു്. കാർനിക്കോബാറിലെ ജനങ്ങൾ വിലപിടിച്ച ഷൂസുകളും തുണികളും സൗന്ദര്യവർദ്ധകസാധനങ്ങളും (Cosmetics) വിവേകശൂന്യമായി വാങ്ങാനും ഉപയോഗിക്കാനും തുടങ്ങിയിരിക്കുന്നു.

മധ്യസ്ഥിതങ്ങളായ ദ്വീപുകളിലും വലിയ നിക്കോബാറിലുമുള്ളവർ ദിവസത്തിൽ രണ്ടു മണിക്കൂർമാത്രമേ പണിയെടുക്കുകയുള്ളൂ. ബാക്കി സമയമെല്ലാം അവരുടെ സ്വദേശിച്ചുരുട്ടു വലിച്ചോ ഉറങ്ങിയോ കളയുകയാണു്. അവർ പുകയില നട്ടുവളർത്തിയുണ്ടാക്കിയാണു് ചുരുട്ടുണ്ടാക്കുന്നതു്. തേങ്ങയും മത്സ്യവുമാണു് നിക്കോബാറികളുടെ പ്രധാനഭക്ഷണം. മററാരാവശ്യവും അവർക്കിപ്പോൾ ഇല്ല.

## പുരോഹിതദ്വീപു്

ഏററവുമധികം ജനനിബിഡതയുള്ള ദ്വീപു 'ചൗറ'യാണു്. അവിടത്തെ ഭൂമി തെങ്ങിനും കവുങ്ങിനും പററിയതുമല്ല. ജനക്കൂടുതൽകൊണ്ടവിടെ അല്പം വിഷമം

പണ്ടേയുള്ളതാണ്. ആ പ്രശ്നത്തെ അവർ ദീർഘദൃഷ്ടി യോടെ മുൻകൂട്ടി പരിഹരിച്ചിട്ടുണ്ട്. ഇതരദ്വീപുനിവാസികളുടെയെല്ലാം പൗരോഹിത്യം 'ചൗറ'ക്കാർ കുത്തകാവകാശമാക്കിയിരിക്കുന്നതാണ് ആ പരിഹാരം. മററുള്ളവർ നിർമ്മിക്കുന്ന വഞ്ചികൾക്കു ശുദ്ധികർമ്മം നടത്തുന്നതു ചൗറക്കാരാണ്. ആ വഞ്ചികളിൽനിന്നു പൈശാചികാത്മാക്കളെ ഉച്ചാടനംചെയ്ക എന്നതാണ് ശുദ്ധികർമ്മം. അതിനായി മററുള്ളവർ തങ്ങളുടെ വഞ്ചികൾ ചൗറയിലേയ്ക്കു കൊണ്ടുചെല്ലുന്നു. അതിനുംപുറമെ, എല്ലാ ദ്വീപുകളിലെയും നിവാസികൾക്കുള്ള മൺപാത്രങ്ങളുടെ നിർമ്മാണവും ചൗറക്കാർ തങ്ങളുടെ സർവ്വാവകാശമാക്കിയിരിക്കയാണ്. കളിമണ്ണു ചൗറയിലില്ല. അടുത്തുള്ള 'തെറെസ്സ്'ദ്വീപിൽനിന്നു കളിമണ്ണു കൊണ്ടുവന്നാണവർ പാത്രമുണ്ടാക്കുന്നതു്. ചൗറക്കാരല്ലാതെ മറേറതെങ്കിലും ദ്വീപുകാർ മൺപാത്രമുണ്ടാക്കുന്നതായാൽ അവർക്കു പൈശാചികാത്മാക്കൾ ഭയങ്കരവിപത്തുകൾ വരുത്തുമെന്ന് അവരെയെല്ലാം ദൃഢമായി വിശ്വസിപ്പിച്ചുനിർത്തിക്കൊണ്ട് ചൗറക്കാർ തങ്ങളുടെ മൺപാത്രനിർമ്മാണകുത്തകയെ സംരക്ഷിച്ചുപോരുന്നു. ആണ്ടിലൊരിക്കൽ തങ്ങളുടെ വഞ്ചികളിലായി മററു ദ്വീപുകളിൽ ച്ചെന്നു ചൗറക്കാർ തങ്ങളുടെ പൗരോഹിത്യ'വരി' പന്നികളും തുന്നികളും മററു സാധനങ്ങളുമായി പിരിച്ചു ശേഖരിച്ചു കൊണ്ടുപോകുകയാണ്.

നിക്കോബാറികൾക്കു പൊതുവിൽ ഒരംഗീകൃതമതത്തിലും വിശ്വാസമില്ല. അവർ 'മാ-അലാ-ഹാ' എ

ന്ന ശാരീരികാത്മാവിലും 'സിയാ' എന്ന പൈശാചി കാത്മാവിലും മാത്രമേ വിശ്വസിക്കുന്നുള്ളൂ. ശാരീരികാത്മാവു മനുഷ്യന്റെ മരണംവരെ ശരീരത്തിൽ വസിക്കുകയും മരണാനന്തരം പാതാളത്തിലേയ്ക്കു പോകുകയും ചെയ്യുന്നു; മനുഷ്യർക്കു ദീനങ്ങളും അപകടങ്ങളും വരുത്തുന്നതു പൈശാചികാത്മാവാണു് എന്നതാണവരുടെ വിശ്വാസം. പകർച്ചവ്യാധി ബാധിച്ചിട്ടുള്ളവരുടെ ദേഹത്തിൽ പൈശാചികാത്മാവു ബാധിച്ചിരിക്കുകയാണെന്ന വിശ്വാസത്തിൽ അതിനെ ഉച്ചാടനംചെയ്യാൻ ചില കർമ്മങ്ങളാണവർ ചെയ്യുന്നതു്.

മരണമാണു് നിക്കോബാറികളുടെ ഇടയിൽ ഏററവും പ്രഭാവവത്തായ സംഭവം. ശവസംസ്കാരച്ചടങ്ങുകൾ വിസ്തൃതങ്ങളും വ്യയാധിക്യമുള്ളവയുമാണു്. ഉടലും കൈകാലുകളും മററും ചരിഞ്ഞോ മടങ്ങിയോ ഇരിക്കാതിരിക്കുന്നതിനായി മരിച്ചയാളെ ഒരു ബലമുള്ള മരപ്പലകയോടു ചേർത്തുവെച്ചു് അനേകവാര തുണികൊണ്ടു പൊതിഞ്ഞും വരിഞ്ഞും കെട്ടുന്നു. ദേഹത്തിനുള്ളിലുള്ള 'മാ-അലാ-ഹാ' തടസ്സംകൂടാതെ പുറത്തേയ്ക്കു പോകുവാൻവേണ്ടി ഹൃദയഭാഗം തുണികൊണ്ടു മറയാതെ ഒഴിച്ചിട്ടാണു് കെട്ടുന്നതു്. മരിച്ചയാളുടെ തനതുവകയായ പ്രത്യേകസാധനങ്ങളോടും ബാച്ചുക്കാർ നല്കുന്ന സമ്മാനങ്ങളോടുംകൂടി ശവം ഒരു പെട്ടിയിൽവെച്ചു കുഴിച്ചിടുന്നു. ഏഴാം ദിവസം ശവം മാന്തിയെടുത്തു കടപ്പുറത്തു് ഒരു തൂക്കമരത്തട്ടുണ്ടാക്കി അതിൽ കുറെക്കാലം തൂക്കിയിടുന്നു. എല്ലുകൾമാത്രമായവശേഷിക്കുമ്പോൾ അതെടുത്തു കുടുംബാരാധനയ്ക്കായി സൂക്ഷിച്ചുവെയ്ക്കുന്നു.

കാർനിക്കോബാറിലെ ജനങ്ങൾ വിവാഹമോചനാനുവാദമില്ലാത്ത ഏകഭാര്യാവ്രതക്കാരാണു്. അവിടെ കാമുകീകാമുകന്മാർ ദീർഘകാലപ്രണയജീവിതം നയിച്ച ശേഷമേ വിവാഹംചെയ്യുന്നുള്ളൂ. 'നാൻകൗറി'യിലും 'വലിയ നിക്കോബാറി'ലുമുള്ളവർ ഇഷ്ടംപോലെ വിവാഹബന്ധത്തിലേപ്പെടുന്നവരും ബന്ധം വേർപ്പെടുത്തുന്നവരുമാണു്. ഏതു ദ്വീപുകാരുടെ വിവാഹത്തിനും അച്ഛനമ്മമാരുടെ സമ്മതം അത്യന്താപേക്ഷിതമാണു്. ചൗറയിൽമാത്രമേ വിവാഹത്തിനു് ഏതെങ്കിലും അനുഷ്ഠാനമുള്ളൂ. വരന്റെയും വധുവിന്റെയും തല മുണ്ഡനംചെയ്യിച്ചു് അവരെ ഏഴ ദിവസത്തേയ്ക്കു് ഒരു പ്രത്യേകസ്ഥലത്തു പാർപ്പിക്കുന്നതും അക്കാലത്തു് അവർ മഞ്ഞവസ്ത്രമേ ധരിക്കാവൂ എന്നു നിർബ്ബന്ധിക്കുന്നതുമാണു് അനുഷ്ഠാനം. ഭർത്താവാണു് ഭാര്യയ്ക്കു സ്ത്രീധനം കൊടുക്കുന്നതു്. അതു സാധനങ്ങളായിട്ടാണു്. 'കച്ചാൽ', 'കമൊട്ടു്', 'നാൻകൗറി' എന്നീ ദ്വീപുകളിലൊന്നിലും വിവാഹത്തിനു് ഒരു ചടങ്ങും കർമ്മവുമില്ല; അവർ ഏകഭാര്യാവ്രതക്കാരുമല്ല. ഭർത്താവു ഭാര്യയെയോ ഭാര്യ ഭർത്താവിനെയോ ഉപേക്ഷിച്ചു വിവാഹമുക്തരാകുന്നതിൽ ആർക്കുമില്ല അസുഖവും ആക്ഷേപവും. നേരെമറിച്ചു്, ഒന്നിനുപുറകെ മറ്റൊന്നായി ഏററവും അധികം പുരുഷന്മാരുടെ ഭാര്യയായിരുന്നിട്ടുള്ളവൾക്കു സമുദായത്തിൽ കൂടുതൽ മാന്യതയും ഗണനയുമാണുള്ളതു്.

നിക്കോബാറികൾ അവരുടെ ഭക്ഷണവും പ്രവൃത്തിയും സംബന്ധിച്ചു പല നിരോധനാചാരങ്ങൾക്കും വി

ധേയമാണു്. അതിനു ദൃഷ്ടാന്തമായി ഒരു കാര്യത്തിൽ അവർ ആചരിക്കുന്ന വിലക്കുകൾ എന്തെല്ലാമെന്നു പറയാം. ഒരു വഞ്ചി ശുദ്ധികർമ്മത്തിനു ചൂറയിലേയ്ക്കു കൊണ്ടുപോകുന്നവർ ആ അവസരത്തിൽ വാവലിൻെറയും കൂന്തൽമത്സ്യത്തിൻേറയും മാംസം വർജ്ജിക്കുകയും മരം പൊളിക്കുകയോ വിറകു കീറുകയോ ചെയ്യാതിരിക്കുകയും വേണം. യാത്രയിൽ വാവലിൻെറ ചിറകു് അവരുടെ കണ്ണു മൂടിക്കളയാതിരിക്കാനും കൂന്തൽമത്സ്യം അവരുടെ വഞ്ചിയെ ആക്രമിക്കാതിരിക്കാനും വഞ്ചി പൊളിയാതിരിക്കാനുമാണു് പ്രസ്തുതവർജ്ജ്യങ്ങൾ ആചരിക്കുന്നതു്.

എല്ലാ ദ്വീപനിവാസികളും മന്ത്രവാദം ധാരാളമായി ചെയ്തുവന്നിരുന്നു. ഗ്രാമത്തിൽ പകർച്ചവ്യാധി പിടിപെട്ടാൽ ആയതു് അവിടത്തെ മന്ത്രവാദികൾ അചിരേണ ശമിപ്പിച്ചില്ലെങ്കിൽ 'സീയാ'യെ സാന്ത്വനപ്പെടുത്താനായി മന്ത്രവാദികളെത്തന്നെ കൊന്നു ബലി നല്കുകയായിരുന്നു അവരുടെ പതിവു്. അതു നിർത്തലാക്കപ്പെട്ടിട്ടു് അധികം കാലമായില്ല.

നിക്കോബാറികൾക്കു പല ഉത്സവാഘോഷങ്ങളുമുണ്ടു്. അവയിൽ ഏററവും പ്രധാനം 'പന്നിയുത്സവ'വും, 'വഞ്ചിയുത്സവ'വുമാണു്. 'കാർനിക്കോബാറി'ൽ എല്ലാ ഗ്രാമക്കാരും ചേർന്നു് ആണ്ടുതോറും ഓരോ ഗ്രാമത്തിൽവെച്ചാണു് പന്നിയുത്സവം കൊണ്ടാടുന്നതു്. ഉത്സവാരംഭത്തിനു് ഏതാനും ആഴ്ചകൾക്കുമുമ്പു പന്നിയിറച്ചിക്കഷ്ണങ്ങൾ നിറച്ച ഓരോ കുട്ടകൾ മേലററത്തു ഫല

ടിപ്പിച്ചിട്ടുള്ള കുറെ മുളകൾ ഗ്രാമമൈതാനത്തു നാട്ടും. മരിച്ച കാരണവന്മാൎക്കുള്ള പിണ്ഡമാണതു്. ഉത്സവത്തിന്റെ ആദ്യദിവസത്തെ ജോലി മററുള്ളവൎക്കു ക്ഷണമയയ്ക്കലാണു്. രണ്ടാംദിവസം അതിഥികളും ആതിഥേയരുമൊരുമിച്ചു കാട്ടിലേയ്ക്കു പോയി പന്നികളെ പിടിച്ചുകൊണ്ടു വരുന്നു. മൂന്നാംദിവസം ആ പന്നികളെ ആ ഗ്രാമത്തിലുള്ള വീടുകൾക്കു ചുററും ഘോഷയാത്രയായി കൊണ്ടുനടക്കുന്നു. അപ്പോൾ പന്നികളെ സ്തുതിച്ചും അവയെ പിടിക്കാനുള്ള പ്രയാസങ്ങളെ വൎണ്ണിച്ചും പാട്ടുകൾ പാടിക്കൊണ്ടിരിക്കും. അതിനുശേഷം ആ പന്നികളെ കൂടുകളിലാക്കുന്നു. മുകളിൽ നാട്ടിയിരിക്കുന്ന പിണ്ഡം എടുത്തു കാട്ടിൽ വിതറുകയും കൂടുകളിൽനിന്നു പന്നികളെ ഇറക്കിക്കൊന്നു സദ്യ ഒരുക്കുകയുമാണു് നാലാം ദിവസത്തെ പരിപാടി. കൊല്ലുന്നതു കഴുത്തറുത്തു തല വേൎപെടുത്തിയാണു്. പന്നിയുടെ കഴുത്തിൽനിന്നു നിൎഗ്ഗളിക്കുന്ന രക്തമെടുത്തു പ്രായമായവർ തങ്ങളുടെ ദേഹത്തിൽ പൂശുന്നുണ്ടു്. മേല്പറഞ്ഞ പ്രവൃത്തികൾ നടത്തുന്നതു പാട്ടു്, നൃത്തം, ഗുസ്തി മുതലായവയുടെ അകമ്പടിയോടെയാണു്. ഗ്രാമീണർ ആബാലവൃദ്ധം അവയിൽ പങ്കെടുക്കും. ഗംഭീരമായ ഒരു സദ്യയോടുകൂടി ഉത്സവം സമാപിപ്പിക്കുന്നു.

പുററുമുള്ള കടലുകളെ അവർ എത്ര ഭയത്തോടുകൂടിയാണു് ഗണിക്കുന്നതെന്നു വഞ്ചിയുത്സവം കാണിക്കുന്നു. കടലിന്നടിയിലുള്ള പൈശാചികാത്മാക്കളെ സാന്ത്വനപ്പെടുത്താനാണു് വഞ്ചിയുത്സവം. അതിനും ഗം

ഭീരമായ സദ്യയുണ്ടു്. അതിന്നുശേഷം മററു ദ്വീപുകാർ ത ങ്ങളുടെ വഞ്ചികൾ ഇറക്കി ചൗറയിലേക്കു കൊണ്ടുപോ കുന്നു. വഞ്ചിയിലുള്ളവർ നേന്ത്രവാഴയിലകൊണ്ടു മെട ഞ്ഞുണ്ടാക്കിയ കണ്ഠാഭരണങ്ങൾ ധരിച്ചിരിക്കും. ഇരുപ തോ അധികമോ വലിക്കാരായിരിക്കും ഓരോ വഞ്ചിയി ലുമുണ്ടായിരിക്കുന്നതു്.

ശോഭയുള്ള വസ്ത്രങ്ങളോടും മററലങ്കാരവസ്തുക്കളോ ടും വളരെ പ്രതിപത്തിയുള്ളവരാണു് നിക്കോബാറികൾ. പല വർണ്ണങ്ങളും കണങ്കാൽവരെ എത്തുന്ന വാലുമുള്ള വലിയ കൗപീനങ്ങളാണു് പുരുഷന്മാരുടെ വസ്ത്രം. സ്ത്രീ കൾ ലുങ്കിയാണു് ധരിക്കുന്നതു്.

ഇന്ത്യൻവൻകരയിലും ആൻഡമാൻദ്വീപുകളിലു മുള്ളവരോടു താരതമ്യപ്പെടുത്തിയാൽ കൂടുതൽ ഐശ്വ ര്യസമ്പന്നരും സംതൃപ്തരുമാണു് നിക്കോബാറികൾ. അ വരിലും ജനസംഖ്യ വർദ്ധിച്ചുവരികയാണു്. അധികകാ ലതാമസംകൂടാതെ ഇപ്പോൾ വിജനങ്ങളായി കിടക്കുന്ന ദ്വീപുകളും അധിവാസമുള്ളവയാവുകതന്നെ ചെയ്യും.

അവിടത്തെ കാട്ടുപന്നികളുടെ പ്രത്യേകതയെപ്പ ററി മി. മൊഹമ്മദ് ഒന്നും അന്വേഷിച്ചറിയുകയോ പ റയുകയോ ഉണ്ടായില്ല. നാട്ടുപോക്കുകൾ കാട്ടുപന്നികളാ യതാണു് അവ. കപ്പലിൽ കൊണ്ടുവരപ്പെട്ട പോക്കുക ളെയും കുഞ്ഞുങ്ങളെയും സ്വയം തിന്നു വളരാൻവേണ്ടി ആ ദ്വീപുകളിലെ കാട്ടിലേക്കു വിട്ടു് അവ കാട്ടിൽ സ്വ ച്ഛന്ദം സഞ്ചരിച്ചും തിന്നും പെററുപെരുകി ഇണക്കമി

ല്ലാതായിത്തീന്നതാണു°. കാട്ടുപന്നികൾക്കുള്ളേടത്തോളം ഭയങ്കരതയോ തേററയോ അവക്കില്ല.

ബാഹ്യലോകവുമായി പറയത്തക്ക ബന്ധമൊന്നുമില്ലാതെ ഒററപ്പെട്ട ജീവിതം നയിക്കുന്ന നിക്കോബാറികൾക്ക സവ്വജ്ഞനും സവ്വശക്തനുമായ ദൈവമോ ക്ഷേത്രമോ സ്വർഗ്ഗനരകങ്ങളോ ഇല്ല. 'മാ-അലാ-ഹാ' എന്ന ശാരീരികാത്മാവിലും മനുഷ്യനു ദീനവും ആപത്തും വരുത്തുന്ന 'സീയാ' എന്ന പൈശാചികാത്മാവിലും മാത്രമേ അവർ വിശ്വസിക്കുന്നുള്ളു. മരിച്ച കാരണവന്മാരുടെ അസ്ഥികളല്ലാതെ മറെറാരു ആരാധനാപാത്രവും അവക്കില്ല. കളവും വ്യഭിചാരവും കൊലയ്ക്കു വിധിക്കപ്പെടേണ്ട കുററങ്ങളായികരുതുന്ന അവരുടെ നൈതികജീവിതം ദൈവവിശ്വാസികളുടേതിനെക്കാൾ മെച്ചപ്പെട്ടതാണു°. അവരുടെ പ്രാകൃതമായ ജനകീയത്വം, സ്ഥിതിസമത്വപരമായ സാമുദായികവ്യവസ്ഥ, സാമൂഹ്യസുരക്ഷിതത്വം, വിവാഹസമ്പ്രദായം, ഭ്രനയം, കൂട്ടുകൃഷി, സാമൂഹ്യമായ അടുക്കള മുതലായവയുടെ സരളത, നൈതികമൂല്യങ്ങളുടെ ഉറവിടം ആധ്യാത്മികതയല്ലെന്നു കാണിക്കുന്നു. മനുഷ്യനു പിശാചസങ്കല്പം ഉണ്ടായി സുദീർഘയുഗം കഴിഞ്ഞതിനുശേഷമേ ദൈവസങ്കല്പം ഉണ്ടായുള്ളു എന്നാണു° മതഗവേഷണം തെളിയിക്കുന്നതു°.

# പഞ്ചക്ഷതങ്ങൾ

കുരിശിൽ തറച്ച ക്രിസ്തുവിന്റെ മുറിവുകൾ ഒരു ഭക്തയുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്ന 'പഞ്ചക്ഷതങ്ങൾ' (Stigmata) എന്നറിയപ്പെടുന്ന പ്രതിഭാസത്തെ ശാസ്ത്രീയവീക്ഷണത്തിലൂടെ സമീപിക്കുന്നതാണു് ഈ ലേഖനം.

ഒരു ലക്കം 'മാതൃഭൂമി'ദിനപത്രത്തിലെ 'ലോകവും ലോകരും' എന്ന പംക്തിയിൽനിന്നു വെട്ടിയെടുത്തുവെച്ചിരുന്ന ഒരു ഖണ്ഡിക, അതിൽ പറയുന്നതു യാഥാർത്ഥ്യംതന്നെയോ എന്ന ചോദ്യത്തോടുകൂടി, ഒരു മാന്യന്യൻ അയച്ചുതന്നിരിക്കുന്നു. ആ ഖണ്ഡികയാണിതു്:

“പതിവുപോലെ ഇക്കൊല്ലത്തെ ദുഃഖവെള്ളിയാഴ്ചയും ജർമ്മനിയിലെ കോണെസ്‌രോത്ത് ഗ്രാമത്തിലേയ്ക്കു് ആൾക്കൂട്ടത്തെ ആകഷിച്ചു. തെറിസാ ന്യൂമൻ ആണവരുടെ ആകർഷണബിന്ദു. അയ്യായിരത്തോളം ജനങ്ങൾ ഈ ദുഃഖവെള്ളിയാഴ്ച തെറിസായുടെ കിടപ്പു

മുറിയിൽ വന്നു നോക്കി പോയി. ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊന്ന ദിവസത്തിന്റെ ഓർമ്മയ്ക്കാണു് ദുഃഖവെള്ളിയാഴ്ച ആചരിക്കുന്നതു്. ക്രിസ്തുദേവന്റെ ദേഹത്തിൽനിന്നു ചോര ഒഴുകിയതുപോലെ എല്ലാ കൊല്ലവും ആ ദിവസം തെറിസായുടെ ദേഹത്തിൽ അതേ സ്ഥാനങ്ങളിൽനിന്നു ചോര ഒഴുകാറുണ്ടത്രേ. ഇക്കൊല്ലവും അപ്രകാരം ചോര ഒഴുകുന്നതു കാണാമായിരുന്നു എന്നു് അവർ പറഞ്ഞു. 1918_ൽ നട്ടെല്ലിനു രോഗം ബാധിച്ചതിന്റെ ഫലമായി തെറിസായ്ക്കു ബധിരതയും പക്ഷവാതവും പിടിപെട്ടു. 1925 വരെ ഈ അസ്വാസ്ഥ്യങ്ങൾ നിലനിന്നു. 1926_ലെ ലെൻറ് ഉപവാസകാലത്താണു് തെറിസായുടെ ശരീരത്തിൽ ഈ അടയാളങ്ങൾ ആദ്യമായിക്കണ്ടതു്. ശാസ്ത്രത്തിനും ഗവേഷണത്തിനും എത്തിനോക്കാൻ സാധിച്ചിട്ടില്ലാത്ത മഹാരഹസ്യങ്ങളിൽ കോണെസ്റോത്തിലെ ഈ ഭക്തയും പെട്ടുമെന്നു തോന്നുന്നു.''

'മലയാളമനോരമ'യിൽ 'മലഞ്ചെരുവിലെ മഹാത്ഭുതം' എന്ന പേരിൽ ഒരു ലേഖനവും തെറിസാ ന്യൂമാനെപ്പറ്റിയുണ്ടായിരുന്നു. 192‌_ലെ അമ്പതുനോൽമ്പിൽ തെറിസാ ന്യൂമാനു ക്രിസ്തുവിന്റെ ദർശനമുണ്ടായി എന്നും അതിനെത്തുടർന്നു് അവൾക്കു് അഞ്ചു മുറിവുകളും തലയ്ക്കു ചുറ്റും ഒരു 'പാടും' ലഭിച്ചു എന്നുമാണു് പറയുന്നതു്. ഈ മുറിവുകളിലൂടെ എല്ലാ വെള്ളിയാഴ്ചകളിലും, ദുഃഖവെള്ളിയാഴ്ച പ്രത്യേകിച്ചും, രക്തം ഒലിക്കുന്നുണ്ടു്. അന്നവർ രക്തം വിയർക്കുകയും ചെയ്യുന്നു.

1926-നുശേഷം അവർ വിശുദ്ധകുർബ്ബാനയല്ലാതെ മററു ഭക്ഷണമൊന്നും കഴിക്കുന്നില്ല എന്നും മററുമുള്ള വിവരങ്ങളാണു് ലേഖനത്തിലുള്ളതു്. അവ വാസ്തവംതന്നെയാണോ? ആണെങ്കിൽ അതിനു ശാസ്ത്രീയമായ കാരണങ്ങൾ ഉണ്ടോ?

**അത്ഭുതം എന്നാൽ........**

കാര്യകാരണബന്ധം മനസ്സിലാകാത്ത അസാധാരണസംഭവങ്ങളാണു് അത്ഭുതങ്ങൾ. മതവിശ്വാസവുമായി ബന്ധപ്പെട്ടതാണു് ഒരത്ഭുതമെങ്കിൽ അതൊരു 'ദിവ്യാത്ഭുത'മായി കരുതപ്പെടുന്നു.

എവിടെയും ആരിലും എന്തിലും എങ്ങനെയും കാണപ്പെടുന്ന കൃത്രിമമല്ലാത്ത 'ദിവ്യ'മോ അല്ലാത്തതോ ആയ ഏതത്ഭുതവും പ്രകൃതിസംഭവംമാത്രമാണു്. പ്രകൃതിപരമായല്ലാതെ ഒന്നും—അത്ഭുതംപോലും—സംഭവിക്കുന്നില്ല. അത്ഭുതസംഭവത്തിൻെറ കാര്യകാരണബന്ധം തത്കാലം അജ്ഞാതമോ ദുർജ്ഞേയമോ ആണെന്നേയുള്ളു. സയൻസിൻെറ പുരോഗതിയിൽ ഇന്നല്ലെങ്കിൽ ഭാവിയിൽ ആ കാര്യകാരണബന്ധം ജ്ഞാതമായിത്തന്നെ തീരും. അപ്പോൾമാത്രമേ അതിലെ 'അത്ഭുത'മില്ലാതായിത്തീരുകയുള്ളു. എല്ലാ മതക്കാരും താന്താങ്ങളുടെ പ്രത്യേകവിശ്വാസങ്ങളുമായി ബന്ധപ്പെട്ട വിചിത്രങ്ങളായ അപൂർവ്വസംഭവങ്ങളെ തങ്ങളുടെ വിശ്വാസത്തിൻെറ സത്യതയ്ക്കു തെളിവുകളായ ദിവ്യാത്ഭുതങ്ങളായി ഘോഷിക്കുകയും പ്രചരിപ്പിക്കുകയും പതിവുണ്ടു്. അക്കൂട്ടത്തിൽ

ഒന്നാണു് തെറീസാ ന്യൂമാനിൽ കാണപ്പെടുന്ന പഞ്ച ക്ഷതങ്ങളും.

**അത്ഭുതാരംഭം**

ക്രിസ്തുവിൻെറ ക്രൂശിപ്പും പീഡാനുഭവവും നടന്ന തു് ക്രി. വ. 33-ലാണു്. അതിനുശേഷം 1200 കൊല്ലങ്ങൾക്കുള്ളിൽ അനവധി രക്തസാക്ഷികളും പുണ്യവാളന്മാരും പുണ്യവാളത്തികളും ക്രൈസ്തവരിലുണ്ടായിട്ടുണ്ടു്. അവക്കാക്കും പഞ്ചക്ഷതങ്ങൾ ഉണ്ടായിട്ടില്ല. അസ്സീസിയിലെ ഫ്രാൻസീസ് എന്ന പുണ്യവാളനിലാണു് പഞ്ചക്ഷതങ്ങൾ ആദ്യമായി കണ്ടതു്. അസാധാരണഭക്തനും ത്യാഗിയുമായിരുന്ന അദ്ദേഹം 1224 ആഗസ്റ്റിൽ 40 ദിവസത്തെ ഏകാന്തധ്യാനവും ഉപവാസവും ആരംഭിച്ചു. കരിശിൽ തറയ്ക്കപ്പെട്ട ക്രിസ്തുവിനുണ്ടായ അഞ്ചു മുറിവുകളെക്കുറിച്ചും അദ്ദേഹമനുഭവിച്ച പീഡനങ്ങളെക്കുറിച്ചുമായിരുന്നു അദ്ദേഹത്തിൻെറ ഉപവാസകാലത്തെ ധ്യാനം. ആ അവസരത്തിൽ സപ്റ്റംബർ 14-ാംനു-യാണു് അദ്ദേഹത്തിൻെറ ദേഹത്തിൽ ക്രിസ്തുവിനുണ്ടായതുപോലുള്ള അഞ്ചു മുറിവുകൾ അതേ സ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെട്ടതു്. താൻ ധ്യാനലീനനായിരിക്കുമ്പോൾ തനിക്കൊരു സ്വപ്നദർശനം (Vision) ഉണ്ടായെന്നും ആ ദർശനത്തിൽ ദൈവം ഒരു മാലാഖയായി വന്നു തൻെറ ദേഹത്തിൽ അഞ്ചു മുറിവുകൾ ഉണ്ടാക്കിയെന്നുമായിരുന്നു അദ്ദേഹം നല്കിയ വിശദീകരണം. ഈ വിവരങ്ങൾ അദ്ദേഹത്തിൻെറ അധികൃതജീവചരിത്രത്തിൽ നല്കീട്ടുള്ളതാണു്. ഒരു മഹാദിവ്യാത്ഭുതംത

ന്നെയായി കത്തോലിക്കാസഭ ഇതിനെ അംഗീകരിച്ചു. അതോടെ അദ്ദേഹത്തിൻെറ പുണ്യവാളത്വത്തെപ്പററി യുള്ള കീർത്തി വർദ്ധിക്കുകയും പരക്കുകയും അദ്ദേഹത്താൽ സ്ഥാപിതമായ 'ഫ്രാൻസിസ്കൻസഭ' ക്രമാതീതമായി വളരുകയും ചെയ്തു. സെൻറ° ഫ്രാൻസിസിൻെറ പഞ്ചക്ഷതങ്ങളുടെ പെരുന്നാൾ(The feast of the stigmata of St. Francis)ദിനമായി സപ്തംബർ 17-ാംനു പ്രഖ്യാപിക്കപ്പെടുകയുണ്ടായി.

## പഞ്ചക്ഷതപ്പെരുപ്പം

അസീസിയിലെ സെൻറ° ഫ്രാൻസിസിനെ (1186-1226) തുടന്ന° അനവധി പഞ്ചക്ഷതക്കാർ ഉണ്ടായിട്ടുണ്ട°. സെൻറ° ലുട°ഗാർഡ° (St. Lutgard-1182-1246) ആയിരുന്നു പിന്നത്തെ പഞ്ചക്ഷതക്കാരൻ. കോട്ടോണയിലെ സെൻറ° മാർഗററ° (1247-97) ആണ° ആദ്യത്തെ പഞ്ചക്ഷതക്കാരി. അവരെ തുടന്നു സെൻറ° ഗെർട്രൂഡ° (1256-1302), സെൻറ° ക്ലേർ (1268-1308), സെൻറ° ഏഞ്ചല, സെൻറ° കാതറൈൻ ഇങ്ങനെ പല പഞ്ചക്ഷതക്കാരികളുമുണ്ടായി. 19-ാം നൂററാണ്ടുവരെ 321 പഞ്ചക്ഷതക്കാർ ഉണ്ടായിട്ടുള്ളതായി ഡോക്ടർ ഇമ്പെട്ട° കണക്കാക്കിട്ടുണ്ട°. കൊറിയയിൽ വെച്ചു 1839-ൽ കൊല്ലപ്പെട്ട രക്തസാക്ഷിയായ മെത്രാനാണ° ഡോ. ഇമ്പെട്ട°. 19-ാം നൂററാണ്ടിൽത്തന്നെ പുതിയ 29 പഞ്ചക്ഷതക്കാർ ഉണ്ടായിട്ടുണ്ടെന്ന° അധികൃതചരിത്രം പറയുന്നു. വ്യസനം, കോപം, ഭക്തി മുതലായ വികാരങ്ങൾക്കു സാംക്രമികത്വമുള്ളതുപോലെ വി

കാരജന്യങ്ങളായ രോഗങ്ങൾക്കും പ്രതിഭാസങ്ങൾക്കും സാംക്രമികത്വമുണ്ടെന്നതാണു് ഈ പഞ്ചക്ഷതപ്പെരുപ്പത്തിന്നു കാരണം.

## വൈകാരികോന്മാദം

13-ാം നൂററാണ്ടിലെ ഒരു അതിഭക്തനിലാണു് ആദ്യമായി പഞ്ചക്ഷതങ്ങൾ കാണപ്പെട്ടതു്. മനശ്ശാസ്ത്രം ഒരു സയൻസായി ഉയൎന്നിട്ടില്ലാതിരുന്ന അന്നു് അതിൻെറ കാര്യകാരണങ്ങൾ തീൎത്തും അജ്ഞാതംതന്നെയായിരുന്നു. അതുകൊണ്ടു് ഒരു ദിവ്യസംഭവമായിട്ടാണു് അതു കരുതപ്പെട്ടതു്. ആ കരുതലിനു കൂത്താലിക്കസഭ ഇന്നും മാററമൊന്നും വരുത്തീട്ടില്ല. "ക്രിസ്തുവിൻെറ തിരുമുറിവുകളെപ്പററിയും പീഡാനുഭവങ്ങളെപ്പററിയുമുള്ള നിരന്തരവും സുദീൎഘവുമായ തീക്ഷ്ണധ്യാനവും വിഭാവനയും ശരീരത്തിൽ അതേ മുറിവുകൾ ഉണ്ടാക്കാൻ പര്യാപ്തമാണു്. ശക്തിമത്തായ സ്വയംപ്രത്യായന(Auto suggestion)ത്താലാണു് ആ മുറിവുകൾ പലപ്പോഴും താനേയുണ്ടാകുന്നതു്. ഇന്നു സമത്ഥരായ ഹിപ്നോട്ടിസ്റ്റുകൾ ഹിപ്നോട്ടിക്പ്രത്യായനങ്ങളാൽ രക്തച്യുതികളും (Bleedings) പൊള്ളലുകളും (Blisters) വടുക്കളും (Scars) തങ്ങളുദ്ദേശിക്കുന്ന സ്ഥലത്തും ആകൃതിയിലും ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്ന അഭ്യാസം പ്രദശിപ്പിക്കുന്നുണ്ടല്ലോ" എന്നു യൂനിവേഴ്സൽ എൻസൈക്ലോപീഡിയ(Vol.XI. p. 7343) 'പഞ്ചക്ഷതങ്ങൾ' (Stigmata) എന്ന പ്രകരണത്തിൽ പറയുന്നു. മററു വിജ്ഞാനകോശങ്ങളും ഇതേ അഭിപ്രായംതന്നെയാണു് നല്കുന്നതു്.

"ഭക്തിലഹരി അഥവാ വൈകാരികോന്മാദം ബാധിച്ചവർക്കാണു് പഞ്ചക്ഷതങ്ങളുണ്ടാകുന്നതെ"ന്നു * കാത്തലിക് എൻസൈക്ലോപീഡിയ (വാല്യം XVI. പുറം 295) പറയുന്നുണ്ടു്. "ശരീരശാസ്ത്രജ്ഞന്മാരിൽ കത്തോലിക്കരായ ചിലരും സ്വതന്ത്രചിന്തകരായ ചിലരും അഭിപ്രായപ്പെടുന്നതു്, പഞ്ചക്ഷതങ്ങൾ തീക്ഷ്ണമായ വികാരത്തിൻെറയും ഭാവനയുടെയും ഏകോപിച്ചുള്ള പ്രവർത്തനത്താൽ പ്രകൃതിപരമായിത്തന്നെ ഉണ്ടാകുന്നതാണു്" എന്നും അതിൽ കാണുന്നു.

"മുറികൾ അഞ്ചു തികയാത്തവരായിരുന്നു പഞ്ചക്ഷതക്കാരിൽ പലരും. ചിലർക്കു് ഒന്നോ രണ്ടോ മുറിവുകൾമാത്രമേ ഉണ്ടായിട്ടുള്ളു. എന്നാലും അവരെല്ലാം പഞ്ചക്ഷതക്കാരായിത്തന്നെ കണക്കാക്കപ്പെടുന്നു. ഭക്തനോ ഭക്തസ്ത്രീയോ ഒരു മുറിവും അതിൽനിന്നു ദുഃഖവെള്ളിയാഴ്ചയിലോ മററു വെള്ളിയാഴ്ചകളിലോ രക്തസ്രാവവും വേദനയും ഉണ്ടായാൽ അതു ദിവ്യമായിരിക്കണമല്ലോ" എന്നാണു് അധികൃതകത്തോലിക്കാഭിപ്രായം.

## സെൻറു് കാതറൈൻ

"സീനായിലെ കാതറൈൻപുണ്യവതിക്കു പ്രത്യക്ഷമായ പഞ്ചക്ഷതങ്ങളാണുണ്ടായതു്. അവ അപ്രത്യക്ഷമാവണമെന്നവൾ പ്രാർത്ഥിച്ചു. ദൈവം അവയെ അപ്രത്യക്ഷമാക്കുകയും ചെയ്തു. ഹിസ്റ്റീരിയാപരമായ അപസ്മാരം (Hystero-Epilepsy) കാതറൈൻെറ സ്ഥായി

* "It seems historically certain that ecstatics alone bar the stigmata."

യായ ഒരു രോഗമായിരുന്നു. ഒരിക്കൽ അപസ്മാരമൂർച്ഛയിൽ ഒരു മുറിവാണവൾക്ക് ആദ്യമുണ്ടായതു്'' എന്നു് അവരുടെ അധികൃത'ജീവചരിത്രഗ്രന്ഥ'ത്തിൽ പറയുന്നുണ്ടു്. തെറിസാ ന്യൂമാനു് അടുത്തു മുമ്പുണ്ടായിരുന്ന പഞ്ചക്ഷതക്കാരി ലൂയി സേലാറോ (Louise Lateau) എന്നൊരു ഗ്രാമീണവനിതയാണു്. ഒരപസ്മാരമൂർച്ഛയിലാണു് അവൾക്കും പഞ്ചക്ഷതങ്ങൾ ഉണ്ടായതെന്നാണു് അവളുടെ അധികൃതജീവചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്നതു്.

1894-ൽ ഏ. ഐ. ഗോർബെയർ, 1941-ൽ എച്ചു്. തഴ്സ്റ്റൺ എന്നീ ശാസ്ത്രജ്ഞന്മാർ പഞ്ചക്ഷതങ്ങളെസ്സംബന്ധിച്ചെഴുതീട്ടുള്ള ഗ്രന്ഥങ്ങൾക്കു പുറമെ ആധുനികശാസ്ത്രജ്ഞന്മാരും അന്വേഷണപരിശോധനകൾ നടത്തി എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ പലതുണ്ടു്. ജോർജ്ജു് ഗോഡ്ഫ്രണ്ടിന്റെ 'മഹാന്മാരായ രഹസ്യവാദികൾ' (The Great Mystics), മെൽവിൻ പവ്വേഴ്സിന്റെ 'സ്വയംപ്രത്യായനം—അതിന്റെ സിദ്ധാന്തവും സങ്കേതരീതിയും പ്രയോഗവും' (Self-Hypnosis—Its theory, technique and application) എന്നിവ ആ ഇനത്തിൽപെട്ടവയാണു്. സുശക്തമായ സ്വയംപ്രത്യായനങ്ങൾ അനവരതം നല്കുന്നതിനാൽ പഞ്ചക്ഷതങ്ങൾ ഉണ്ടാകാം എന്നു സംശയരഹിതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

"നിദ്രാടനത്തിൽ (Somnambulism) അബോധമായി മുറിവുകൾ സ്വയം ഉണ്ടാക്കുന്നവരും സുബോധത്തോ

ടെതന്നെ പഞ്ചക്ഷതങ്ങൾ കൃത്രിമമായി നിർമ്മിക്കുന്ന വരും ഉണ്ടാകാ''മെന്നു കാത്തലിക് എൻസൈക്ലോപീഡിയ സമ്മതിക്കുന്നുണ്ട്.

## കുരിശുകുഞ്ഞമ്മ

ഉള്ളംകൈകളിൽമാത്രം കുരിശാകൃതിയിൽ ഓരോ മുറിവും അവയിൽനിന്നു രക്തമൊലിപ്പുമുണ്ടായിരുന്ന, 'കുരിശുകുഞ്ഞമ്മ' എന്നു വിളിക്കപ്പെട്ടിരുന്ന ഒരു യാക്കോബായക്കാരിപ്പെണ്ണ് ഏതാനും വർഷങ്ങൾക്കുമുമ്പു തിരുവല്ലാഭാഗത്തുനിന്നു തൃശ്ശൂർ, വടക്കൻപറവൂർ എന്നിവിടങ്ങളിൽ വന്നു് ആ മുറിവുകൾ പ്രദർശിപ്പിച്ചു ഭക്തരുടെ പരിലാളനം നേടുകയും ആ വിവരം 'മനോരമ' മുതലായ പത്രങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെടുകയുമുണ്ടായി. ആ കാര്യത്തിൽ ഈ ലേഖകൻ നടത്തിയ അന്വേഷണത്തിൽ ആ മുറിവുകൾ ആ പെണ്ണ് ബ്ലേഡുകൊണ്ടു സ്വയം ഉണ്ടാക്കിയതാണെന്നു വെളിപ്പെട്ടു. ആ സ്ത്രീ സ്വതേ ഒരു ഹിസ്റ്റീരിയാരോഗിയായതിനാലും വൈദികാധ്യക്ഷന്മാർ പ്രോത്സാഹിപ്പിക്കാഞ്ഞതിനാലും ആ അത്ഭുതം അചിരേണ കെട്ടടങ്ങിപ്പോയി.

## തെരീസാ ന്യൂമാൻ

ഒരു കത്തോലിക്കമിഷ്യനറിയായ റെ: ഫാ: പാട്രിക് ഒക്കോണർ 1950-ൽ തെരീസാ ന്യൂമാനെ സന്ദർശിച്ചെഴുതീട്ടുള്ള വിവരണത്തിൽനിന്നാണിത്:

"കട്ടിലിൽ തലയണകളിന്മേൽ ചാരിയിരിക്കുന്നതായിട്ടാണു് ഞാൻ അവരെ കണ്ടതു്. വേദന സഹി

ച്ചുകൊണ്ടിരുന്ന അവരുടെ മുഖത്തു കണ്ണുകൾമുതൽ താടിവരെ എത്തുന്ന രണ്ടു രക്തച്ചാലുകൾ ഉണ്ടായിരുന്നു. അവിടെ രക്തം കറുത്തു കട്ടിയായായിരുന്നു. കരങ്ങൾ ഉയർത്തി അകത്തിപ്പിടിച്ചിരുന്നു. ഉള്ളംകൈകളിൽ അരയിഞ്ചു ചതുരത്തിൽ മുറിവുകളുണ്ടു്. ആ മുറിവു കൈകളുടെ പുറത്തും കാണുന്നുണ്ടു്. അവരുടെ അധരങ്ങൾ ചലിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവം അവർ തത്സമയം ദർശിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്പം കഴിഞ്ഞു മന്ദസ്മിതത്തിന്റെ നേരിയ ഒരു നിഴൽ അവരുടെ മുഖത്തു നിഴലിച്ചു. ഇപ്പോൾ അവൎക്കു് അമ്പത്തിരണ്ടു വയസ്സു പ്രായം വരും. ഒരു മിഷ്യനറിസഹോദരിയായി ആഫ്രിക്കയിലേക്കു പോകണമെന്നായിരുന്നു അവരുടെ ആഗ്രഹം. പക്ഷേ അപകടത്തിൽപെട്ടു പുറത്തെ എല്ലിനു് ഒരു കേടു പററി ആറരക്കൊല്ലം കിടന്ന കിടപ്പിൽ കഴിച്ചുകൂട്ടേണ്ടിവന്നു. കഴിഞ്ഞ ഇരുപത്തിരണ്ടു കൊല്ലമായി പരിശുദ്ധകുർബ്ബാന അനുഭവിക്കുന്നതല്ലാതെ എന്തെങ്കിലും ആഹാരമോ ഒരു തുള്ളി വെള്ളംപോലുമോ അവർ കഴിച്ചിട്ടില്ല."

"ഈ പരിപൂർണ്ണോപവാസത്താൽ അവരുടെ തൂക്കം കൂടിയിട്ടുണ്ടു്" എന്നു മറെറാരു റിപ്പോർട്ടിൽ പറയുന്നു.

കത്തോലിക്കാവൈദികരുടെ പ്രതിവാരപത്രമായ 'സത്യദീപം' 1951 മാൎച്ചു് 7-ാംനു- ലക്കത്തിൽ "തെറിസാ ന്യൂമാന്റെ ഇപ്പോഴത്തെ സ്ഥിതി" എന്ന തലക്കെട്ടിൽ കൊടുത്തിട്ടുള്ള വിവരമാണിതു്:

"കഴിഞ്ഞ ആഗസ്റ്റ്മാസത്തിൽ ദേവാലയത്തിൽ നിന്നു മടങ്ങുംവഴി കാലു തെറ്റി വീണു് അവരുടെ ഒരു വാരിയെല്ലു് ഒടിയുന്നതിനിടയായി. അതു പൂർണ്ണസുഖ മാവുന്നതിനുമുമ്പു നവംബർമാസത്തിൽ ബവേറിയയി ലെ തീർത്ഥാടകകേന്ദ്രമായ 'അൾട്ടോറ്റിംഗി'ലേയ്ക്കു യാ ത്ര പോവുകയും അതിനെത്തുടർന്നു വീണ്ടും ശയ്യാവലംബി നിയാവുകയും ചെയ്തു. ആ അവസരത്തിൽ ഡോക്ടരെ കാണുന്നതിനു് അവർ വിസമ്മതിച്ചുകൊണ്ടു് ഇടവക വികാരിയിൽനിന്നു് അന്ത്യകൂദാശ സ്വീകരിക്കുകയാണു ണ്ടായതു്."

തെറിസാ ന്യൂമാൻ ശാരീരികമായും മാനസികമാ യും ഒരു രോഗിണിയാണു്. അത്യധികം വൈകാരിക ക്ലേശമാണവർ അനുഭവിച്ചിരുന്നതു്. ജീവിതാശ നശി ച്ച അവരുടെ മനസ്സു ഹിസ്റ്റീരിയയുടെ വിളനിലമായ തിൽ അത്ഭുതമൊന്നുമില്ല. ആദ്യം നട്ടെല്ലിനു കേടു ഭ വിച്ചതു ദീർഘകാലംകൊണ്ടാണു് മാറിക്കിട്ടിയതു്. അ തിനുശേഷവും അവരൊന്നു വീണു, വാരിയെല്ലൊടിഞ്ഞു. ആ സംഭവം അവൎക്കു് അസാമാന്യമായ ഭയകമ്പനം (Shock) നല്കി. ആദ്യം അവൎക്കുണ്ടായതു ഹിസ്റ്റീരിയാ പരമായ വെറും മാനസികപക്ഷവാതമാണു്. അതു മാറിയതോടെ തത്സ്ഥാനത്തുണ്ടായതു സ്വപ്നദർശന ങ്ങളും. മതിഭ്രമങ്ങളും ഹർഷോന്മാദങ്ങളും (Ecstasies) മൂർച്ഛകളും (Swoonings) ആയിരുന്നു. ഭക്തിപരമായി ശക്തിമത്തായ വിഭാവനയും തീവ്രമായ വികാരവും പ്ര വർത്തിച്ചിരുന്നതുമൂലമാണു് അവരുടെ ദേഹത്തിൽ പ ഞ്ചക്ഷതങ്ങൾ ഉണ്ടായതു്. അതേ വിഭാവനയും വികാ

രവും പഞ്ചക്ഷതങ്ങളെ നിലനിർത്തിക്കൊണ്ടുപോകയും ചെയ്യുന്നു.

## പട്ടിണിക്കാര്യം

"കഴിഞ്ഞ ഇരുപത്തിരണ്ടു കൊല്ലമായി കുർബ്ബാനാനുഭവമല്ലാതെ ഒരു തുള്ളി വെള്ളംപോലും അവർ കഴിച്ചിട്ടില്ല. എന്നിട്ടും അവരുടെ തൂക്കം കൂടുകയാണുണ്ടായിട്ടുള്ളതു്" എന്നതു് അതിശയോക്തിപരമായ കഥയാണു്. ഭക്ഷണമൊന്നും കിട്ടാത്ത സാഹചര്യമല്ല അവരുടേതു്; അവരെസ്സംബന്ധിച്ചു് ആരും ഒരു പരീക്ഷണവും നടത്തി നോക്കീട്ടുമില്ല. ഭക്ഷണമൊന്നുമില്ലാതെ ജീവിക്കുന്നു എന്നു പത്രങ്ങളിലെല്ലാം ഘോഷിക്കപ്പെട്ട കൂർഗ്ഗുകാരി ധനലക്ഷ്മിയെ ആസ്പത്രിയിലാക്കി പരിശോധിച്ചപ്പോൾ ആ അത്ഭുതകഥ പൊളിഞ്ഞുപോയ വിവരം ഇവിടെ അനുസ്മരണീയമാണു്. ഇതേവരെയുള്ള ശാസ്ത്രീയപരീക്ഷണംകൊണ്ടു വെള്ളംപോലും കഴിക്കാതെ പതിന്നാലു ദിവസത്തിലധികം ജീവിക്കാൻ മനുഷ്യനു സാധിക്കില്ലെന്നാണു് കണ്ടിട്ടുള്ളതു്. ഭക്ഷണമോ ജലപാനമോ കൂടാതെ ഒരാൾ ഇരുപത്തിരണ്ടു വർഷമായി ജീവിക്കുന്നുണ്ടെങ്കിൽ അതായിരിക്കുമല്ലോ ഏററവും വലിയ അത്ഭുതം. അതിനെപ്പററി താത്കാലികസന്ദർശകർ ഒഴുക്കൻമട്ടിൽ പറയുന്നതല്ലാതെ ആരും ഗൗരവപൂർവ്വമായ ഒരു പരിശോധനയ്ക്കു മുതിർന്നതായി കാണുന്നില്ല.

## നവക്ഷതങ്ങൾ

ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ രണ്ടു് ഉള്ളംകൈകളിലും രണ്ടു പാദങ്ങളിലും ആണി തറച്ചതും ഇടത്തെ

പള്ളയ്ക്കു കുന്തംകൊണ്ടു കുത്തിയതും കൂടി അഞ്ചു മുറിവുകളാണ് പഞ്ചക്ഷതങ്ങൾ. ക്രിസ്തുവിനെയും അതിശയിക്കുന്ന നവക്ഷതങ്ങളാണ് തെറിസാ ന്യൂമാനു് ഉണ്ടായിക്കാണുന്നതു്. തലയ്ക്കു ചുററും പാടു്, ഇരുകണ്ണുകളിൽ നിന്നും രക്തമൊലിപ്പു്, രക്തം വിയർക്കൽ ഇവ നാലും ക്രിസ്തുവിനുണ്ടായിരുന്നില്ല.

അസാധാരണങ്ങളായ രോഗങ്ങൾക്കും പീഡകൾക്കും ദാരിദ്ര്യത്തിനും ഇരയാകുന്നവർ സാധാരണസ്ഥിതിയിൽക്കവിഞ്ഞ വിശ്വാസവും ഭക്തിയുമുണ്ടെങ്കിൽ അവരുടെ രോഗങ്ങളെല്ലാം ദിവ്യത്വലക്ഷണങ്ങളായി കാണാനുള്ള വാസനയും ശീലവും എല്ലാത്തരം മതവിശ്വാസികൾക്കുമുണ്ടു്. അങ്ങനെയാണ് ഭക്തജനങ്ങളുടെ ഹിസ്റ്റീരിയയും ആംശികഭ്രാന്തും ദിവ്യത്വത്തിൻെറ അടയാളങ്ങളായി എണ്ണപ്പെടുന്നതു്.

## അടിക്കുറിപ്പു്

"കോണെനസ്‌രോത്തു് (പശ്ചിമജർമ്മനി), 23-9-'62: തെറിസാ ന്യൂമാൻ ഈ 18-ാംതിയ്യതി ചൊവ്വാഴ്ച 64-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ചെക്കോസ്ലോവാക്യായുടെ അതിർത്തിയിലാണ് ഈ ഗ്രാമം. അവരുടെ ദേഹത്തിൽ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷമായിട്ടു മുപ്പത്താറു വർഷങ്ങളായി. വിസ്മയകരമായ ഈ സംഭവത്തെപ്പററി കത്തോലിക്കസഭ ഇതുവരെ ഒന്നും ഔദ്യോഗികമായി പ്രസ്താവിച്ചിട്ടില്ല.—റോയിട്ടർ."

# ദുസ്സ്വപ്നങ്ങൾ

മേൽവിലാസമോ പേരോ വെളിപ്പെടുത്താതെ ബെല്ലാരിയിൽനിന്നു് ഒരു മിസ്സിസ് മേനോൻ 'മാതൃഭൂമി ആഴ്ചപ്പതിപ്പു'വഴി എനിക്കയച്ചിട്ടുള്ള ഒരു കത്താണിതു്:

"മാതൃഭൂമി ആഴ്ചപ്പതിപ്പിലെ താങ്കളുടെ ലേഖനങ്ങൾ ഞാൻ വായിക്കാറുണ്ടു്. അതുകൊണ്ടാണീ കത്തയയ്ക്കുന്നതു്. മിക്ക ദിവസവും രാത്രിയിൽ ഞാൻ ഭയങ്കരസ്വപ്നങ്ങൾ കാണുന്നു. എന്റെ എല്ലാ ഉന്മേഷത്തെയും കളയുന്നവയാണു് ആ സ്വപ്നങ്ങൾ. ജീവിതത്തിൽ ഞാൻ ഏററവും ഭയപ്പെടുന്ന കാര്യങ്ങളാണു് സ്വപ്നത്തിൽ കാണുന്നതു്. കുഷ്ഠരോഗത്തെ എനിക്കു വലിയ ഭയമാണു്. അതിന്റെ ഭയങ്കരതയിലാണു് എന്റെ ഭയം. മിക്ക രാത്രിയിലും ഉറക്കത്തിനുശേഷം കുഷ്ഠരോഗികൾ അടുത്തു വരുന്നതായും ചിലപ്പോൾ ആ രോഗം എനിക്കു പിടിപെട്ടിരിക്കുന്നതായും സ്വപ്നം കാണുന്നു.

ഉടനെ ഉണരുകയും 'എന്റെ ഗുരുവായൂരപ്പാ, എന്നെ ര ക്ഷിക്കണേ!' എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടു്. രാ വിലെ ഉണർന്നതിനുശേഷവും ഈ സ്വപ്നങ്ങൾ എന്റെ ഓർമ്മയിൽ നിലനില്ക്കുന്നു. ഈ തരം സ്വപ്നങ്ങളിൽനി ന്നു മോചനം ലഭിക്കാനുള്ള മാർഗ്ഗം താങ്കൾ ഉപദേശിച്ചു തന്നാലും.

"ഈശ്വരവിചാരം കുറഞ്ഞതുകൊണ്ടാണു് ഇത്തരം സ്വപ്നം കാണുന്നതെന്നും ഈശ്വരനെ പ്രാർത്ഥിച്ചു കിട ന്നാൽ ഇതെല്ലാം മാറുമെന്നും എന്റെ ഭർത്താവു പറ ഞ്ഞു. അതനുസരിച്ചു ഹൃദയപൂർവ്വം പ്രാർത്ഥിച്ചു കിടന്നു നോക്കി. പക്ഷേ ഫലമില്ല. സ്വപ്നമില്ലാത്ത സുഖനിദ്ര ഉണ്ടാവാൻ ഞാനെന്താണു് ചെയ്യേണ്ടതു്?

"ഉറങ്ങാൻ കിടന്നൊന്നു മയങ്ങുമ്പോൾ ശരീരം ആകെ കുലുങ്ങുന്ന തരത്തിൽ ഞാൻ ഞെട്ടിത്തെറിക്കാറു ണ്ടു്. ഇതിന്റെ പ്രതിവിധിയും അറിയിക്കാൻ വിനീത മായി അഭ്യർത്ഥിക്കുന്നു."

ഞാൻ ഒരു മനശ്ശാസ്ത്രജ്ഞനോ മനോരോഗചികി ത്സകനോ അല്ലെന്നുള്ള വസ്തുത ആദ്യമേതന്നെ പറഞ്ഞു കൊള്ളട്ടെ. മനശ്ശാസ്ത്രപരമായ പല ലേഖനങ്ങളും ചി ല അധുനാതനഗ്രന്ഥങ്ങളും വായിച്ചു് നേടിയ അറിവു മാത്രമേ എനിക്കുള്ളൂ. ആ അറിവു യാദൃച്ഛികമായി ചി ല ലഘുമനോരോഗികളിൽ പ്രയോഗിച്ചു തൃപ്തികരമായ ഫലങ്ങൾ കാണാനുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്നു മാത്രം.

മനസ്സിന്ന പ്രധാനമായി സബോധം അബോധം എന്ന രണ്ടു വിഭാഗങ്ങളുണ്ടു്. ഇതു ശാസ്ത്രീയമായി കണ്ടുപിടിച്ചതു്, മനശ്ശാസ്ത്രജ്ഞന്മാരായ സീഗ്മണ്ട് ഫ്രോയ്ഡ് (Sigmund Freud) കാൾ യുംഗ് (Carl Jung) എന്നീ രണ്ടു ഡോക്ടർമാർ യോജിച്ചു നടത്തിയ അവേക്ഷണപരീക്ഷണങ്ങളിലാണു്. ഈ കണ്ടുപിടുത്തം നടന്നിട്ടു് അറുപതു വർഷങ്ങളോളമാകുന്നേയുള്ളു. സബോധമനസ്സിനെക്കാൾ എട്ടോ പത്തോ ഇരട്ടി വലുതാണു് അബോധമനസ്സു്. തന്നെസ്സംബന്ധിച്ച ശൈശവംതൊട്ടുണ്ടായിട്ടുള്ള എല്ലാ ഭീകരസംഭവങ്ങളുടെയും വൈകാരികമോ ഭാവനാപരമോ ആയ ആഘാതങ്ങളുടെയും ധാരണകൾ ഏതൊരു വ്യക്തിയുടെയും അബോധമനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുകയാണു്. അവയിൽ ദൃഢത ഏറിയവ മേലേ മേലേയും ദൃഢത കുറഞ്ഞവ കീഴേ കീഴേയുമാണു് കിടക്കുന്നതു്. അബോധമനസ്സിലെ ധാരണകൾ അജ്ഞാതമായി സബോധമനസ്സിന്ന പ്രേരണകൾ നല്കുന്നുണ്ടെന്ന വസ്തുതയും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

സബോധമനസ്സിൻെറ ചിന്തയും പ്രവൎത്തനവും ഏറെക്കുറെ അബോധമനസ്സിൻെറ പ്രേരണസ്സനുസൃതമായാണു് നടക്കുന്നതു്. വ്യത്യസ്തമതങ്ങളിൽ വിശ്വസിക്കുന്ന പലരുടെയും പ്രവൎത്തനങ്ങളിൽനിന്നു് ഈ വസ്തുത മനസ്സിലാക്കാവുന്നതാണു്. ഒരാൾ തൻെറ മതം ഏററവും ശരിയും നല്ലതുമാണെന്നു വിശ്വസിക്കുന്നതും അതിലെ ക്ലേശകരമായ ശിക്ഷണങ്ങൾക്കു വിധേയനാവുന്നതും വിവിധമതങ്ങളിലെ വിശ്വാസാചാരങ്ങൾ പരിശോ

ധിച്ച താരതമ്യപഠനം നടത്തീട്ടല്ല; താൻ ജനിച്ചവളൎന്ന സാഹചര്യങ്ങളുടെ സമ്മൎദ്ദത്താൽ അബോധമനസ്സിൽ കടിക്കൊള്ളാൻ ഇടവന്നിട്ടുള്ള ധാരണകളുടെ പ്രേരണയാൽമാത്രമാണു്. അബോധമനസ്സാണു് താരതമ്യേന ഒരുവനെ മതവിശ്വാസിയാക്കുന്നതും അവനെക്കൊണ്ടു മതാചാരങ്ങൾ അനുഷ്ഠിപ്പിക്കുന്നതും.

## സ്വപ്നം

നാം ഉറക്കം തുടങ്ങുമ്പോൾ നമ്മുടെ സബോധമനസ്സു പ്രവൎത്തനത്തിൽനിന്നു വിരമിച്ചു വിശ്രമാവസ്ഥയിലാകുന്നു. അപ്പോളാണു് അബോധമനസ്സിലെ ധാരണകൾ സ്വപ്നരൂപേണ മുകളിലേയ്ക്കു വന്നു വിളയാടുന്നതു്. ഉറക്കം തുടങ്ങി ഉണരുന്നതുവരെ ആൎക്കും സ്വപ്നങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഉറക്കം ഗാഢമായിരിക്കുമ്പോഴുള്ള സ്വപ്നങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ എത്തുന്നില്ല എന്നുമാത്രം. അതുകൊണ്ടാണു് ആ സമയം സ്വപ്നമൊന്നുമില്ലെന്നു നാം കരുതുന്നതു്. ഉറക്കത്തിനു ഗാഢത കുറയുമ്പോൾ സ്വപ്നങ്ങൾ സ്മൃതിപഥത്തിലെത്തുകയും അവിടെ നില്ക്കുകയും ചെയ്യുന്നു.

"മിക്ക രാത്രിയും ഉറക്കത്തിനുശേഷം കുഷ്ഠരോഗികൾ അടുത്തു വരുന്നതായും ആ രോഗം എനിക്കു പിടിപെട്ടതായും സ്വപ്നം കാണുന്നു" എന്നു മിസ്സിസ് മേനോൻ പറയുന്നതിന്റെ അൎത്ഥം ഗാഢനിദ്രയിലെ സ്വപ്നം താൻ അറിയുന്നില്ലെന്നും ലഘുനിദ്രയിലെ സ്വപ്നമേ അറിയുന്നുള്ളു എന്നുമാകുന്നു. രാത്രിയിലെ ആദ്യനി

ദ്രയാണു് സാധാരണമായി ഗാഢനിദ്ര. പിന്നീടുണ്ടാകുന്നതു ലഘുനിദ്രയാണു്. ലഘുനിദ്രയിലാണു് ഓമ്മനില്ക്കുന്ന സ്വപ്നങ്ങൾ എല്ലാവക്കുമുണ്ടാകുന്നതു്. മനസ്സിൽ ഏററവും ദൃഢതകൂടിയ ധാരണകളെസ്സംബന്ധിച്ചായിരിക്കും സ്വപ്നങ്ങൾ.

ആനയിൽ പ്രത്യേകതാത്പര്യമോ ആനയെ വലിയ ഭയമോ ഉള്ളവർ ആനയെ സ്വപ്നം കാണുക സാധാരണമാണു്. അബോധമനസ്സിൽനിന്നുയരുന്ന ധാരണകൾ അടുക്കും ചിട്ടയുമില്ലാതെ കുഴഞ്ഞുമറിഞ്ഞതാകകൊണ്ടു് ആന പറക്കുന്നതായോ ആകാശത്തിൽ താൻ തന്നെ പറന്നുനടക്കുന്നതായോ ഏററവും അസംബന്ധമായ സ്വപ്നങ്ങളും ഉണ്ടാകാറുണ്ടു്.

**ഭയം**

മിസ്സിസ് മേനോനു ക്രമാതീതമായുള്ള കുഷ്ഠരോഗഭയമാണു് കുഷ്ഠരോഗികളെയും കുഷ്ഠരോഗത്തെയും സ്വപ്നംകാണുന്നതിൻെറ കാരണം. പ്രസ്തുതഭയമാണു് അവരുടെ മനസ്സിൽ ഏററവും രൂഢമൂലമായിക്കിടക്കുന്നതു്. കുഷ്ഠരോഗത്തിൻെറ പകച്ചസംബന്ധിച്ച യഥാത്ഥവസ്തുതകളുടെ അറിവു് ആ ഭയത്തെ ഇല്ലായ്മചെയ്യാൻ ഉപകരിക്കുന്നതാണു്.

കുഷ്ഠം ഒരു സാംക്രമികരോഗമാണെന്നതിനു സംശയമില്ല. പക്ഷേ രോഗത്തിൻെറ ആദ്യഘട്ടത്തിൽമാത്രമേ അതിന്നു സാംക്രമികത്വമുള്ളൂ. ഭിക്ഷക്കാരായി വരുന്ന വൈരൂപ്യം പ്രാപിച്ച കുഷ്ഠരോഗികളെല്ലാം രോഗത്തിൻെറ പകച്ചഘട്ടം കഴിഞ്ഞു് അവസാനഘട്ടം പ്രാ

പിച്ച(Burnt outs)വരാണു്. അവരുടെ ശരീരത്തിൽ രോഗാണുക്കൾ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ആ കുഷ്ഠ രോഗികളിൽനിന്നു രോഗം പകരാനുള്ള സാദ്ധ്യതയില്ല.

ആദ്യഘട്ടരോഗികളിലുള്ള കുഷ്ഠരോഗാണുക്കളായി സുദീർഘവും നിരന്തരവുമായ സ്പർശനത്താലേ (Long and Continued Contact) രോഗം പകരുകയുള്ളൂ. ഗൃഹത്തിൽ ആദ്യഘട്ടകുഷ്ഠരോഗികൾ ഇല്ലാത്തവർക്കും അത്തരം രോഗി ഉപയോഗിച്ച സാധനങ്ങൾ ഉപയോഗിക്കാത്തവർക്കും കുഷ്ഠരോഗം വരുമെന്നു് അശേഷവും ഭയം വേണ്ടാ. നല്ലപോലെ ദേഹശുദ്ധി പതിവായി വരുത്തിക്കൊണ്ടിരിക്കുന്നവർ ആദ്യഘട്ടരോഗികളെ പരിചരിച്ചാൽപ്പോലും കുഷ്ഠരോഗം ബാധിക്കുകയില്ല. കുഷ്ഠരോഗാസ്പത്രികളിൽ പ്രവൃത്തിയെടുക്കുന്നവർക്കു് ആ രോഗം ബാധിക്കാത്തതു് അതുകൊണ്ടാണു്. വൃത്തിശൂന്യതയാണു് കുഷ്ഠരോഗം വരുത്തുന്നതു്.

നത്യേന കുളിക്കുന്നവരിൽ കുഷ്ഠരോഗം വളരെ വളരെ വിരളമാണു്. അവരിൽ ആർക്കെങ്കിലും അതു ബാധിച്ചിട്ടുണ്ടെങ്കിൽ അവർക്കു് ആദ്യഘട്ടകുഷ്ഠരോഗികളുമായി നേരിട്ടോ പരോക്ഷമായോ സമ്പർക്കമുണ്ടായിരുന്നു എന്നനുമാനിക്കാം. ഒരു മുങ്ങലും തോർത്തലും മാത്രമായ കുളി, അയാളുടെ ദേഹശുചിത്വത്തെ സംരക്ഷിക്കാൻ പര്യാപ്തമായിരുന്നില്ലെന്നതിന്റെ തെളിവുമാത്രമാണു് ആ രോഗം.

സ്ഥിതിവിവരക്കണക്കുകൾപ്രകാരം ലോകത്തിൽ ആകെ 50 ലക്ഷം കുഷ്ഠരോഗികൾ ഇപ്പോളുണ്ടു്. അ

തിൽ 80 ലക്ഷം ഏഷ്യയിലും 15 ലക്ഷം ആഫ്രിക്കയിലുമാണ്. ബാക്കി 5 ലക്ഷമാണ് അമേരിക്കയിലും യൂറോപ്പിലും ആസ്ട്രേലിയയിലുമെല്ലാംകൂടിയുള്ളതു്. കേരളത്തിൽ ഒന്നരലക്ഷം കുഷ്ഠരോഗികളുണ്ടു്. തമിഴരായ വളരെ കുഷ്ഠരോഗികൾ ഭിക്ഷാടകരായി കേരളത്തിൽ ജീവിക്കുന്നുണ്ടെന്നതാണ് കുഷ്ഠരോഗികളുടെ എണ്ണം ഇവിടെ ഇത്ര കൂടുതലായതിന്നു കാരണം.

മിസ്സിസ് മേനോനുള്ളതു വ്യഥാഭയമാണ്. അല്പശ്രമംകൊണ്ടു കളയാവുന്നതാണ് ആ ഭയം. ഭയം പോയാൽ പിന്നെ ദുസ്സ്വപ്നങ്ങൾ ഉണ്ടാവുകയില്ല. വല്ലപ്പോഴും ഉണ്ടായാൽത്തന്നെ ശ്രദ്ധിക്കാതെ അതിനെ വിസ്മരിച്ചുകളയുകയാണ് വേണ്ടതു്. ദുസ്സ്വപ്നങ്ങളെ ഭയപ്പെടുന്നുണ്ടെങ്കിൽമാത്രമേ അവയിൽ ശ്രദ്ധയുണ്ടാകയുള്ളൂ.

## പ്രത്യായനം

വിശൃംഖലമായ അബോധമനസ്സിനെ മെരുക്കി നിയന്ത്രിക്കാനും അതിൽ കിടക്കുന്ന അബദ്ധധാരണകളെ തിരുത്തുകയോ നശിപ്പിക്കുകയോ ചെയ്യാനും പ്രത്യായനം (Suggestion), സ്വയംപ്രത്യായനം (Auto-Suggestion) എന്നീ കര്യക്ഷമങ്ങളായ രണ്ടു് ഉപാധികളുണ്ടു്.

ഫ്രോയ്ഡിനുശേഷം മനസ്സിനെസ്സംബന്ധിച്ച പ്രശംസാർഹമായ കണ്ടുപിടുത്തം നടത്തീട്ടുള്ളതു റഷ്യൻശാസ്ത്രജ്ഞനായ ഡോക്ടർ ഐ. പാവ്‌ലോവ് ആണ്. മസ്തിഷ്കത്തിൻെറ ഏററവും മുകൾഭാഗത്തും അതിനു

തൊട്ടു താഴെ (Cerebral Cortex and Subcortex) ഉള്ള ഭാഗത്തുമാണു് സബോധവും അബോധവുമായ മനസ്സുകൾ സ്ഥിതിചെയ്യുന്നതും പ്രവൎത്തിക്കുന്നതുമെന്നാണു് അദ്ദേഹത്തിൻെറ കണ്ടുപിടുത്തങ്ങളിൽ ഒന്നു്. പ്രത്യായനങ്ങൾവഴി മനസ്സിൻെറ പ്രവൎത്തനത്തെ നിയന്ത്രിക്കുകയും തെററിദ്ധാരണകളെ തിരുത്തുകയുമാവാമെന്നുള്ളതാണു് മറെറാന്നു്. "വാക്കു്—മാനസികചികിത്സാഘടകം എന്ന നിലയിൽ" (The Word—As a Psychologic Therapeutic Factor) എന്നതു് അദ്ദേഹത്തിൻെറ പ്രധാനസഹപ്രവൎത്തകനും ശിഷ്യനുമായ പ്ലക്കനോവ് പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പ്രാമാണികഗ്രന്ഥമാണു്. പ്രത്യായനചികിത്സകൊണ്ടു പലവിധമനോരോഗങ്ങളെ നിശ്ശേഷം മാററിയതിൻെറ അനവധി ദൃഷ്ടാന്തങ്ങൾ വിവരണങ്ങളോടുകൂടി അതിൽ കൊടുത്തിട്ടുണ്ടു്.

ജാഗരണത്തിലോ (Wakefulness) വിശ്രമത്തിലോ (Rest) മയക്കത്തിലോ (Drowse) പീഡിതമനസ്കനെ ഇരുത്തിക്കൊണ്ടു പ്രത്യായനം നല്കാം. അങ്ങനെ ഇരുത്താൻ പ്രയാസമാണെങ്കിൽ മോഹനനിദ്ര (Hypnosis) വരുത്തീട്ടാണു് പ്രത്യായനം നല്കേണ്ടതു്. അതിനു മനോരോഗചികിത്സകനോ ഹിപ്നോട്ടിസ്റ്റോ ആയ ഡോക്ടരുടെ പല ദിവസങ്ങളിലെ സേവനം ആവശ്യമായിവരും. അതു വളരെ വ്യയകരമാകുന്നു. പല ദിവസങ്ങളിൽ പ്രത്യായനം നല്കിയാലേ മനസ്സിലെ അബദ്ധധാരണകളെ തിരുത്താനോ ഇല്ലാതാക്കാനോ സാധിക്കുകയുള്ളൂ. മനുഷ്യൻതന്നെ തെററും ശരിയും രണ്ടും കൂടിക്കല

ന്തുമായ വൈകാരികമോ വിഭാവനാപരമോ ബുദ്ധിപൂർവ്വകമോ ബുദ്ധിശൂന്യമോ ആയ ധാരണകളുടെ ഒരു ഭാണ്ഡമാണു്. തെററായി സ്വീകരിച്ചുപോയ ധാരണകളാണു് മനോരോഗങ്ങളുടെ കാരണം. തെററായ ആധാരണകളെ പ്രത്യായനംകൊണ്ടു സമൂലം തിരുത്താവുന്നതാണു്.

മനസ്സിന്റെ ആധാരമായ മസ്തിഷ്കഭാഗത്തിനു ഘടനാപരമായ കേടു ഭവിക്കുമ്പോൾ ഉണ്ടാകുന്ന മനോരോഗമാണു് കേവലഭ്രാന്തു്. അതിനു പ്രതിവിധി ഇതേവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

ചിലക്കു് അതീന്ദ്രിയാനുഭൂതികൾ (Extra Sensory Perceptions) ഉണ്ടാകുന്നുണ്ടെന്നുള്ള പൂർവ്വപക്ഷത്തിൽ അമേരിക്കൻശാസ്ത്രജ്ഞരായ റൈൻദമ്പതികൾ (Dr. Rhine & Dr. Mrs. Rhine) വിപുലമായ പരിശോധനാപരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആത്മാവിന്റെ അസ്തിത്വത്തെ തെളിയിക്കാമോ എന്നതായിരുന്നു ക്രൈസ്തവരായ അവരുടെ ലക്ഷ്യം.

കപ്പൽയാത്രചെയ്യുന്ന ഭർത്താവു് ആ കപ്പലപകടത്തിൽ മരിച്ചതായി ഭാര്യ സ്വപ്നംകാണുകയും പിന്നീടു് അതു വസ്തുതയാണെന്നു മനസ്സിലാവുകയും ചെയ്യുക, യുദ്ധരംഗത്തിലിരിക്കുന്ന മകൻ വെടിയേററു മരിച്ചതായി പിതാവു സ്വപ്നംകാണുക, പിന്നീടതു യാഥാർത്ഥ്യമായിരുന്നെന്നറിയുക മുതലായ ദൃഷ്ടാന്തങ്ങളാണു് റൈൻദമ്പതികളുടെ പരിശോധനകൾക്കു പ്രേരണ നല്കിയതു്. ആ പരിശോധന മററു ശാസ്ത്രജ്ഞന്മാരും പിന്തുടർന്നു.

അവ അതീന്ദ്രിയാനുഭൂതികളല്ലെന്നും കപ്പൽയാത്രയിലായിരിക്കുന്ന ഭർത്താവിനു് അഥവാ യുദ്ധക്കളത്തിലിരിക്കുന്ന മകനു സംഭവിക്കുന്ന ആപത്തിനെപ്പററിയുള്ള വേവലാതിയാൽ അവർ മനഃപൂർവ്വമല്ലാതെ ചെയ്തുപോകുന്ന തെററായ സ്വയംപ്രത്യായനം ജനിപ്പിച്ച ധാരണയാൽ ഉണ്ടായ സ്വപ്നങ്ങൾമാത്രമാണെന്നും ആവക സ്വപ്നങ്ങൾ 99 ശതമാനവും അബദ്ധമായിരിക്കെ, വല്ലതും ഒന്നു യാദൃച്ഛികമായി ഒട്ടൊക്കെ ഒത്തുപോവുകമാത്രമാണെന്നും തെളിഞ്ഞിട്ടുണ്ടു്.

## പ്രതിവിധി

കാര്യം മനസ്സിലാക്കി പ്രവർത്തിക്കുന്നവർക്ക് പരാശ്രയമോ പണച്ചെലവോ കൂടാതെ സ്വയം ശീലിച്ച് മനഃപീഡ മാററാനുള്ള കരുത്തേറിയ ഉപാധിയാണു് സ്വയംപ്രത്യായനം. മിസ്സിസ് മേനോന്റെ കുഷ്ഠരോഗഭയവും തത്സംബന്ധമായ ദുസ്സ്വപ്നങ്ങളും സ്വയംപ്രത്യായനം ശീലിച്ചാൽ പ്രയാസംകൂടാതെ തീർച്ചയായും മാറിപ്പോകുന്നതാണു്. അതിനുള്ള വാക്യം നിർദ്ദേശിച്ചുകൊള്ളുന്നു:

"രോഗം പകരാനുള്ള സാധ്യതയോ സാഹചര്യമോ ഇല്ലാത്ത എനിക്കു കുഷ്ഠരോഗത്തെപ്പററിയുള്ള ഭയം അനാവശ്യമാണു്. എന്റെ മനസ്സിൽനിന്നു ഭയം പോയി മനസ്സിന്നു നിത്യേന സ്വസ്ഥതയും ആരോഗ്യവും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ദുസ്സ്വപ്നം അലട്ടാത്ത ഗാഢനിദ്ര എനിക്കുണ്ടാകുന്നു."

ഈ മൂന്നു വാക്യങ്ങരം മനഃപാഠമാക്കി പ്രാൎത്ഥന പോലെ ഉരുവിടാറാകണം. ഉറങ്ങാൻ കിടക്കുമ്പോരം ദേഹം മുഴുവൻ തളൎത്തി (Relaxed) കിടന്നുകൊണ്ടു് ഉറങ്ങിപ്പോകുന്നതുവരെ അവ ഉരുവിട്ടുകൊണ്ടിരിക്കുക. രാവിലെ എഴുനേല്ക്കുന്നതിനുമുമ്പും മേൽപ്രകാരം അഞ്ചുമിനുററുനേരം ഉരുവിടണം. അതിനുശേഷമേ എഴുനേല്ക്കാവൂ. ദേഹവും സബോധമനസ്സും സ്വസ്ഥമായിരിക്കുമ്പോഴാണു് അബോധമനസ്സിനു പ്രബോധനം നല്കാൻ പററിയ സമയം.

ഹാൎദ്ദമായല്ലാതെ യാന്ത്രികമായി (Mechanically) ഉരുവിട്ടാലും ആശയം കാലാന്തരത്തിൽ അബോധമനസ്സിൽ പ്രവേശിക്കും. അതിനു സുദീൎഘനാളുകളിലെ ഉരുവിടൽ വേണമെന്നേയുള്ളു.

ഓരോ മതക്കാരും പ്രാൎത്ഥനാജപാദികരം നിത്യേന പല പ്രാവശ്യം ഉരുവിടുന്ന ആചാരം ശീലിക്കുന്നതുകൊണ്ടാണു് അതാതു മതത്തിൽ അവർ ദൃഢവിശ്വാസികളായിത്തീരുന്നതു്. തങ്ങളുടെ മതത്തിനുവേണ്ടി ചാവാനും കൊല്ലാനും അവരെ പ്രാപ്തരാക്കുന്നതും പ്രാൎത്ഥനമൂലം നല്കപ്പെടുന്ന സ്വയംപ്രത്യായനമാണു്. പുരാതനൎക്കു കാൎയ്യകാരണബന്ധം ശാസ്ത്രീയമായി മനസ്സിലായിരുന്നില്ലെങ്കിലും ഇതിന്റെ അനുഭവജ്ഞാനം ഉണ്ടായിരുന്നു. അതുകൊണ്ടാണു് എല്ലാ മതങ്ങളും അതാതിന്റെ ജപതപാദികരം ശിക്ഷണാഭ്യാസമായി ഏൎപ്പെടുത്തീട്ടുള്ളതു്.

മനുഷ്യർ പെട്ടെന്നുള്ള വികാരാവേശത്താലല്ലാതെ കരുതിക്കൂട്ടി ആത്മഹത്യയോ നരഹത്യയോ നടത്തുന്ന

ത്തും കള്ളന്മാരോ കൊള്ളക്കാരോ ആയിത്തീരുന്നതും തെററായ ആശയം തന്നെത്താനറിയാതെ സ്വയംപ്രത്യായനംചെയ്തുപോകമൂലമാണു്. ശരിയായ ആശയം ഹൃദയപൂർവ്വം സ്വയംപ്രത്യായനംചെയ്താൽ ഫലപ്രാപ്തിക്കു് എളുപ്പമുണ്ടെന്നേയുള്ളു.

ഉറങ്ങുവാൻ കിടന്നു മയങ്ങുന്ന സമയത്തു ചിലപ്പോൾ ശരീരം ഞെട്ടിത്തെറിക്കുന്നതു് എല്ലാവക്കും അനുഭവമുള്ളതാണു്. താത്കാലികക്ഷീണമാണതിനു കാരണം. അതു ഗൗനിക്കേണ്ട കാര്യമല്ല. വിചാരപ്പെടാതിരുന്നാൽ അതു താനേ ഇല്ലാതായിക്കൊള്ളും. പരിഭ്രമമാണു് അതു മാറാനുള്ള തടസ്സം.

# സദാചാരത്തിന്റെ രക്തസാക്ഷി

പൂർവ്വികന്മാർ ഇദാനീന്തനരെക്കാൾ വളരെക്കൂടുതൽ സദാചാരനിരതരായിരുന്നു, ആധുനികകാലത്തു സദാചാരത്തിനു വലിയ അവനതി ഭവിച്ചിട്ടുണ്ടു്, സദാചാരത്തിൽ ലോകം ക്രമേണ അധഃപതിച്ചുവരികയാണു് എന്നൊരു ധാരണയും പ്രവാദവും ഉണ്ടു്.

ദുർവൃത്തികൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിലും ഇതരരാജ്യങ്ങളിലും നടക്കുന്നതായി പത്രവാർത്തകൾ നിരന്തരം വന്നുകൊണ്ടാണിരിക്കുന്നതു്.

ഇപ്രകാരമുള്ള സംഭവങ്ങളിൽനിന്നു മനുഷ്യവർഗ്ഗത്തിനു സദാചാരത്തിൽ ഗ്ലാനി ഭവിച്ചുകൊണ്ടിരിക്കുകയാണെന്നനുമാനിക്കാമോ?

## പണ്ടും ഉണ്ടായിരുന്നു

മുൻകാലങ്ങളിൽ എല്ലാ സ്ഥലത്തും ഇന്നത്തെക്കാൾ വളരെ അധികമായി ദുർവൃത്തികൾ നടന്നുകൊ

ണ്ടിരുന്നു. വാർത്തകൾ ശേഖരിച്ചു പ്രചരിപ്പിക്കുന്നതിനു് ഇന്നുള്ളതുപോലെ ദിനപത്രം, കമ്പി, ഫോൺ മുതലായ സൗകര്യങ്ങൾ പണ്ടില്ലാതിരുന്നതിനാൽ അന്നു് അയൽ പ്രദേശങ്ങളിലും സമീപനാടുകളിലും നടക്കുന്ന സംഭവങ്ങൾപോലും അറിയപ്പെട്ടിരുന്നില്ല. അടുത്ത കാലംവരെ നാട്ടുരാജ്യങ്ങളിൽ രാജവാഴ്ച നിലനിന്നുവന്ന ഇന്ത്യയിലെ പല ഹിന്ദു-മുസ്ലീം രാജാക്കന്മാരും പ്രഭുക്കളും അനവധി ഭാര്യമാരെയും വെപ്പാട്ടികളെയും പുലർത്തുന്നവരായിരുന്നു. ദേവദാസിസമ്പ്രദായവും വേശ്യാവൃത്തിയും നിർബ്ബാധം അനുവദിക്കപ്പെട്ടിരുന്നു എന്നുമാത്രമല്ല, വേശ്യകളിൽനിന്നു തൊഴിൽനികുതിപോലും പിരിച്ചുകൊണ്ടുമിരുന്നു. ഇന്നു് ആവക ദുരാചാരങ്ങളൊന്നും പാലിക്കപ്പെടുന്നില്ല. മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും മറ്റും സന്മാർഗ്ഗവിരുദ്ധമായി വർത്തിക്കുന്നുണ്ടോ എന്നു ജനങ്ങൾ ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്. പണ്ടത്തെയും ഇന്നത്തെയും സന്മാർഗ്ഗത്തിൻെറ പ്രതിമാനങ്ങൾ ഒന്നു താരതമ്യപ്പെടുത്തിനോക്കുന്നതായാൽ ലോകത്തിലെവിടെയും സന്മാർഗ്ഗനിഷ്ഠ, ക്രമപ്രവൃദ്ധമായി ഉയർന്നുവരികയാണെന്നാണു് കാണുക.

### ഒരു കത്തോലിക്കാപുരോഹിതൻ

നാലു നൂററാണ്ടുകൾക്കുമുമ്പു് ഇററലിയിലെ ക്രൈസ്തവലോകത്തെ അസാന്മാർഗ്ഗികജീവിതത്തിൽനിന്നു നിവർത്തിപ്പിക്കുവാൻ ഏററവും സഫലമായി പ്രവർത്തനം നടത്തിയ ഒരു കത്തോലിക്കാപുരോഹിതസന്യാസിയാണു് ഗിരൊലാമോ സാവൊനരോല (Girolamo Savonarola).

അദ്ദേഹം 1452 സെപ്തംബർ 21-ാംനു- മിഖേൽ സാവൊനരോലയുടെ തൃതീയപുത്രനായി ജനിച്ചു. പിതാമഹൻ വിജയശ്രീലാളിതനായ ഒരു ഭിഷഗ്വരനായിരുന്നു. പഠിക്കാനുള്ള തീക്ഷ്ണവാഞ്ഛയും കൂർത്ത ബുദ്ധിയും ബാലനായ ഗിരൊലാമോയിൽ കണ്ടിട്ടു പിതാമഹൻ ആ ബാലനെ ഭൈഷജ്യശാസ്ത്രവും അദ്ധ്യാത്മതത്ത്വവും പഠിപ്പിക്കാൻ ഏപ്പാടുചെയ്തു. ദത്താവധാനനായി അവ രണ്ടും പഠിച്ചുകൊണ്ടിരുന്ന കാലത്തു് (അന്നു ഗിരൊലാമോയ്ക്കു 22 വയസ്സാണു്) ഒരിക്കൽ ഗിരൊലാമോ തൻെറ ജന്മസ്ഥലമായ ഫെറാരാ (Ferrara) പട്ടണത്തിൽനിന്നു ഫീൻസ്സാ (Faenza) പട്ടണത്തിലേയ്ക്കു പോവുകയായിരുന്നു. മാർഗ്ഗമദ്ധ്യേ ഒരഗസ്റ്റിനിയൻസംന്യാസി സന്മാർഗ്ഗവിരുദ്ധജീവിതങ്ങളിൽനിന്നു പശ്ചാത്തപിച്ചു പിൻതിരിയാൻ പൊതുജനങ്ങളെ ആഹ്വാനംചെയ്തു പ്രസംഗിക്കുന്നതു കേട്ടു. ആ പ്രസംഗം ഗിരൊലാമോയുടെ ഹൃദയത്തിൽ ശക്തിയോടേ പതിഞ്ഞു. ലൗകികമായ തൻെറ ഭാവിവിജയത്തെ ഉപേക്ഷിച്ചു ജനസാമാന്യത്തെ വ്യഭിചാരംമുതലായ ദുർവൃത്തികളിൽ നിന്നുദ്ധരിക്കാൻവേണ്ടി ജീവിതം നയിക്കാൻ ഗിരൊലാമോ നിശ്ചയിച്ചു പിതാമഹനെയോ മാതാപിതാക്കളെയോ അറിയിക്കാതെ വൈദ്യശാസ്ത്രപഠനമുപേക്ഷിച്ചു് ഒരു ഡൊമിനിക്കൻ സംന്യാസാശ്രമത്തിൽ പ്രവേശനാത്ഥിയായി ചേന്നു.

### സദാചാരപ്രാസംഗികൻ

അദ്ദേഹത്തിൻെറ തീക്ഷ്ണവും വാചാലവുമായ സന്മാർഗ്ഗോപദേശപ്രസംഗങ്ങൾ 1489-ൽ പൊതുജനശ്ര

ദ്ധയെ ആകർഷിച്ചു. ഇററലിയിൽ ഉന്നതന്മാരായ പൗരജനങ്ങളുടെയും പുരോഹിതന്മാരുടെയും ജീവിതത്തിൽ വ്യാപിച്ചിരുന്ന ഉഗ്രമായ വ്യഭിചാരപ്രവണതകഠം അദ്ദേഹത്തിൻെറ പരസ്യപ്രഭാഷണങ്ങഠംക്കു ശരവ്യമായി.

തൻെറ പ്രവൃത്തി അദ്ദേഹം ആരംഭിച്ചതു് ഇററലിയുടെ മധ്യപ്രദേശമായ ഫ്ലോറൻസ് (Florence)സംസ്ഥാനത്തിലാണു്. അന്നതു മൂന്നലക്ഷം ജനസംഖ്യയും സുപ്രസിദ്ധങ്ങളായ അനേകം പള്ളികളും സംന്യാസിനീസംന്യാസിമഠങ്ങളുമുള്ള ഒരു സ്വതന്ത്രസംസ്ഥാനമായിരുന്നു. 1490 ആയപ്പോഴേയ്ക്കും അദ്ദേഹത്തിൻെറ പ്രവത്തനം വളരെ വിജയകരമായി പുരോഗമിച്ചു. ഫ്ലോറൻസ് മുഴുവനുംതന്നെ അദ്ദേഹത്തിൻെറ ധമ്മോപദേശപ്രഭാഷണങ്ങഠം കേഠംക്കാൻ തടിച്ചുകൂടുമായിരുന്നു.

1491-ൽ അദ്ദേഹം അവിടത്തെ പ്രസിദ്ധികേട്ട സാൻമാക്കോ (San Marco) സംന്യാസാശ്രമത്തിൻെറ അധിപൻ (Prior) ആയി ഉയന്നു. അദ്ദേഹം ആധിപത്യം ഏറെറടുത്തതിനുശേഷം ഈ ആശ്രമത്തിലെ അംഗങ്ങളുടെ എണ്ണം 50-ൽനിന്നു് 238 ആയി വദ്ധിച്ചു. അവരിൽ പലരും ഫ്ലോറൻസിലെ ഏററവും കുലീനകുടുംബാംഗങ്ങളായിരുന്നു. ആ രാജ്യക്കാരെല്ലാം സാവൊനരോലയെ ഒരു പ്രവാചകനായാണു് ആദരിച്ചതു്.

## പോപ്പ് അലക്സാണ്ടർ ആറാമൻ

അന്നു റോമാസിംഹാസനത്തിൽ വാണിരുന്ന പോപ്പ് അലക്സാണ്ടർ ആറാമനും അദ്ദേഹത്തിൻെറ ആലോ

ചനസഭ (Curia)യിലെ അംഗങ്ങളായ കർദ്ദിനാൾമാരും നഗ്നമായ വ്യഭിചാരജീവിതത്തിനു കുപ്രസിദ്ധരായിരു ന്നു. അവരുടെ ജീവിതവൈകല്യങ്ങളെ സാവൊനരോല 1493-ൽ തന്റെ പ്രസംഗങ്ങളിൽ കർക്കശമായി വിമ ർശിക്കാൻ തുടങ്ങി.

അലക്സാണ്ടർ ആറാമൻ പോപ്പായി വാണതു് 1492 മുതൽ 1508 വരെ പതിനൊന്നു വർഷങ്ങളാണു്. ഇററലിയിലെ ബോർജിയ (Borgia) എന്ന ശ്രുതിപ്പെ ട്ട പ്രഭുകുടുംബാംഗമായിരുന്നു അദ്ദേഹത്തിന്റെ മാതാ വു്. അലക്സാണ്ടരുടെ അമ്മവഴി ശേഷത്തിൽ ഒരമ്മാവ നായിരുന്നു 1455-ൽ പോപ്പായി അവരോധിക്കപ്പെട്ട കലിക്സ്റ്റസ് മൂന്നാമൻ. അദ്ദേഹം അലക്സാണ്ടരെ വ ത്തിക്കാനിൽ തന്റെ അന്തേവാസിയായി സ്വീകരിച്ചു. വലിയ വരുമാനമുള്ള പല സ്ഥാനങ്ങളും ഒന്നിനു പിറ കെ മറെറാന്നായി അലക്സാണ്ടർക്കു കലിക്സ്റ്റസ് മൂന്നാ മൻ നല്കി. 1456-ൽ, അലക്സാണ്ടർക്കു (25 വയസ്സുള്ള പ്പോൾ) കർദ്ദിനാൾസ്ഥാനം ലഭിച്ചു. 1457-ൽ അലക്സാ ണ്ടറെ ക്യൂറിയയുടെ വൈസ് ചാൻസലർ ആക്കി. 1492-ൽ പോപ്പ് ഇന്നൊസെൻറ് എട്ടാമൻ കാലംചെ യ്തപ്പോൾ പോപ്പ്സ്ഥാനത്തിനു് അർത്ഥിയായി അല ക്സാണ്ടർ നിന്നു. സ്വന്തം ഒരു വോട്ടിന്റെ കൂടുതൽകൊ ണ്ടു കഷ്ടിച്ചാണു് അദ്ദേഹം വിജയിയായതു്. ആ വിജ യം അദ്ദേഹത്തിന്റെ കൈക്കൂലിയുടെയും കുമന്ത്രണത്തി ന്റെയും ഫലമാണെന്നു പറയപ്പെടുന്നു. ബ്രഹ്മചാരി എ ന്നു കരുതപ്പെട്ടിരുന്ന അലക്സാണ്ടർക്കു്, പോപ്പായി തിര

ഞെതടുക്കപ്പെടുന്നതിനുമുമ്പു്, മൂന്നു പുത്രന്മാരും ഒരു പുത്രിയും വിവാഹബന്ധംകൂടാതെ പിറന്ന സന്താനങ്ങളായുണ്ടായിരുന്നു. ആ സന്താനങ്ങൾക്കു വമ്പിച്ച സ്വത്തു കൊടുത്തു് അവരെ പ്രഭു സ്ഥാനികളാക്കാനായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ യത്നം. വത്തിക്കാന്റെ വകയായ പ്രദേശങ്ങളിൽ പലതിന്റെയും അനുഭവാവകാശങ്ങളാൽ പല പ്രഭുകുടുംബങ്ങൾ ഉന്നതിയും പ്രാബല്യവും പ്രാപിച്ചിരുന്നു. അവരുടെ കൈവശമിരുന്ന പ്രദേശങ്ങളെല്ലാം ബലമായി പോപ്പ് കൈവശപ്പെടുത്തി.

ഒരു ഭോജനോത്സവത്തിൽ അതിഥിയായിരുന്ന ഒരു കർദ്ദിനാൾക്കു കൊടുക്കാനായി തന്റെ നിർദ്ദേശാനുസരണം വിഷം കലക്കിവെച്ച ഒരു ഗ്ലാസ്സ് വീഞ്ഞു് അബദ്ധത്തിൽ താൻതന്നെ കുടിച്ചുപോയതാണു് അലക്സാണ്ടരുടെ മരണകാരണമെന്നു പറയുന്നുണ്ടു്. എന്നാൽ കത്തോലിക്കസഭയുടെ അനുമതി(Imprimatur)യോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ള അധികൃതചരിത്രത്തിൽ പറയുന്നതു്, മുൻപറഞ്ഞ ഭോജനോത്സവം 1503 ആഗസ്റ്റ് 6-ാംനു നടന്നതു്, കെട്ടിടത്തിനു വെളിയിൽ തുറന്ന സ്ഥലത്തുവെച്ചു രാത്രിയിലാണു്, അന്നു കഠിനതണുപ്പുണ്ടായിരുന്നു, 12-ാംനുയാണു് പോപ്പ് ശയ്യാവലംബിയായതു്, 18-ാംനു മരിച്ചു, അതു റോമൻപനി (Roman fever)യാലായിരുന്നു എന്നൊക്കെയാണു്.

## ഇരുന്നൂററിരുപതു കൊലകൾ

ഈ അധികൃതചരിത്രത്തിൽ പോപ്പ് അലക്സാണ്ടർ ആറാമന്റെ സ്വഭാവത്തെപ്പററിയും പെരുമാററത്തെപ്പ

ററിയും പറയുന്ന ഏതാനും ഭാഗം ഇവിടെ പകത്തിക്കൊള്ളുന്നു:

"അലക്സാണ്ടർ ആറാമൻ ഒരു ചീട്ടുകളിഭ്രാന്തനായിരുന്നു. നാടകങ്ങൾ കാണാനുള്ള അദ്ദേഹത്തിൻെറ അളവററ ഭ്രമംമൂലം നാടകകലയ്ക്കു വലിയ പ്രോത്സാഹനം ലഭിച്ചിട്ടുണ്ടു്. അദ്ദേഹം സംഗീതജ്ഞനായിരുന്നില്ലെങ്കിലും സംഗീതം അദ്ദേഹത്തെ പ്രലോഭിപ്പിച്ചിരുന്നു. അക്കാലത്തു യൂറോപ്പിലുണ്ടായിരുന്ന ഏററവും വലിയ ധനവാന്മാരിൽ ഒരാളായിത്തീൻ അദ്ദേഹം. ലോകത്തെ മുഴവൻ കോരിചോജ്ജ്വലനംകൊള്ളിക്കാൻമാത്രം കുത്സിതമായിരുന്നു, ആർച്ച് ബിഷപ്പും വൈസ് ചാൻസലറുമായിരുന്നപ്പോൾ അദ്ദേഹം 29-ാംവയസ്സിൽ സീന (Siena) ഭദ്രാസനത്തിൽവെച്ചു നടത്തിയ വ്യഭിചാരം. 1470-ൽ 39 വയസ്സുള്ളപ്പോൾ ഒരു റോമൻകുലാംഗനയായ വനോസ്സ കററാനി(Vanozza Catanei)യുമായി അദ്ദേഹം രഹസ്യവേഴ്ച ആരംഭിച്ചു. വനോസ്സയിലാണു് അലക്സാണ്ടക്കു നാലു മക്കളുണ്ടായതു്.

"അലക്സാണ്ടർ സിംഹാസനസ്ഥനായതിനെ തുടന്നു റോംപ്രദേശത്തു 220 രഹസ്യക്കൊലകൾ നടന്നു. അവയെപ്പററി അന്വേഷണം നടത്തി കണ്ടുപിടിക്കപ്പെട്ട കുററക്കാരെ കണ്ടുപിടിക്കപ്പെട്ട സ്ഥലത്തുവെച്ചുതന്നെ പോപ്പിൻെറ കല്പനപ്രകാരം തത്ക്ഷണം തൂക്കിക്കൊന്നുകളയുകയും അവരുടെ ഗൃഹങ്ങൾ ഇടിച്ചുപൊളിച്ചു നിലംപരിശാക്കിക്കളയുകയും ചെയ്തു.

"ആർച്ച്ബിഷപ്പും കർദ്ദിനാളുമായിരുന്നപ്പോൾ ഉണ്ടായിരുന്ന ദുർന്നടപടികളെല്ലാം പോപ്പായി വാഴിക്കപ്പെട്ടതിനുശേഷവും അദ്ദേഹം തുടർന്നുകൊണ്ടിരുന്നു. അളവററതായിരുന്നു തന്റെ ജാരസന്താനങ്ങളോട് അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യം. മകളെ അദ്ദേഹം സ്പെയിനിലെ ഒരു മഹാപ്രഭുവിനെക്കൊണ്ടാണ് വിവാഹംചെയ്യിപ്പിച്ചത്. ഒരു മകനു സ്പെയിനിലെ രാജാവുമുഖാന്തരം വലിയ ഒരു പ്രഭുവിന്റെ സംസ്ഥാനം അങ്ങനെത്തന്നെ വിലയ്ക്കു വാങ്ങിക്കൊടുത്തു. മകൻ സീസറിനെയാണ് അലക്സാണ്ടർ പൗരോഹിത്യത്തിൽ തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തത്. ഒരു ജാരജാതനു പൗരോഹിത്യം നല്കാൻ പാടില്ലെന്നാണ് കത്തോലിക്കസഭാനിയമം. സീസറെസ്സംബന്ധിച്ച് ആ നിയമത്തിൽനിന്നുള്ള ഒഴിവു പോപ്പ് ഇന്നൊസെന്റ് എട്ടാമനെക്കൊണ്ടു നല്കിച്ച് സീസറെ ഒരു ബിഷപ്പാക്കിയിരുന്നു.

"പോപ്പ് അലക്സാണ്ടരുടെ കിരീടധാരണം നടന്ന് ഒരാഴ്ചയ്ക്കുള്ളിൽ അന്നു പതിനെട്ടുവയസ്സുമാത്രം പ്രായമുള്ള സീസറെ ആർച്ച്ബിഷപ്പായി ഉയർത്തി. എല്ലാററിലും ഇളയ പുത്രനെയും ഒരു ബിഷപ്പാക്കി സ്പെയിനിൽ ഒരു മെത്രാസനമിടവക നല്കി അയച്ചു.

"പുത്രിയുടെ വിവാഹം വത്തിക്കാനിൽവെച്ചു പോപ്പിന്റെയും പത്തു കർദ്ദിനാൾമാരുടെയും റോമിലെ പ്രമുഖപ്രഭ്വിമാരുടെയും പ്രഭുക്കന്മാരുടെയും കലീനകളായ മററനേകം മഹിളാമണികളുടെയും സാന്നിധ്യത്തിലാ

ണു് നടത്തിയതു്. ആ വിവാഹാഘോഷാവസരത്തിൽ വത്തിക്കാനിൽ നടന്ന മദ്യപാനകോലാഹലങ്ങളും വെറിക്കൂത്താട്ടങ്ങളും വത്തിക്കാന്റെ മാന്യതയ്ക്കു മാലിന്യം വരുത്തുന്നവയായിരുന്നു.

"പോപ്പിന്റെ പുത്രൻ സീസർ 1493 സപ്തെംബർ 20-ാംനു കർദ്ദിനാൾസ്ഥാനം നല്കി. തന്റെ അധികാരത്തിലോ സ്വാധീനത്തിലോ ഉള്ള ലൗകികമോ ആധ്യാത്മികമോ ആയ എല്ലാ ഉദ്യോഗങ്ങളും ലജ്ജാവഹമായ വിധം വിലയ്ക്കു വില്ക്കുകയാണു് പോപ്പു ചെയ്തിരുന്നതു്.

"പോപ്പിന്റെ പുത്രനും കർദ്ദിനാളുമായിരുന്ന സീസർ ഗൃഹജീവിതം നയിക്കാൻവേണ്ടി കർദ്ദിനാൾസ്ഥാനം സ്വയം ത്യജിച്ചു ഫ്രാൻസിലെ രാജാവായ ലൂയിയുടെ ഒരു ഭാഗിനേയിയെ വിവാഹം ചെയ്തു.

"താൻ നേടിയെടുത്ത പ്രദേശങ്ങൾ സന്ദർശിക്കാൻ പോപ്പ് 1494 ജൂലായി 27-ാംനു റോമിൽനിന്നു പുറപ്പെട്ടു. തന്റെ അസാന്നിധ്യത്തിൽ പരിശുദ്ധസിംഹാസനത്തിന്റെ ഔദ്യോഗികമായ സാധാരണപ്രവൃത്തികൾ നടത്തുന്നതിന്നു 23 വയസ്സുള്ള വിധവയായ മകളെയാണു് പോപ്പ് നിയമിച്ചതു്.

"പോപ്പ് പിന്നീടവളെ പുനർവിവാഹം ചെയ്തുകൊടുത്തു. മൂന്നാമതും അവളുടെ പുനർവിവാഹം വേണ്ടിവന്നു. അതു മുൻവിവാഹങ്ങളെക്കാൾ കൂടുതൽ ആഡംബരത്തോടെ വത്തിക്കാനിൽവെച്ചുതന്നെയാണു് നടത്തിയതു്."

"ഞാൻ ഒരു കത്തോലിക്കനും അസത്യത്തെ വെറുക്കുന്ന ദൈവത്തിൻെറ അനുചരനുമാണു്. അപമാനകരമായ സത്യം പറയുന്നതുകൊണ്ടുള്ള കെടുതിയും അനത്ഥവും കാണാനേ നമ്മുടെ ബലഹീനമായ കണ്ണുകൾക്കു കഴിയൂ. അത്തരം സത്യം വെളിപ്പെടുത്തുന്നതുകൊണ്ടും പ്രയോജനമുണ്ടു്. ആ പ്രയോജനത്തെ നാം കാണുന്നില്ലെന്നേയുള്ളൂ. എന്നാലും സത്യം നാം ധീരതയോടെ പറയുകതന്നെ വേണം" എന്ന കത്തോലിക്കചരിത്രകാരൻെറയും "സഭയ്ക്കു് .ഒതിൻെറ മക്കളുടെയും ചിലപ്പോൾ പുരോഹിതരുടെയും അപരാധങ്ങളാൽ സഹിക്കേണ്ടിവന്നിട്ടുള്ള ക്ലേശങ്ങളെ കത്തോലിക്കചരിത്രകാരൻ മറച്ചുവെച്ചിട്ടു കാര്യമില്ല" എന്ന പോപ്പു് ലിയോ പതിമൂന്നാമൻെറയും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണു് പോപ്പു് അലക്സാണ്ടർ ആറാമൻെറ അധികൃതമായ ചരിത്രകഥനം സമാപിച്ചിട്ടുള്ളതു്.

അധികൃതചരിത്രംകൂടാതെ ഏതൊരു ചരിത്രമോ എൻസൈക്ലോപീഡിയയോ നോക്കിയാലും പോപ്പു് അലക്സാണ്ടർ ആറാമൻെറ വ്യഭിചാരപൂർണ്ണവും അധമ്മ്യവുമായ ജീവിതത്തെപ്പററി അറിയാവുന്നതാണു്. സാവൊനരോല അപലപിച്ച പോപ്പിൻെറയും കർദ്ദിനാൾമാരുടെയും യഥാത്ഥനടപടികൾ ഏതു തരമായിരുന്നു എന്നു കാണിക്കാനാണു് അധികൃതചരിത്രത്തിൽ നിന്നുതന്നെ ഇത്രയും ഉദ്ധരിച്ചതു്.

### ദൈവപ്രബോധിതനായ പ്രവാചകൻ

ക്രൈസ്തവജനതയെ ദുർവൃത്തികളിൽനിന്നു പിൻതിരിപ്പിക്കാനുള്ള ആവേശത്തള്ളലിൽ താൻ ദൈവപ്ര

ബോധിതനായ ഒരു പ്രവാചകനാണെന്നു സാവൊനരോല അവകാശപ്പെടുകയും രാജ്യത്തിനു വരാനിരിക്കുന്ന ദൈവകോപത്തെപ്പററി മുന്നറിവു നല്കുയുമുണ്ടായി.

അധികം താമസിയാതെ, 1494-ൽ, ഫ്രാൻസിലെ രാജാവു ഫ്ലോറൻസിനെ ആക്രമിക്കുകയും ഫ്ലോറൻസ് വാണിരുന്ന മെഡിസി(Medici)കുലത്തെ രാജ്യത്തുനിന്നോടിച്ചുകളയുകയും ചെയ്തു. അതോടെ സാവൊനരോലയുടെ പ്രവചനം കണിശമായി ഫലിച്ചു എന്നും അദ്ദേഹം ഒരു ദിവ്യപ്രവാചകൻതന്നെയാണെന്നും ജനത പൂർണ്ണമായി വിശ്വസിച്ചു. മെഡിസികുടുംബത്തിൻെറ തിരോധാനത്തിനും ഫ്രഞ്ചുരാജാവിൻെറ തിരിച്ചുപോക്കിനും ശേഷം ഫ്ളോറൻസിൽ പൗരോഹിത്യക്കോയ്മയോടുകൂടിയ ഒരുതരം വിചിത്രമായ ജനാധിപത്യഭരണമാണ് സ്ഥാപിതമായതു്. അതു സാവൊനരോലയുടെ പ്രമാണങ്ങളിൽ അധിഷ്ഠിതമായിരുന്നു. ക്രിസ്തുവാണ് ഫ്ളോറൻസിലെ രാജാവു്. ഭരണം നടത്താൻ ഒരു പൗരപ്രതിനിധിസഭ രൂപീകരിക്കപ്പെട്ടു. സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിനു ക്രിസ്തുവിൻെറ നിയമം അടിസ്ഥാനമാക്കി. ഭരണപരമായ ഒരു കാര്യത്തിലും സാവൊനരോല ഇടപെട്ടില്ല. എന്നാൽ അദ്ദേഹത്തിൻെറ ആശയങ്ങളും ശാസനകളുമാണ് ഭരണസമിതിക്ക് എപ്പോഴും മാർഗ്ഗദർശകമായിരുന്നതു്. രാജ്യത്തു മുഴുവൻ സാന്മാർഗ്ഗികജീവിതം ആവിർഭവിച്ചു. സദാചാരം കണിശമായി പാലിക്കപ്പെട്ടു.

ചൂതുകളിക്കുന്ന പകിട, ചീട്ടു്, സ്ത്രീകളെ മോഹിനികളാക്കുന്ന ആഭരണം, അലങ്കാരം, സൗന്ദര്യധാമങ്ങ

ളുടെ പടം, അക്രൈസ്തവരുടെയും അധമ്മികളുടെയും ഗ്രന്ഥങ്ങൾ ആദിയായവ നശിപ്പിച്ചുകളയാനായി അവയെ ജനങ്ങൾ സ്വയം സാവൊനരോലയുടെ ആശ്രമത്തിൽ കൊണ്ടുവന്നു സമപ്പിച്ചിരുന്നു. വീടുവീടാന്തരം ചെന്നു് ആവക സാധനങ്ങൾ ശേഖരിച്ചു കൊണ്ടുവരുവാൻ അദ്ദേഹം ഒരു സഹോദരസംഘം (Brotherhood) സ്ഥാപിച്ചു. ആശ്രമത്തിൽ ആവക സാധനങ്ങൾ കുന്നുകൂട്ടി നിത്യവും പരസ്യമായി ദഹിപ്പിക്കുകയായിരുന്നു പതിവു്.

## സമൺസ്

താൻ ഒരു പ്രവാചകനാണെന്നു സാവൊനരോല സ്വയം അവകാശപ്പെട്ടതു് അദ്ദേഹത്തെ ധ്വംസിക്കാൻ ഒരു കാരണമായി പോപ്പു് കണക്കാക്കി. മേലാൽ സാവൊനരോല ഒരിടത്തും പ്രസംഗിച്ചുപോകരുതെന്നും വിചാരണയ്ക്കായി അദ്ദേഹം 1495 ജൂലായ് 25-ാംനു- വത്തിക്കാനിൽ ഹാജരാകണമെന്നും പോപ്പു് ഒരു കല്പനയയച്ചു. റോമിലേയ്ക്കു ചെല്ലുന്നതു് അപായകരമായിരിക്കമെന്നുള്ള ബോധംകൊണ്ടു യാത്രയ്ക്കു വേണ്ട ദേഹസുഖമില്ലെന്നു് ഒഴികഴിവു പറഞ്ഞു് അദ്ദേഹം റോമിലേയ്ക്കു പോയില്ല.

പോപ്പിൻെറ നിരോധനാജ്ഞയെ വകവെയ്ക്കാതെ സാവൊനരോല ധമ്മോദ്ബോധനപ്രസംഗങ്ങൾ 1496 ഫെബ്രു്വരിയിൽ പുനരാരംഭിച്ചു. മാത്രമല്ല, വത്തിക്കാനിലും റോമിലും നടമാടിക്കൊണ്ടിരുന്ന ഭയങ്കരമായ സദാചാരവിരുദ്ധകൃത്യങ്ങളെ എടുത്തുപറഞ്ഞു് ഉഗ്രമായി

ഭർത്സിക്കാനും തുടങ്ങി. 1497 മേയ് 12-ാംനു- സാവൊനരോലയ്ക്കു പോപ്പ് മതഭ്രഷ്ട് (Ex-communication) കല്പിച്ചു. അതിനെ നിരാകരിച്ചുകൊണ്ടു സാവൊനരോല ഒരു ലേഖനം ജൂൺ 19-ാംനു- പ്രസിദ്ധപ്പെടുത്തി. ഭ്രഷ്ടിനെ വകവെയ്ക്കാതെ ഡിസംബർ 25-ാംനു- അദ്ദേഹം ക്രിസ്തുമസ്സ് കുർബ്ബാന ചൊല്ലുകയും അനവധി ഭക്തജനങ്ങൾക്കു കുർബ്ബാന (കർത്തൃഭോജനം) നല്കുകയും ചെയ്തു. ഫ്ലോറൻസ്സംസ്ഥാനത്തിലെ ജനസമൂഹത്തിൽ നിലവിലിരുന്ന എല്ലാത്തരം അസാന്മാർഗ്ഗികനടപടികളെയും തുടച്ചുനീക്കി സാവൊനരോല 'ഭൂമയിൽ ദൈവരാജ്യം' സ്ഥാപിക്കുന്ന കാലം ആസന്നമായിരിക്കുന്നു എന്നാണ് അദ്ദേഹത്തിൻെറ അസംഖ്യം അനുയായികൾ കരുതിയതു്.

വധം

വഞ്ചകനും മതദ്രോഹിയുമാണെന്ന കുററം ചുമത്തപ്പെട്ട സാവൊനരോലയെയും അനുചരന്മാരായ രണ്ടു പട്ടക്കാരെയും അറസ്റ്റ്ചെയ്തു ഫ്ലോറൻസിൽവെച്ചു വിധികല്പിച്ചതനുസരിച്ച് 1498 മെയ് 23-ാംനു- തൂക്കിക്കൊന്നു ചുട്ടു ദഹിപ്പിച്ചുകളഞ്ഞു. ആജീവനാന്തം സ്ഥിരതയോടുകൂടിയ ഉത്തമകത്തോലിക്കവിശ്വാസികളായിരുന്നു അവർ എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ഇപ്രകാരമുള്ള വ്യഭിചാരചര്യ ഒരു പോപ്പിൻെറയോ കർദ്ദിനാളിൻെറയോ ശതാബ്ദത്തിൻെറയോ കാലഘട്ടത്തിൻെറയോ പ്രത്യേകദൗർബ്ബല്യമായിരുന്നില്ല.

ഇതിനു് ഒരുനൂററാണ്ടുമുമ്പു് ഒരു കത്തോലിക്കവേദശാസ്ത്രീയായിരുന്ന ബൊഹീമിയാക്കാരൻ ഹസ്സ് (Huss) എന്ന പുരോഹിതനെ, വത്തിക്കാനിലെ അധാൎമ്മികനടപടികളെപ്പററി ആക്ഷേപിച്ചതിനു വിചാരണചെയ്തു വിധിച്ചപ്രകാരം, ജീവനോടെ തീയിലിട്ടു കൊന്നുകളയുകയാണുണ്ടായതു്. ഒന്നാം നൂററാണ്ടിൽ ക്രിസ്തുവിൻെറ സമകാലീനനായിരുന്ന സ്നാപകയോഹന്നാൻ (John the Babtist) അന്നത്തെ രാജാവു് ആൻറിപാസ് (Antipas) സ്വന്തം ഭാൎയ്യയെ ത്യജിച്ചു സ്വസഹോദരഭാൎയ്യയായ ഹിരോദിയസ്സിനെ (Herodias) പരിഗ്രഹിച്ചതു വ്യഭിചാരമാണെന്നും ഹിരോദിയസ്സിൻെറ മകൾ ശലോമി (Salome) വ്യഭിചാരംചെയ്യുന്നെന്നും കുററപ്പെടുത്തി. രാജകല്പനപ്രകാരം സ്നാപകയോഹന്നാൻെറ ശിരസ്സു ഛേദിച്ചെടുത്തു് ഒരു താലത്തിൽ വെച്ചു ശലോമിക്കു കാഴ്ചയായി സമൎപ്പിക്കപ്പെട്ടു. ദൃഷ്ടാന്തങ്ങൾ കൂടുതൽ ഉദ്ധരിച്ചു് ഈ ലേഖനത്തിൻെറ ദൈൎഘ്യം വൎദ്ധിപ്പിക്കുന്നില്ല. പിന്നോട്ടു പിന്നോട്ടു നോക്കുന്തോറും വ്യഭിചാരവും മററു കൃത്യങ്ങളും കൂടുതൽക്കൂടുതൽ സാധാരണമായിരുന്നു എന്നാണു് കാണുക.

കാലപ്രവാഹത്തിൽ മനുഷ്യൻ കരഗതമാക്കിക്കൊണ്ടിരിക്കുന്ന കൂടുതൽ ജ്ഞാനവും ധൎമ്മബോധവും നിമിത്തം ലോകം സദാചാരപരമായി പുരോഗമിച്ചുകൊണ്ടിരിക്കയാണെന്ന യാഥാൎത്ഥ്യം, പണ്ടത്തെയും ഇന്നത്തെയും ചിത്രങ്ങളുടെ താരതമ്യപഠനം നമ്മെ മനസ്സിലാക്കുന്നു.

ഇക്കാലത്തെ പോപ്പുമാരും കർദ്ദിനാൾമാരും പുരോഹിതരും പൗരരും മുമ്പുണ്ടായിരുന്നവരുടെ ദുർന്നടപടികളെ പിൻതുടരുന്നവരല്ല. ആശാസ്യവും ബൃഹത്തുമായ ഈ പരിവർത്തനത്തിനു കാരണം മനുഷ്യകുലം എവിടെയും ഗുണദോഷജ്ഞതയിലും മാനസികസജ്ജീകരണത്തിലും വളർന്നുകൊണ്ടിരിക്കുന്നു എന്നതാണു്.

# പൂർവ്വസ്മരണകളും പുനർജ്ജന്മവും

പ്രേതബാധയിൽ പ്രേതം സംസാരിക്കുന്നതുപോലുള്ള ഒരു ഭാവനാവിലാസപ്രകടനമാണ് പൂർവ്വജന്മസ്മരണകൾ. അതു്, താനേ മാറുന്നതും പ്രേതബാധയോളം സാധാരണമല്ലാത്തതുമായ ഒരുതരം ലഘുമനോവികല്പമാകുന്നു.

സയൻസിൽ പുനർജ്ജന്മവിശ്വാസത്തെ പ്രതിപാദിക്കുന്നതു 'മെററംസിക്കോസിസ്' (Metempsychosis) എന്ന പദത്താലാണ്. ഒരു ശരീരത്തിൽനിന്നു മറെറാരു ശരീരത്തിലേയ്ക്കുള്ള ആത്മാവിൻെറ മാററം എന്നാണ് ആ ഗ്രീക്കുപദത്തിൻെറ അർത്ഥം. മരണാനന്തരം മനുഷ്യാത്മാവു മറെറാരു മനുഷ്യനോ ഏതെങ്കിലും ജീവിയോ ആയി പുനർജ്ജനിക്കുമെന്നുള്ള വിശ്വാസം മനുഷ്യകുലത്തിൻെറ ആവിർഭാവത്തിൽത്തന്നെ ഉണ്ടായിട്ടുള്ളതാണ്. ശിഷ്ടനു കഷ്ടതയും ദുഷ്ടനു് ഉത്കർഷവും സംഭവിക്കുന്നതിനെ ന്യായീകരിക്കാൻ ഏററവും ഫലപ്രദ

മായി ഉതകുന്ന തത്ത്വജ്ഞാനമാണു് പുനർജ്ജന്മസി ദ്ധാന്തം.

**അവലംബമെന്തു്?**

ആത്മാവും ശരീരവും കൂടിയതാണു് മനുഷ്യൻ എന്നതു് ഒരു പൂർവ്വനിർണ്ണീതവസ്തുതയായി അനാദികാലം മുതൽ മനുഷ്യവർഗ്ഗം സ്വീകരിച്ചുകഴിഞ്ഞിരുന്നു. "ഇല്ലായ്മയിൽനിന്നു് ഒന്നും സൃഷ്ടിക്കുക സാധ്യമല്ല, ഉള്ളതിന്നു് അവസ്ഥാന്തരപ്രാപ്തിയല്ലാതെ നിർമ്മൂലനാശം ഭവിക്കുന്നുമില്ല" എന്ന ശാസ്ത്രീയസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, ശരീരം നശിക്കുമ്പോൾ അതിലെ ആത്മാവു മറ്റൊരു ശരീരത്തിൽ പുനരധിവാസം ചെയ്യുന്നു എന്നതാണു് പുനർജ്ജന്മസിദ്ധാന്തത്തിലെ ന്യായവാദം.

ഈ ന്യായവാദവും, ചില കാലങ്ങളിൽ ചിലേടത്തു് അപൂർവ്വമായി ചില ബാലികാബാലന്മാർ (ബാലികാബാലന്മാരാണു് ബഹുഭൂരിപക്ഷവും) നല്കിയിട്ടുള്ള പൂർവ്വജന്മസ്മരണകളും മാത്രമേ പുനർജ്ജന്മവിശ്വാസത്തിനു് അവലംബമായിട്ടുള്ളു. മരിക്കുമ്പോൾ ആത്മാവു് അവശേഷിക്കുന്നുവെന്ന കൈരാതികഭാവനയുടെ ഒരനുഗതതത്ത്വമായിട്ടാണു് പുനർജ്ജന്മസിദ്ധാന്തം ഉണ്ടായിട്ടുള്ളതു്.

ലോകം മുഴുവനും വ്യാപിച്ച് വിലസിച്ചിരുന്നതാണു് പുനർജ്ജന്മവിശ്വാസം. അതു പ്രാകൃതസമുദായങ്ങളിൽ പൊതുവെയും ചില പരിഷ്കൃതസമുദായങ്ങളിൽ ഇന്നും ചില രീതികളിൽ നിലനില്ക്കുന്നുണ്ടു്.

മനുഷ്യൻ മരിച്ചാൽ അവൻെറ ആത്മാവു കടലിലും കരയിലും അന്തരീക്ഷത്തിലുമുള്ള എല്ലാത്തരം ജീവികളിലും അനുക്രമം പുനർജ്ജനിച്ച് കട്ടവിൽ ആദ്യത്തെ മനുഷ്യശരീരത്തിൽത്തന്നെ വീണ്ടും പ്രവേശിക്കുന്നുവെന്നാണു് പുരാതനകാലത്തു് ഈജിപ്തുകാർ വിശ്വസിച്ചിരുന്നതു്. അങ്ങനെ മരിച്ച മനുഷ്യൻെറ ആത്മാവു മറ്റു ജീവികളിൽ ജനിച്ചു ജീവിച്ചു വട്ടമെത്തിയശേഷം ആദ്യമനുഷ്യശരീരത്തിൽ പുനഃപ്രവേശിക്കുന്നതിനു സത്കർമ്മദുഷ്കർമ്മങ്ങളുടെ ആക്കത്തുക്കമനുസരിച്ചു കുറഞ്ഞതു 3000 വും കൂടിയതു് 10,000 വും കൊല്ലം വേണമെന്നുള്ളതായിരുന്നു അവരുടെ കണക്കു്. ആ കണക്കനുസരിച്ചു് 10,000 വർഷം നിലനില്ക്കുന്ന വിധത്തിലാണു് ഈജിപ്തിലെ രാജാക്കന്മാരായ ഫറവോമാരുടെ മൃതശരീരത്തെ മമ്മികളാക്കി പിരമിഡുകളിൽ സൂക്ഷിച്ചിട്ടുള്ളതു്.

യഹൂദരും പുനർജ്ജന്മവിശ്വാസത്തിൽനിന്നു വിമുക്തരായിരുന്നില്ല. സുകൃതത്തെക്കാൾ കൂടുതൽ ദുഷ്കൃതം ചെയ്തിട്ടുണ്ടെങ്കിൽ അയാൾ മനുഷ്യനിലും താണ ഒരു ജീവിയായി പുനർജ്ജനിക്കുമെന്നായിരുന്നു പുരാതനയഹൂദരുടെ വിശ്വാസം.

പരിഷ്കൃതമതങ്ങളിൽ ഹിന്ദുമതവും ബുദ്ധമതവും മാത്രമേ ഇന്നും പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നവയായുള്ളു. വേദങ്ങളിൽ പുനർജ്ജന്മവിശ്വാസമില്ലെങ്കിലും അതു പിന്നീടു ബ്രാഹ്മണമതത്തിൻെറ ഒരടിസ്ഥാനപ്രമാണമായിത്തീർന്നു. അപ്രകാരമാണു് അതു് ഇന്നും ഇന്ത്യ

യിൽ നിലനില്ക്കുന്നതു്. ലോകത്തിലുള്ള എല്ലാ കിരാതവർഗ്ഗങ്ങളുടെയും മതങ്ങളിൽ (Animisms) ഈ വിശ്വാസമുണ്ടു്. ചില കാട്ടുജാതിക്കാരുടെയിടയിൽ പ്രസവത്തിനുമുമ്പു് ഏതു പൂർവ്വികനാണു് തന്റെ ശിശുവായി ജനിക്കാൻ പോകുന്നതെന്നു പ്രസവിക്കുന്ന സ്ത്രീക്കു വെളിപാടുണ്ടാകുക പതിവാണു്.

ഗ്രീസിന്റെ സുവർണ്ണദശയിലെ തത്വജ്ഞാനികളായിരുന്ന പൈത്തഗോറസ്സും പ്ലാറ്റോയും പുനർജ്ജന്മതത്വത്തെ അംഗീകരിച്ചിരുന്നവരാണു്.

## ക്രിസ്തുമതത്തിൽ

ക്രൈസ്തവരുടെ ഇടയിൽ പുനർജ്ജന്മവിശ്വാസം ആദ്യശതകങ്ങളിൽ ധാരാളമുണ്ടായിരുന്നു. 18-ാംനൂററാണ്ടിൽപ്പോലും പുനർജ്ജന്മവിശ്വാസത്തെ അനുകൂലിച്ചിരുന്ന ക്രൈസ്തവപ്രമാണികളായിരുന്നു, ജർമ്മൻകാരനായ ലെസ്സിംഗ്(Lessing), ഫ്രഞ്ചുകാരനായ ഫൗറിയർ (Fourier), ഇംഗ്ലീഷ്കാരനായ ജെനിൻസ് (Jenyns) മുതലായവർ. 19, 20 നൂററാണ്ടുകളിലെ ശാസ്ത്രീയപരിശോധനകളുടെയും പരീക്ഷണങ്ങളുടെയും പുരോഗതിയുടെ വെളിച്ചത്തിൽ, അനശ്വരമോ പുനർജ്ജനിക്കത്തക്കതോ ആയ ഒരാത്മാവു് മനുഷ്യനിലില്ലെന്നും പുരാതനകാലംമുതൽ ഇന്നുവരെ ആത്മാവെന്നു വ്യവഹരിക്കപ്പെടുന്നതു മനുഷ്യമനസ്സിന്റെ അസാധാരണങ്ങളും ദുർഗ്രഹങ്ങളുമായ അബോധപ്രതിഭാസങ്ങളാണെന്നും തെളിഞ്ഞിട്ടുണ്ടു്.

അനശ്വരമായ ആത്മാവിന്റെ അസ്തിത്വം ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടാൽമാത്രമേ പുനർജ്ജന്മസിദ്ധാന്തത്തിനു നിലയുള്ളൂ. എങ്കിലും എല്ലാ ആധുനികമതങ്ങളും ആത്മാവിൽ അടിസ്ഥാനപ്പെട്ടവയാകയാൽ ആത്മാവില്ലെന്ന ശാസ്ത്രീയാനുമാനത്തിന്നു് അതർഹിക്കുന്ന അംഗീകാരവും പ്രകാശനവും സിദ്ധിക്കുന്നില്ല. അതുകൊണ്ടാണു് ഇന്നും ആത്മാവിലും പുനർജ്ജന്മത്തിലും വിശ്വസിക്കുന്നവരായി ധാരാളം പേരുള്ളതു്.

## സ്വർണ്ണലത

ആധുനികകാലത്തു് ഇന്ത്യയിൽ ഏറ്റവും പ്രധാനമായിട്ടുണ്ടായ പൂർവ്വജന്മസ്മരണ സ്വർണ്ണലതയുടേതാണു്. 10 വയസ്സുള്ള സ്വർണ്ണലത എന്ന ബാലിക തന്റെ രണ്ടു പൂർവ്വജന്മങ്ങളിലെ സ്മരണകളെ വിവരിച്ചതു ക്രോഡീകരിച്ചു ‘നിർമ്മൽനീരദ്’’ എന്നൊരു ലേഖകൻ ‘സൺഡേ സ്റ്റാൻഡേർഡ്’’ മുതലായ ഇന്ത്യയിലെ പല ഇംഗ്ലീഷ്പത്രങ്ങളിലും ഒരു സുദീർഘലേഖനം എഴുതിയിരുന്നു. പ്രസ്തുതലേഖനത്തിന്റെ വിവർത്തനം മലയാളപത്രങ്ങൾ മിക്കതും പ്രസിദ്ധംചെയ്തിട്ടുണ്ടു്.

“പുനർജ്ജന്മസിദ്ധാന്തത്തിൽ വിശ്വസിക്കാത്തവരുടെ നേർക്കു സ്വർണ്ണലത ഒരു വെല്ലുവിളി എറിഞ്ഞുകൊടുത്തിരിക്കയാണു്” എന്ന ഉദ്ഘോഷത്തോടെയാണു് നിർമ്മൽനീരദ് ലേഖനമാരംഭിച്ചിട്ടുള്ളതു്.

“പുനർജ്ജന്മമില്ലെന്നു ശഠിക്കുന്ന യുക്തിവാദികൾ ഇതിനു സമാധാനം പറയുമോ?” എന്നാണു് പ്രസ്തുത

ലേഖനത്തിന്നു് ഒരു മലയാളപത്രം കൊടുത്തിരുന്ന തലക്കെട്ടു്.

ചൗന്ദസി എന്ന സ്ഥലത്തു് ഒരു വൈശ്യകുടുംബത്തിലെ ഒരു പെൺകുട്ടി തന്റെ രണ്ടു പൂർവ്വജന്മങ്ങളെപ്പററി വിവരണം നല്കുന്ന ഒരത്ഭുതബാലികയായിത്തീൎന്ന ഒരു പത്രവാൎത്തയുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു ജന്മങ്ങളിലും താൻ സ്ത്രീതന്നെയായിരുന്നെന്നും അടുത്തു കഴിഞ്ഞ ജന്മത്തിൽ ഒരു ബ്രാഹ്മണകുടുംബാംഗമായിട്ടാണു് ജനിച്ചതെന്നും ചേലയ്ക്കു യാദൃച്ഛികമായി തീപിടിച്ചു താൻ വെന്തുമരിക്കുകയാണുണ്ടായതെന്നുമാണു് ആ ബാലിക പറഞ്ഞതു്. തീപിടിച്ച ചേലയുടെ തരവും നിറവുംകൂടി അവൾ പറഞ്ഞുവത്രേ. അന്നത്തെ അവളുടെ മാതാവിനെ അവൾ തിരിച്ചറിഞ്ഞു എന്നും ആ കുടുംബത്തിന്റെ വിവരങ്ങൾ അവൾ ശരിയായി പറഞ്ഞുവെന്നുമാണു് പത്രറിപ്പോർട്ടു്. കഴിഞ്ഞതിന്റെ മുമ്പിലത്തെ ജന്മത്തിൽ മഥുരയിൽ്ലെയ്ക്കു തീവണ്ടിവഴി ഒരു തീൎത്ഥയാത്ര പോയി അവിടെവെച്ചാണു് താൻ മരിച്ചതെന്നും അവൾ പറഞ്ഞു. ആ ജന്മത്തിലെ തന്റെ മകനാണെന്നു പറഞ്ഞു സുരേശ് എന്നൊരുവനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "മോനേ, സുരേശ്, മോൻ ഊണു കഴിച്ചോ?" എന്നു് ആ ബാലിക ചോദിച്ചതും ഒരു തെളിവായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു.

ഇത്തരം ദൃഷ്ടാന്തങ്ങൾ വേറെയും പലതുമുണ്ടു്.

ബാലസഹജമോ വാതോന്മാദപരമോ ആയ ജല്പനങ്ങളിൽ(Prattle)മാത്രമേ ആത്മാവിന്റെ ദേഹാന്തരഗ

മനമാകുന്ന പുനർജ്ജന്മവിശ്വാസത്തിനും ആത്മാവിന്റെ അസ്തിത്വത്തിനുതന്നെയും തെളിവു കണ്ടുപിടിക്കാൻ സാധിക്കുകയുള്ളു.

പുനർജ്ജന്മവിശ്വാസികളുടെ കുടുംബത്തിലെ കുട്ടികളെ ശൈശവത്തിൽത്തന്നെ പ്രസ്തുതവിശ്വാസം ബാധിക്കുക സാധാരണമാണ്. അച്ഛനും അമ്മയും മററുമായി കളിക്കുന്ന കുട്ടികളിൽ ആരെങ്കിലും ലഘുഹിസ്റ്റീരിയാബാധയിൽ പൂർവ്വജന്മത്തിലെ അച്ഛനോ അമ്മയോ ആയി അഭിനയിച്ചുകാണുന്നതിൽ അത്ഭുതകരമായി ഒന്നുമില്ല. ഏതൊരു പൂർവ്വജന്മകഥയും ചെവി വട്ടംപിടിച്ചു കേൾക്കുന്ന വിശ്വാസികൾ ഉടനെ ആ കുട്ടിയെക്കൊണ്ടു കൂടുതൽ കൂടുതൽ പറയിച്ചാണ് തെളിവുകൾ ശേഖരിക്കുന്നതു്. അയൽപക്കത്തോ അയൽനാടുകളിലോ ആ കുട്ടിക്ക് അല്പമെങ്കിലും പരിചയമുള്ളവരായിരിക്കും ആ പുനർജ്ജന്മകഥയിലെ പാത്രങ്ങൾ. അതുകൊണ്ടു് ആ വിവരണങ്ങളിൽ പറയുന്ന വ്യക്തികളിൽ ചിലർ യഥാർത്ഥത്തിൽ ഉള്ളവരാണെന്നു വരുന്നതുതന്നെ അനിഷേധ്യത്തെളിവുകളായി അവർ അംഗീകരിച്ചുകഴിയും. വസ്തുതകളിൽ യോജിക്കാത്തവയെ വിട്ടുകളഞ്ഞു്, യോജിക്കുന്നവയെയും യോജിപ്പിക്കാവുന്നവയെയും തെളിവുകളായി കൊട്ടിഘോഷിക്കയാണവരുടെ പതിവു്.

## പോൾട്ടർഗൈസ്റ്റ്

പ്രേതബാധകൾ എന്നു കരുതപ്പെടുന്ന 'പോൾട്ടർഗൈസ്റ്റ്'(Poltergeist)പ്രതിഭാസങ്ങൾ, ലോകത്തിലെ

വിടെയുമെന്നപോലെ, നമ്മുടെ നാട്ടിലും ഉണ്ടാകാറുണ്ടു്. ചാത്തനുപദ്രവം, പ്രേതബാധ മുതലായവയാണവ. ഒരു പുലയിപ്പെണ്ണിനെ ഒരു നമ്പൂതിരിയുടെ പ്രേതം ബാധിച്ചു് അവൾ നമ്പൂതിരിമാൎക്കു സഹജമായ ഉച്ചാരണവിശേഷത്തോടുകൂടി സംസാരിക്കുക, ഒരു മലയാളിമാപ്പിളപ്പെണ്ണിനെ ഒരു തമിഴന്റെ പ്രേതം ബാധിച്ചു തമിഴിൽ സംസാരിക്കുക മുതലായ സംഭവങ്ങൾ അപൂർവ്വമല്ല. ഈവക ബാധക്കേസ്സുകളിൽ വിശ്വാസപ്രവണതയില്ലാത്ത ശാസ്ത്രജ്ഞന്മാർ സമഗ്രമായ പരിശോധനകൾ നടത്തി തെളിയിച്ചിട്ടുള്ളതു്, അവ പ്രേതമോ ഭൂതമോ അല്ലെന്നും അവരെ ബാധിച്ചിട്ടുള്ള താത്കാലികമനോരോഗത്തിന്റെ ലക്ഷണംമാത്രമാണെന്നുമത്രേ. ബാധയ്ക്കു വിധേയനെന്നു കരുതപ്പെടുന്ന വ്യക്തി തനിക്കു് അതിനുമുമ്പു കേൾക്കാൻ ഇടവന്നിട്ടില്ലാത്ത ഒരു ഭാഷയും കാര്യവും പറയുകയില്ല. ബാലികാബാലന്മാൎക്കുണ്ടാകാവുന്ന മാനസികവൈകല്യത്തിൽ, അവർ പഠിച്ചിട്ടില്ലാത്തതെങ്കിലും കേൾക്കാൻ ഇടവന്നിട്ടുള്ള നമ്പൂതിരിഭാഷയോ പുലയഭാഷയോ മാപ്പിളഭാഷയോ തമിഴോ ഹിന്ദുസ്ഥാനിയോ ഇംഗ്ലീഷോ മറ്റോ പുലമ്പിയെന്നുവരും. അവരുടെ മനസ്സിൽ അബോധമായിട്ടെങ്കിലും പതിയാനിടവന്നിട്ടുള്ള സംസാരത്തിന്റെയോ ഭാഷയുടെയോ അംശങ്ങളാണു് അതു്. എന്നാൽ തനിക്കു് ഒരിക്കലും കേൾക്കാൻ ഇടവന്നിട്ടില്ലാത്ത വിവരമോ ഭാഷയോ ഒരിക്കലും ഒരു കുട്ടി പറയുകയില്ല, പറയാൻ സാധിക്കുകയുമില്ല.

ദൈവാവേശം, ദിവ്യദർശനം, വെളിപാടു്, യക്ഷിഭ്രമം (Night-Mare), പ്രേതബാധ, ചാത്തനുപദ്രവം, പിശാചപീഢ, ഫഷർമൂച്ഛ (France), ഹിസ്റ്റീരിയ മുതലായവപോലെതന്നെ പൂർവ്വജന്മസ്മരണയും ഒരു താത്കാലികമനോവികല്പപ്രകടനമാണു്.

## കൊച്ചുപെണ്ണു്

വഴിത്തല എന്ന സ്ഥലത്തുനിന്നുണ്ടായ ഒരു പത്രവാർത്തകൂടി ഇവിടെ ചേർത്തുകൊള്ളുന്നു: "ഇവിടെ ഒരു വീട്ടിലെ കൊച്ചുപെണ്ണു് എന്നൊരു തള്ളയെ പതിനൊന്നുവർഷംമുമ്പു കാണാതാവുകയും കാണാതായിക്കുറെക്കാലം കഴിഞ്ഞപ്പോൾ ആ തള്ളയെ സ്വന്തം മക്കൾ തല്ലിക്കൊന്നു കുഴിച്ചിട്ടതാണെന്ന സംസാരം പ്രചരിക്കുകയുമുണ്ടായി. അതിൽപ്പിന്നെ ആ തള്ളയുടെ പ്രേതം ആ വീട്ടിലെയും അടുത്ത സ്ഥലങ്ങളിലെയും പല യുവതികളെയും പലപ്പോഴായി ബാധിച്ചു്, തുള്ളലും 'തല്ലിക്കൊന്ന കൊച്ചുപെണ്ണാണു് ഞാൻ' എന്നു് ഉറഞ്ഞുപറയലും ഉണ്ടായിട്ടുണ്ടു്. ഈ അടുത്ത ദിവസമാണു് പ്രശ്നവും മന്ത്രവാദവും ഹോമവും നടത്തി ആ പ്രേതത്തെ ആവാഹിച്ചു ദൂരെ ഒരു ക്ഷേത്രത്തിൽ കൊണ്ടുപോയി തളച്ചതു്. അങ്ങനെയിരിക്കെ പതിനൊന്നു വർഷംമുമ്പു കാണാതായ ആ കൊച്ചുപെണ്ണു് (ഇപ്പോൾ അവൾക്കു് 85 വയസ്സുണ്ടു്) ഈ തിരുവോണദിവസം അവരുടെ വീട്ടിൽ തിരിച്ചെത്തിയിരിക്കുന്നു. അവരെ കാണാൻ ദിവസേന നൂറുകണക്കിനാളുകൾ വന്നുകൊണ്ടാണിരിക്കുന്നതു്."

ഈ വാർത്തയിലെ വസ്തുതകളിൽനിന്നു പ്രേതബാധ, ഉറഞ്ഞുപറയൽ, പ്രശ്നം, മന്ത്രവാദം, ഹോമം, പ്രേതത്തെ ആവാഹിച്ചു തറയ്ക്കൽ, മുതലായവയുടെ യഥാർത്ഥസ്വഭാവം എന്താണെന്നറിയാൻ കഴിയുന്നുണ്ടു്.

**കലോ**

എ. പി. ഐ. കമ്പനിമാർഗ്ഗം അറിയിച്ച ഒരു വാർത്ത 'ഹിന്ദു'പത്രം പ്രസിദ്ധംചെയ്തിരുന്നതാണിതു്: "അലഹാബാദ്നഗരവാസിയായ മഹാദേവഭുജ എന്നൊരാൾക്കു 'കലോ' എന്നു പേരായി ഏഴു വയസ്സുള്ള ഒരു പുത്രിയുണ്ടു്. പല നാളുകളായി ഈ കുട്ടി 'ലക്കൗ' എന്നൊരു വാക്കു് ഉച്ചരിച്ചിരുന്നതായി കേട്ടിരുന്നു. 'ലക്കൗ' എന്നുച്ചരിച്ചിരുന്നതു ലഖ്നൗപട്ടണത്തെ ഉദ്ദേശിച്ചാണെന്നു് ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ടു്. തൻ്റെ മുൻജന്മത്തിലെ അച്ഛൻ ലഖ്നൗക്കാരനും ഒരു പലഹാരക്കടക്കാരനുമാണെന്നു കുട്ടി വിശദമാക്കിയിരിക്കുന്നു. അയാളുടെ വീടു് അവിടെ ആമിനാബാദിൽ ഒരു കുളത്തിന്നരികെ ഒരു പുളിവൃക്ഷം നില്ക്കുന്നതിന്റെ സമീപമാണെന്നും അവിടെ കുരങ്ങുകൾ ധാരാളമുണ്ടെന്നും ആ കുട്ടി പറഞ്ഞു. ഈയിടെ പൂർവ്വജന്മമാതാപിതാക്കളുടെ അടുക്കൽ പോകണമെന്നു കുട്ടി ശാഠ്യംപിടിച്ചു. ആവേശാധിക്യത്താൽ ഇപ്പോൾ കഴിഞ്ഞ പത്തു ദിവസങ്ങളായി കുട്ടി രോഗശയ്യാവലംബിയായിരിക്കുന്നു."

കുറച്ചുകാലംമുമ്പു ലണ്ടനിലെ ഒരു തെരുവുതെണ്ടി താൻ ഇംഗ്ലണ്ടിലെ രാജാവാണെന്നു സ്വയം വിചാരി

ച്ചും പറഞ്ഞും രാജോചിതമായ ബഹുമാനങ്ങളും അധികാരങ്ങളും അവകാശപ്പെട്ടുകൊണ്ടു നടക്കുകയുണ്ടായി.

കറാച്ചിയിലെ ലേഖ്‌രാജ് എന്നൊരാൾ താൻ ശ്രീകൃഷ്ണാവതാരമാണെന്നു പറഞ്ഞ് 'ഓംമണ്ഡലി' എന്നൊരു സ്ഥാപനം തുറക്കുകയും സ്ത്രീകളെ അതിൽ അംഗങ്ങളാക്കുകയുമുണ്ടായി. ഇതുപോലെതന്നെ മനോരോഗത്തിന്റെ ലക്ഷണംമാത്രമാണ് പൂർവ്വജന്മസ്മരണകളും.

പൂർവ്വജന്മസ്മരണകൾ പറയുന്ന കുട്ടികളുടെ ആ മനോവികല്പം അധികകാലതാമസംകൂടാതെ മാറുന്നു. അതോടെ പൂർവ്വജന്മസ്മരണകൾ തീർത്തും ഇല്ലാതാകുന്നുണ്ട്. അതു വെറും മനോവികല്പമാണെന്നതിന്നു് ഈ വസ്തുതയും ഒരു തെളിവാണ്.

## ബുദ്ധനും ക്രിസ്തുവും നബിയും

ബുദ്ധൻ, ക്രിസ്തു, നബി എന്നിവർ മതസ്ഥാപകരായിരുന്നതിലേറെ മതവിശ്വാസാചാരധ്വംസകരായിരുന്നു എന്നതാണു് പരമാർത്ഥം. തങ്ങളുടെ കാലത്തു് അതാതുരാജ്യത്തു നിലവിലിരുന്ന കൂടുതൽ അന്ധവിശ്വാസപരവും അബദ്ധജടിലവുമായ മതവിശ്വാസങ്ങളെയും ആചാരാരാധനാസമ്പ്രദായങ്ങളെയും ഫലപ്രദമായി നശിപ്പിക്കുകയാണു് അവർ ചെയ്തതു്. ഇന്നു കാണുന്ന ബുദ്ധമതവും ക്രിസ്തുമതവും മുഹമ്മദുമതവും, അവർ നശിപ്പിച്ചുകളഞ്ഞ പഴയ മതങ്ങളിലെത്തന്നെ ഏതാനും വിശ്വാസാചാരങ്ങളെ കാലാന്തരത്തിൽ അവരുടെ അനുയായികൾ പുനഃപ്രതിഷ്ഠചെയ്തതാണു്.

**ബുദ്ധൻ**

തന്റെ കാലത്തു ബ്രാഹ്മണമതത്തിൽ നിലനിന്നിരുന്നതും വർണ്ണാശ്രമധർമ്മത്തിന്റേതുമായ ജാതിവ്യ

ത്യാസങ്ങളെയും നരമേധം, മൃഗബലി മുതലായ നിഷ്ഠുരാരാധനക്രമങ്ങളെയും ആക്ഷേപിച്ചും എതിർത്തും ഇല്ലാതാക്കുകയാണു് ബുദ്ധൻ ചെയ്തതു്. ഈശ്വരവിശ്വാസത്തെയോ പ്രാർത്ഥനാരാധനകളെയോ പൌരോഹിത്യത്തെയോ ഈശ്വരശാസ്ത്ര(Theology)ത്തെയോ ബുദ്ധൻ ഏർപ്പെടുത്തീട്ടില്ല. വേദങ്ങളെയും ആരാധനാനുഷ്ഠാനങ്ങളെയും പൌരോഹിത്യസമ്പ്രദായത്തെയും അദ്ദേഹം ശക്തിയുക്തം നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തിട്ടുള്ളതാണു്. പഞ്ചശീലംവഴിക്കും അഷ്ടമാർഗ്ഗംവഴിക്കും അദ്ദേഹം മനുഷ്യരെ സദാചാരനിരതരും പരോപകാരികളുമാക്കാനാണു് യത്നിച്ചതു്. ബുദ്ധന്റെ കാലാനന്തരം ബുദ്ധമാർഗ്ഗത്തിൽ ഹിന്ദുമതത്തിലെപ്പോലെ വിഗ്രഹപ്രതിഷ്ഠയും പ്രാർത്ഥനയും ആരാധനയും പൌരോഹിത്യസമ്പ്രദായവും മഹായാനം, ഹീനയാനം, ലാമാമതം മുതലായ വ്യത്യസ്തജാതിബുദ്ധമതങ്ങളും ഉണ്ടായി. സിലോൺ, ബർമ്മ, ടിബറ്റ്, ചൈന, ജപ്പാൻ എന്നിവിടങ്ങളിൽ ഇന്നു കാണുന്ന ബുദ്ധമതങ്ങൾ വിശ്വാസങ്ങളിലും ആചാരങ്ങളിലും ധാരാളം പരസ്പരവ്യത്യസ്തതകളുള്ളവയാണു്.

## ക്രിസ്തു

ക്രിസ്തുവിന്റെ കാലത്തു തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നു യഹൂദർ സ്വയം കരുതുകയും ഇന്ത്യയിലെ സനാതനഹിന്ദുക്കളെപ്പോലെ അന്യസമുദായക്കാരിലാരെയും തങ്ങളുടെ യഹൂദസമുദായത്തിൽ സ്വീകരിക്കാതെയുമാണിരുന്നതു്. സമസ്തജന

ങ്ങൾക്കും സാഹോദര്യമുണ്ടെന്നും വർഗ്ഗവ്യത്യാസം കൂടാതെ ആരെയും തങ്ങളുടെ സമുദായത്തിൽ സ്വീകരിക്കാമെന്നുമായിരുന്നു ക്രിസ്തുവിൻെറ ഉപദേശം. യഹൂദന്മാരുടെ പൗരോഹിത്യസമ്പ്രദായത്തെ പാടെ ക്രിസ്തു നിരാകരിച്ചു. അദ്ദേഹം പൗരോഹിത്യത്തെ സ്വീകരിക്കുകയോ ആക്കെങ്കിലും പൗരോഹിത്യത്തെ നല്കുകയോ ഇപ്പോൾ ക്രിസ്തുമതത്തിൽ കാണുന്ന പുരോഹിതശ്രേണി (Priestly hierarchy)യെ സൃഷ്ടിക്കുയോ മാതൃകയായിട്ടെങ്കിലും ഒരു പള്ളിയോ ബലിപീഠമോ (Altar) സ്ഥാപിക്കുകയോ ഉണ്ടായിട്ടില്ല. ക്രിസ്തുവിനും ശിഷ്യന്മാക്കും സാധാരണജനങ്ങളിൽനിന്നു വ്യത്യസ്തമായ ഉടുപ്പോ സ്ഥാനവസ്ത്രമോ അലങ്കാരമോ ഉണ്ടായിരുന്നിട്ടുമില്ല. ക്രിസ്തുവിൻെറയും ശിഷ്യന്മാരുടെയും കാലശേഷം A. D. 56നും 100നും ഇടക്കു മററാരൊക്കെയോ തമ്മിൽ യോജിച്ചു ക്രിസ്തുശിഷ്യന്മാരായിരുന്ന മത്തായി, മക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നവരുടെ പേരുകളിൽ ഓരോന്നു് എഴുതിവിട്ടവയാണു് ബൈബിളിലെ 'സുവിശേഷങ്ങൾ' (Gospels) നാലും എന്ന വസ്തുത ക്രൈസ്തവവിശ്വാസികൾതന്നെയായ ചരിത്രഗവേഷകന്മാർ നിസ്തക്കം സ്ഥാപിച്ചിട്ടുണ്ടു്. ബൈബിൾ പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ (Pentateuch) മോശെ (Moses) എഴുതിയതാണെന്നാണു് അവയിൽ എഴുതീട്ടുള്ളതും ക്രൈസ്തവലോകം വിശ്വസിക്കുന്നതും. എന്നാൽ മോശെ എഴുതിയ പുസ്തകം എന്നു വിശ്വസിക്കപ്പെടുന്നതിൽത്തന്നെ മോശയുടെ മരണത്തെപ്പററിയും ശവസംസ്കാര

ത്തെപ്പററിയും "മോവാബ്ദേശത്തുവെച്ചു യഹോവായു ടെ ശുശ്രൂഷകനായ മോശെ യഹോവായുടെ വചനപ്ര കാരം മരിച്ചു. അവൻ അവനെ അവിടെ 'ബെത്-പെയോറി'നു നേരെയുള്ള താഴ്വരയിൽ അടക്കി. എന്നാൽ ഇന്നുവരെയും ഒരുത്തനും അവൻെറ ശവക്കുഴിയെ അറിയുന്നില്ല" (ആവർത്തനപുസ്തകം XXXIV-4, 5) എന്നു പറഞ്ഞുകാണുന്നു. മരിച്ചുപോയ കീർത്തിമാന്മാരു ടെ പേരിൽ പിൻഗാമികൾ ഗ്രന്ഥം നിർമ്മിക്കുക എന്ന സമ്പ്രദായം പണ്ടു് എല്ലാ രാജ്യങ്ങളിലുമുണ്ടായിരുന്നു. അതിൻെറ ഒരനിഷേധ്യത്തെളിവാണതു്.

മനുഷ്യപിതൃത്വമില്ലാത്ത പാപരഹിതഗർഭധാരണം (Immaculate Conception), ത്രിത്വം (Trimity), ഉടലോടെയുള്ള സ്വർഗ്ഗാരോഹണം (Ascension) മുതലായ വിശ്വാസപ്രമാണങ്ങളെല്ലാം ക്രിസ്തുവിനു മുമ്പുണ്ടായിരുന്ന മതങ്ങളിൽനിന്നു ക്രിസ്തുവിൻെറ ഖണ്ഡിതമായ (Express) ഉപദേശങ്ങൾക്കുപോലും വിരുദ്ധമായി ക്രിസ്തുമതത്തിൽ പിന്നീട കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതാണു്. "ആകാശത്തിൽനിന്നു് ഇറങ്ങിവന്നവനല്ലാതെ ആകാശത്തിലേയ്ക്കു കേറിപ്പോക സാധ്യമല്ല" (വി: യോഹന്നാൻ III-13) എന്ന ക്രിസ്തുവിൻേറതായ വാക്യം ഒരു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. മറിയത്തിൻെറ ഉദരത്തിൽനിന്നു ജനിച്ചുവളൎന്നവനായ ക്രിസ്തു ഉടലോടെ സ്വർഗ്ഗത്തിലേയ്ക്കു കേറിപ്പോയെന്നു സകലക്രിസ്ത്യാനികളും വിശ്വസിക്കുന്നതു ക്രിസ്തുവിൻെറ ഉപദേശത്തിനുതന്നെ വിപരീതമാണു്.

## നബി

നബിയുടെ കാലത്തു ക്രിസ്തുമതത്തിനു് അറുനൂറോളം വഷത്തെ വളച്ച് സിദ്ധിച്ചിരുന്നു. താൻ വാണിജ്യപരമായി സിറിയ, പലസ്റ്റീൻ എന്നീ രാജ്യങ്ങളിൽ നടത്തിയ പര്യടനങ്ങൾവഴി ക്രിസ്തുമതത്തെപ്പററി നല്ല അറിവുള്ള ആളായിരുന്നു നബി. ക്രിസ്തുവിനോടു ബഹുമാനം തോന്നിയിരുന്നെങ്കിലും ക്രിസ്തുവിനെ തൂക്കിയ കുരിശു്, പുണ്യവാളന്മാരുടെ തിരുശേഷിപ്പുകൾ, ക്രിസ്തു, മറിയം, പുണ്യവാളന്മാർ മുതലായവരുടെ വിഗ്രഹങ്ങൾ, പടങ്ങൾ മുതലായവയെ ആരാധിക്കുന്ന അന്ധവിശ്വാസികളായ വിഗ്രഹാരാധനക്കാരാണു് ക്രിസ്ത്യാനികൾ എന്ന നിലക്കു ക്രിസ്തുമതത്തോടു നബിക്കു വെറുപ്പായിരുന്നു. ക്രിസ്തുമതത്തിൻെറ നുഴഞ്ഞുകയററം അറേബിയായെയും അക്കാലത്തു സ്പശിക്കാതിരുന്നില്ല. പരസ്പരം ശത്രുതയിൽ വത്തിച്ചു യുദ്ധംചെയ്തുകൊണ്ടിരുന്നവരും വിഗ്രഹാരാധനക്കാരുമായ അനേകഗോത്രക്കാരാണു് അന്നു് അറേബിയയിലുണ്ടായിരുന്നതു്. അക്കൂട്ടത്തിൽ ഏററവും പ്രബലമായ 'ക്യുറെയിഷ്'ഗോത്രത്തിൽ പ്പെട്ട ആളായിരുന്നു നബി. മെക്കാനഗരവും അതിലെ പ്രധാനാരാധനാവസ്തുക്കളായ 'കാബാ' എന്ന കറുത്ത കല്ലും മററു വിഗ്രഹങ്ങളും നബിയുടെ ഗോത്രക്കാരുടെ അധീനത്തിലായിരുന്നു. വിവിധഗോത്രക്കാരായ അറബികളെല്ലാം ആണ്ടിലൊരു പ്രത്യേകാവസരത്തിൽ മെക്കായിൽ വന്നു കാബായെയും മററു വിഗ്രഹങ്ങളെയും ആരാധിച്ചുപോവുകയായിരുന്നു പതിവു്. അറബികളെ

യെല്ലാം ഏകസമുദായമാക്കുന്നതിനും വിഗ്രഹാരാധന കഠം ഉപേക്ഷിപ്പിക്കുന്നതിനുമുള്ള മാൎഗ്ഗമായി നബി ഇസ്ലാം വിജയകരമായി രൂപീകരിച്ചതാണു്. സ്വൎഗ്ഗത്തിൽനിന്നു ലഭിച്ച കല്ലു് എന്ന നിലയിൽ കാബായെ മാത്രം അവശേഷിപ്പിച്ചു് അവിടെയുണ്ടായിരുന്ന സമസ്തവിഗ്രഹങ്ങളെയും നബി തകൎത്തുകളഞ്ഞു. പണ്ടുകാലത്തു് ആകാശത്തുനിന്നു വീണുകിട്ടിയ ഒരുല്ക്ക(Meteor)യാണു് കാബാ എന്നാണു് അതു കണ്ടിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പൗരോഹിത്യവും വിഗ്രഹാരാധനയും ഇസ്ലാമിൽ തീൎത്തും നിഷിദ്ധമാണു്.

ക്രിസ്തുമതത്തിൽ ഉണ്ടായതുപോലെ ഇസ്ലാമിലും പൗരോഹിത്യവും വിഗ്രഹാരാധനയും കാലക്രമേണ കടന്നുകൂടീട്ടുണ്ടു്. നബി ജീവിച്ചിരുന്ന കാലത്തോ അതിനടുത്തോ നബിയുടെ ജീവചരിത്രം ആരും രചിച്ചിട്ടില്ല. അനേകജീവചരിത്രങ്ങഠം ഇപ്പോഠം ഉള്ളതിൽ ആദ്യത്തേതുണ്ടായതു നബി മരിച്ച 1½ നൂററാണ്ടിനുശേഷമാണു്. നബിയുടെ ജീവചരിത്രത്തിനു് അബദ്ധം കൂടാതെ ആശ്രയിക്കാവുന്ന ഏകഗ്രന്ഥമാണു് ഖുർആൻ. ഒരു മതത്തോടും അനാദരവു കാണിക്കാതെ എല്ലാ മതസ്ഥാപകന്മാരെയും പ്രവാചകന്മാരായി ഇസ്ലാം സ്വീകരിച്ചു. ആ നിലക്കു മററു മതങ്ങളോടു പുച്ഛമോ വെറുപ്പോ മാൎഗ്ഗംകൂട്ടലിനുള്ള ആസക്തിയോ ഇസ്ലാമിനുണ്ടാകാൻ പാടില്ലാത്തതാണു്. എന്നാൽ നബിയുടെ കാലത്തിനുശേഷമുള്ള ഇസ്ലാമിൻെറ നില അതല്ല. യഹൂദർ ബൈബിഠം പഴയ നിയമഗ്രന്ഥത്തെയും ക്രിസ്ത്യാനി

കൾ കുരിശിനെയും ബൈബിളിനെയും പുണ്യവസ്തു(വി
ഗ്രഹം)വായി കരുതി ആരാധിക്കുന്നതിലേറെ മുസ്ലീം
കൾ ഖുർആൻഗ്രന്ഥത്തെ പുണ്യവസ്തുവായി ആരാധി
ക്കുന്നുണ്ട്. എന്നുമാത്രമല്ല, ബൗദ്ധരുടെയും ക്രിസ്ത്യാനി
കളുടെയും തിരുശേഷിപ്പുകളെപ്പോലെ നബിയുടെ തല
മുടിനാരു് പരിശുദ്ധവിഗ്രഹമായി ആരാധിക്കുന്നുണ്ടെ
ന്ന വിവരം ഈയിടെ പത്രങ്ങൾവഴി പ്രസിദ്ധമായിരി
ക്കുകയുമാണല്ലോ.

# പുതിയ ദൈവങ്ങൾ

"സയൻസിന്റെ സാങ്കേതികവിജ്ഞാനീയത്തിന്റെ (Technology) സാമൂഹ്യനീതിക്കും വിഘാതമായി നില്ക്കുന്ന ആശയങ്ങളും ആചാരങ്ങളും കൈയൊഴിക്കുവാൻ ഇന്നു പ്രധാനമന്ത്രി നെഹ്റു ഇന്ത്യൻജനതയോടാഹ്വാനം ചെയ്തു. അഖിലേന്ത്യാ വ്യാപാരച്ചരക്കുനിർമ്മാതാക്കളുടെ അസോസിയേഷൻ (All India Manufacturers Association) ഉൽഘാടനംചെയ്തുകൊണ്ടദ്ദേഹം പ്രസംഗിക്കുകയായിരുന്നു. ഏററവും അഭിവൃദ്ധി നേടിയ അമേരിക്ക, സോവിയററ്റഷ്യ മുതലായ രാജ്യങ്ങളിലെ സാങ്കേതികപുരോഗതിയെപ്പററി പരാമർശിക്കവെ, യന്ത്രങ്ങളെയും സാങ്കേതികവിജ്ഞാനത്തെയും ആരാധിക്കുകയെന്നതാണ് അവരുടെ പുരോഗതിക്കാധാരമായ ഒരു പൊതുവസ്തുതയെന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. 'അവർ ആരാധിക്കുന്ന ദൈവങ്ങൾ സയൻസും ടെക്നോളജിയുമാണ്. മററു പഴയ ദൈവങ്ങളെ അവർ തീർത്തും ആരാ

ധിക്കുന്നില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ പുതിയ ഈ ദൈവങ്ങളാണു് ജനതയുടെ അഭിവൃദ്ധ്യുന്മുഖമായ ജീവിതത്തെ രൂപപ്പെടുത്തുന്നതു്'' എന്നു നെഹ്റു പറഞ്ഞു''—പി. ടി. ഐ. ലേഖകൻെറ ഒരു വാർത്തയാണിതു്.

## മുമ്പോട്ടു കാലം കടന്നുപോയിടാതെ

തിബത്തിനെപ്പററിയുള്ള ഒരു ചരിത്രശകലം കുറെക്കാലംമുമ്പു് അവിടെ പര്യടനം നടത്തിയ ഹാർവി ഡെ (Harvey Day) എന്ന ആംഗ്ലേയമാന്യൻ ഒരു ബ്രിട്ടീഷ് വാരികയിൽ എഴുതീട്ടുള്ളതിൽനിന്നു് ഏതാനും ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

"അമ്പതു വർഷം മുമ്പു തിബത്തിലെ അഭിജാതരും കുബേരരുമായ ഏതാനും യുവാക്കന്മാർ എഞ്ചിനീയറിങ്ങ്, മെഡിക്കൽ മുതലായ ശാസ്ത്രീയപഠനങ്ങൾക്കായി യൂറോപ്പിലേയ്ക്കു പോയി. അവർ പഠിപ്പു കഴിഞ്ഞു തിബത്തിലേയ്ക്കു മടങ്ങുമ്പോൾ ഏതാനും നവീനയന്ത്രസാമഗ്രികൾ വാങ്ങിക്കൊണ്ടാണു് പോന്നതു്. ആ യന്ത്രങ്ങളിലേതെങ്കിലും അവിടെ പ്രവർത്തിപ്പിക്കാൻ അന്നത്തെ ലാമാഗവമ്മേണ്ടു് അനുവാദം നിഷേധിച്ചു. എന്നുമാത്രമല്ല, ഗവമ്മേണ്ടുകല്പനപ്രകാരം ആ യന്ത്രസാമഗ്രികൾ സമസ്തവും കണ്ടുകെട്ടിയെടുത്തു് അത്യുന്നതമായ ഒരു കുന്നിൻമുകളിൽ കൊണ്ടുചെന്നു് അതിൻെറ ഒരു വശത്തു് അത്യഗാധമായി കിഴക്കാംതൂക്കായിക്കിടക്കുന്ന താഴ്‌വരയിലെ പാറമേലേയ്ക്കു തള്ളിയിട്ടുടച്ചു നശിപ്പിച്ചുകളയുകയും ചെയ്തു.

"അവിടെനിന്നും കുറെ വർഷങ്ങൾ കഴിഞ്ഞതിനു ശേഷമാണു് പാശ്ചാത്യവിദ്യാസമ്പന്നരും ഉന്നതകുലജാതരുമായ ഏതാനും തിബത്തിയൻയുവാക്കന്മാരുടെ നിരന്തരമായ അഭ്യൎത്ഥനയാൽ തലസ്ഥാനനഗരിയിൽ വിദ്യുച്ഛക്തിയുത്‌പാദിപ്പിക്കാനും ചില തെരുവീഥികളിലും ഗവൎമ്മേണ്ടാഫീസുകളിലും വൈദ്യുതദീപങ്ങൾ സ്ഥാപിക്കാനും ലാമാഗവൎമ്മേണ്ടു് അനുവാദം നല്കിയതു്. അങ്ങനെ അനുവാദപ്രകാരം യൂറോപ്പിൽനിന്നു വാങ്ങി രാജ്യാതിൎത്തിയിലെ ഉന്നതമലയിടുക്കുകളിലൂടെ കടത്തി തിബത്തിലെത്തിച്ചപ്പോൾ, അവയുടെ പുറത്തു നിൎമ്മാതാക്കളുടെ പേരും വിലാസവും അവരുടെ മ്ലേച്ഛഭാഷയിൽ വാൎത്തിട്ടുള്ളതായി കണ്ടതെല്ലാം ഉരച്ചു മാച്ചുകളയണമെന്നും തത്‌സ്ഥാനത്തു പരിശുദ്ധതിബത്തൻഭാഷയിൽ ചായംകൊണ്ടെഴുതണമെന്നും ഗവൎമ്മേണ്ടു കല്പനയായി. വളരെ കഠിനാധ്വാനംചെയ്താണു് ആ കല്പന നിറവേററിയതു്. അതിനേല്പിച്ചതു ലണ്ടനിൽ വിദ്യാഭ്യാസം പൂൎത്തിയാക്കി ആയിടെ തിബത്തിൽ മടങ്ങിയെത്തിയ ആർ. ഡി. റിങ്ങാങ്ങി(R. D. Ringang)നെയാണു്."

കപ്പൽ കയറി ഭാരതം വിട്ടു പാശ്ചാത്യരാജ്യത്തു പോയി പഠിച്ചു പാസ്സായി വരുന്നവരെക്കൊണ്ടു പ്രായശ്ചിത്തംചെയ്യിച്ചു് അവരെ പുണ്യാഹം ചെയ്തെടുക്കണമെന്നും അല്ലെങ്കിൽ ഭ്രഷ്ടു കല്പിച്ചു പുറംതള്ളണമെന്നുമുള്ള നടപ്പു നമ്മുടെ നാട്ടിലുണ്ടായിരുന്നതു വിദൂരഭൂതകാലത്തൊന്നുമല്ല. റൌക്കയോ ഷർട്ടോ ധരിച്ചു ക്ഷേത്രമുററത്തു

കാണുന്നവരെ കഴുത്തിൽ പിടിച്ചു തള്ളി പുറത്താക്കുന്ന നടപടി ഒരുപത്തുകൊല്ലം മുമ്പുവരെ കേരളത്തിൽ ഉണ്ടായിരുന്നതാണു്.

ഇന്ത്യയിലെ ഉന്നതരാഷ്ട്രീയപ്രവർത്തകനും ദേശാഭിമാനിയുമായിരുന്ന പണ്ഡിററ് മദൻമോഹൻമാളവ്യയായിരുന്നു ബനാറിസ്ഹിന്ദുസർവ്വകലാശാലാസ്ഥാപകന്മാരിൽ പ്രധാനി. ഇന്ത്യക്കു സ്വാതന്ത്ര്യം നല്കുന്ന കാര്യാലോചനസംബന്ധിച്ചു ലണ്ടനിൽ ചേർന്ന 'വട്ടമേശസമ്മേളന'ത്തിൽ പങ്കുകൊണ്ടു ബനാറിസിൽ മടങ്ങിയെത്തിയിട്ടദ്ദേഹം ആദ്യം ചെയ്തതു മുടിമുതൽ അടിവരെ ശരീരമാസകലം ക്ഷൗരംചെയ്യിക്കുകയായിരുന്നു. അദ്ദേഹം കാമനയായി സൂക്ഷിച്ചിരുന്ന മേൽമീശയും അതോടെ കളഞ്ഞു വീണ്ടും വളർത്തുകയാണുണ്ടായതു്. ഇംഗ്ലീഷന്തരീക്ഷസമ്പർക്കംമൂലം അശുദ്ധി ബാധിച്ച ശരീരത്തെ പ്രസ്തുതരോമസംഹാരംകൊണ്ടദ്ദേഹം ശുദ്ധീകരിക്കുകയായിരുന്നു.

## ഒരു ഗ്രന്ഥം മതി

ഈജിപ്തിലെ അലക്സാണ്ഡ്റിയാനഗരത്തിൽ ലോകപ്രസിദ്ധമായ ഒരു ഗ്രന്ഥശാലയുണ്ടായിരുന്നു. അവിടത്തെ യവനസർവ്വാധിപതിയായിരുന്ന ടോളമി ഒന്നാമനാൽ (Ptolomy I) ക്രിസ്തുവിനു മുന്നൂറിൽപ്പരം വർഷം മുമ്പു് ആരംഭിക്കപ്പെട്ടതായിരുന്നു അതു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു ശേഖരിക്കപ്പെട്ട ആത്മീയവും സാഹിത്യപരവുമായ അഞ്ചു ലക്ഷത്തിലധികം

ഗ്രന്ഥച്ചുരുൾ ആ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്നു. എ. ഡി. 642-ൽ ഖാലിഫ് ഒമാറിൻെറ സൈന്യം അലക്സാണ്ട്റിയാനഗരം പിടിച്ചടക്കി. ഇസ്ലാമികമല്ലാത്ത ആ ഗ്രന്ഥശാലയെ നിലനിത്തിക്കൊണ്ടുപോകണമെന്ന അഭിപ്രായം വിജിഗീഷുവായ മുസ്ലിംസേനാനായകനുണ്ടായിരുന്നില്ല. അതു നശിപ്പിച്ചുകളയുവാൻ ഭാവിച്ചപ്പോൾ, ആ ഗ്രന്ഥശേഖരം തന്നെയേല്പിച്ചാൽ താൻ അതു നിലനിത്തിയും പരിരക്ഷിച്ചുംകൊള്ളാമെന്നു് അതിൻെറ അന്നത്തെ രക്ഷാധികാരിയും സേനാനായകൻെറ ഒരു സുഹൃത്തുമായിരുന്ന ജോൺ ഫിലിപ്പോനോസ് എന്ന യവനൻ ഏററു. അതിനു ഖാലിഫിൻെറ അനുവാദം ചോദിച്ചതിൽ സേനാനായകനു കിട്ടിയ മറുപടി ഇതാണു്: "ഈ ഗ്രന്ഥസഞ്ചയത്തിൽ ദൈവത്തിൻെറ പരിശുദ്ധഗ്രന്ഥമായ ഖുർആനിൽ പറയുന്ന സംഗതികൾതന്നെയാണുള്ളതെങ്കിൽ അതിലെ ഗ്രന്ഥങ്ങൾകൊണ്ടൊരു പ്രത്യേകപ്രയോജനവുമില്ല. ഖുർആനുയോജ്യമല്ലാത്ത എന്തെങ്കിലും ആ ഗ്രന്ഥശേഖരത്തിലുണ്ടെങ്കിൽ അതു ഹാനികരവും വർജ്ജ്യവുമാണു്. അതുകൊണ്ടെങ്ങനെയായാലും ആ ഗ്രന്ഥസമൂഹം മുഴുവനും ഒട്ടും അവശേഷിക്കാത്തപ്രകാരം നിശ്ചയമായും നശിപ്പിച്ചുകളയുകതന്നെ വേണം."

ആ കല്പനയനുസരിച്ചു വെള്ളം തിളപ്പിക്കാൻ വിറകായി വിനിയോഗിച്ചു് ആറു മാസം കാലംകൊണ്ടാണു് ആ ഗ്രന്ഥച്ചുരുൾ കത്തിച്ചുതീത്തതെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടു്.

**മൗലികസ്വഭാവം ഒന്നുതന്നെ**

ശാസ്ത്രീയപുരോഗതിക്കെതിരു് എന്ന സ്വഭാവം എല്ലാ മതങ്ങൾക്കും ഒരുപോലെയുള്ളതാണു്. അതു ഹിന്ദുമതത്തിനും ബുദ്ധമതത്തിനും ഇസ്ലാംമതത്തിനും മാത്രമല്ല, പരിഷ്കൃതയൂറോപ്യന്മാരുടേതായ ക്രിസ്തുമതത്തിനുമുണ്ടു്. മുമ്പുള്ള മതങ്ങളിലെ വിശ്വാസങ്ങൾക്കും ആരാധനക്രമങ്ങൾക്കും കാലോചിതമായ അല്പവ്യത്യാസങ്ങൾ വരുത്തിയതാണു് ഇന്നു പരിഷ്കൃതങ്ങൾ എന്നു പറയപ്പെടുന്ന മതങ്ങളെല്ലാം. മതങ്ങളുടെ ഉത്ഭവകാലത്തെ അറിവില്ലായ്മകളും അബദ്ധധാരണകളുമെല്ലാം അവയുടെ പരിശുദ്ധഗ്രന്ഥങ്ങളിലുണ്ടു്. അതെല്ലാം അവയിലെ ദിവ്യജ്ഞാനങ്ങളും സനാതനസത്യങ്ങളുമായാണു് വിശ്വസിക്കപ്പെടുന്നതു്.

ഗ്രഹമണ്ഡലം ഭൂകേന്ദ്രസ്ഥമാണെന്ന ധാരണയിലിരുന്ന കാലഘട്ടത്തിലാണു് മതങ്ങളുടെ ഉത്ഭവം. ബൈബിളിലെ പ്രസ്താവനയും അങ്ങനെയാണു്. അക്കാലത്തു ജ്യോത്സ്യമല്ലാതെ ജ്യോതിശ്ശാസ്ത്രം ഉത്ഭവിച്ചിട്ടുണ്ടായിരുന്നില്ല. അഭിനവജ്യോതിശ്ശാസ്ത്രത്തിൻെറ ഒരു കണ്ടുപിടുത്തക്കാരനായിരുന്നു 16-ാംനൂററാണ്ടിലെ ഒരു കത്തോലിക്കപുരോഹിതനായ കോപ്പർനിക്കസ്. കോപ്പർനിക്കസിൻെറ ശാസ്ത്രീയപരിശോധനയിലാണു് ഗ്രഹമണ്ഡലം ഭൂകേന്ദ്രസ്ഥമല്ലെന്നും സൗരകേന്ദ്രസ്ഥമാണെന്നുമുള്ള വസ്തുത മനസ്സിലായതു്. അതു ബൈബിളിലെ പ്രസ്താവനയ്ക്കു വിരുദ്ധമായതിനാൽ ആ വിവരം വെളിപ്പെടുത്തിയാൽത്തന്നെ വിശ്വാസവൈപരീത്യത്തിനു

വൈദികകോടതി വധശിക്ഷയ്ക്കു വിധിക്കുമെന്നു ഭയപ്പെട്ടു് ആ കണ്ടുപിടുത്തം പുറത്തു വിടാതെ തന്റെ ആപ്ത മിത്രങ്ങളായ ശാസ്ത്രജ്ഞന്മാരെമാത്രം അറിയിച്ചു ഗോപ്യമായിവെച്ചിരിക്കുകയായിരുന്നു. എങ്കിലും ആ വിഷയത്തെ പുരസ്കരിച്ചു് അദ്ദേഹം സംഭരിച്ചുവെച്ചിരുന്ന അനവധി തെളിവുകളെ ക്രോഡീകരിച്ചു് ഒരു ഗ്രന്ഥം എഴുതിവെയ്ക്കാതിരുന്നില്ല. 70-ാം വയസ്സിൽ മാരകമായ രോഗം പിടിപ്പെട്ടു ശയ്യാവലംബിയായ അദ്ദേഹം പ്രസ്തുതഗ്രന്ഥമൊന്നച്ചടിപ്പിക്കാൻ തന്റെ സുഹൃത്തായ ഐസാണ്ടരെ (Isander) ഏല്പിച്ചു. വേദവൈപരീത്യത്തിനു തന്നെ പിടികൂടിയെങ്കിലോ എന്നു ഭയന്നു സ്വയം ഒരാമുഖം എഴുതിച്ചേർത്താണു് ഐസാണ്ടർ ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചതു്. "ഈ ഗ്രന്ഥത്തിലെ അഭിപ്രായങ്ങളെല്ലാം ആസന്നമരണനായികിടക്കുന്ന കോപ്പർനിക്കസിന്റേതുമാത്രമാണെന്നും അവ ശരിയായിരിക്കണമെന്നില്ലെന്നു"മായിരുന്നു ആമുഖം.

പുരോഹിതനായ ബ്രൂനോ ജ്യോതിശ്ശാസ്ത്രപരമായ ഗവേഷണങ്ങളിൽ കോപ്പർനിക്കസിന്റെ പിൻഗാമിയായിരുന്നു. ഗ്രഹമണ്ഡലകേന്ദ്രം ഭൂമിയല്ല, സൂര്യനാണു് എന്നു പഠിപ്പിച്ചതിനു മതവിരുദ്ധോപദേശക്കുററം ചുമത്തി റോമിലെ വൈദികക്കോടതി വിധിച്ചപ്രകാരം ബ്രൂനോവിനെ ഏ. ഡി. 1600-ൽ തീയിൽ ജീവനോടെ എരിച്ചു കൊന്നുകളഞ്ഞു.

ബ്രൂനോവിന്റെ അനന്തരഗാമിയായിരുന്നു പ്രശസ്തശാസ്ത്രജ്ഞനായ ഗലീലിയോ എന്ന പുരോഹിതൻ.

അദ്ദേഹമാണു് ദൂരദർശിനി (Telescope) ആദ്യമായി വാനനിരീക്ഷണത്തിനുപയോഗിച്ചതു്. ഗ്രഹമണ്ഡലകേന്ദ്രം സൂര്യനാണെന്ന ശാസ്ത്രീയവസ്തുത അധ്യേതാക്കളെ പഠിപ്പിക്കുകയാൽ വിശ്വാസവൈപരീത്യത്തിനു വൈദികകോടതിയാൽ ഗലീലിയോവും ശിക്ഷിക്കപ്പെട്ടു. അദ്ദേഹത്തിനു നല്കിയ ശിക്ഷ 'പാപസങ്കീർത്തനം' മൂന്നു കൊല്ലക്കാലം ഉരുവിട്ടുകൊണ്ടിരിക്കണമെന്നും അതിനുശേഷം ഗ്രഹമണ്ഡലകേന്ദ്രം സൂര്യനല്ലെന്നു പരസ്യമായി ഏററുപറയണമെന്നുമായിരുന്നു. അപ്രകാരം ഒരു ബലം ഏററുപറയാൻ അദ്ദേഹത്തിന്റെ ശാസ്ത്രീയമനസ്ഥിതി അനുവദിച്ചില്ല. അതുകൊണ്ടു മരിക്കുന്നതുവരെ, ശേഷമുണ്ടായിരുന്ന ആയുസ്സു (10 വർഷങ്ങൾ) മുഴുവനും, അദ്ദേഹത്തിനു ബന്ധനത്തിൽ കിടക്കേണ്ടിവന്നു. ഒടുവിലത്തെ അഞ്ചു വർഷം രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ടു് അന്ധനായി കഷ്ടപ്പെട്ടാണദ്ദേഹം മരിച്ചതു്. സംശയാതീതമായി സ്ഥാപിക്കപ്പെട്ട ഒരു ശാസ്ത്രതത്ത്വം ബൈബിളിനെതിരാണെന്ന കാരണത്താൽ അദ്ദേഹത്തെ കുററക്കാരനാക്കി വിസ്തരിച്ച അവസരത്തിൽ "Bible is intended to teach people how to go to Heaven, and not how the Heavens go" എന്നാദ്ദേഹം ഉച്ചരിച്ച സുപ്രസിദ്ധവചനത്തിലെ വാദമൊന്നും കോടതി ചെവിക്കൊണ്ടില്ല.

ഇന്നും മതങ്ങളെല്ലാം യഥാസ്ഥിതികങ്ങളും ശാസ്ത്രീയപുരോഗതിയെ എതിർക്കുന്നവയുമാണു്. കുടുംബാസൂത്രണം എന്ന ശാസ്ത്രീയപദ്ധതിയെ ഇന്നും കത്തോ

ലിക്കമതം പല്ലും നഖവുമുപയോഗിച്ച് എതിൎത്തുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ ജ്ഞാതിഭാവം, ഭക്ഷ്യം, അഭക്ഷ്യം, വേഷം, ഭാഷ, വിദ്യാഭ്യാസം, വിനോദം, വിവാഹം, ശവസംസ്കരണം ആദിയായ എല്ലാ സാമൂഹ്യവശങ്ങളിലും വിവേകശ്ശൂന്യമായ അധികാരമാണ് മതങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു്.

നാം നമ്മുടെ മതങ്ങളിലെ പഴയ ദൈവങ്ങളെ കൈവെടിഞ്ഞു തത്സ്ഥാനത്തു പുതിയ ദൈവങ്ങളായ സയൻസിനെയും സാങ്കേതികവിജ്ഞാനത്തെയും സാമൂഹ്യനീതിയെയും എത്രയും വേഗം പ്രതിഷ്ഠിക്കുന്നുവോ, അത്രത്തോളമായിരിക്കും ഒരു രാഷ്ട്രം എന്ന നിലയിൽ നമ്മുടെ പുരോഗതിയുടെയും നാഗരികതയുടെയും വളൎച്ച.

## ജ്യോത്സ്യത്തിന്റെ അശാസ്ത്രീയത

“ന്യൂയോക്ക്നഗരത്തിലെ ‘വാണിഭസ്ഥലങ്ങളുടെ കമ്മീഷണ’റായ മി. ആൽബട്ട് പസെററ( Alb ert Pacetta) ആ നഗരത്തിലുള്ള ജ്യോത്സ്യന്മാരെയെല്ലാം തേടിപ്പിടിച്ചു് അവരുടെ പൂർവ്വചരിത്രങ്ങളെയും ചൂഷണപ്രവർത്തനങ്ങളെയും സംബന്ധിച്ച സമഗ്രമായ അന്വേഷണപരിശോധനകൾ നടത്തുന്നതിനു കല്പന നല്കിയിരിക്കുന്നു. സാധുക്കളായ വിശ്വാസികളെ അവിടെയുള്ള ജ്യോത്സ്യന്മാർ ദാക്ഷിണ്യരഹിതമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു എന്ന ഔദ്യോഗികറിപ്പോർട്ടാണു് ആ കല്പനയ്ക്കു കാരണം. ന്യൂയോക്ക്ടെലഫോൺ ഡയറക്ടറി, വർത്തമാനപത്രങ്ങൾ, വാരികകൾ, മാസികകൾ മുതലായ പ്രസിദ്ധീകരണങ്ങളിൽ ജ്യോത്സ്യസംബന്ധിച്ച പരസ്യങ്ങൾ പാടില്ലെന്നൊരു വിലക്ക ഗവൺമെൻറിനെക്കൊണ്ടു കല്പിക്കുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ടു്.”

ഈയിടെ വന്ന ഈ വാർത്തയെ അടിസ്ഥാനമാക്കി ജ്യോത്സ്യപക്ഷപാതിയായ ഹാർവി ഡെ (Harvey Day) എന്ന സുപ്രസിദ്ധനായ ലേഖകൻ 'ഹിന്ദു'പത്രത്തിൽ ഒരു ലേഖനമെഴുതിയിട്ടുണ്ടു്. ഹിന്ദുക്കളെല്ലാംതന്നെ പ്രായേണ ജ്യോത്സ്യവിശ്വാസികളാണു്. അവരുടെ മതപരമായ വിശ്വാസാചാരങ്ങളിൽ ഒരവിഭാജ്യഘടകമാണു് ജ്യോത്സ്യം. ഹിന്ദുക്കളുമായുള്ള സമ്പർക്കം ഹിന്ദുക്കളെല്ലാത്ത ഇന്ത്യക്കാരെയും സാമാന്യമായി ജ്യോത്സ്യവിശ്വാസികളാക്കീട്ടുണ്ടു്. ഹാർവി ഡെയുടെ ലേഖനം 'ഹിന്ദു'പത്രത്തിനു സമാദരണീയംതന്നെയായിരുന്നു. അതിലെ പ്രസ്താവനകളും തെളിവുകളും വിമർശാത്മകമായി വിശകലനംചെയ്തുനോക്കുന്ന വായനക്കാരുണ്ടോ എന്നറിയുന്നില്ല. പ്രസ്തുതലേഖനത്തിലെ ഉള്ളടക്കത്തിൻെറ ചുരുക്കം ഇതാണു്:

"പുരാതനകാലംമുതൽതന്നെ ചൈനക്കാർ, ഹിന്ദുക്കൾ, കൽദായർ (Chaldeans), ഈജിപ്തുകാർ, യവനന്മാർ (Greeks), റോമന്മാർ, അറബികൾ, അസ്സ്ടെക്കർ (Aztecs) മുതലായ വിവിധവർഗ്ഗക്കാരും ജ്യോത്സ്യവിശ്വാസികളായിരുന്നു. ജ്യോത്സ്യവിദഗ്ദ്ധരായ പോപ്പർമാർതന്നെ പത്തുപേർ ഉണ്ടായിരുന്നിട്ടുണ്ടു്. സിൽവെസ്റ്റർ II, അലെക്സാണ്ടർ IV, ജോൺ XX, ജോൺ XXI, കല്ലിസ്റ്റസ് III, സിക്സ്റ്റസ് IV, ജൂലിയസ് II, ലിയോ X, ക്ലെമൻറ് VII, പോൾ III എന്നിവരാണവർ. ജൂലിയസ് II-ാമൻ പോപ്പായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ താൻതന്നെയാണു് തൻെറ സിംഹാസ

നാരോഹണകർമ്മം നടത്തേണ്ട നാളും മുഹൂർത്തവും ഗണി ച്ചു നിശ്ചയിച്ചതു്. സിക്സ്റ്റസ് IV-ാമൻ, സന്ദർശ കർക്കും ഭക്തജനങ്ങൾക്കും ദർശനം നല്കുന്ന സമയം നിശ്ച യിച്ചിരുന്നതു ഗ്രഹനില ഗണിച്ചിട്ടായിരുന്നു.

“മഹാനായ അലെക്സാണ്ടർ, ജൂലിയസ് സീസർ, ജെഞ്ചിസ്ഖാൻ, നെപ്പോളിയൻ എന്നീ ലോകപ്രസി ദ്ധരായ യുദ്ധവിദഗ്ദ്ധന്മാരെല്ലാം ജ്യോത്സ്യനെക്കൊണ്ടു ഗ ണിപ്പിച്ചു ഗ്രഹനിലയറിഞ്ഞതിനുശേഷമാണു് പ്രധാ നാക്രമണങ്ങൾ ആരംഭിച്ചിട്ടുള്ളതു്. വിഷം കലത്തിയ ഭക്ഷണം അറിയാതെ കഴിക്കുന്നതുമൂലം ബാബിലോ ണിൽവെച്ചു അലക്സാണ്ടർ അകാലമായി മരിക്കുമെന്നു് അദ്ദേഹത്തിന്റെ കൊട്ടാരജ്യോത്സ്യൻ പ്രവചിച്ചിരു ന്നു. അതുകൊണ്ടു് അലെക്സാണ്ടർ ബാബിലോണിൽ പ്ര വേശിക്കാതെയാണു് കഴിഞ്ഞിരുന്നതു്. ഒടുവിൽ കാന്ത ത്താൽ ആകർഷിക്കപ്പെട്ടതുപോലെ അദ്ദേഹം ബാബി ലോണിൽ ചെല്ലുകയും പ്രവചനമനുസരിച്ചു് അവിടെ വെച്ചു മരിക്കുകയും ചെയ്തു. മാർച്ച് 15-ാംനു-യായിരിക്കും സീസർ മരിക്കുക എന്നാണു് അദ്ദേഹത്തിന്റെ ജ്യോ ത്സ്യൻ പ്രവചിച്ചിരുന്നതു്. അപ്രകാരംതന്നെ സംഭവി ച്ചു. ജെഞ്ചിസ്ഖാൻ ലോകത്തിൽ പകുതിയും പിടിച്ച ടക്കുമെന്നു് അദ്ദേഹത്തിന്റെ ജ്യോത്സ്യൻ പ്രവചിച്ചി രുന്നു. അതുപോലെയും സംഭവിച്ചു. മോസ്കോയെ ആ ക്രമിക്കരുതെന്ന മുന്നറിയിപ്പു നെപ്പോളിയനു് അദ്ദേഹ ത്തിന്റെ പ്രവാചകൻ നല്കിയിരുന്നു. അതിനെ അവ ഗണിച്ചു നടത്തിയ ആക്രമണം പരാജയത്തിലും സൈ

ന്യനാശത്തിലും കലാശിച്ചു. ബെഞ്ചമിൻ ഫ്രാങ്ക്ളിൻ, തോമസ് ജെഫഴ്സൺ എന്നീ ആധുനികരായ അമേരിക്കൻപ്രസിഡണ്ടുമാരും ജ്യോത്സ്യത്തിൽ വിദഗ്ധന്മാരായിരുന്നു. അമേരിക്കൻസ്ഥാനചിഹ്നത്തി(Coat of Arms)-ൽ നക്ഷത്രങ്ങളെ ചേർത്തതു ജെഫഴ്സൺ ആണു്. ഫ്രാങ്ക്ളിൻ രചിച്ച ആദ്യത്തെ പഞ്ചാംഗത്തിൽ അന്നത്തെ പ്രധാനപഞ്ചാംഗനിർമ്മാതാവായ ടൈററൻ ലീഡ്സ് (Titan Leeds) 1783 ഒക്ടോബർ 17-ാംനു- മരിക്കുമെന്നു പ്രവചിച്ചിരുന്നു. അപ്രകാരം സംഭവിക്കുകയും ചെയ്തു."

അതിപുരാതനകാലംമുതല്ക്കുതന്നെ ലോകത്തിൽ ജ്യോത്സ്യവിശ്വാസവും ഗണനയും ഉണ്ടായിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണു്. ജ്യോത്സ്യസംബന്ധമായ നിരീക്ഷണങ്ങളിൽനിന്നാണു് ജ്യോതിശ്ശാസ്ത്രം (Astronomy) എന്ന യഥാർത്ഥസയൻസ് ഉത്ഭവിച്ചിട്ടുള്ളതു്. 18-ാം നൂററാണ്ടുവരെ യൂറോപ്യൻശാസ്ത്രജ്ഞന്മാർ (Scientists) പോലും ജ്യോത്സ്യവിശ്വാസികളായിരുന്നു. നമ്മുടെ ഗ്രഹമണ്ഡലത്തിന്റെ കേന്ദ്രം ഭൂമിയാണെന്നും ഒരാലംബവുമില്ലാതെ ആകാശത്തിൽ ഗ്രഹനക്ഷത്രങ്ങളെ നിർത്തിയും ചലിപ്പിച്ചുമിരിക്കുന്നതു ദൈവമാണെന്നും അവയുടെ ചലനവും നിലയും കണക്കാക്കി ദൈവഹിതത്തെ അനുമാനിക്കാമെന്നുമായിരുന്നു ശാസ്ത്രകാരന്മാരുൾപ്പെടെ സകലരുടെയും വിശ്വാസം.

കോപ്പർനിക്കസ് എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ നമ്മുടെ ഗ്രഹമണ്ഡലകേന്ദ്രം ഭൂമിയല്ലെന്നു സുമാർ 1540ൽ

കണ്ടുപിടിച്ചു. ആ കണ്ടുപിടുത്തത്തെ ബ്രൂനോയും (Bruno) ഗലീലിയോയും (Galileo) സ്ഥിരീകരിച്ചു. അതോടെ ജ്യോത്സ്യഗണനയ്ക്കടിസ്ഥാനമായ രാശിചക്രം പരമാബദ്ധമാണെന്നുവന്നു. അതിനുശേഷം ടൈക്കോ ബ്രാഹേ (Tycho Brahe) കെപ്ലർ (Kepler) എന്നീ ശാസ്ത്രജ്ഞന്മാർ ആകാശഗോളങ്ങളുടെ ചലനനിയമങ്ങളെ ആസൂത്രണംചെയ്തു. അതേത്തുടർന്നാണു് സർ. ഐസക്ക് ന്യൂട്ടൻ ഘനാകർഷണശക്തി (Gravitation) കണ്ടുപിടിച്ചതു്. അതു 17-ാംനൂററാണ്ടിലാണു്. ഗ്രഹനക്ഷത്രങ്ങളുടെ നിലയും ചലനവും ഭ്രമണവുമെല്ലാം ഘനാകർഷണശക്തിയാലും അതിൻെറ നിയമങ്ങളാലും പ്രപഞ്ചത്തിൽ പ്രകൃത്യാ നടന്നുകൊണ്ടിരിക്കുന്നതാണെന്നും ദൈവികമെന്നു കരുതപ്പെടുന്ന യാതൊന്നും അതിലില്ലെന്നും അചിരേണ വെളിപ്പെട്ടു. അതോടെ ജ്യോത്സ്യം ശാസ്ത്രീയമോ നിയമേന ഒക്കുന്നതോ അല്ലെന്ന വസ്തുത പരിശോധകർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെയാണു് ജ്യോത്സ്യം അജ്ഞതാപരവും അന്ധവിശ്വാസജടിലവുമായ ഒരു വിശ്വാസംമാത്രമാണെന്നു തെളിഞ്ഞതു്. ആകസ്മികമായ സംഭവപ്പൊരുത്തവും സാഹചര്യങ്ങളിൽനിന്നു നടത്തുന്ന സമർത്ഥമായ ഊഹാപോഹവുമൊഴികെ ഒരു സത്തും തത്ത്വവും ജ്യോത്സ്യത്തിലില്ലെന്നു ശാസ്ത്രീയപരിശോധനകൾ സ്ഥാപിച്ചു. ഈ വസ്തുത ശാസ്ത്രലോകത്തിനുതന്നെ പൊതുവെ അറിയാനും ബോധ്യമാവാനും പിന്നെയും ഒരു നൂററാണ്ടുകാലത്തോളം പിടിച്ചു. 18-ാംനൂററാണ്ടുമുതൽ ജ്യോതിശ്ശാസ്ത്ര

ജ്ഞന്മാരാരും ജ്യോത്സ്യന്മാരല്ല, ജ്യോത്സ്യവിശ്വാസികളുമല്ല.

19-ാം നൂറ്റാണ്ടിനോ അഥവാ 18-ാം നൂറ്റാണ്ടിനോ മുമ്പുണ്ടായിരുന്ന മഹാന്മാരോ പോപ്പുമാരോ മറ്റാരെങ്കിലുമോ ജ്യോത്സ്യവിശ്വാസികളായിരുന്നു എന്നതു് ഇന്നു ജ്യോത്സ്യം വിശ്വസനീയമാണെന്നതിനൊരു തെളിവോ പിന്താങ്ങോ അല്ല. ലേഖകനായ ഫാർവി ഡെ പറയുന്ന സിൽവെസ്റ്റർ II മുതൽ പോൾ III വരെയുള്ള പോപ്പുമാർ, 999 മുതൽ 1549 വരെയുള്ള പല കാലഘട്ടങ്ങളിൽ വാണിരുന്നവരാണു്. ജോൺ XX എന്നും ജോൺ XXI എന്നും രണ്ടു പോപ്പുമാരെപ്പറ്റി ഫാർവി ഡെ പറയുന്നു. അങ്ങനെ രണ്ടു വ്യക്തികൾ ഉണ്ടായിട്ടില്ല. ജോൺ XX-ാമന്റെ പട്ടാഭിഷേകാവസരത്തിൽ XX-ാമൻ എന്നതിനു പകരം പിശകായി XXI-ാമൻ എന്നു നാമകരണം ചെയ്യപ്പെട്ടു എന്നൊരബദ്ധം പററി. ഏററവും പരിശുദ്ധമായ ഒരു മഹാചടങ്ങിൽ XXI-ാമൻ എന്നു നാമകരണം ചെയ്യപ്പെട്ടുപോയതുകൊണ്ടു പിന്നെ അതു തിരുത്തി XX-ാമൻ എന്നാക്കാതെ XXI-ാമൻ എന്നുതന്നെ സഭ സ്വീകരിക്കുകയാണുണ്ടായിട്ടുള്ളതു്. അങ്ങനെ ജോൺ XX-ാമനായി ഒരു പോപ്പ് ഉണ്ടായിട്ടേയില്ല. ഉണ്ടാകാത്ത പോപ്പ് ജ്യോത്സ്യനായിരുന്നു എന്നാണു് ഡെ പറയുന്നതു്. ഉണ്ടായിരുന്ന പോപ്പ് ജോൺ XXI-ാമൻ ജ്യോത്സ്യവിദഗ്ധൻതന്നെയായിരുന്നു. റോംപ്രവിശ്യയിൽത്തന്നെ വിറാർബോ(Viterbo)യിലെ പേപ്പൽ അരമനയിൽ തന്റെ ജ്യോത്സ്യഗണനാ

കൾ മററുള്ളവരുടെ ശല്യമൊന്നും കൂടാതെ നിർബാധം നടത്തുന്നതിനു പുതിയ ഒരു മുറികൂടി കൂട്ടിച്ചേർത്തു പണിയിച്ചു. ആ മുറിയിലിരുന്നു ജ്യോതസ്യഗണനന നടത്തികൊണ്ടിരിക്കെ, 1277 മേയ് 14-ാംനു പുതിയ വെൺമാടമേല്പുര തന്റെ മേൽ ഇടിഞ്ഞുവീണാണു് ആ ജ്യോത്സ്യവിദഗ്ദ്ധനായ പോപ്പ് മരിച്ചതു്. അതുതന്നെ ജ്യോത്സ്യത്തിന്റെ മിഥ്യാത്വത്തെയും ഭോഷത്വത്തെയും തെളിയിക്കുന്ന ഒരു സംഭവമാണു്.

മഹാനായ അലെക്സാണ്ടരുടെ മരണത്തെ ജ്യോത്സ്യപ്രവചനവുമായി ബന്ധിച്ചുപറയുന്നതു ചരിത്രദൃഷ്ട്യാ നേരല്ല. അറേബിയ പിടിച്ചടക്കാനുള്ള ഒരു സമരയാത്രയ്ക്കു് അദ്ദേഹം പുറപ്പെടാൻ ഒരുങ്ങിയിരിക്കെ പെട്ടെന്നു ബാധിച്ച വിഷമജ്വരത്താ(Typhoid Fever)ലാണദ്ദേഹം മരിച്ചതെന്നു ചരിത്രം അസന്നിഗ്ദ്ധമായി തെളിയിച്ചിട്ടുണ്ടു്.

ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ ജ്യോത്സ്യപ്രവചനം ഫലിച്ചു എന്നതും കല്പിച്ചുകൂട്ടി പ്രചരണാർത്ഥം പറയുന്നതനിന്നുമാത്രമാണു്. ഫ്രാങ്ക്ളിൻ വ്യക്തിപരവും നിന്ദാത്മകവുമായ ഉദ്ദേശത്തോടെ, ടൈററൻ ലീഡ്സിന്റെ പ്രവചനപരമായ പഞ്ചാംഗത്തെ ആക്ഷേപിച്ചു്, ടൈററൻലീഡ്സിന്റെ മരണം പരസ്യമായി പ്രവചിച്ചു. ആ പ്രവചനം ഒത്തിട്ടില്ല. ഫ്രാങ്ക്ളിൻ പ്രവചിച്ച തീയതിക്കു മരിക്കാതിരുന്ന ലീഡ്സ് ആ വിവരം കാണിച്ചു ഫ്രാങ്ക്ളിനെ കഠിനമായി ആക്ഷേപിച്ചൊരു വിമർശനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവിടന്നു് ആറു വർഷംകൂടി കഴിഞ്ഞാണു് ലീഡ്സ് മരിച്ചതു്.

ജ്യോത്സ്യം കണിശമായി ഒത്തു എന്ന അത്ഭുതകരമായ ചരിത്രം കളവായി പില്ക്കാലത്തു നിർമ്മിച്ച പ്രസിദ്ധീകരിച്ച ജ്യോത്സ്യവിശ്വാസം പ്രചരിപ്പിക്കുക എന്നതു ജ്യോത്സ്യന്മാരുടെയും ജ്യോത്സ്യവിശ്വാസികളുടെയും നയമാണ്. അത്തരം ഒരു ഗ്രന്ഥമാണ് സുപ്രസിദ്ധമായ 'കീറോയുടെ പ്രവചനങ്ങൾ' എന്നു് ഇതിനുമുമ്പു തെളിവുകൾസഹിതം സ്ഥാപിച്ച 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ലും 'യുക്തിവാദി'യിലും ഈ ലേഖകൻ എഴുതീട്ടുണ്ടു്. അതിനെതിരായി ആരെങ്കിലും എന്തെങ്കിലും തെളിവു പുറപ്പെടുവിക്കുകയോ വിമർശനം നടത്തുകയോ ഉണ്ടായിട്ടില്ല.

18-ാംനൂററാണ്ടിനുമുമ്പു് അന്നത്തെ ശാസ്ത്രജ്ഞന്മാരും മഹാന്മാരും മാർപ്പാപ്പമാരും ഉൾപ്പെടെ എല്ലാ രാജ്യങ്ങളിലെയും ജനത മുഴുവനും ജ്യോത്സ്യവിശ്വാസികളായിരുന്നു. അതിനുശേഷം ലഭിച്ച ശാസ്ത്രജ്ഞാനമാണു് ജ്യോത്സ്യം മിഥ്യയാണെന്നു തെളയിച്ചതു്. അതിനു മുമ്പുള്ള മഹാന്മാർ ജ്യോത്സ്യവിശ്വാസികളായിരുന്നു എന്നതു ജ്യോത്സ്യം വിശ്വസനീയമാണെന്നതിനു തെളിവാകയില്ല. ജ്യോത്സ്യംസംബന്ധിച്ച പ്രായോഗികപരീക്ഷണം നടത്തുന്ന ആക്കും ആകസ്മികത്വവും വിശ്വാസദൃഢതകൊണ്ടു നല്കുന്ന വ്യാഖ്യാനവുമല്ലാതെ പ്രവചനം ഒക്കാനുള്ള മാർഗ്ഗമില്ലെന്നു മനസ്സിലാക്കാൻ പ്രയാസമൊന്നുമില്ല.

ക്രിസ്തുവിന്റെയും നബിയുടെയും കാലത്തു ജ്യോത്സ്യവിശ്വാസം പൊതുവെ പ്രചാരത്തിലിരുന്നുവെങ്കി

ലും വെറും വിധിവിശ്വാസികളല്ലാത്ത(Fatalists)ല്ലാത്ത കർമ്മയോഗികളായിരുന്നു അവർ. അതുകൊണ്ടാണു് വീര്യമുള്ള ആ രണ്ടു മതങ്ങളുടെയും വിശ്വാസാചാരങ്ങളിൽ ജ്യോത്സ്യം കടന്നുകൂടാഞ്ഞതു്. ഇന്നു ക്രിസ്ത്യാനിക്കു ജ്യോത്സ്യം പാപവും ഉത്തമമുസ്ലീമിനു ജ്യോത്സ്യം ഹറാമുമാണു്.

## അനുഭവം രണ്ടുവിധം

സർദാർ കെ. എം. പണിക്കരുടെ ആത്മകഥയിലെന്നപോലെ, ജ്യോത്സ്യസംബന്ധമായ ചില അനുഭവങ്ങൾ സർ സി. ശങ്കരൻനായർ, കെ. പി. കേശവമേനോൻ മുതലായ മഹാത്മാക്കൾക്കുണ്ടായിട്ടുണ്ടെന്നു് അവരുടെ ആത്മകഥകളിലുമുണ്ടു്. അവരൊന്നും നുണ പറയുന്നവരല്ല, പാരമ്പര്യമായി ജ്യോത്സ്യത്തെ വിശ്വസിച്ചും ആചരിച്ചും വന്നവരാണു്. ജ്യോത്സ്യം ശരിയാണോ അല്ലയോ എന്ന ശാസ്ത്രീയപരീക്ഷണമൊന്നും അവർ നടത്തീട്ടില്ല. അനുഭവങ്ങളും മനോബോധ്യങ്ങളും വൈകാരികം (Emotional), ധിഷണാപരം (Intellectual) എന്ന രണ്ടുതരമുണ്ടു്. സർദാർ പണിക്കരും മററും വിവരിക്കുന്ന അനുഭവവും മനോബോധ്യവും അവരുടെ മനസ്സിൽ പാരമ്പര്യവഴിക്കും സാഹചര്യങ്ങൾവഴിക്കും പതിഞ്ഞുകിടക്കുന്ന വിശ്വാസത്തിൽനിന്നുള്ള വൈകാരികപ്രതീതിമാത്രമാണു്. അവ അശേഷവും ധിഷണാപരമല്ല. ഓരോ മതക്കാരനും അവനവൻെറ മതംമാത്രം സത്യമെന്നോ ഏററവും സത്യമെന്നോ വിശ്വസിക്കുന്നതും മററു മതങ്ങൾ വിശ്വസിക്കാതിരിക്കുന്നതും ധിഷണാപ

രമല്ലാത്ത വൈകാരികമായ മനോബോധ്യത്തിൻെറ സുവിദിതദൃഷ്ടാന്തമാണു്. (ധിഷണാപരമായ അനുഭവങ്ങളുടെയും ബോധ്യങ്ങളുടെയും ദൃഷ്ടാന്തങ്ങളാണു് സയൻസിൻെറ നേട്ടങ്ങളെല്ലാം. അവ എല്ലാ മതക്കാൎക്കും രാജ്യക്കാൎക്കും ഒരുപോലെ സ്വീകാൎയ്യമായിരിക്കുന്നതു ധിഷണാപരമായതുകൊണ്ടാണു്. വിശ്വാസങ്ങളെല്ലാം വൈകാരികംമാത്രമായതുകൊണ്ടാണു് അവ ഒരു കൂട്ടൎക്കുമാത്രം സ്വീകാൎയ്യവും മററു മതക്കാൎക്കു് അസ്വീകാൎയ്യവുമായിരിക്കുന്നതു്. ആ നില ധിഷണാപരമായ ബോധ്യങ്ങൾക്കില്ല.)

മുൻകാലത്തുണ്ടായ ഒരു വൈകാരികാനുഭവത്തെ പിൻകാലത്തു വിവരിക്കുമ്പോൾ അതിലെ വൎണ്ണനകൾ കൃത്യമോ ദോഷരഹിതമോ അല്ലായിരിക്കും. സ്വയമറിയാതെതന്നെ സ്വല്പം അതിശയോക്തിയും അസ്പഷ്ടതയും കടന്നുകൂടാതിരിക്കുകയില്ല. ലാഹോറിരാമിൻെറ പ്രവചനപഞ്ചാംഗത്തിൽ ജാംനഗറിലെ മഹാരാജാവെന്നു കൃത്യമായി പറയുന്നു. എന്നാൽ കൊച്ചിമഹാരാജാക്കന്മാരെ തെക്കെ ഇന്ത്യയിലെ രണ്ടു രാജാക്കന്മാർ എന്നു സാമാന്യമായേ പറയുന്നുള്ളു. മൈസൂറിലും തമിൾനാട്ടിലും കൊച്ചിയിലും തിരുവിതാംകൂറിലും കൊടുങ്ങല്ലൂരും കോഴിക്കോട്ടും മററുമായി തെക്കെ ഇന്ത്യയിൽ 2000-ൽ അധികം രാജകുടുംബാംഗങ്ങളുണ്ടു്. അവരിൽ ഏതെങ്കിലും രണ്ടു പേർ മരിച്ച പ്രവചനം ഒക്കാൻ പ്രയാസമില്ല.

ഒരു നോട്ടത്തിൽത്തന്നെ സർദാർ പണിക്കരെ വിസ്മയഭരിതനാക്കിയ ആ പഞ്ചാംഗത്തിലെ പ്രവചനങ്ങ

ളെല്ലാം പഠിച്ച് അവയിൽ എത്രയെണ്ണം ശരിയെന്നും ശരിയല്ലെന്നും തരംതിരിച്ചെങ്കിൽ അവയിൽ ബഹുഭൂരിപക്ഷവും ശരിയാകാത്തതാണെന്നു മനസ്സിലാക്കാമായിരുന്നു. അതു പണിക്കർ ചെയ്തില്ല. നമ്മുടെ രാജാക്കന്മാർക്ക് പ്രത്യേകപ്രതിപത്തിയുള്ള ഓരോ ജ്യോത്സ്യന്മാരുള്ളതുപോലെ, പട്യാലമഹാരാജാവിൻെറ സ്വന്തം ജ്യോത്സ്യനായിരുന്നു ലാഹോറിറാം എന്നു മാത്രമേയുള്ളൂ. (ഇന്ത്യ സ്വതന്ത്രയായ ഉടനെ ഇന്ത്യയുടെ ആഭ്യന്തരമന്ത്രി സർദാർ പട്ടേൽ ഇന്ത്യയിലെ 600-ൽപ്പരം നാട്ടുരാജാക്കന്മാർക്ക് അധികാരഭ്രംശം വരുത്തി. ലാഹോറിറാമിനെപ്പോലെ രാജകീയജ്യോത്സ്യന്മാർ ഇന്ത്യയിലെ അഞ്ഞൂറോളം വരുന്ന അമുസ്ലീംനാട്ടുരാജ്യക്കാർക്ക്[പട്യാല, തിരുവിതാംകൂർ, കൊച്ചി ഉൾപ്പെടെ]മുണ്ടായിരുന്നു. അവർ ഗണിച്ചുവെച്ച രാജകീയജാതകങ്ങളിലോ പഞ്ചാംഗങ്ങളിലോ ഏതിലെങ്കിലും രാജാവിനോ എല്ലാ രാജാക്കന്മാർക്കും ഒന്നടങ്കമോ അധികാരഭ്രംശം ഭവിച്ച് അവർ സാധാരണ പൗരന്മാരാകുമെന്ന സൂചനപോലുമില്ലായിരുന്നു. അതും ജ്യോത്സ്യം മിഥ്യയാണെന്നതിനു് ഒരു പ്രബലത്തെളിവാണ്.)

## കാലചക്രം

ജ്യോത്സ്യഗണനയ്ക്കു് ഇന്നും ഉപയോഗിച്ചുവരുന്ന രാശിചക്രം തെറ്റാണെങ്കിലും ഗണനാഫലം ശരിയെന്നു വാദിക്കാൻ ജ്യോത്സ്യന്മാരും ജ്യോത്സ്യപക്ഷക്കാരും കടിച്ചുതൂങ്ങുന്ന ഒരു വസ്തുതയുണ്ട്. ജ്യോത്സ്യൻ ഗണിക്കുന്ന പഞ്ചാംഗപ്രകാരം വാവുകളും ഗ്രഹണങ്ങളും ക

ത്തു പരുന്നുണ്ടെന്നുള്ളതാണതു്. പഞ്ചാംഗം ഗണിക്കുന്ന തു രാശിചക്രത്തിൻെറ സഹായത്താലല്ല; മറെറാരു കാലചക്രത്തിൻെറ അടിസ്ഥാനത്തിലാണു്, മൂവ്വായിരത്തിൽപ്പരം വർഷങ്ങറംക്കുമുമ്പു വാനനിരീക്ഷണത്തിൽ കണ്ടുപിടിച്ചിട്ടുള്ളതാണു് Saros Cycle എന്ന കാലചക്രം. പുരാതനർ നിത്യേന വാനനിരീക്ഷണം നടത്തി അന്നത്തെ ഗ്രഹനിലകറം കുറിക്കുന്ന ഒരു പടം (Chart) വെച്ചുപോന്നു. അങ്ങനെ 18 വർഷവും $11\frac{1}{3}$ ദിവസവും കഴിഞ്ഞപ്പോറം പിന്നെ ആദ്യം തുടങ്ങിയതുപോലുള്ള ഗ്രഹനിലകറം നിയമേന ആവർത്തിക്കുന്നതായി അവർ കണ്ടുപിടിച്ചു. ആ കാലചക്രത്തെ പിടിച്ചാണു് പഞ്ചാംഗം ഗണിക്കുന്നതു്. അതിൽ വാവുകളും ഗ്രഹങ്ങളുമല്ലാതെ ആ കാലയളവിനപ്പുറം പ്രത്യക്ഷപ്പെടുന്ന ധൂമകേതുക്കളെയോ ഭൂകമ്പം, കൊടുങ്കാററു് ആദിയായവയെയോ ഗണിച്ചുപറയാൻ കഴിയുന്ന ജ്യോത്സ്യൻ ഒരിടത്തുമില്ല. അതിപ്പോറം സാധിക്കുന്നതു ജ്യോതിശ്ശാസ്ത്രജ്ഞന്മാരാണു്.

## ചന്ദ്രൻെറ ആകർഷണം

ചന്ദ്രൻെറ ആകർഷണംനിമിത്തമാണല്ലോ സമുദ്രത്തിലും സമുദ്രത്തോടുതൊട്ടുകിടക്കുന്ന ജലാശയങ്ങളിലും വേലിയേററമുണ്ടാകുന്നതു്. അതുപോലെ മററു ഗ്രഹനക്ഷത്രങ്ങളും മനുഷ്യരിൽ എന്തെങ്കിലും പ്രേരണാബലം ചെലുത്തുന്നുണ്ടായിരിക്കയില്ലേ എന്നു സംശയിക്കുന്നവരുണ്ടു്. അന്തരീക്ഷത്തിലെ ഗോളങ്ങളെല്ലാം പരസ്പരം ചെലുത്തിക്കൊണ്ടിരിക്കുന്ന ഘനാകർഷണശ

ക്തിയുടെ പിടിവലി(Gravitational Pull)മൂലമാണ് അവ അന്തരീക്ഷത്തിൽ ഭ്രമണംചെയ്തും ചലിച്ചും നിലനില്ക്കുന്നതു്. ഘനാകർഷണം അന്ധവും വിവേകശൂന്യവുമായ ഒരു പ്രചണ്ഡശക്തിമാത്രമാണ്. ഭൂമിക്ക് ഏററവും അടുത്ത ഗ്രഹമാണ് ചന്ദ്രൻ. ഭൂമിയുടെ ഉപരിതലത്തിനു 192500000 ചതുരശ്രമൈൽ വിസ്താരമുള്ളതിൽ 141500000 ചതുരശ്രമൈലും സമുദ്രമാണ്. അതുകൊണ്ടു ഭൂമിയുടെ മുക്കാലോളം വരുന്ന ജലഭാഗത്തെമാത്രമേ ചന്ദ്രൻെറ ആകർഷണം ബാധിച്ചു വേലിയേററമുണ്ടാകുന്നുള്ളൂ. കരഭാഗത്തെയോ ജീവികളെയോ ഉൾനാടൻജലാശയങ്ങളെയോ ഒരു പ്രകാരത്തിലും ചന്ദ്രൻെറ ആകർഷണം ബാധിക്കുന്നില്ല. ചന്ദ്രൻെറ പ്രേരണ മനുഷ്യരെ ബാധിക്കുന്നു എന്നതു ഭാവനമാത്രമാണ്. മററു ഗ്രഹനക്ഷത്രങ്ങളിലൊന്നിൻെറയും ആകർഷണശക്തി ഭൂമിയിലുള്ള ഒന്നിനെയും ബാധിക്കുന്നില്ല. നാലടിമുതൽ ഏഴടിവരെ പല ഉയരമുള്ള മനുഷ്യരുള്ളതുകൊണ്ടാണ് പതിനഞ്ചോ ഇരുപതോ അടി ഉയരമുള്ള രാക്ഷസന്മാരുണ്ടെന്നുള്ള മിഥ്യാസങ്കല്പം ഉണ്ടായതു്. ഗ്രഹനക്ഷത്രങ്ങൾ മനുഷ്യജീവിതത്തെ നിയന്ത്രിക്കുമെന്നോ മറേറതെങ്കിലും തരത്തിൽ ബാധിക്കുമെന്നോ ഉള്ള സങ്കല്പമുണ്ടായതു് അതുപോലെയാണ്. ഇന്ത്യയിൽ ഈ സങ്കല്പവും വിശ്വാസവും അതിപുരാതനകാലത്തുണ്ടായി മതത്തോടലിഞ്ഞുചേർന്നുപോയതുകൊണ്ടാണ് ജ്യോത്സ്യവിശ്വാസം ഇന്നും ഇവിടെ മാന്യമായി നിലനില്ക്കുന്നതു്.

## ഭ്രാന്തു്, കാസം, വാവു്

ഒരു സുഹൃത്തു് ഉന്നയിച്ച മറെറാരു പ്രശ്നമാണു് ഭ്രാന്തിനും കാസത്തിനും മററും വാവിനോടുള്ളതായി കാണപ്പെടുന്ന അഭേദ്യബന്ധം. കറുത്ത വാവും വെളുത്ത വാവും ചന്ദ്രന്റെ രണ്ടു കലാമുഖങ്ങൾ (Phases) ആണു്. അവയോടു ഭ്രാന്തിനും മററും ബന്ധമുണ്ടെന്നും വാവുനാൾ അവ അത്യുച്ചത്തിലാവുമെന്നുള്ള വിശ്വാസം മിക്കവാറും അനുഭവത്തിലെന്നപോലെ നിലനില്ക്കുന്നുണ്ടു്. അതുസംബന്ധിച്ച ശാസ്ത്രീയപരീക്ഷണം അഞ്ചെട്ടുവർഷംമുമ്പു ലോകവിശ്രുതശാസ്ത്രജ്ഞനായ ജെ. ബി. എസ്സ്. ഹാൽഡേൻ നടത്തി ഫലം പ്രസ്താവിച്ച വിവരം 'ഹിന്ദു'മുതലായ പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഹാൽഡേന്റെ പരീക്ഷണങ്ങളിൽനിന്നു വെളിവായ വസ്തുത ഇതാണു്:

ഭ്രാന്തും കാസവും അവസ്ഥ തനതായുള്ള ഓരോ കാലചക്രങ്ങളിലാണു് വർത്തിക്കുന്നതു്. ആ കാലചക്രങ്ങൾക്കു ചന്ദ്രന്റെ കാലചക്രത്തോടു പൂർണ്ണമായല്ലെങ്കിലും ഏകദേശസാമ്യമുണ്ടു്. ഈ ഏകദേശസാമ്യംകൊണ്ടു വാവും പ്രസ്തുതദിനങ്ങളുമായി ബന്ധമുണ്ടെന്നു പുരാതനർ വിചാരിച്ചും വിശ്വസിച്ചും പോന്നു. പ്രസ്തുതവിശ്വാസം ഇന്നും നിലനില്ക്കുന്നു എന്നുമാത്രമേയുള്ളു. പരിശോധിച്ചാൽ പ്രസ്തുതദിനങ്ങളുടെ മൂർച്ഛ, വാവിനു മുമ്പും പിമ്പും ഉണ്ടാകുന്നതായിക്കാണാം. വാവിനുമുമ്പുണ്ടാകുന്നതു വാവിന്റെ വരവിനോടും പിമ്പുണ്ടാകുന്നതു വാവിന്റെ പോക്കിനോടും ആരോപിച്ചുപോവുകയാണു്. സൂക്ഷ്മമായി പരീക്ഷിച്ചാൽ ആ ദിനങ്ങളുടെ മൂർച്ഛ വാവിനു നേരെ എതിരായും വരുന്നതായി കാണാം.

## പെണ്ണ്—പുണ്യത്തിൻെറ ശത്രു

പാപകാരണം സ്ത്രീയാണെന്നും സ്ത്രീപുരുഷബന്ധം പുരുഷൻെറ ആത്മീയതയ്ക്ക് ഹാനികരമാണെന്നുമുള്ള വിശ്വാസം എല്ലാ മതങ്ങളിലും ഇന്നും ഏറെക്കുറെ നിലനില്ക്കുന്നുണ്ട്. അധ്യാത്മനിധികളായ ശങ്കരാചാര്യന്മാരും സംന്യാസികളും ഭിക്ഷുക്കളും പോപ്പുമാരും അവരുടെ കീഴിലുള്ള പുരോഹിതവർഗ്ഗവും മുഴുവനും പൗരസ്ത്യസഭക്കാരായ പാത്രിയാർക്കീസ്, മെത്രാൻ, റമ്പാൻ മുതലായവരും ആജീവനാന്തം ബ്രഹ്മചാരികളായിരിക്കണമെന്ന ആചാരത്തിൻെറയും നിയമത്തിൻെറയും ഒരു പ്രധാനാസ്പദം പ്രസ്തുതവിശ്വാസമാണ്. ഒരു മതവും സ്ത്രീകൾക്ക പൗരോഹിത്യം അനുവദിക്കാത്തതിൻെറ കാരണവും മറെറാന്നല്ല.

**ബുദ്ധമതത്തിൽ**

ജപ്പാനിലെ 'സഞ്ചോഗതകെ' (Mount Sanjo-gatake) എന്ന കുന്നിൻമുകളിൽ ഒരു ബൗദ്ധക്ഷേത്രവും

സംന്യാസാശ്രമവുമുണ്ട്. ആ കുന്നും ചുററുമുള്ള താഴ്വരകളും ക്ഷേത്രംവകയും ക്ഷേത്രസങ്കേതവുമാണ്. ഈ ക്ഷേത്രവും ആശ്രമവും അവിടെ ഉണ്ടായിട്ട് സുമാർ 1300 വർഷങ്ങളായി. ഈ സുദീർഘകാലമത്രയും ഈ ക്ഷേത്രസങ്കേതത്തിൽ സ്ത്രീവർഗ്ഗത്തിൽപ്പെട്ട ഒരു വ്യക്തിയെയും പ്രവേശിപ്പിക്കാതാണിരുന്നിട്ടുള്ളത്. 'ഒരു സ്ത്രീയെക്കാണുന്നതിനെക്കാളും അപകടം കുറഞ്ഞതാണ് ഒരു വിഷസർപ്പത്തെ എതിരിടുന്നത്' എന്നതാണവരുടെ പ്രമാണം.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു കൊല്ലം ഈ പരിശുദ്ധക്ഷേത്രസങ്കേതമായ കുന്നിൻചെരിവുകളിലും താഴ്വരയിലും അസാധാരണമായ ഉണക്കംമൂലം ഉത്പന്നങ്ങൾ നശിച്ച് സംന്യാസിമാക്ക് ഭക്ഷ്യധാന്യക്ഷാമം നേരിട്ടു. അക്കാലത്ത് അമേരിക്കൻസൈന്യത്തിൻെറ ഭരണത്തിലായിരുന്നു ജപ്പാൻ. അമേരിക്കൻ സൈന്യവിഭാഗത്തിലെ ഏതാനും WAC വനിതകൾ മുമ്പും കുറേ ജപ്പാൻവനിതകൾ പിമ്പുമായി സംന്യാസിമാക്ക് ഭക്ഷ്യധാന്യസഹായം നല്കാൻ ആ പരിശുദ്ധക്ഷേത്രസങ്കേതത്തിലേയ്ക്കു പുറപ്പെട്ടു. ആ വിവരം മുൻകൂട്ടിയറിഞ്ഞ സംന്യാസിമാർ ചുററുമുള്ള ഗ്രാമീണരുടെ സഹായത്തോടെ ആ സ്ത്രീകളിൽ ആരെയും ക്ഷേത്രസങ്കേതത്തിൽ പ്രവേശിപ്പിക്കാതെ മടക്കിയയച്ചു.

പിന്നെ 1946-ൽ യാദൃച്ഛികമായ അഗ്നിബാധയാൽ ആ ക്ഷേത്രത്തിന്നു സാരമായ നാശനഷ്ടങ്ങളുണ്ടാവുകയും ക്ഷേത്രം പുതുക്കിപ്പണിയേണ്ടിവരികയുമുണ്ടായി.

പുതുക്കിപ്പണിത ക്ഷേത്രത്തിന്റെ ശുദ്ധികർമ്മം 1960 ജൂലായിലായിരുന്നു. പ്രസ്തുതാവസരത്തിൽ ആ പ്രവിശ്യയിലെ ഗവർണ്ണരുടെ നേതൃത്വത്തിൽ 200 ഭക്തന്മാർ വേദികയിലേയ്ക്കുള്ള തങ്ങളുടെ വഴിപാടായ താമരപ്പൂക്കളുംകൊണ്ടു മന്ത്രോച്ചാരണസഹിതം മലമുകളിലേയ്ക്കു പോവുകയായിരുന്നു. തദവസരത്തിൽ ക്ഷേത്രസങ്കേതാതിർത്തിയിൽ ബസ്സുകൾവഴി എത്തിയ സുമാർ 500 ജപ്പാൻസ്ത്രീകൾ ആ ഭക്തസമൂഹത്തിൽ ചേർന്നു്, 'സ്ത്രീകൾക്കു പ്രവേശനമില്ല' എന്നെഴുതി അതിർത്തിയിൽ നാട്ടിയ ബോർഡു് പിഴുതെടുത്തു നശിപ്പിച്ചുകൊണ്ടു സങ്കേതത്തിലും ക്ഷേത്രത്തിലും പ്രവേശിച്ചു. ഈ അതിർത്തികടന്നുള്ള കൈയേററങ്ങളെല്ലാം ഭിക്ഷുക്കൾ കണ്ടു വിഷണ്ണരായി നിന്നതേയുള്ളു. നിരോധിക്കപ്പെട്ടിടത്തെല്ലാം സ്ത്രീകൾ കയറിയുല്ലസിക്കുന്നതു കണ്ടിട്ടു് "ഗെയിഷികൾ (നർത്തകികൾ) വിഹരിക്കുന്നിടത്തിരുന്നുകൊണ്ടു ബുദ്ധഭഗവാനെ ആർക്കെങ്കിലും ധ്യാനിക്കാൻ സാധിക്കുമോ? അതുകൊണ്ടാണു് ഞങ്ങൾ ഈ കുന്നിൻസങ്കേതത്തിൽ ഏകാന്തത തേടിയതു്. ഇപ്പോൾ പെണ്ണുങ്ങൾ ഇവിടെയും പ്രവേശിച്ചുകഴിഞ്ഞു. അവർ തങ്ങളുടെ കാമുകന്മാരെയുംകൊണ്ടായിരിക്കും ഇനി വരുന്നതു്. 500 പുനർജ്ജന്മങ്ങൾ എടുത്താലും മുക്തിലഭിക്കാത്ത ദുർദ്ദശകൾക്കു കാരണം പെണ്ണാണു്"—എന്നു പ്രധാന ഭിക്ഷുവായ 75 വയസ്സുള്ള കയിഗിയോകു ഒകാദ (Abbot Kaigyoku Okada) പ്രസ്താവിച്ചു.

**ക്രിസ്തുമതത്തിൽ**

ഇതുപോലെ സ്ത്രീകളെ പ്രവേശിപ്പിക്കാത്ത സംന്യാസിസങ്കേതങ്ങൾ ക്രൈസ്തവർക്കുമുണ്ട്. അവയിലൊന്നാണ് ഗ്രീസിലെ അത്തോസ് കുന്നിൻ(Mount Athos) മേടിലുള്ളതു്. സമുദ്രനിരപ്പിൽനിന്നു 6,000 അടി ശരാശരി പൊക്കമുള്ള ഒരു മേടാണ് അത്തോസ്. യവനക്രിസ്ത്യൻസംന്യാസിമഠങ്ങളുടെയും സംന്യാസിമാരുടെയും നാടാണതു്. അങ്ങനെയായിട്ട് ഇപ്പോൾ 15 നൂറ്റാണ്ടോളമായി. 50 വർഷംമുമ്പ് അവിടെ 180 സംന്യാസിമഠങ്ങളും സംന്യാസികളും അവരുടെ പരിചാരകരുമുൾപ്പെടെ 7553 പുരുഷന്മാരുമുണ്ടായിരുന്നു. കടലിലേയ്ക്ക് ഉന്തിയുയർന്നുനില്ക്കുന്ന പാറകളാണതിൻെറ ബഹിഷ്പ്രാന്തം. കപ്പിയും കയറും കുട്ടയും ഉപയോഗിച്ചാണ് ആളുകളെ ആ സംന്യാസിസങ്കേതത്തിൽ പ്രവേശിപ്പിക്കുകയും അവിടന്നു പുറത്തേയ്ക്കയയ്ക്കുകയും പതിവു്. വൻകരയോടു തൊട്ടുകിടക്കുന്ന ഇടുങ്ങിയ ഭാഗത്തു വലിയ കിടങ്ങു കുഴിച്ചിട്ടുള്ളതിനാൽ ആ വഴി അഗമ്യമാണ്. ഇപ്പോൾ അവിടെ സംന്യാസിമാരുടെ എണ്ണം നന്നെ കുറഞ്ഞുപോയിരിക്കുന്നു.

പരിശുദ്ധകുന്നു (Holy Mount) എന്നു പറയപ്പെടുന്ന അവിടെ എല്ലാ സംന്യാസിമഠങ്ങളും കപ്പേളകളും (Chapels) പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു ക്രിസ്തുവിൻെറ മാതാവായ മറിയം എന്ന സ്ത്രീയുടെ നാമത്തിലാണ്. എങ്കിലും ഒരു സ്ത്രീയെയും ആ അർദ്ധദ്വീപിലേയ്ക്ക് ഒരു സംഗതിവശാലും പ്രവേശിപ്പിക്കയില്ലെന്നതാണ് അ

വിടത്തെ പ്രത്യേകത. ആ പ്രത്യേകത ഇന്നും പാലിക്കപ്പെടുന്നു. അവിടെ പ്രവേശിക്കുന്ന സംന്യാസിമാരാരും പിന്നെ പുറത്തേയ്ക്കു പോവുകയില്ല. സ്ത്രീയെ കാണാതെയാണു് അവർ ജീവാവസാനംവരെ കഴിഞ്ഞുകൂടുന്നതു്. അതിൻെറ പരിശുദ്ധതയും മഹത്ത്വവും അതുതന്നെയാണു്.

എല്ലാ ജീവികളിലും ആണും പെണ്ണും പരസ്പരപൂരകങ്ങളായിട്ടാണു് പ്രകൃതി സംവിധാനംചെയ്തിട്ടുള്ളതു്. വർഗ്ഗത്തിൻെറ പുനരുത്പാദനവും അസ്തിത്വവും നിലനില്ക്കുന്നതു സ്ത്രീപുരുഷബന്ധത്തിലാണു്. യൗവനദശയിൽ സ്ത്രീപുരുഷസംസർഗ്ഗം വേണമെന്നുള്ളതാണു് പ്രകൃതിയുടെ ശാസന. അതു കൂടാതുള്ള ബ്രഹ്മചര്യാനുഷ്ഠാനം പ്രകൃതിവിരുദ്ധമാണു്.

സ്ത്രീപുരുഷബന്ധത്തിനു മനുഷ്യവർഗ്ഗത്തിൻെറ ആദിമദശകളിൽ ഒരു സാമൂഹ്യനിയന്ത്രണവുമുണ്ടായിരുന്നില്ല. അനിയന്ത്രിതവും വിവേകരഹിതവുമായ സംഭോഗം പല ദോഷങ്ങളും വരുത്തിവെച്ചിരുന്നു. തന്മൂലമാണു് സ്ത്രീപുരുഷബന്ധം സംബന്ധിച്ച വിവാഹാദിസാമൂഹ്യനിയന്ത്രണങ്ങൾ വേണ്ടിവന്നതു്. സ്ത്രീപുരുഷബന്ധനിയന്ത്രണം വ്യക്തികളുടെ ആരോഗ്യസംരക്ഷണത്തിന്നും സാമൂഹ്യപുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന ധാരണയുമുണ്ടായി. ആ ധാരണയുടെ അതിർകവിഞ്ഞതും അതിശയോക്തിപരവുമായ വളർച്ചയിലാണു് സ്ത്രീപുരുഷബന്ധനിരോധം ആത്മീയതയെ വർദ്ധിപ്പിക്കുമെന്നുള്ള അബദ്ധാശയം ഉത്ഭവിച്ചതും പ്രസ്തുതാ

ബലാശയത്തെ സധർമ്മപ്രമാണമായി മതക്കാർ സ്വീകരിച്ചതും. സ്ത്രീയെപ്പററിയുണ്ടായ ആ പുരാതനാവജ്ഞ മിക്ക മതങ്ങളിലും ഇന്നും അവശേഷിച്ചുകിടക്കുന്നുണ്ട്. പ: മറിയത്തിനെ ക്രിസ്തുവിന്നു തുല്യമായാണ് കത്തോലിക്കരും കിഴക്കൻസഭക്കാരും ആരാധിക്കുന്നതു്. എന്നാലും പ: മറിയത്തിൻെറ വർഗ്ഗത്തിൽപ്പെട്ട ഒരു സ്ത്രീക്കു പോലും ദൈവത്തെയോ ദൈവപുത്രനെയോ കുർബ്ബാന ചൊല്ലി ആരാധിക്കാനുള്ള അവകാശം ഇതേവരെ അനുവദിച്ചിട്ടില്ല.

അർത്ഥമില്ലാത്തതിലെന്തിനു് അക്ഷരപ്പിഴ നോക്കുന്നു? മതസങ്കല്പംതന്നെ മാഹാബദ്ധമായിരിക്കെ അതിലെ ഉപസങ്കല്പങ്ങളിലെ തെററു നോക്കിയിട്ടോ തിരുത്തിയിട്ടോ കാര്യമില്ലല്ലോ.

പൗരോഹിത്യവും വൈവാഹികജീവിതവും പൊരുത്തമില്ലാത്തതല്ലെന്നു തെളിയിച്ച ആദ്യത്തെ പാശ്ചാത്യൻ മാട്ടിൻ ലൂതറാണു്.

## മാട്ടിൻ ലൂതർ

1505-ൽ ജർമ്മനിയിലെ എർഫർട്ട് (Erfurt) സർവ്വകലാശാലയിൽനിന്നു ലൂതർ 22-ാംവയസ്സിൽ എം. എ. ബിരുദം നേടി. പിന്നെ പട്ടത്തിനു പഠിച്ചു പുരോഹിതനായി. ഭക്തിതീക്ഷ്ണതയുള്ള ഒരു പുരോഹിതനായിരുന്നു അദ്ദേഹം. 1508-ൽ വിററൻബർഗ്ഗ് (Wittenburg) സർവ്വകലാശാലയിൽ അദ്ദേഹം ഒരധ്യാപകനായി നിയമിക്കപ്പെട്ടു. അക്കാലത്താണു് ജോൺ ടെററ്സ്സെൽ

(John Tetzel) എന്നൊരു സംന്യാസിപ്പട്ടക്കാരൻ പോപ്പിൻെറ പാപമോചനച്ചീട്ടുകൾ (Indulgences) വില്ക്കാനായി അവിടെ ചെന്നതു്. പാപമോചനച്ചീട്ടുവില്പനയ്ക്കും പണത്തിനുവേണ്ടി വത്തിക്കാൻ ചെയ്യുന്ന മററു ഴിമതികൾക്കുമെതിരായി ലൂതർ പരസ്യമായി പ്രസംഗിച്ചു. അതു ഗൗരവമേറിയ കുററമായി കല്പിച്ചു ലൂതറിനു പോപ്പ് സഭാഭ്രഷ്ട് നല്കി, 1520-ൽ പുറത്താക്കി. പോപ്പിൻെറ ആ കല്പനയെ പരസ്യമായി കത്തിച്ചുകളഞ്ഞു കൊണ്ടു കത്തോലിക്കസഭയെ നവീകരിക്കുന്ന പ്രൊടസ്റ്റൻറ് സഭാസ്ഥാപനത്തിനു് അടിസ്ഥാനമിട്ടതു് ലൂതറാണു്. അന്നുതൊട്ടദ്ദേഹം ആരംഭിച്ചതാണു് പ്രോടസ്റ്റൻറ്മതം. ഇന്നിപ്പോൾ കത്തോലിക്കസഭയിൽനിന്നു വേർപെട്ട സഭകൾക്കു പൊതുവിൽ കത്തോലിക്കസഭയോളംതന്നെ അംഗസംഖ്യയും ധനപുഷ്ടിയുമുണ്ടു്. പുരോഹിതർ അവിവാഹിതരായിക്കഴിയേണ്ടതില്ലെന്നതായിരുന്നു ലൂതറുടെ സുചിന്തിതമായ അഭിപ്രായം. ലൂതർ 1525-ൽ, ഒരു കന്യാസ്ത്രീയായിരുന്ന കാതറൈൻ വോൺ ബോറ (Catherine Von Bore)യെ വിവാഹം ചെയ്തു. 12—2—1546-ൽ ലൂതർ 63-ാംവയസ്സിലാണു് മരിച്ചതു്. 21 വഷം നീണ്ടുനിന്ന അദ്ദേഹത്തിൻെറ വൈവാഹികജീവിതം ആദ്യന്തം ആനന്ദത്തിൻെറയും സൗഹൃദത്തിൻെറയും സംതൃപ്തിയുടെയും മധുരാനുഭവമായിരുന്നു. പ്രൊടസ്റ്റൻറ്വൈദികരും ബിഷപ്പുമാരും ആർച്ച്ബിഷപ്പുമാരുമെല്ലാം വൈവാഹികജീവിതം നയിക്കുന്നവരാണു്.

**സ്ത്രീപുരുഷബന്ധവിരക്തി**

തെററായ വിശ്വാസത്തിൽനിന്നും സ്വയംപ്രത്യായനത്തിൽ(Auto-Suggestion)നിന്നുമുദ്ഭൂതമാകുന്ന ഒരു മാനസികരോഗമാണ് സ്ത്രീപുരുഷബന്ധവിരക്തി എന്ന് ആധുനികശാസ്ത്രം സ്ഥാപിച്ചിട്ടുണ്ട്. ഒരു മനശ്ശാസ്ത്രജ്ഞൻ കൂടിയായ ഡോ: ബ്രെമാഡ് (Dr. Bremaud) നല്കീട്ടുള്ള ഒരു സംഭവവിവരമാണിതു്: "ഒരു സ്ത്രീ തൻെറ മൂന്നാമത്തെ പ്രസവാനന്തരം ഭർത്താവിനോടും കുട്ടികളോടും കഠിനവെറുപ്പു പ്രകാശിപ്പിക്കുവാൻ തുടങ്ങി. ഭർത്താവിൻെറയോ കുട്ടികളുടെയോ സാമീപ്യംപോലും അവൾ സഹിച്ചിരുന്നില്ല. മാനസികാപഗ്രഥനത്തിൽ അവളുടെ തീക്ഷ്ണമായ ഒരു വിശ്വാസമാണതിന്നു കാരണമെന്നു മനസ്സിലായി. കന്യകകൾക്കുമാത്രമേ സ്വർഗ്ഗപ്രവേശനം ലഭിക്കുകയുള്ളു എന്നും പുരുഷബന്ധമുണ്ടായിട്ടുള്ള സ്ത്രീകൾക്കു നരകമാണ് ഗതിയെന്നുമായിരുന്നു അവളുടെ ദൃഢമായ വിശ്വാസം. അതിനെപ്പററിയുള്ള നിരന്തരമായ ചിന്തയും വേവലാതിയും സ്വയംപ്രത്യായനമായി വർത്തിച്ച് ആ ധാരണ അവളുടെ അബോധമനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടു. തൻെറ സ്വർഗ്ഗപ്രാപ്തിക്കു തടസ്സമായി വർത്തിക്കുന്ന ഭർത്താവിനോടും കുട്ടികളോടുമുള്ള കഠിനവെറുപ്പായിരുന്നു അതിൻെറ അനന്തരഫലം. സ്ത്രീപുരുഷബന്ധം ദൈവകല്പിതമായ അനുഗൃഹീതപ്രവൃത്തിയാണെന്നുള്ള പ്രബലപ്രത്യായനം ഡാ: ബ്രെമാഡ് നിരന്തരം നല്കീയും അതുതന്നെ സ്വയംപ്രത്യായനംചെയ്യിച്ചും അവളുടെ പ്രസ്തുതധാരണ മാററിക്കുട്ടുകയും കുട്ടികളോടും ഭർത്താവിനോടും പ്രകൃത്യനുസാരമായ സൗഹൃദബന്ധം പുനഃസ്ഥാപിതമാവുകയും ചെയ്തു."

# മന്ത്രചികിത്സ

പല ഇനം പാമ്പുകൾ, സർപ്പവിഷത്തിനുള്ള ശാസ്ത്രീയമായ ചികിത്സാപദ്ധതി, പാമ്പിനെയും വിഷചികിത്സയെയും സംബന്ധിച്ച ചിരപുരാതനമായി പ്രചാരത്തിലിരിക്കുന്ന മൂഢവിശ്വാസങ്ങൾ മുതലായവയെപ്പററി ജന്തുശാസ്ത്രജ്ഞനായ ശ്രീ. കെ. ജി. അടിയോടി 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ ഒരു സചിത്രലേഖനപരമ്പര എഴുതീട്ടുണ്ട്. അവ അതീവ കാര്യസമ്പൂർണ്ണവും വളരെ പ്രയോജനകരവുമാണ്. നാടൻവിഷചികിത്സാസമ്പ്രദായങ്ങളിൽ സഹജമായുള്ള അന്ധവിശ്വാസങ്ങളെയും പ്രമാദങ്ങളെയും പോരായ്മകളെയും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ചില വിഷവൈദ്യന്മാരെയും മന്ത്രചികിത്സാവിശ്വാസികളെയും ചൊടിപ്പിച്ചിട്ടുള്ളതായിക്കാണുന്നു.

**മതവും മന്ത്രവും**

മിക്കവർക്കുമുണ്ട്, തങ്ങൾ ഓമനയായി സൂക്ഷിച്ചുവരുന്ന അന്ധവിശ്വാസങ്ങൾ. അവ അജ്ഞതാജന്യമാ

ണ്ടെന്നു് ആരെങ്കിലും കാര്യകാരണസഹിതം ചൂണ്ടിക്കാണിച്ചാൽ ശുണ്ഠിവരാത്ത വിശ്വാസികൾ നന്നേ വിരളമാണു്. ലോകസ്രഷ്ടാവായ ദൈവമല്ല ക്രിസ്തുവെന്നോ അക്കാലത്തെ ഒരതിബുദ്ധിമാനും പ്രായോഗികബുദ്ധിയുംമാത്രമായിരുന്ന നബിയെന്നോ നേരെയങ്ങു പറയുന്നവനെ എതിർക്കാത്ത ക്രൈസ്തവനെയോ മുസൽമാനെയോ കാണുകയില്ല. മതത്തെപ്പോലെ മന്ത്രചികിത്സ ഇന്നും ഒരുതരം വിശ്വാസംമാത്രമായി നിലനില്ക്കുകയാണു്. 17—2—'63 ലക്കം 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ ശ്രീ. വി. എം. കുട്ടികൃഷ്ണമേനോൻ വിഷവൈദ്യത്തിലെ മന്ത്രചികിത്സയെപ്പറ്റി കനപ്പെട്ട ഒരു ലേഖനം എഴുതീട്ടുണ്ടു്. അതു മന്ത്രചികിത്സയിൽ അദ്ദേഹത്തിനുള്ള വിശ്വാസദാർഢ്യതയെമാത്രമേ കാണിക്കുന്നുള്ളൂ.

### സ്തംഭനക്രിയ

"മന്ത്രംകൊണ്ടു നടത്തിയിരുന്ന സദൃശ്ചികിത്സയായിരുന്നു സ്തംഭനക്രിയ. അതു് എളുപ്പത്തിൽ സാധിക്കാവുന്നതാണു്." എന്നദ്ദേഹം പറയുന്നു. മുട്ടവരെ വിഷം കയറിയ ലക്ഷണം കണ്ടാലും മന്ത്രംകൊണ്ടു് അവിടന്നു മേല്പോട്ടു വിഷം കയറാതെയാക്കാമെന്നാണദ്ദേഹം അവകാശപ്പെടുന്നതു്. "യോഗാഭ്യാസംകൊണ്ടു രക്തചംക്രമണംതന്നെ കുറെ സമയത്തേക്കു നിർത്തുന്നു." എന്ന പോൾബ്രണ്ടന്റെ വാചകം അതിനു് ഉപോൽബലകമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

യോഗാഭ്യാസംകൊണ്ടു രക്തചംക്രമണമോ ഹൃദയമിടിപ്പോ നടക്കാതാക്കാൻ സാധിക്കുകയില്ല. അവ

നടക്കുന്നതു നാഡീസ്പർശനത്താലോ സ്റ്റെതസ്കോപ്പിലൂടെയോ അറിയാൻ സാധിക്കാത്ത പ്രകാരം നേർമ്മയാക്കിത്തീർക്കുകമാത്രമേ സമാധിവിദ്യയാൽ സാധിക്കുന്നുള്ളൂ എന്നു 1957-ൽ വെല്ലൂർ ആസ്പത്രിയിലും 1959-ൽ അമേരിക്കയിലും സമാധിവിദ്യ ഏററവും വിജയകരമായി പ്രദർശിപ്പിച്ച രണ്ടിന്ത്യൻയോഗികളെ അധുനാതനസാമഗ്രികൾകൊണ്ടു പരിശോധിച്ചപ്പോൾ മനസ്സിലായ വിവരം ശ്രീ മേനോൻ അറിഞ്ഞിട്ടില്ല. പോൾബ്രണ്ടൻ ഗ്രന്ഥമെഴുതിയ കാലത്തിനുശേഷമാണു് മേല്പറഞ്ഞ വസ്തുത കണ്ടുപിടിച്ചതു്. രക്തചംക്രമണം നിലച്ചാൽ ഹൃദയത്തിലും ലോഹിനി(Artery)കളിലും നീലിനി(Vein)കളിലും രക്തം കട്ടയായി പുനരുജ്ജീവനം തീർത്തും അസാധ്യമാകുമെന്നുള്ള സാമാന്യപ്രമാണത്തിനു് അപവാദമല്ല സമാധിവിദ്യ. സ്റ്റെതസ്കോപ്പിലും അറിയാൻ കഴിയാത്തവിധം മന്ദമായ ഹൃദയമിടിപ്പു കണ്ടുപിടിക്കാൻ വൈദ്യുതകാഡിയോഗ്രാം (Electro-cardiogram), വൈദ്യുതഎൻകെഫലോഗ്രാം (Electro-encephalogram) എന്നീ രണ്ടു ഉപകരണങ്ങൾ ഇപ്പോൾ നിർമ്മിതമായിട്ടുണ്ടു്. ഹൃദയം ഏററവും മന്ദമായി ചലിക്കുമ്പോൾ ഒരു യന്ത്രം ഹൃദയത്തിൻെറ മാംസപേശികളുടെയും മറേറ യന്ത്രം മസ്തിഷ്കതന്തുക്കളുടെയും അയനത്തെ സ്പഷ്ടമായി കാണിക്കുന്നു.

യോഗാഭ്യാസി തന്നിൽ സാധിക്കുന്നതുപോലെ, മാന്ത്രികൻ ദഷ്ടനിൽ സാധിക്കാൻ കഴിയുമെന്നു് ആരെങ്കിലും ഊഹിക്കുന്നെങ്കിൽ ആ ഊഹം ശരിയല്ല. സ-

ന്തം അഭ്യാസംകൊണ്ടു തന്നിൽത്തന്നെ സാധിക്കുന്നതാണു് സമാധി. അന്യന്റെ രക്തചംക്രമണമോ ഹൃദയമിടിപ്പോ മന്ദീഭവിപ്പിക്കുവാൻ ഒരു യോഗാഭ്യാസിക്കും സാധിക്കില്ല. യോഗാഭ്യാസിയെപ്പോലെ വല്ല മാന്ത്രികനും വല്ല സിദ്ധിയും കൈവരുത്തീട്ടുണ്ടെങ്കിൽത്തന്നെ അതുകൊണ്ടു് അന്യന്റെ രക്തചംക്രമണത്തെ വിഷം കയറാത്തവിധം മന്ദീഭവിപ്പിക്കുക അസാധ്യമാണു്. ഹിപ്നോട്ടിക്കു്പ്രത്യായനം നല്കുന്നതിൽ കൂടുതലൊന്നും മാന്ത്രികനു കഴിയുകയില്ല. മററുള്ളവരിൽ തെററിദ്ധാരണയുണ്ടാക്കാനേ അതു മതിയാകൂ.

## വിഷപ്പല്ലുകൾ നാലോ?

ഒരു വിഷപ്പാമ്പിനു മേലേ അണയിൽ രണ്ടും കീഴേ അണയിൽ രണ്ടുംകൂടി ആകെ 4 വിഷപ്പല്ലുകളും 4 വിഷഉറകളും ഉണ്ടെന്നും ഓരോ പല്ലിന്റെയും കടിയാൽ ഏല്ക്കുന്ന വിഷവും അതിന്റെ ലക്ഷണങ്ങളും വ്യത്യസ്തമാണെന്നും വിധിച്ചിട്ടുള്ളതാണു് നാടൻവിഷവൈദ്യത്തിലെ ഒരു ഭയങ്കരാബദ്ധം. വിഷവൈദ്യം സാങ്കല്പികമായ തക്കിടിവിദ്യയാണെന്നും വസ്തുനിഷ്ഠമായ പരിശോധനയിൽ ആവിഷ്കരിച്ച ശാസ്ത്രമല്ലെന്നുമുള്ളതിന്റെ സ്മാരകമായി അതു് ഇന്നും നിലനില്ക്കുന്നു.

പാശ്ചാത്യർ ആധുനികമായി 'പാമ്പുശാസ്ത്രം' (Ophiology) എന്ന ഒരു യഥാർത്ഥശാസ്ത്രശാഖതന്നെ രൂപവത്കരിച്ചിട്ടുണ്ടു്. പാമ്പിനു് ഓരോ അണയിലും ഓരോ നിര പല്ലുകൾ ഉള്ളവയിൽ ചിലതു് ഇരയെപ്പി

ടിക്കുമ്പോൾ നടക്കുന്ന പിടിവലിയിൽ നഷ്ടപ്പെടാറു ണ്ടെന്നും നഷ്ടപ്പെട്ട പല്ലിൻെറ സ്ഥാനം അചിരേണ പ്രാപിക്കുന്നതിനു് ഇരുദന്തനിരകൾക്കും പിന്നിലായി കാരോ ദന്താങ്കുരനിരകൾകൂടിയുണ്ടെന്നും വിഷപ്പല്ലുകൾ രണ്ടെണ്ണംമാത്രമേയുള്ളൂ എന്നും അവ മേലേ അണയിൽ മാത്രമാണെന്നുമുള്ളതു് അംഗീകൃതവസ്തുതകളാണു്. "ഇട ത്തേ ഭാഗത്തു താഴെ അണയിലുള്ള 'കരാളി' വെളുത്ത തും മേലേ അണയിലുള്ള 'മകരി' പീതവർണ്ണവും വല ത്തു താഴെ അണയിലുള്ള 'കാളരാത്രി' രക്തവർണ്ണവും മേലേ അണയിലുള്ള 'യമദൂതി' കരിവാളിച്ച നിറവും" ആണെന്നും രണ്ടണയിലെയും വിഷപ്പല്ലുകളെ ചേരു പറഞ്ഞും മററും വിഷവൈദ്യഗ്രന്ഥങ്ങളിൽ പ്രവിവരിച്ചി ട്ടുള്ളതു പരമാബദ്ധമാണെന്നും പാശ്ചാത്യശാസ്ത്രം വെളി പ്പെടുത്തിട്ടുണ്ടു്. ചത്ത ഒരു പാമ്പിനെ പരിശോധിച്ചാ ലും അതറിയാൻ കഴിയും. അതുകൊണ്ടു കീഴെ അണ യിൽ വിഷപ്പല്ലില്ലെന്നു സമ്മതിക്കാതെ നമ്മുടെ വിഷ വൈദ്യന്മാർക്കും ഇപ്പോൾ ഗത്യന്തരമില്ല.

നാലു വിഷപ്പല്ലുകളും അവയുടെ നാലു വിഷസ്സ ഞ്ചികളും പറിച്ചുകളഞ്ഞാൽ പാമ്പിനെ വിഷരഹിത മാക്കാമെന്നു് ഒരു ഗ്രന്ഥത്തിൽ അസമഞ്ജമായി അനു ഷ്ടുപ്പിൽ എഴുതീട്ടുള്ളതിപ്രകാരമാണു്:

"വിഷമുള്ളോരു ദന്തങ്ങൾ
നാലല്ലോ ഫണിജാതിനാം;
അതു മററുള്ള ദന്തത്തോ-
ടൊപ്പമല്ലെന്നറിഞ്ഞിടു.

കുറഞ്ഞൊന്നാകുലേ നീങ്ങി

താഴത്തും മോളിലും ക്രമാൽ

മാംസംകൊണ്ടു മറഞ്ഞിട്ടി-

ങ്ങിരിപ്പു നാലു പല്ലുകൾ.

പല്ലു നാലിനുമുണ്ടല്ലോ
ഉറ സൂക്ഷ്മതരങ്ങളായ്;
ഇപ്പല്ലു നാലുമുറയും
വേരോടെ കരുകൊണ്ടുടൻ

പറിച്ചുകളയുന്നാകി-
ലപ്പാമ്പിനു വിഷം നഹി."

ഇതിൽ കീഴ്‌വരയിട്ട ഭാഗം മാത്രവും കുറഞ്ഞൊ 'ന്നകുലേ' എന്നതു് 'ന്നകുമേ' എന്നു തിരുത്തിയും ഉദ്ധരിച്ചു നാലു വിഷപ്പല്ലുകൾ മേലേ അണയിലേ വരിയിലും അതിൻെറ പിന്നിലുള്ള അങ്കുരത്തിലുമാണെന്നു വരുത്താൻ ശ്രീ. മേനോൻ ഒരു ശ്രമം നടത്തിക്കാണുന്നതു നേരംപോക്കായിരിക്കുന്നു.

**ഭയബാധ**

പാമ്പിൻെറ കടിയേററു മരിക്കുന്നതിൽ ഭൂരിപക്ഷവും മരിക്കുന്നതു വിഷബാധയാലല്ല, ഭയബാധ (Shock)യാലാണു്. "പാമ്പുകടിയാൽ വിഷവും യക്ഷിയും ബാധിക്കുന്നു. വിഷചികിത്സ കൂടുതൽ ഫലിക്കുന്നതു യക്ഷിബാധയ്ക്കാണു്. ഭയമാണു് യക്ഷി." എന്നു് ഇവിടങ്ങളിലെ പ്രശസ്തനായ വിഷവൈദ്യൻ അമ്മേരിപാട

ത്തു മാധവമേനോൻ ഒരു സന്ദർഭത്തിൽ എന്നോടു പറ ഞ്ഞിട്ടുണ്ടു്. കടിച്ച പാമ്പിനെ കടിക്കുന്നതും മാനസിക പ്രക്രിയകൊണ്ടു് ആത്മധൈര്യം ശരീരത്തിന്റെ പ്രതി രോധശക്തിയും വീണ്ടെടുക്കാനാണെന്നുള്ള ശ്രീ. അടി യോടിയുടെ പ്രസ്താവനയെ മറുത്തൊന്നും ശ്രീ. മേ നോൻ പറയുന്നില്ല.

## ചാക്രികഗതി

ഉന്മാദം, കാസം മുതലായ ചിലതു വാവിനു വർദ്ധി ക്കുന്നതു ചന്ദ്രന്റെ ബാധയാലല്ല, അവയ്ക്കു ചന്ദ്രനേർതി നോടു മിക്കവാറും യോജിക്കുന്ന ചാക്രികഗതി (Cycle) ഉള്ളതുകൊണ്ടാണു് എന്നു് ശ്രീ. ജെ. ബി. എസ്സ്. ഹാൽഡേൻ ശാസ്ത്രീയമായി തെളിയിച്ചതു് അടുത്ത കാ ലത്താണു്. ശ്രദ്ധയോടെ പല പ്രാവശ്യവും പരിശോ ധിച്ചപ്പോൾ പ്രസ്തുതരോഗങ്ങൾക്കു് ഉച്ചം വാവിനോടടു ത്തും വാവിനും വാവിനുശേഷം അകന്നകന്നും നേരെ എതിർപക്ഷത്തിലും ഉണ്ടാകുന്നതായിക്കണ്ടു. വാവിനു രോഗം ഉച്ചമാകുമെന്ന വിശ്വാസം, അതിനുമുമ്പും പി മ്പുമുണ്ടാകുന്ന ഉച്ചസ്ഥിതിയെ എല്ലാവരും വാവിനോടു ബന്ധിച്ചു വിചാരിച്ചും പറഞ്ഞും പോവുന്നതിനാലുണ്ടാ യതുമാത്രമാണു്.

## വരുത്തിക്കൊത്തിക്കൽ

വിഷം ബാധിക്കുന്ന തരത്തിലുള്ള കടിയല്ലാതിരി ക്കുകയോ മാരകമായ മാത്രയിൽ വിഷം കയറാതിരിക്കുക യോ ചെയ്താലും ഷോക്കു (ഭയം)മൂലം ദഷ്ടൻ മരിച്ചുപോ

കാറുണ്ടു്. ഷോക്കമൂലം ദഷ്ടൻ അർദ്ധപ്രജ്ഞനായി കിടക്കു മ്പോഗം ഒരു കൃത്രിമപ്പാമ്പിനെക്കൊണ്ടു കൊത്തിച്ചഭിന യിച്ചു വിഷം തിരിച്ചെടുത്തെന്ന ധാരണ ദഷ്ടനിൽ ഉ ണ്ടാക്കിയാൽ ഷോക്കു മാറി അയാഗം രക്ഷപ്രാപിക്കുമെ ന്നുള്ള വിധി ചില ഗ്രന്ഥങ്ങളിലുള്ളതാണു്. അങ്ങനെ വരുത്തിക്കൊത്തിക്കൽ അഭിനയിച്ച രണ്ടു കേസ്സുകഗം ഈ ലേഖകന്നറിയാം.

ഒന്നു്, ചാലക്കുടിക്കടുത്ത പരിയാരത്തിൽ എൻെറ ചിരന്തനസുഹൃത്തായ ജേക്കബ്ബ് മൂത്തേടൻ ബി. എ. (1863_ൽ 82 വയസ്സു്)യുടെ ഒരു പുത്രനെസ്സംബന്ധി ച്ചായിരുന്നു. വാഴപ്പിണ്ടികൊണ്ടും ചായംകൊണ്ടും ഈ ർക്കിലികൊണ്ടുമുണ്ടാക്കിയ ഒരു പാമ്പിനെക്കൊണ്ടാണു് വിഷഹാരി ആ അഭിനയം നടത്തിയതു്. വരുത്തിക്കൊ ത്തിച്ചു എന്ന വർത്തമാനം കേട്ടവരിൽ വളരെപ്പേർ അ തു കടിച്ച പാമ്പിനെക്കൊണ്ടാണെന്നു വിശ്വസിച്ചു. "ക ടിച്ച പാമ്പിനെ വിഷഹാരി വരുത്തിക്കൊത്തിച്ചു വി ഷം തിരിച്ചെടുപ്പിച്ചിരിക്കുന്നു." എന്നൊരത്ഭുതവാർത്ത ഒരു ലേഖകൻ അന്നത്തെ 'ഗോമതി'പത്രത്തിൽ എഴു തി. യാഥാർത്ഥ്യമറിയാവുന്ന മറ്റൊരാഗം ആ വാർത്തയെ നിഷേധിച്ചും ദഷ്ടൻ മരിച്ചുപോയി എന്നു പ്രസ്താവിച്ചും എഴുതിയതും പിന്നാലെ ആ പത്രത്തിൽത്തന്നെ വന്നു.

കടിച്ച പാമ്പിനെ വരുത്തിക്കൊത്തിച്ചു് ഒരു പെൺകുട്ടിയെ വിഷബാധയിൽനിന്നു കല്ലാമ്പിൽ (ഇ രിങ്ങാലക്കുടയിൽനിന്നു് അഞ്ചു മൈൽ തെക്കു്) ഉള്ള സമർത്ഥനായ വിഷഹാരി രാമകൃഷ്ണമേനോൻ രക്ഷിച്ച

എന്ന വാർത്ത വന്നതു 'മലയാളമനോരമ'യിലാണു്. ഞാൻ ആ വൈദ്യനെക്കണ്ടു ചോദിച്ചപ്പോൾ അദ്ദേഹം പരമാർത്ഥം വെളിപ്പെടുത്തിത്തന്നു. പുല്ലൂററു(6 മൈൽ അകലെ)വെച്ചു പാമ്പുകടിയേററു കൊണ്ടുവന്ന ആ കുട്ടി വൈദ്യൻെറ വീട്ടിലെ പിൻവശത്തു് ഇറയത്തു കട്ടിലിൽ കിടക്കുമ്പോൾ മുററത്തിനടുത്തു പറമ്പിലൂടെ ചെറിയ ഒരിഴജന്തു പോകുന്നതു കണ്ടു വൈദ്യൻ അതിനെ കുട്ടിക്കു കാണിച്ചുകൊടുത്തു് ആ പാമ്പാണു് കുട്ടിയെ കടിച്ചതെന്നും അതു വന്നു വിഷം ആവാഹിച്ചെടുത്തു മടങ്ങുകയാണെന്നും പറഞ്ഞു. അതു വിശ്വസിച്ച ആ കുട്ടിയുടെ സുഖപ്പെടൽ അതിനുശേഷം വളരെ എളുപ്പമായിരുന്നു. ഈ വിവരവും അന്നു ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

**മന്ത്രജലം**

കോട്ടയം താഴത്തങ്ങാടിയിൽ പണ്ടൊരു മുസ്ലിം വിഷഹാരിയുണ്ടായിരുന്നു. അറബിയിൽ മന്ത്രം ജപിച്ച വെള്ളം കുടിപ്പിച്ചാണു് അയാൾ വിഷമിറക്കിയിരുന്നതു്. ചെറിയ ഒരു കിണ്ടി വെള്ളത്തിൽ മന്ത്രം ജപിച്ചശേഷം അതു കുടിക്കാൻ കൊടുക്കും. അതു കുടിച്ചു തീന്നാൽ പിന്നൊരു കിണ്ടി വെള്ളം ജപിച്ചു കൊടുക്കുകയായി. വിഷബാധ (ഷോക്കു്) നീങ്ങിയെന്നോ സാരമില്ലെന്നോ തോന്നിയാലേ വെള്ളം കുടിപ്പിക്കൽ നിൎത്തുകയുള്ളൂ. മരിക്കാൻ വേണ്ടത്ര വിഷം ബാധിച്ച ആൾക്കു ജപിച്ച വെള്ളം രണ്ടുംതന്നെയോ മൂഴവനുമോ കുടിക്കാൻ സാധിക്കുകയില്ല. അയാൾ മരിച്ചുപോകയും ചെയ്യും.

ജപിച്ച വെള്ളം കുടിക്കാഞ്ഞതുകൊണ്ടു്, അഥവാ വേണ്ടത്ര കുടിക്കാത്തതുകൊണ്ടു്, വിഷമിറങ്ങുന്നില്ല എന്നതാണു് വിഷഹാരിയുടെ സമാധാനം. ആ ചികിത്സ നില്ക്കുന്നതു മന്ത്രജലത്തിലുള്ള ദഷ്ടന്റെ വിശ്വാസത്തിലാണു്. വിഷബാധ സാരമില്ലെങ്കിൽ ശരീരത്തിന്റെ സ്വയംചികിത്സാശക്തിയാൽ വിഷമിറങ്ങിയും വിശ്വാസത്താൽ ഷോക്കു് മാറിയും കിട്ടാനുള്ള സമയം നല്കുക എന്ന വിദ്യയും ആ ചികിത്സാപദ്ധതിയിലുണ്ടു്.

## കമ്പിയോ ഫോണോ മതി

കമ്പിയോ ഫോണോ വഴി വിഷബാധാസന്ദേശങ്ങൾ ലഭിക്കുന്ന സ്റ്റേഷൻമാസ്റ്റർമാരായ നരസയ്യായും മരുമകൻ രാജഗോപാലും ഒരു തുണിക്കഷ്ണത്തിൽ മന്ത്രം ജപിച്ചു് ഇടവിട്ടു മൂന്നു കെട്ടുകൾ ഇട്ടു വല്ല മരത്തിലോ മറ്റോ തൂക്കിയിട്ടാൽ അകലെയുള്ള ദഷ്ടന്റെ വിഷമിറങ്ങുമത്രേ. ഇതും ഷോക്കിനുള്ള വിശ്വാസചികിത്സമാത്രമാണു്. മരിക്കാൻ വേണ്ടത്ര വിഷം കയറിയവരെല്ലാം ഈ മന്ത്രചികിത്സയിലും മരിച്ചുപോവുകതന്നെ ചെയ്യുന്നുണ്ടു്. പക്ഷേ അങ്ങനെ മരിച്ചുപോകുന്നവരുടെ വിവരമൊന്നും ആ മാന്ത്രികരോ പൊതുജനങ്ങളോ അറിയുന്നില്ല. ഷോക്ക മാറി അസ്വാസ്ഥ്യം ഭേദമാകുന്നവരുടെ കാര്യം ചില വിശ്വാസികൾ കൊട്ടിഘോഷിക്കുന്നു എന്നുമാത്രമേയുള്ളൂ. കേരളത്തിലെങ്ങുമില്ലാത്ത ഈ മന്ത്രചികിത്സ നരസയ്യക്കുപദേശിച്ചതു് ഒരു മലയാളിസ്ത്രീയാണത്രേ. ഈ മന്ത്രം ഭാരതമൊട്ടുക്കു മന്ത്രവിശ്വാസികളായുള്ള വിഷഹാരികൾക്കു് ഉപദേശിച്ചാൽ ഭാരത

ത്തിൽ പാമ്പുകടികൊണ്ടുള്ള മരണം ഇല്ലാതാക്കാമല്ലോ. അതിനു മന്ത്രവിശ്വാസികൾപോലും പരിശ്രമിക്കാൻ തുനിയാത്തതു് അത്ഥവത്താണു്. മലമ്പനിനിമ്മാജ്ജനം, മസൂരിനിമ്മാജ്ജനം മുതലായവയ്ക്കു ശാസ്ത്രീയപദ്ധതികൾ ഊജ്ജിതമായി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന ഇക്കാലത്തുപോലും പാമ്പുകടിമരണങ്ങൾ ഇല്ലാതാക്കാനുള്ള മന്ത്രചികിത്സാപദ്ധതി നടപ്പാക്കാൻ ആരുമൊന്നും ചെയ്യുന്നില്ലല്ലോ.

"ഒരു വൈദ്യന്റെ അടുത്തോ ആസ്പത്രിയിലോ ചെല്ലുന്ന രോഗികളിൽ സുമാർ 90 ശതമാനം പേരുടെയും രോഗങ്ങൾ ഒരു മരുന്നും ചികിത്സയും കൂടാതെ കുറെ പഥ്യംകൊണ്ടും വിശ്രമംകൊണ്ടും മാറുന്ന തരമാണു്. ബാക്കി 10 ശതമാനത്തിൽ പകുതി ആരു് എങ്ങനെ ചികിത്സിച്ചാലും രക്ഷകിട്ടാത്തതായിരിക്കും. ശേഷിച്ച 5 ശതമാനമാണു് വിദഗ്ദ്ധമായ ചികിത്സകൊണ്ടു സുഖപ്പെടുന്നതും അല്ലാത്തപക്ഷം മാരകമായി പരിണമിക്കുന്നതും. 90 ശതമാനത്തിൽപ്പെട്ട നിസ്സാരരോഗങ്ങളിൽ അപൂവ്വമായി ചിലതു നിനച്ചിരിയാതെ പെട്ടന്നു മാരകങ്ങളായിത്തീന്നേയ്ക്കാം. അതുപോലെ മാരകങ്ങളെന്നു വിദഗ്ദ്ധന്മാർ വിധിച്ചവയിലും ഒരു നിസ്സാരശതമാനം അത്ഭുതകരമായി സുഖപ്പെട്ടെന്നുവരും. ശരീരത്തിനുള്ളിൽ ചില പ്രത്യേകസാഹചര്യങ്ങളിൽ സ്വയം നടക്കുന്ന പ്രക്രിയകളെപ്പററിയുള്ള പൂർണ്ണജ്ഞാനം ഇതേവരെ സയൻസിനുതന്നെയും ലഭിച്ചിട്ടില്ലാത്തതുമൂലമാണു് അത്ഭുതശമനങ്ങളും അത്ഭുതമരണങ്ങളുമുണ്ടാകു

ന്നതു്." ഇതാണു് ആരോഗ്യശാസ്ത്രജ്ഞന്മാരായ ഭിഷഗ്വരന്മാരുടെ സുചിന്തിതമായ സാമാന്യാഭിപ്രായം.

ഏതു നിസ്സാരരോഗത്തെപ്പററിയും രോഗികൾ ക്രമാതീതമായ ആശങ്കയുള്ളതുകാരണമാണു് അത്തരക്കാർ വൈദ്യസഹായം തേടുന്നതു്. പ്രാത്ഥന, വഴിപാടു്, തീത്ഥാടനം, മന്ത്രം, മന്ത്രവാദം മുതലായവകൊണ്ടു സൗഖ്യമാവുന്നു എന്നവകാശപ്പെടുന്ന രോഗങ്ങൾ സാമാന്യമായും മേല്പറഞ്ഞ 90 ശതമാനത്തിൽപ്പെട്ടതാണു്. ഈ 90 ശതമാനത്തെക്കൊണ്ടാണു് എല്ലാത്തരം മന്ത്രചികിത്സകരും മുതലെടുക്കുന്നതു്.

മാരകമാത്രയിൽ സപ്പവിഷം കുത്തിവെച്ച ജന്തുക്കളെ നാടൻമരുന്നുകൊണ്ടോ മന്ത്രംകൊണ്ടോ വിഷമിറക്കി രക്ഷിച്ചുകാണിക്കുവാൻ ഏതെങ്കിലും വിഷവൈദ്യനു കഴിയുമെങ്കിൽ അയാൾക്കു സമ്മാനം കൊടുക്കാമെന്നൊരാഹ്വാനം ഡോ. സി. കെ. കരുണാകരൻ നല്കിട്ടുണ്ടു്. ഇതേ ആഹ്വാനം ബോംബേയിലെ 'ഹാഫ്കിൻ ഇൻസ്റ്റിട്യൂട്ടു്' മുമ്പു നല്കീട്ടുള്ളതാണു്. അതു് ഇതേവരെ ആരും സ്വീകരിച്ചിട്ടില്ല. ഒരു വെല്ലുവിളിയായിട്ടല്ല, അങ്ങനെ വല്ലതുമുണ്ടെങ്കിൽ പൊതുജനോപകാരാത്ഥം പുറത്തുകൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടെയാണു് അതു നല്കീട്ടുള്ളതു്.

കുന്നൂരെ വിഷവൈദ്യസംഘം ഡോ. കരുണാകരന്റെ വെല്ലുവിളി സ്വീകരിച്ചിരിക്കുന്നു എന്നൊരു പ്രമേയം പാസ്സാക്കിയതായും കണ്ടു. അതൊരു വേഷംമാത്രമാണു്. വേഷമല്ലെങ്കിൽ ഒരു തീയതി നിശ്ചയിച്ചു പരസ്യപ്പെടുത്തി അതു ചെയ്തുകാണിക്കുകയോ അതിനു

വേണ്ട സജ്ജീകരണങ്ങളുള്ള ഹാഫ്കീൻ ഇൻസ്റ്റിട്യൂട്ടിൽ ചെന്നു പ്രകടിപ്പിച്ചുകാണിക്കുകയോ ആണു് വേണ്ടതു്.

## ആൻടി വെനിൻ

ആൻടി വെനിൻ കുത്തിവെപ്പാണു് പാമ്പുവിഷത്തിനു് ഇന്നത്തെ ഏററവും ഫലപ്രദമായ ചികിത്സ. പക്ഷേ അതിപ്പോഠം എല്ലായിടത്തും എല്ലാവക്കും നടത്താവുന്ന ഒരു പദ്ധതിയായിട്ടില്ല. കൊല്ലത്തു് അതാരംഭിക്കുന്നതിനെപ്പററിയുള്ള ഒരു പത്രവാത്ത ഇതാണു്:

"..........പാമ്പുകടിക്കുള്ള ഫലപ്രദമായ ചികിത്സ കാലതാമസം കൂടാതെതന്നെ കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ നടപ്പിലാക്കുന്നതാണെന്നു ഡി. എം. ഒ. ഡോ: എം. കെ. നാരായണൻനായർ പ്രസ്താവിച്ചിരിക്കുന്നു.

"പാമ്പുകടിയേററാൽ ഉടനെതന്നെ 'ആൻടി വെനിൻ' (പ്രതിവിഷം) കുത്തിവെക്കുന്നതായാൽ തീച്ചയായും പാമ്പുകടിയേററയാഠം രക്ഷപ്പെടുന്നതാണെന്നും ഇപ്പോഠം ഇവിടെ ആൻടി വെനിൻ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുള്ളതുകൊണ്ടു് ഈ ചികിത്സയ്ക്കുള്ള ഏപ്പാടുകഠം ചെയ്തുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

"കുറേക്കാലത്തിനുമുമ്പു് ഉഗ്രവിഷമേററ നാലുപേക്കു കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽവെച്ചും മൂന്നുപേക്കു കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിയിൽവെച്ചും ഡോ: നാരായണൻനായർ ആൻടി വെനിൻ കുത്തിവെച്ചു. ഏഴുപേരും രക്ഷപ്പെട്ടു. അവരെല്ലാംതന്നെ വിഷഹാരികളാൽ ഉപേക്ഷിക്കപ്പെട്ടവരുമായിരുന്നു."

# മതവിശ്വാസിയും പട്ടുനൂല്പുഴുവും

"പ്രായേണ ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നവരാണു് മനുഷ്യരായ നാമെല്ലാം. മതവിശ്വാസതീക്ഷ്ണതയുള്ളവർ പട്ടുനൂല്പുഴുക്കളെപ്പോലെയാണു്. അവർ അവരിലുള്ള വസ്തുകൊണ്ടുതന്നെ നൂലുണ്ടാക്കുന്നു; ആ നൂലുകൊണ്ടു കൂടു കെട്ടുന്നു; കാലക്രമത്തിൽ അവർ ആ കൂട്ടിനുള്ളിൽ കുടുങ്ങിവശാവുന്നു. വേണമെന്നു വിചാരിച്ചാൽ, പട്ടുനൂല്പുഴുവിനെപ്പോലെ, സ്വയമേവ കൂടു ഭേദിച്ചു് അവക്കും സ്വതന്ത്രരായി പുറത്തു വരാം. ഈ സാദ്ധ്യതയെപ്പററി അറിയാതെ അവർ ബദ്ധന്മാരായി ഇരുന്നുകൊണ്ടു പരിതപിക്കുന്നു, സഹായം തേടുന്നു. സഹായം പുറമേനിന്നു വരികയില്ല. അവരിൽനിന്നുതന്നെ വേണം സഹായം വരാൻ"—സ്വാമി വിവേകാനന്ദൻെറ വാക്കുകളാണിവ.

ഓരോ സംഘടിതമതവും അതിൻെറ അനുയായികൾ സ്വയം അകപ്പെട്ടിരിക്കുന്ന കൂടാണു്. അവർതന്നെ

അവരുടെ പ്രത്യേകാന്ധവിശ്വാസങ്ങൾകൊണ്ടും അനാചാരങ്ങൾകൊണ്ടും കെട്ടിയുണ്ടാക്കിയതാണു് ആ മതക്കൂട്ടു്. ആ കൂട്ടിൽ ബദ്ധന്മാരായി ഇരുന്നുകൊണ്ടു് അവർ ദുഃഖിക്കുകയും കേഴുകയും ചെയ്യുന്നു. പുറമേ ഏതോ ദൈവത്തിൽനിന്നാണു് അവർ സഹായം തേടുന്നതു്. അങ്ങനെ പുറമേയുള്ള ഒരു ദൈവത്തിൽനിന്നു് ഒരു സഹായവും വരുന്നില്ല, വരികയുമില്ല. നമ്മുടെ മനസ്സിൽനിന്നുതന്നെ വേണം സഹായം വരാൻ. ആ കൂട്ടിൽനിന്നു സ്വയം പുറത്തു വന്നു സ്വതന്ത്രരാവുന്നതിനു് ഈ വസ്തുത അറിഞ്ഞാൽമാത്രം മതി.

ഒരു മതത്തിൽ വിശ്വസിക്കുന്നതുമൂലം അതിൻെറ പൗരോഹിത്യമേധാവിത്വത്തിനും ആചാരസംഹിതയ്ക്കും അടിമയാകുകയാണു്. മേധാവി കല്പിക്കുന്ന നിരർത്ഥകവും അഹിതവുമായ അനുഷ്ഠാനങ്ങൾക്കും വിലക്കുകൾക്കും ചുങ്കങ്ങൾക്കും വിശ്വാസികൾ വിധേയരായി കഷ്ടപ്പെടുന്നു. മേധാവികൾ ചൂഷകരും വിശ്വാസികൾ ചൂഷിതരും എന്നതാണു് നില. ഇടയൻ ആട്ടിൻപറ്റങ്ങളെയെന്നപോലെയാണു് മതമേധാവികൾ അനുയായികളെ നയിക്കുന്നതു്.

## സ്വയംശിക്ഷണം

മത്സ്യം ജലജീവിയായിരിക്കുന്നതുപോലെ, സാമൂഹ്യജീവിയാണു് മനുഷ്യൻ.

സമൂഹത്തിലല്ലാതെ മനുഷ്യനു സുഖജീവിതം സാധ്യമല്ല. ഏതൊരു മനുഷ്യനും സാമൂഹ്യജീവിതത്തിനു

ശിക്ഷണം (Discipline) ആവശ്യമാണു്. സ്വയംനിയന്ത്രണമാണു് ഏററവും ഉത്തമമായ ശിക്ഷണം. ശിക്ഷണത്താൽ ഉണ്ടാകാൻ പ്രധാനമായി ഉദ്ദേശിക്കുന്നതും ഉണ്ടാകേണ്ടതും സാന്മാൎഗ്ഗികതയാണു്. സദാചാരബോധത്തിൽ കവിഞ്ഞൊരു സാന്മാൎഗ്ഗികതയോ ധൎമ്മശാസ്ത്രമോ ഇല്ല. സാമൂഹ്യജീവിതത്തിൽ ശരിയും തെററും നന്മയും തിന്മയും തമ്മിൽ വേർതിരിച്ചറിയാൻ സാധിപ്പിക്കുന്ന തത്വങ്ങളടങ്ങിയ ശാസ്ത്രമേതോ, അതാണു് യഥാൎത്ഥ ധൎമ്മശാസ്ത്രം.

മാതാപിതാക്കളെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുക; സന്താനങ്ങൾക്കു പ്രായപൂൎത്തിയാകുന്നതുവരെ അവൎക്കാവശ്യം ആവശ്യമായ പ്രായോഗികജ്ഞാനവും ജീവനോപായങ്ങളും ലഭിക്കുമാറാക്കുക; സ്വന്തം ബുഭുക്ഷ, ഭോഗേച്ഛ, അത്യാഗ്രഹം, സ്വാൎത്ഥത മുതലായ ഹീനവികാരങ്ങളെ നിയന്ത്രിച്ചടക്കാൻ കഴിവുണ്ടാക്കുക; ദുരിതത്തിലോ ആപത്തിലോ പെട്ട സഹജീവികളെ സഹായിക്കാൻ താല്പൎയ്യമുണ്ടാവുക; അവനവനു നേരിടുന്ന അപഗതിയും യാതനയും മനക്കരുത്തോടെ സഹിക്കാനും അതിജീവിക്കാനുമുള്ള ശക്തിയാൎജ്ജിക്കുക—ഇതൊക്കെയാണു് പൊതുവായ ധൎമ്മശാസ്ത്രതത്വങ്ങൾ.

**ദൈവം**

എന്നാൽ മതപരമായ ഏതു ധൎമ്മശാസ്ത്രവും പഠിപ്പിക്കുന്ന ഏററവും പ്രധാനതത്വം, അതിലെ ദൈവത്തിൽ വിശ്വസിക്കുന്നതിനും ദൈവത്തിന്നധീനമാകുന്ന

തിനും സഹായത്തിന്നായി ദൈവത്തോടപേക്ഷിക്കുന്നതിനും ദൈവാരാധന നടത്തുന്നതിന്നുമാണു്. ദൈവവിശ്വാസമില്ലെങ്കിൽ ധർമ്മബുദ്ധിയോ സദാചാരബോധമോ ഉണ്ടാകയില്ലെന്നും എല്ലാത്തരം മതധർമ്മശാസ്ത്രങ്ങളും ഊന്നിപ്പറയുന്നു. അവിടെയാണു് വിഭിന്നമതങ്ങളിലെ ധർമ്മങ്ങൾ വ്യത്യസ്തങ്ങളും 'വിപരീതങ്ങളുമാകുന്നതു്. സദാചാരബോധം അശേഷവും മതബോധത്തിലോ ദൈവവിശ്വാസത്തിലോ അടിസ്ഥാനപ്പെട്ടതല്ല. സദാചാരബോധത്തിന്നടിസ്ഥാനം മനുഷ്യന്റെ ബുദ്ധിശക്തിയുടെയും യുക്തിബോധത്തിന്റെയും സ്വതന്ത്രപ്രവർത്തനംമാത്രമാണു്. ദൈവത്തിനു വിധേയമാവുക എന്നതിനു ദൈവത്തെ പരിരക്ഷിക്കുകയും പരിസേവിക്കുകയും ചെയ്യുന്ന പൗരോഹിത്യത്തിന്നു് അധീനമാവുക എന്നാണർത്ഥം.

സദാചാരം മതവിശ്വാസത്തിലും ദൈവഭയത്തിലും അടിസ്ഥാനപ്പെടുത്തുമ്പോളാണു് മനുഷ്യൻ പട്ടുനൂല്പുഴുവിനെപ്പോലെ സ്വന്തം വിശ്വാസംകൊണ്ടു കൂടു കെട്ടി അതിനുള്ളിൽ ബന്ധനസ്ഥനായിപ്പോകുന്നതു്.

ഇക്കാലത്തു വിവാഹമോചനങ്ങളും ആത്മഹത്യകളും കൂടുതൽ കൂടുതലായി കാണുന്നതു ദൈവവിശ്വാസവും മതബോധവും കുറഞ്ഞുവരുന്നതുകൊണ്ടാണെന്നു ന്യായവാദംചെയ്യുന്നവരുണ്ടു്. വിശ്വാസം എന്നതു വികാരം മാത്രമാണു്. വിശ്വാസം ശീലിക്കുന്നവർ മററു വികാരങ്ങൾക്കും വിധേയരായിത്തീരുന്നു. വിവാഹമോചനങ്ങളും ആത്മഹത്യകളും നരഹത്യകൾപോലും വികാരാവേ

ശത്താൽ ചെയ്തുപോകുന്നതാണ്. വിചിന്തനത്തിനും വിവേചനത്തിനും വികാരങ്ങളെ വിധേയക്കമാക്കുന്നിടത്തു് ഒരു ദുഷ്കൃത്യവുമുണ്ടാകയില്ല. വിചാരത്തെയും പ്രവർത്തനത്തെയും വികാരം ഭരിക്കുന്നിടത്താണ് മനുഷ്യൻ മൃഗതുല്യനായിത്തീരുന്നതു്.

**മതഭീഷണി**

മുൻകാലങ്ങളിലെന്നപോലെ ഇന്നും ലോകത്തെ പ്രത്യാസന്നമായ യുദ്ധംകൊണ്ടു ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതു വിഭിന്നദൈവവിശ്വാസവും മതവ്യത്യാസവുമാണ്. അവമാത്രമാണ് പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ശത്രുതയ്ക്കു കാരണം. ഒരു മതക്കാരന്റെ ദൈവമല്ല മററു മതക്കാരന്റെ ദൈവം. ഓരോ മതത്തിലെയും ദൈവസങ്കല്പവും വിശ്വാസാരാധനക്രമവും വ്യത്യസ്തവും വിപരീതവുമാണ്. ഒരു മതക്കാർക്ക് പാഷണ്ഡരോ നാസ്തികരോ ആണ് ഇതരന്മാരെല്ലാം.

പാക്കിസ്ഥാനും ഇന്ത്യയുംപോലെ ഇസ്രായേൽരാഷ്ട്രവും ചുററുമുള്ള മുസ്ലിംരാഷ്ട്രങ്ങളും മതവിശ്വാസഭേദത്താൽമാത്രം പരസ്പരഭീഷണികളായി വർത്തിക്കുന്നു. കമ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളും കമ്യൂണിസ്റ്റിതരരാഷ്ട്രങ്ങളും തമ്മിൽ നിലനില്ക്കുന്ന ഭീഷണിയുടെയും അടിസ്ഥാനം മതവിശ്വാസവും മതവിശ്വാസമില്ലായ്മയുമാണ്.

അന്ധവിശ്വാസപരമായ മതത്തെ ത്യജിച്ചാൽ എല്ലാം ശുഭമായിരിക്കുമെന്ന വിശ്വാസം ശരിയല്ല. മതവിശ്വാസത്തെപ്പോലെതന്നെ ആപത്കരമാണ് മററു

വൈകാരികപ്രലോഭനങ്ങളും. കമ്യൂണിസവും ക്യാപ്പിററലിസവും തമ്മിലുള്ള മത്സരമുറുക്കം നിലനില്ക്കുന്നതും വൈകാരികോത്തേജനങ്ങളിലാണു്.

വികാരവിഭാവനകളെ ശാന്തമായ വിചിന്തനംകൊണ്ടും വിവേചനംകൊണ്ടും നിയന്ത്രിക്കുന്നേടത്തുമാത്രമേ മനുഷ്യത്വവും സമാധാനവും അഭിവൃദ്ധിയും വളരുകയുള്ളൂ.

## അശരീരിസത്വങ്ങൾ

എല്ലാവരും അറിഞ്ഞും പഠിച്ചുമിരിക്കേണ്ട ചില തത്വങ്ങളെ ആധുനികമനശ്ശാസ്ത്രം ആവിഷ്ക്കരിച്ചിട്ടുണ്ടു്. മരണശേഷം അവശേഷിക്കുന്ന ആത്മാവും പ്രേതവും അനാദികാലംമുതലേ ഉണ്ടെന്നു സങ്കല്പിക്കപ്പെട്ടുന്ന പിശാചു്, ഭൂതം മുതലായ അശരീരിസത്വങ്ങളും ഇല്ലെന്നുള്ള കണ്ടുപിടിത്തമാണു് അവയിലൊന്നു്. ഏതെങ്കിലും ഉദ്ദേശത്തോടെയോ ഒരു പ്രത്യേകമനുഷ്യനെതിരായോ ബോധപൂർവ്വം പ്രവർത്തിക്കാനുള്ള കഴിവു് ഒരശരീരിശക്തിക്കും ഇല്ല, ഉണ്ടാകാൻ തരവുമില്ല.

മസ്തകവും മസ്തിഷ്കവുമുള്ള ജീവികൾമാത്രമേ ചിന്തിക്കാനും തിരിച്ചറിയാനുമുള്ള കഴിവുള്ളൂ. തലയും തലച്ചോറുമില്ലാത്ത അശരീരിശക്തികളെല്ലാം അന്ധവും ബധിരവുമായ മൂഢശക്തികളാണു്. അത്തരം ഗംഭീരമൂഢശക്തികളാണു് സൂര്യരശ്മി, ആലക്തികം, ഘനാകർഷണം, കാന്തം, പേമാരി, കൊടുങ്കാററു്, അണുശക്തി മുതലായവയെല്ലാം. ശിഷ്ടനും ദുഷ്ടനും ഒരുപോലെ സൂര്യ

മൂർച്ഛ (Sunstroke), ഇടിവെട്ട്, പേമാരി, കൊടങ്കാററു മുതലായവയേല്ലുന്നു. അവയെ നിയന്ത്രിക്കാൻ ദൈവമോ പിശാചോ ഒരിടത്തുമില്ല. അവയെ ഏറെക്കറെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കഴിവു സയൻസിൻെറ പുരോഗതിയിൽ മനുഷ്യമസ്തിഷ്കത്തിനുമാത്രമേയുള്ളു. പരിണാമഗതിയിൽ ഏററവും അധികം വികസിച്ചതും പുരോഗതിയും കഴിവും നേടിയിട്ടുള്ളതും മനുഷ്യമസ്തിഷ്കമാണു്. മനുഷ്യമനസ്സിൻെറ കഴിവുകളെപ്പററി അറിവില്ലാതിരുന്ന കിരാതയുഗത്തിൽ അബോധമനസ്സിൻെറ ചില അജ്ഞാത പ്രവത്തനങ്ങളെ ആത്മാവു്, പ്രേതം, പിശാചു മുതലായവയായി തെററിദ്ധരിച്ചു സങ്കല്പിച്ചുപോന്നു. ആ തെററിദ്ധാരണയും സങ്കല്പവും മതങ്ങൾവഴി ശാശ്വതീകരിച്ചിരിക്കയാണെന്നുമാത്രമേയുള്ളു.

## മനശ്ശാസ്ത്രം

മനുഷ്യമനസ്സിലെ മൗലികപ്രവത്തനങ്ങൾ 1. ഇച്ഛ (Volition), 2. വികാരം (Emotion), 3. വിഭാവന (Imagination), 4. വിചിന്തനം (Ratiocination) 5. വിവേചനം (Discrimination) ഇവയാണു്. മനുഷ്യേതരജീവികളുടെ പ്രവത്തനങ്ങൾ ഇച്ഛ, വികാരം, വിഭാവന, ജന്മവാസന (Instinct) എന്നിവകൊണ്ടാണു് നയിക്കപ്പെടുന്നതു്. മനുഷ്യനുമാത്രമേ, വിചിന്തനത്തിനും വിവേചനത്തിനും കഴിവുള്ളു. എങ്കിലും സാമാന്യമനുഷ്യൻെറ മാനസികപ്രവത്തനങ്ങളെ നയിക്കുന്നതു മൃഗീയവികാരമാണു്. മനുഷ്യൻെറ ഇച്ഛ, വികാരം, വിഭാവ

ന എന്നിവയെ വിചിന്തനംകൊണ്ടും വിവേചനംകൊണ്ടും നിയന്ത്രിക്കുമ്പോൾമാത്രമേ മനുഷ്യത്വം പ്രശോഭിക്കയുള്ളൂ.

എല്ലാ മനുഷ്യരും എഴുത്തും വായനയും പ്രാഥമികകണക്കും പഠിക്കുന്നതുപോലെ പഠിച്ച് മനഃപാഠമാക്കേണ്ടതും ശീലിക്കേണ്ടതുമാണ് ആധുനികമനശ്ശാസ്ത്രപരമായ മേല്പറഞ്ഞ പ്രാഥമികതത്ത്വങ്ങൾ.

ബുദ്ധിശൂന്യവും വികാരപരവുമായ വിശ്വാസാചാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാണ് സ്വയംനിർമ്മിതമായ കൂട്ടിൽ അകപ്പെട്ടിരിക്കുന്നത്. സ്വന്തം ചിന്തകൊണ്ടും വിവേചനംകൊണ്ടും ആ കൂട് ഭേദിച്ച് പുറത്തുവരാൻ കഴിയുമെന്നതാണ് വിവേകാനന്ദസ്വാമിയുടെ സാരഗർഭമായ ഉപദേശം.

# മതസന്മാൎഗ്ഗം

1962 ഏപ്രിൽ ലക്കം 'റീഡേഴ്സ് ഡൈജസ്റ്റ്' (Reader's Digest) എന്ന പ്രമുഖകത്തോലിക്കമാസിക യിൽ (29-ാംപുറത്തു) ക്ലെവ്ലണ്ട് അമൊറി (Cleveland Amory) എന്ന മാന്യൻ എഴുതിട്ടുള്ള ഒരു കുറിപ്പ് ഉദ്ധരിച്ചുകൊള്ളുന്നു.

"ക്രൈസ്തവസദാചാരനിയമങ്ങളെ (Etipuette) ക്രോഡീകരിച്ച് 1868-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ചെറുപുസ്തക(Pamphlet)ത്തിൽ നല്കിയിട്ടുള്ള ഒരു കല്പന ഇതാണ്: പുരുഷന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും സ്ത്രീകൾ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും അലമാരികളിൽ സൂക്ഷിക്കുമ്പോൾ പുരുഷഗ്രന്ഥം സ്ത്രീഗ്രന്ഥത്തെ തൊട്ടിരിക്കാത്തവണ്ണം വെയ്ക്കേണ്ടതു ഗൃഹനായികമാരുടെ ചുമതലയാകുന്നു. ഒരു ഗ്രന്ഥം ഭർത്താവു രചിച്ചതും മറ്റൊന്നു് അയാളുടെ ഭാര്യ രചിച്ചതുമാണെങ്കിൽ അവ രണ്ടും തൊട്ടിട്ടിരിക്കുന്നതിനു വിരോധമല്ല."

മുമ്പൊരിക്കൽ 'സദാചാര'ത്തെപ്പററി ഐ. ലാങ്ക്നസ് (I. Langnas) എന്നൊരു വിദേശീയൻെറ ലേഖനം 'ഹിന്ദു' (The Hindu) പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിൽ ഒരു പള്ളിവികാരി ചെയ്ത 'സന്മാർഗ്ഗോപദേശ' പ്രസംഗഭാഗം (Portion of a Sermon) കൊടുത്തിട്ടുള്ളതുകൂടി ഉദ്ധരിച്ചുകൊള്ളുന്നു:

"പുരുഷൻ രചിച്ച ഗ്രന്ഥവും സ്ത്രീ രചിച്ച ഗ്രന്ഥവും തൊട്ടിരിക്കുന്നവിധം അലമാരിയിൽ വെയ്ക്കരുതു്. തരമുണ്ടെങ്കിൽ അവ വെവ്വേറെ രണ്ടലമാരികളിലായി വെയ്ക്കണം. ഗ്രന്ഥകർത്താക്കളുടെയും ഗ്രന്ഥകർത്രികളുടെയും ഗ്രന്ഥങ്ങൾ കൂട്ടിക്കലർത്തി വെയ്ക്കുന്നതു് അസാന്മാർഗ്ഗികനടപടിയാണു്. സ്ത്രീപുരുഷാശയങ്ങൾക്കും ഭാഷകൾക്കും അക്ഷരവടിവുകൾക്കുപോലും വ്യത്യാസവും പ്രത്യേകതയുമുണ്ടു്. അതുകൊണ്ടു് അവതമ്മിൽ അസാന്മാർഗ്ഗികബന്ധമുണ്ടാകാതിരിക്കാനുള്ള ഒരു കരുതൽനടപടിയായിട്ടാണു് ഈ പള്ളിയിൽ കുർബ്ബാന കാണാൻ വന്ന വിശ്വാസികളെ വികാരിയായ ഞാൻ ഇപ്രകാരം ഉപദേശിക്കുന്നതു്."

ഇതു മതത്തിൻെറ ഒരു സന്മാർഗ്ഗസംരക്ഷണാശയമാണു്. ഈ ആശയത്തിനു ഹിന്ദുവിൻെറ അയിത്താശയത്തോടു വളരെ സാമ്യമുണ്ടു്. ഒരുതരം ക്രിസ്ത്യാനികൾക്കു് അക്രിസ്ത്യാനികളെമാത്രമല്ല, മറെറാരുതരം ക്രിസ്ത്യാനികളെപ്പോലും കൊന്നു രക്തപ്പുഴ ഒഴുക്കുന്നതിൽ സങ്കോചമോ സദാചാരഭ്രംശമോ ഇല്ല. കത്തോലിക്കരും പ്രൊടെസ്റ്റൻറുകാരും തമ്മിൽ മതത്തെപ്രതി പരസ്പരയുദ്ധങ്ങ

ളും കൊലകളും യൂറോപ്യൻരാഷ്ട്രങ്ങളിൽ ദീർഘകാലം നടന്നിട്ടുണ്ട്.

ഇക്കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രാരംഭദശയിൽ മുസ്സോലിനിയുടെ നേതൃത്വത്തിൽ ഇററലി ആഫ്രിക്കയിലെ എത്തിയോപ്പിയയെ ആക്രമിച്ചു. ഇററലിയിലെയും എത്തിയോപ്പിയയിലെയും രാജാക്കന്മാരും ഗവമ്മെണ്ടുകളും ജനതകളും ക്രൈസ്തവർതന്നെയാണു്. ഇററാലിയർ പടിഞ്ഞാറൻസഭക്കാരും എത്തിയോപ്പിയർ കിഴക്കൻസഭക്കാരുമെന്ന വ്യത്യാസംമാത്രമേയുള്ളു. തൃശ്ശൂരുള്ള കത്തോലിക്കരും സുറായികളും തമ്മിലും കേരളത്തിലെ യാക്കോബായക്കാരും കത്തോലിക്കരും തമ്മിലുമുള്ള വ്യത്യാസംപോലെമാത്രമാണതു്. എത്തിയോപ്പിയക്കാർ റോമൻകത്തോലിക്കരോ പോപ്പിന്റെ കീഴിലോ അല്ലാത്ത അസംസ്കൃതരായതിനാൽ അവരെ പരിഷ്കൃതരാക്കാനാണു് യുദ്ധംചെയ്യുന്നതെന്നു മുസ്സോലിനി പ്രഖ്യാപിച്ചു. ആ യുദ്ധത്തെ അനുകൂലിക്കുകമാത്രമല്ല, തോക്കും പീരങ്കിയും ബോംബും വിമാനവുമായി എത്തിയോപ്പിയയിലേയ്ക്കു പുറപ്പെട്ട ഇററാലിയൻമുന്നോടിസൈന്യത്തെ പോപ്പു് ആശീർവ്വദിച്ചയയ്ക്കുകകൂടി ചെയ്തു. അങ്ങനെ ഇററാലിയൻസൈന്യം എത്തിയോപ്പിയയിൽ പ്രവേശിച്ചു പരക്കെ കൊല്ലും കൊള്ളയും കൊള്ളിവെപ്പും നടത്തി ആ രാജ്യത്തെ കൈവശപ്പെടുത്തി. ഇററാലിയൻ സൈന്യത്തെ എതിർക്കാനാകാതെ എത്തിയോപ്പിയൻ ചക്രവത്തിയായ ഹെയിലിസലാസി കുടുംബസമേതം ഇംഗ്ലണ്ടിലേയ്ക്കു പലായനംചെയ്തു ജീവരക്ഷ

പ്രാപിക്കുകയാണുണ്ടായതു്. അദ്ദേഹം ലണ്ടനിലെ ഒരു ഹോട്ടലിൽ പാർത്തു സ്വന്തം കൈമുതലുകൊണ്ടും സ്വർണ്ണം, വെള്ളി, പാത്രങ്ങൾ മുതലായവ വിററു കിട്ടിയതുകൊണ്ടും കാലയാപനം കഴിക്കുകയായിരുന്നു.

യുദ്ധത്തിൻെറ ഗതി മുസ്സോലിനിക്കും ഹിററ്ലർക്കും പ്രതികൂലമായതോടുകൂടി ബ്രിട്ടീഷുകാരുടെ സഹായത്തോടെ ഹെയിലിസലാസി എത്തിയോപ്പിയയിൽ പ്രവേശിച്ചു് അവിടെ അവശേഷിച്ചിരുന്ന ഇററാലിയരെ തുരത്തി വീണ്ടും ചക്രവർത്തിയായി. ഇന്നും അദ്ദേഹമാണു് എത്തിയോപ്പിയയെ ഭരിച്ചുകൊണ്ടിരിക്കുന്നതു്.

പരസ്പരം വിരുദ്ധങ്ങളായ മതങ്ങളും ഉപമതങ്ങളും ജനതകളിലും രാഷ്ട്രങ്ങളിലും സ്വാധീനം ചെലുത്തുന്ന കാലത്തോളം ലോകത്തിൽ സമാധാനം ഉണ്ടാകയില്ല, യഥാർത്ഥമായ സദാചാരബോധം പ്രചരിക്കുകയുമില്ല. 'എൻെറ മതംമാത്രമാണു് സത്യം അല്ലെങ്കിൽ മുഴുവൻ സത്യം, മററു മതങ്ങളെല്ലാം അസത്യങ്ങളോ അർദ്ധസത്യങ്ങളോ ആണു്' എന്നുള്ള എല്ലാ മതക്കാരുടെയും അയവില്ലാത്ത മനോബാധ(Obsession)യാണു് ലോകസമാധാനത്തിനു പണ്ടെന്നപോലെ ഇന്നും വിഘാതമായി നില്ക്കുന്നതു്. ഈ മനോബാധയുടെ ഔരസസന്താനമാണു് ഒരു വ്യവസായമായിത്തീർന്നിട്ടുള്ള 'മാഗ്ഗ്ംക്കൂട്ടൽ' പ്രസ്ഥാനം. ബൗദ്ധരും ആര്യസമാജക്കാരും ക്രൈസ്തവരും മുസ്ലീങ്ങളും മററും എന്നു മാഗ്ഗ്ംക്കൂട്ടൽ കൈവെടിയുന്നുവോ, അന്നേ മതപരമായ അന്ധവിശ്വാസങ്ങൾ വിഷലിപ്തവും അനർത്ഥഹേതുകവുമല്ലാതാവൂ. മതങ്ങൾക്കു

സഹജമായുള്ള കഠിനാധൎമ്മങ്ങൾക്കു കുറവുവരുന്നതും അ ന്നായിരിക്കും. അതുവരെ മതങ്ങൾ കൈകാൎയ്യംചെയ്യു ന്ന സദാചാരം ആൺപെൺപുസ്തകങ്ങളെ വേർതിരി ച്ചു വെയ്ക്കുക, തന്റെ ദൈവത്തെ മററുള്ളവരെക്കൊണ്ടു സ്വീകരിപ്പിക്കുക, മററുള്ളവരുടെ ദൈവങ്ങളെ പിശാചുക്കളായികരുതുക മുതലായവയേ ആയിരിക്കയുള്ളൂ.

'നിരീശ്വരൻ' എന്നതു് ഒരു കഠിനാക്ഷേപപദമായി കരുതപ്പെടുന്നു. വലിയൊരു ദുർമാൎഗ്ഗി എന്ന അൎത്ഥംക്കൂടി ആ പദത്തിനു മതം വരുത്തിയിട്ടുണ്ടു്. ലോകത്തിൽ 100 മതങ്ങളാണുള്ളതെങ്കിൽ ഒരു മതവിശ്വാസി തന്റെ മതത്തിലെ ഈശ്വരനിൽമാത്രം വിശ്വസിക്കുകയും മററു 99 മതങ്ങളിലെയും ഈശ്വരന്മാരെ അവിശ്വസിക്കുകയും അനാദരിക്കുകയും നിഷേധിക്കുകയുമാണു് ചെയ്യുന്നതു്. ഹിന്ദുവിന്റെ ത്രിമൂൎത്തിദൈവത്തെ ക്രിസ്ത്യനും മുസ്ലീമും നിഷേധിക്കുന്നു. അതുപോലെ ക്രിസ്ത്യാനിയുടെ ത്രിത്വദൈവത്തെ ഹിന്ദുവും മുസ്ലീമും നിരാകരിക്കുകയാണു്. മുസ്ലീമിന്റെ ഏകദൈവമായ അല്ലാഹുവിൽ ഹിന്ദുവും ക്രിസ്ത്യനും വിശ്വസിക്കുന്നില്ല. അങ്ങനെ ഒരു നൂറു് (100) വ്യത്യസ്തമതങ്ങളുണ്ടെങ്കിൽ അതിലധികമുണ്ടു് നിരീശ്വരന്മാർ. ഒരു മതവിശ്വാസി തന്റേതൊഴിച്ചു 99 മതങ്ങളിലെ ദൈവങ്ങളെസ്സംബന്ധിച്ചും നിരീശ്വരനാണു്. നിരീശ്വരൻ ഒന്നൊഴിയാതെ 100 മതങ്ങളിലെയും ഈശ്വരന്മാരെ അവിശ്വസിക്കുന്നു. അപ്പോൾ മതവിശ്വാസിയും നിരീശ്വരനും തമ്മിലുള്ള വ്യത്യാസം 1/100 മാത്രമാണു്.

കൊലപാതകികളോ കൊള്ളക്കാരോ കള്ളന്മാരോ ചതിയന്മാരോ വ്യഭിചാരികളോ ആയി കോടതികളാൽ ശിക്ഷിക്കപ്പെട്ടും ശിക്ഷ അനുഭവിച്ചും കഴിയുന്ന അംഗങ്ങളെപ്പോലും ഒരു മതവും ഭ്രഷ്ടുകല്പിച്ച് അതിൻെറ സംഘടനയിൽനിന്നു പുറംതള്ളുന്നില്ല. മതം അനുശാസിക്കുന്ന വൃത്ഥാചാരങ്ങൾ അനുഷ്ഠിക്കാത്ത ബുദ്ധിമാന്മാരും സത്യസന്ധരുമായവരെമാത്രമാണ് ഏതു മതവും അതിൻെറ സംഘടനയിൽനിന്നു വെളിക്കു തള്ളുന്നതു്.

# ദുശ്ശീലം കളയാൻ

## സ്വയംപ്രത്യായനമാണ് ഏററവും ഫലപ്രദം

കോഴിക്കോടുജില്ലയിലെ അപരിചിതനായ ഒരിടത്തരമുദ്യോഗസ്ഥൻ ഇംഗ്ലീഷിൽ ടൈപ്പുചെയ്തയച്ചിട്ടുള്ള ഒരു കത്തിലെ രണ്ടു ഖണ്ഡികയുടെ പരിഭാഷ ഉദ്ധരിച്ചുകൊള്ളട്ടെ:

"തുടർച്ചയായി സിഗരററ് വലിക്കുന്ന ശീലക്കാരനാണ് (Chain Smoker) ഞാൻ. ഈ ദുശ്ശീലത്തിൻെറ മുഷ്ടിയിൽനിന്ന് എത്രയും വേഗം രക്ഷപ്പെടാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. അതുപേക്ഷിക്കുവാൻ ആവുന്ന വിധത്തിലെല്ലാം ഞാൻ പരിശ്രമിച്ചുകഴിഞ്ഞു. അതുകൊണ്ടൊന്നും ആ ദുശ്ശീലം എന്നെ വിടുന്നില്ല. ദിനപത്രങ്ങളും, വാരികകളും, മാസികകളും മുതലായവയിൽനിന്നു പുകവലിശ്ശീലം വരുത്തുന്ന ആപത്തുകളെപ്പററി ഞാൻ മനസ്സിലാക്കിട്ടുണ്ട്. പക്ഷേ ഈ ശീലം

കളയാനുതകുമാറു കാര്യക്ഷമമായ ഒരു പ്രതിവിധിയെ പ്പററി എങ്ങും പറഞ്ഞുകാണുന്നില്ല.

"ഈ ശീലം മാററാനുതകുന്ന ഒരു പ്രതിവിധി നി ങ്ങൾ ഉപദേശിച്ചുതരുമെങ്കിൽ ഞാൻ നിങ്ങളോട് അ ത്യന്തം കൃതജ്ഞനായിരിക്കും. ഹിപ്നോട്ടിസംകൊണ്ടു മാ റുമെങ്കിൽ അതിനു വിധേയനാവാൻ ഞാനൊരുക്കമാ ണു്. നിങ്ങൾ നിർദ്ദേശിക്കുന്ന സമയം ഞാൻ നിങ്ങളുടെ അടുക്കൽ വന്നുകൊള്ളാം."

## ഹിപ്നോട്ടിസം

ദുശ്ശീലം കളയുന്നതിനു ഹിപ്നോട്ടിസം കാര്യക്ഷമ മായ ഉപാധിയല്ല. ഹിപ്നാസിസ് എന്ന മയക്കത്തിനു വിധേയമാക്കിക്കൊണ്ടു് ഇനി പുക വലിച്ചാൽ ഛർദ്ദിക്കു മെന്നു (തല കറങ്ങുമെന്നോ മറേറാ ആകാം) നിർദ്ദേശം (Post hypnotic suggestion) നല്കിയാൽ അതിനു താത്കാലികഫലമേ ഉണ്ടാകയുള്ളൂ. മയക്കം തീർന്നു കുറേ കഴിഞ്ഞാൽ അയാൾ പുക വലിക്കുകയും ഛർദ്ദിക്കുകയും ചെയ്യും. ഛർദ്ദിയുടെ ബുദ്ധിമുട്ടോർത്തു തത്കാലം പുക വലി കുറയ്ക്കാനിടയുമുണ്ടു്. പുക വലിക്കാനുള്ള മനസ്സി ൻെറ ആസക്തി പോയിരിക്കുകയില്ല. അങ്ങനെ കുറെ ദിവസം ചുരുക്കം പുകവലിയും ഛർദ്ദിയുമായിട്ടായിരിക്കും അയാൾ കഴിഞ്ഞുകൂടുന്നതു്. ക്രമേണ, പുകവലിച്ചാലു ണ്ടാകുന്ന ഛർദ്ദി കുറഞ്ഞുകുറഞ്ഞു തീരെ ഇല്ലാതായിത്തീ രുകയും പുകവലി പഴയപടിയോ കൂടുതലോ ആയിത്തീ രുകയും ചെയ്യും. ഇതാണു് പല പരീക്ഷണങ്ങളിലും തെളിഞ്ഞിട്ടുള്ളതു്. അയാളെ തുടർച്ചയായോ പല പ്രാ

വശ്യമോ മയക്ക(ഹിപ്നോസിസ്)ത്തിനു വിധേയമാക്കുന്നതും അഭിലഷണീയമല്ല. അതു മനശ്ശക്തിയെ സാരമായി കുറച്ചു് അയാളെ വികലമതിയാക്കിത്തീക്കാൻ ഇടയുണ്ടു്. ഒരുവൻെറ മനസ്സിൽ ദൃഢമൂലമായിട്ടുള്ള ശീലത്തെയോ വിശ്വാസത്തെയോ സാന്മാർഗ്ഗികത മുതലായ ബോധ്യത്തെയോ ഹിപ്നോട്ടിസംകൊണ്ടു് ഇല്ലാതാക്കാൻ സാധിക്കുകയില്ല. അതാണു് ഇന്നത്തെ വിദഗ്ദ്ധഹിപ്നോട്ടിസ്റ്റുകളിൽ പ്രമുഖനായ ഡോക്ടർ പോൾഗർ (Dr. Franz J. Polgar) അടുത്ത കാലത്തു നടത്തിയ പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുള്ളതു്. ഒരു പബ്ലിക്കു് മീററിങ്ങിൽ തന്നെ അഭിമുഖീകരിച്ചിരിക്കുന്ന പ്രേക്ഷകരിലോ താൻ സഞ്ചരിക്കുന്ന തീവണ്ടിമുറിയിൽ ഇരിക്കുന്നവരിലോ ബഹുഭൂരിപക്ഷത്തെയും ഒന്നടങ്കം തൻെറ ഹിപ്നോട്ടിക്കു് വശവത്തിത്വത്തിൽ വരുത്താൻ കഴിവുള്ള വിദഗ്ദ്ധനാണദ്ദേഹം.

**പോൾഗരുടെ പരീക്ഷണങ്ങൾ**

മെന്നോണൈററ്സ് (Mennonites) എന്നൊരു ക്രൈസ്തവസഭക്കാർ യൂറോപ്പിലും അമേരിക്കയിലുമുണ്ടു്. സൈമൺ മെന്നോ (Simon Menno) എന്നൊരു ജമ്മൻകാരനായ ക്രൈസ്തവമതവൈരാഗി അഞ്ചു നൂററാണ്ടുകൾക്കുമുമ്പു സ്ഥാപിച്ചതാണു് ആ സഭ. ആ സഭക്കാരുടെ പ്രത്യേകത, ബൈബിളിൾ ഒഴികെ മറെറാന്നും അവർ പ്രമാണമാക്കുന്നതല്ലെന്നും, മററേതു മതക്കാരെക്കാളും വിശ്വാസത്തിനും സദാചാരബോധത്തിനും കൂടുതൽ ദൃഢത അവക്കുണ്ടെന്നുമുള്ളതാണു്. മദ്യം കഴിക്കുക

യോ പുക വലിക്കുകയോ ചെയ്യുന്നതു ദൈവം ഒരിക്കലും ക്ഷമിക്കാത്ത ഭയങ്കരപാപമാണെന്നവർ തീക്ഷ്ണമായി വിശ്വസിക്കുന്നു.

ഹിപ്നോസിസിനു വിധേയനായ ആൾക്കു പച്ചവെള്ളം തിളച്ച വെള്ളമാണെന്നു പറഞ്ഞുകൊടുത്താൽ അയാളുടെ ചുണ്ടു പൊള്ളി കുമളക്കുകയും പച്ചവെള്ളം ലഹരികൂടിയ മദ്യമാണെന്നു പറഞ്ഞു കൊടുത്താൽ ലഹരിയുടെ എല്ലാ ലക്ഷണങ്ങളും അനുഭവങ്ങളും അയാളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. ഈ പ്രകടനം മിക്ക ഹിപ്നോട്ടിസ്റ്റുകളും പ്രദർശിപ്പിക്കാറുള്ളതാണു്.

ഡോ: പോൾഗർ ഒരു മെന്നോനൈററിനെ ഹിപ്നോസിസിനു വിധേയനാക്കിക്കൊണ്ടു പച്ചവെള്ളം മദ്യമാണെന്നു പറഞ്ഞു കുടിക്കാൻ ആദ്യം പ്രത്യായനവും (Suggestion) പിന്നെ ആജ്ഞയും നല്കിയപ്പോൾ അയാൾ അതനുസരിക്കാതെ അവിചാരിതമായി ഹിപ്നോസിസിൽ(മയക്കം)നിന്നു പെട്ടെന്നുണരുകയാണുണ്ടായതു്.

മറെറാരു മെന്നോനൈററിനെ ഹിപ്നോസിസിൽ ആക്കിക്കൊണ്ടു്, സിഗരറ്റു് ഗുണകരവും ദോഷരഹിതവുമാണെന്നു പറഞ്ഞു് ഒരു സിഗരറ്റു് കൊടുത്തപ്പോൾ അയാൾ അതു തൊടുകപോലും ചെയ്യാതെ മയക്കത്തിൽനിന്നുണർന്നു.

സത്സ്വഭാവിനിയായ ഒരു കോളേജുകുമാരിയെ സഹപാഠികളായ ഏതാനും ആൺകുട്ടികളുടെ സാന്നിധ്യത്തിൽ ഹിപ്നോട്ടൈസ് ചെയ്തുകൊണ്ടു് ഉടുപ്പഴിക്കാൻ നല്കിയ ആജ്ഞ അവൾ തിരസ്കരിച്ചു്, കോപത്തോടെ

ഉണരുകയും വെറുപ്പോടെ ഉടനെ സ്ഥലം വിടുകയും ചെയ്യു. സദാചാരബോധദൃഢതയില്ലാത്തവരെമാത്രമേ ദുർമ്മാർഗ്ഗിയായ ഒരു ഹിപ്നോട്ടിസ്റ്റിനു നീചപ്രവൃത്തികൾക്കു പ്രേരിപ്പിക്കാൻ കഴിയുകയുള്ളൂ. അതുപോലെ ദുശ്ശീലങ്ങൾ ദൃഢമൂലമായിട്ടുള്ളവരെ അവയിൽനിന്നു നിവർത്തിപ്പിക്കാനും ഹിപ്നോട്ടിസ്റ്റിനു സാധിക്കുകയില്ല.

വിദഗ്ദ്ധചികിത്സകന്മാരല്ലാത്തവരാരെങ്കിലും അന്യരിൽ ഹിപ്നോട്ടിസം പ്രയോഗിക്കുന്നതിനെ വിലക്കിയും ശിക്ഷാർഹമാക്കിയും ബ്രിട്ടൻ, അമേരിക്ക മുതലായ രാജ്യങ്ങളിൽ നിയമം ഉണ്ടായിട്ടുണ്ടു്. ശസ്ത്രക്രിയയ്ക്കു വേദനാരാഹിത്യം വരുത്താൻ ഹിപ്നോട്ടിസത്തിനു കഴിയും. മോർഫിയ മുതലായ ബോധഹരൌഷധപ്രയോഗങ്ങളുടെ ദോഷമൊന്നും ഹിപ്നോട്ടിസത്തിനില്ല. ലഘുമനോരോഗങ്ങളുടെ ചികിത്സയ്ക്കും ഹിപ്നോട്ടിസം ഉപകരിക്കും. മേല്പറഞ്ഞ ആവശ്യങ്ങൾക്കു വിദഗ്ദ്ധഭിഷഗ്വരന്മാർക്കുമാത്രമേ ഹിപ്നോട്ടിസം പ്രയോഗിക്കാൻ അർഹതയുള്ളൂ.

**സ്വയംപ്രത്യായനം**

ഒരു വ്യക്തിയെ മറ്റൊരു വ്യക്തി മയക്കി പ്രയോഗിക്കുന്ന പ്രത്യായനമാണു് ഹിപ്നോട്ടിസം. ആദ്യംതന്നെ പ്രത്യായനംകൊണ്ടു ഹിപ്നോസിസ് വരുത്തിയതിനുശേഷം നല്കുന്ന പ്രത്യായനങ്ങൾകൊണ്ടാണതു സാധിക്കുന്നതു്. നിർമ്മാണാത്മകമായ സ്വയംപ്രത്യായനം (Constructive Auto-Suggestion)കൊണ്ടു ബലഹീനമായ സ്വന്തം മനസ്സിനെ ഏതു കാര്യത്തിലും കൂടുതൽ

കൂടുതൽ ബലവത്താക്കാവുന്നതാണു്. അതുപോലെ പ്രതികൂലാത്മകമായ സ്വയംപ്രത്യായനംകൊണ്ടു മനസ്സിൽനിന്നു് ഏതു ധാരണയെയും ക്രമേണ വിലോപിപ്പിച്ചു കളയുകയുമാവാം. സ്വയംപ്രത്യായനംകൊണ്ടു ഗുണമോ ദോഷമോ ആയ ഏതാശയത്തെയും ശക്തിപ്പെടുത്തുകയും പ്രാവർത്തികമാക്കുകയുമാവാമെന്നുള്ളതു മനശ്ശാസ്ത്രം വെളിപ്പെടുത്തീട്ടുള്ള ഒരാധുനികതത്വമാണു്. കാര്യകാരണജ്ഞാനമില്ലാതെതന്നെ, അതിന്റെ പ്രാഗ്‌രൂപം അതിപുരാതനകാലംമുതൽ പ്രയോഗത്തിലിരിക്കുന്നുണ്ടു്. ഈശ്വരധ്യാനവും പ്രാർത്ഥനയുടെ ആവർത്തനവും ജപവും എല്ലാ മതങ്ങളിലും കാണുന്നതു് അതിന്റെ പ്രകടമായ ദൃഷ്ടാന്തങ്ങളാണു്.

"രാമ, രാമ" എന്നു ഹിന്ദുക്കളും "ഈശോ, ഈശോ" എന്നു ക്രൈസ്തവരും "ലാഹിലാഹ് ഇൽ അള്ളാ" എന്നു മുസ്ലീങ്ങളും നിത്യേന പലവട്ടം ഉരുവിടുന്നതിന്റെ ഫലമായിട്ടാണു് ഒരുകൂട്ടർ ഉറച്ച ഹിന്ദുക്കളും മറ്റൊരു കൂട്ടർ കടുത്ത ക്രിസ്ത്യാനികളും മൂന്നാമതൊരുകൂട്ടർ, സുദൃഢമുസ്ലീങ്ങളുമായി സ്വന്തം മതത്തിനുവേണ്ടി രക്തസാക്ഷികളാവാൻപോലും ഒരുക്കമുള്ളവരാകുന്നതു്. ഹിന്ദുപ്രാർത്ഥന നിത്യേന ഉരുവിട്ടുകൊണ്ടിരുന്നാൽ ആരും കാലക്രമത്തിൽ ഹിന്ദുമതവിശ്വാസിയും ക്രിസ്തുൻപ്രാർത്ഥന ഉരുവിട്ടുകൊണ്ടിരുന്നാൽ ക്രിസ്തുമതവിശ്വാസിയും മുസ്ലീംപ്രാർത്ഥന ഉരുവിട്ടുകൊണ്ടിരുന്നാൽ ഇസ്ലാംമതവിശ്വാസിയുമായിത്തീരുകതന്നെ ചെയ്യും. ഉരുവിടൽ ഏകാഗ്രതമാണെങ്കിൽ വിശ്വാസപരിണാമം കൂടുതൽ എളുപ്പത്തിൽ സംഭവിക്കുന്നതാണു്.

ഗുണകരമോ ഹാനികരമോ ആയ ഏതാശയവും ധ്യാനിച്ചുകൊണ്ടോ യാന്ത്രികമായി ഉരുവിട്ടുകൊണ്ടോ ഇരുന്നാൽ ക്രമേണ പ്രസ്തുതാശയം അബോധമനസ്സിൽ പ്രവേശിക്കുന്നു. അബോധമനസ്സിൽ പ്രവേശിച്ച സ്ഥിര പ്രതിഷ്ഠിതങ്ങളായ ആശയങ്ങളാണു് നമ്മുടെ സബോധമനസ്സിനെയും പ്രവൎത്തനങ്ങളെയും നയിക്കുന്നതു്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദഗ്ദ്ധനായ ഒരു ഡോക്ടർ 'കേരള പ്രസ്സി'നു നല്കിയ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"പതിവായോ പല പ്രാവശ്യമോ ഉപയോഗിച്ചാൽ നമ്മെ അടിമപ്പെടുത്തുന്ന ഒരു സ്വഭാവം പുകയിലയ്ക്കുണ്ടു്. സാവധാനത്തിലാണു് നാം പുകയിലയ്ക്കു സ്ഥിരം അടിമകളാകുന്നതു്. ഈ അടിമത്തത്തിൽനിന്നു നമ്മെ രക്ഷിക്കാൻ നമുക്കുമാത്രമേ കഴിയുകയുള്ളു. പുക വലിക്കുകയില്ലെന്ന നിശ്ചയത്തിന്റെ ദാർഢ്യംമാത്രമാണു് ആ രക്ഷ നല്കുന്നതു്. എത്രതന്നെ ആസക്തിയുണ്ടായാലും പുകവലിക്കാതിരിക്കുകതന്നെ വേണം. ആദ്യത്തെ മണിക്കൂറുകൾ കുറെ പ്രയാസമായി തോന്നും. അതു വരാൻപോകുന്ന മണിക്കൂറുകളുടെയും ദിവസങ്ങളുടെയും വർഷങ്ങളുടെയും അടിത്തറയായുറപ്പിക്കുക. വലിയ ബുദ്ധിമുട്ടു തോന്നുമ്പോൾ ഒരു മിഠായിയോ ഏലക്കായോ അല്പം അടക്കയോ വായിലിടുന്നതു സഹായകമാകും. ഒരു മണിക്കൂർ നേരം പുകവലിക്കാതിരിക്കാമെങ്കിൽ രണ്ടു മണിക്കൂർ വലിക്കാതിരിക്കാമെന്നതിന്നു് അ

 തു തെളിവാണു്. 2+2=4, 4+4=8, 8+8=16 എന്നിങ്ങനെ പുകവലി നിശ്ശേഷം ഇല്ലാതാക്കാം!"

കൈനിക്കര കുമാരപിള്ള 'ശീലങ്ങൾ' എന്ന തലക്കെട്ടിൽ എഴുതീട്ടുള്ള ലേഖനത്തിൽ പറയുന്നതിപ്രകാരമാണു്:

"ദുശ്ശീലങ്ങൾ പിഴുതുമാററുക അത്ര എളുപ്പമല്ല. അവ നാഡീനിബന്ധത്തിന്റെ ഒരംശമായിപ്പോയി എന്നതാണു് പ്രത്യക്ഷമായ കാരണം. പരോക്ഷമായ ഒരു കാരണംകൂടിയുണ്ടു്: ദുശ്ശീലങ്ങൾ നമ്മുടെ ഇച്ഛാശക്തിയെ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു എന്നതാണതു്. ദുശ്ശീലത്തോടുള്ള അടിമത്തം പൊട്ടിച്ചെറിയുന്നതിന്നു നാം എത്രതന്നെ ആഗ്രഹിച്ചാലും അതിനു മനക്കരുത്തില്ലാതായിപ്പോകുന്നു.

"ദുശ്ശീലം നിറുത്താൻ ഒരു മാർഗ്ഗമേയുള്ളു. അങ്ങു നിർത്തുക. ആദ്യമായിത്തന്നെ മനസ്സിന്റെ ഒരു ഭാഗംകൊണ്ടല്ല, മനസ്സു മുഴുവനുംകൊണ്ടു തീക്ഷ്ണമായി ആഗ്രഹിക്കുക. പിന്നെ അക്ഷണത്തിൽത്തന്നെ നിറുത്തുക. ദുശ്ശീലത്തിന്റെ വലി വളരെ നാളത്തേയ്ക്കു മുറുകിയും അയഞ്ഞും കാണപ്പെടും. അതു ചെറുത്തുനില്ക്കുകതന്നെ വേണം."

ഡോക്ടരും ശ്രീ. പിള്ളയും നല്കുന്ന ഉപദേശം ഒന്നുതന്നെയാണു്. അതുതന്നെയാണു് ദുശ്ശീലം മാറാനുള്ള മാർഗ്ഗവും.

ദുശ്ശീലം കളയുന്നതിനു സഹായകമായ ചില ചര്യകൾകൂടി അനുഷ്ഠിച്ചാൽ അതു വളരെ പ്രയാസംകൂടാതെ സാധ്യമാകുന്നതാണു്.

ഏതൊരു ദുശ്ശീലം കളയാനും സുശീലം സമ്പാദിക്കാനും അതിനാവശ്യമായ സ്വയംപ്രത്യായനം (ധ്യാനവും ഉരുവിടലും) ആണു് ഏററവും ഫലപ്രദമായ മാൎഗ്ഗം.

1. ആദ്യമായി ദുശ്ശീലംകൊണ്ടുള്ള ദോഷത്തെപ്പററി മനസ്സിനു ദൃഢബോധ്യം വരുത്തണം. അതിനു രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ മലൎന്നും തളൎന്നും (Relaxed) കിടന്നുകൊണ്ടു് "പുകവലി എനിക്കു ദോഷം ചെയ്യുന്നു. ഞാൻ അതുപേക്ഷിക്കുകതന്നെ ചെയ്യുന്നു." എന്ന വാക്യം ഉറങ്ങിപ്പോകുന്നതുവരെ ഉരുവിടണം.

രാവിലെ എഴുന്നേല്ക്കുന്നതിനുമുമ്പും അഞ്ചു മിനുററുസമയം മേൽപ്രകാരം സ്വയംപ്രത്യായനം ചെയ്യണം.

ഉറക്കം ആരംഭിക്കുന്നതിനുമുമ്പു സബോധമനസ്സു് അടങ്ങി നിഷ്ക്രിയമാവുകയും അബോധമനസ്സു് ഉണൎന്നു പ്രവൎത്തനക്ഷമമാവുകയും ചെയ്യുന്നു. അബോധമനസ്സിൽ അടുക്കും ചിട്ടയുമില്ലാതെ അടിഞ്ഞുകൂടിക്കിടക്കുന്ന വിശ്വാസങ്ങൾ, ധാരണകൾ, ഭയങ്ങൾ, ആഗ്രഹങ്ങൾ മുതലായവയുടെ മിക്കവാറും കുഴഞ്ഞുമറിഞ്ഞ പ്രകടനങ്ങളാണു് സ്വപ്നങ്ങൾ. ഉറക്കത്തിൽ ഉടനീളം നാം സ്വപ്നം കാണുന്നുണ്ടു്. എന്നാൽ ഗാഢനിദ്രയിലുണ്ടാകുന്ന സ്വപ്നങ്ങളൊന്നും നമ്മുടെ സ്മൃതിപഥത്തിൽ നില്ക്കുന്നില്ല.

ഏതെങ്കിലുമൊരാശയം അബോധമനസ്സിൽ പ്രവേശിപ്പിച്ച് ബലപ്പെടുത്തുന്നതിനു് ഏററവും പററിയതു് ഉറക്കത്തിനുമുമ്പും ഉണൎന്ന ഉടനെയുമുള്ള സ്വയംപ്ര

ത്യായനമാണ്. മററു വിശ്രമാവസരങ്ങളിലും ശരീരം തളത്തിയിട്ടുകൊണ്ടു സ്വയംപ്രത്യായനം ചെയ്യുന്നതു പ്രയോജനകരമായിരിക്കും.

2. അതിനുശേഷം ദുശ്ശീലം തീൎത്തും ഉപേക്ഷിക്കുന്നതിനു രണ്ടാഴ്ചയിൽ കവിയാത്ത ഒരു തീയതി മുൻകൂട്ടി നിശ്ചയിച്ചു പ്രതിജ്ഞചെയ്യുകയും വിവരം സ്വജനങ്ങളെയും സുഹൃത്തുക്കളെയും അറിയിക്കുകയും ചെയ്യുക. ഇതു ദുശ്ശീലം പുനരാരംഭിക്കാതിരിക്കാൻ ആത്മാഭിമാനത്തെക്കൂടി കൂട്ടുപിടിച്ചു മനസ്സിനെ ശക്തിപ്പെടുത്തുന്ന ഒരു പ്രതിരോധനടപടിയാണ്.

പ്രതിജ്ഞാത്തീയതിവരെയുള്ള ഇടക്കാലത്തു സിഗരററിൻെറ കാരോ വലിയും ഊന്നും പ്രതിജ്ഞയെ അനുസ്മരിപ്പിക്കുന്ന കാരോ സ്വയംപ്രത്യായനമായി ഉപകരിച്ചുകൊള്ളും.

3. അവസാനദിവസം ദുശ്ശീലത്തെ എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുക.

ഇങ്ങനെ ദുശ്ശീലം കളഞ്ഞ പല ദൃഷ്ടാന്തങ്ങളും അനുഭവത്തിലുണ്ട്.

"വിചാരത്തിൻെറ നിരന്തരമായ ആവൎത്തനം പ്രവൃത്തിയിലും പ്രവൃത്തിയുടെ ആവൎത്തനം ശീലത്തിലും എത്തിക്കുന്നു. ശീലത്തിൻെറ ഗുണദോഷങ്ങളനുസരിച്ചാണ് മനുഷ്യൻ സുഖമോ ദുഃഖമോ അനുഭവിക്കുന്നതു്." ഇതു മനശ്ശാസ്ത്രപരമായ ഒരംഗീകൃതപ്രമാണമാണ്.

# ആഭിചാരം

ഗവർമ്മേണ്ടു് സർവ്വീസിൽ പ്രശസ്തസേവനം ചെയ്തു പെൻഷൻ പററിയശേഷം ഇപ്പോൾ വക്കല ശ്രീനാരായണ ആസ്പത്രിയിലെ പ്രധാനഡോക്ടറായിരിക്കുന്ന ശ്രീ. പി. എൻ. നാരായണൻ എം ബി. ബി. എസ്സ്. അവർകൾ 1964 ഒക്ടോബർ 18-ാംനു-യിലെ (സൺഡേ സ്റ്റാൻഡേർഡിൽ'നിന്നു 'മാനസികാജ്ഞകൊണ്ടുള്ള മനോമർദ്ദനം' (Torture by Mental Control) എന്ന ലേഖനം വെട്ടിയെടുത്തയച്ചുകൊണ്ടു് അതിനെപ്പററിയുള്ള വിമർശം ആവശ്യപ്പെടുകയുണ്ടായി.

**ഒരു ഡോക്ടർക്ക്**

പ്രസ്തുതലേഖനത്തിലുള്ളതുപോലെ മററൊരു വിവരം ഡോക്ടറുടെ കത്തിൽ പറയുന്നുമുണ്ടു്. കത്തിൽ പറയുന്നതിൻെറ ചുരുക്കം ഇതാണു്:

"എൻെറ സുഹൃത്തായ ഒരു ഹിന്ദുഡോക്ടർ 30 വർഷംമുമ്പു മാലദ്വീപി(Maladives)ലെ മെഡിക്കൽ ഓഫീസറായിരുന്നു. ആ ദ്വീപുവാസികളെല്ലാം മുസ്ലീങ്ങളും ക്ഷുദ്രപ്രയോഗവിശ്വാസികളുമാണ്. അവിവാഹിതനും ക്ഷുദ്രപ്രയോഗവിശ്വാസിയല്ലെന്നഭിമാനിച്ചിരുന്ന ആളുമായ ഡോക്ടർക്ക് അവിടത്തെ ചില കുലീനമുസ്ലീം കുടുംബങ്ങളിലെ സ്ത്രീകളുമായി ജാരസംസർഗ്ഗമുണ്ടെന്നും ആ കുടുംബക്കാർ ഡോക്ടരെ ഉദ്ദേശിച്ച് ക്ഷുദ്രപ്രയോഗം നടത്തിയിട്ടുണ്ടെന്നുമുള്ള വർത്തമാനം അവിടെ പരന്നു. അങ്ങനെയിരിക്കെ ഡോക്ടർക്ക് ഉറക്കമില്ലായ്മയും ദേഹത്തിൽ പല ഭാഗങ്ങളിലും കഠിനവേദനയും അനേകരാത്രികളിൽ തുടർച്ചയായി അനുഭവപ്പെടാൻ തുടങ്ങി. അതിന്നു പ്രതിവിധിയായി ചെയ്ത ഒരു മരുന്നും ഫലിക്കാതെ കഷ്ടപ്പെടുകയാൽ ഗത്യന്തരമില്ലാതെ അദ്ദേഹത്തിന്നു തൻെറ ഉദ്യോഗം രാജികൊടുത്തു നാട്ടിലേക്കു മടങ്ങേണ്ടിവന്നു. ഈ വിവരം അദ്ദേഹംതന്നെ എന്നോടു പറഞ്ഞതാണ്."

## ഹൈപ്പ്നിസ്റ്റിന്

'സൺഡെ സ്റ്റാൻഡേർഡി'ലെ ലേഖനത്തിൽ പറയുന്ന സംഗതഭാഗത്തിൻെറ വിവർത്തനവും ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

"നൈസാമിൻെറ സ്റ്റേററിൻെറ തലസ്ഥാനമായിരുന്നതും ഇന്നത്തെ ആന്ധ്രസ്റ്റേററിൻെറ തലസ്ഥാനവുമായ ഹൈദ്രബാദ്നഗരം പണ്ടുമുതലേ ക്ഷുദ്രപ്രയോഗത്തിൻെറ വിഹാരരംഗമാണ്. ക്ഷുദ്രത്തിന്ന് അവിടെ 'ഭാന

മതി' എന്നാണു് പറയുന്നതു്. ഭാനമതിപ്രയോഗത്താൽ ആ നഗരത്തിൽ ദുരിതമനുഭവിക്കുന്ന അനവധി പേരുടെ ആവലാതി നൈസാമിൻെറ ഗവമ്മേണ്ടിനു കിട്ടിക്കൊണ്ടിരുന്നതിനാൽ അന്നു് അവിടത്തെ പോലീസ്ഡയറക്ടർ ജനറലായിരുന്ന മി. എൽ. ബി. ഗോഡി(Mr. L. B; Goad)നോടു 'ഭാനമതിയെ'പ്പററി സമഗ്രമായ ഒരന്വേഷണം നടത്തി, അതൊരു വസ്തുതയാണോ അല്ലയോ എന്നു റിപ്പോർട്ടുചെയ്യാൻ ഗവമ്മേണ്ടു് കല്പിച്ചു. അതിൽ വിശ്വാസമില്ലാത്തവനായിട്ടാണു് അദ്ദേഹം അന്വേഷണമാരംഭിച്ചതെങ്കിലും തനിക്കു ലഭിച്ച ഒട്ടുവളരെ തെളിവുകൾമൂലം 'ഭാനമതി' ഒരു യാഥാർത്ഥ്യം തന്നെയാണെന്നും അതിൻെറ കാര്യകാരണബന്ധം ശാസ്ത്രീയമായി കണ്ടുപിടിക്കുക സാധ്യമല്ലെന്നുമാണു് അദ്ദേഹം റിപ്പോർട്ടു സമപ്പിച്ചതു്.

"ആ റിപ്പോട്ടിൻെറ അടിസ്ഥാനത്തിൽ 'ഭാനമതി ഉസ്താദു'കളിൽ (ക്ഷുദ്രപ്രയോഗക്കാർ) നിന്നു പൊതുജനങ്ങളെ രക്ഷിക്കാൻ ക്ഷുദ്രോച്ചാടകനായ (Exorciser) ഒരു മന്ത്രവാദിയെ ഒരു പോലീസ് സബ്ബ് ഇൻസ്പെക്ടരായി നിയമിക്കുകയുണ്ടായിട്ടുണ്ടു്.

"ഹൈദ്രബാദിൽ എൻെറ ഒരു സ്നേഹിതൻ കഴിഞ്ഞ 20 വർഷങ്ങളായി 'ഭാനമതി'മൂലമുള്ള മർദ്ദനത്തിനു് ഇരയായിക്കൊണ്ടിരിക്കുകയാണു്. അയാൾക്കെതിരായി 'ഭാനമതി' ചെയ്യിച്ചുകൊണ്ടിരിക്കുന്നതാരാണെന്നു് അയാൾ എന്നോടു പറഞ്ഞു. വളരെ വലിയ നിലയിലിരിക്കുന്ന ഒരാളുടെ പേരാണു് പറഞ്ഞതു്. അതു കേട്ടതു

തപ്പെട്ട ഞാൻ ആ മന്യൻ അയാൾക്കെതിരെ ഭാനമ തി ചെയ്യിക്കുന്നതിന്നു കാരണമെന്താണെന്നു ചോദിച്ചു. തൻെറ അറിവിൽ ഒരു കാരണവുമില്ലെന്നു പറഞ്ഞതോ ടെ, ആ മാന്യൻ ഒരു മതഭ്രാന്തനാണെന്നും അദ്ദേഹ ത്തിൻെറ മതത്തിലേയ്ക്കു തന്നെ മാർഗ്ഗംകൂട്ടാനായിരിക്കും ഇപ്രകാരം തന്നെ മട്ടിക്കുന്നതെന്നുംകൂടി സ്നേഹിതൻ കൂ ട്ടിച്ചേർത്തു. തൻെറ മസ്തിഷ്ക്കത്തിനു ലഭിച്ചുകൊണ്ടിരിക്കു ന്ന ഇന്ദ്രിയാതീതമായ (Telepathic) മട്ടനസന്ദേശങ്ങൾ ടെലഫോണിലൂടെയെന്നപോലെ വ്യക്തമായി കേൾ ക്കാമെന്നും ചെവിയിലൂടെ കേൾക്കുന്നതിന്നുപകരം മ സ്തിഷ്ക്കം നേരിട്ടു കേൾക്കുന്നു എന്ന വ്യത്യാസമേയുള്ളൂ എ ന്നും അയാൾ വിശദീകരിച്ചു. 'ഞാൻ ഒരിക്കലും ചെയ്യാ ത്ത വിഡ്ഢിത്തങ്ങൾ മട്ടകൻ 'ഭാനമതി'യാൽ എന്നെ ക്കൊണ്ടു ചെയ്യിക്കുന്നു. എനിക്കു് എൻെറ ഭാര്യയെ വള രെ സ്നേഹമാണു്. എന്നാൽ 'ഭാനമതി'യിലൂടെ എന്നെ നിർബ്ബന്ധിച്ചു ചിലപ്പോൾ ഭാര്യയോടു വെറുപ്പു പ്രദർശി പ്പിക്കുന്നു. ഞാൻ ഒരു വിദഗ്ദ്ധടൈപ്പിസ്റ്റാണു്. പക്ഷേ ടൈപ്പു്ചെയ്യുമ്പോൾ ഞാൻ ഉദ്ദേശിക്കാത്ത അക്ഷരങ്ങ ളും വാക്കുകളും വന്നുപെടുന്നു. ഞാൻ ടൈപ്പു്ചെയ്യുമ്പോ ഴോ എഴുതുമ്പോഴോ എൻെറ ആശയത്തിന്നു വിപരീത മായ വാക്കുകൾ അതിൽ കടത്തിവിട്ടു വികൃതമാക്കുന്നു. ഞാൻ അരമണിക്കൂർകൊണ്ടു ടൈപ്പു്ചെയ്യുന്ന മാറ്ററി നു് എന്നെക്കൊണ്ടു് ഒരു മണിക്കൂർസമയമെടുപ്പിക്കുന്നു. ഇത്തരം ദ്രോഹങ്ങളാണു് ഇന്ദ്രിയാതീതസന്ദേശങ്ങൾ (Telepathic Messages)മൂലം മട്ടകൻ എനിക്കു ചെയ്യു

ന്നതു്. മനോമർദ്ദനംമൂലം എന്റെ ദഹനശക്തി കുറയുകയും ആമാശയത്തിനു വ്രണം ബാധിക്കുകയും ആരോഗ്യം ക്ഷയിക്കുകയും ചെയ്തിരിക്കുന്നു. എന്റെ തൂക്കം 30 റാത്തൽ കുറഞ്ഞിട്ടുണ്ടു്" എന്നും മററും സ്നേഹിതൻ അയാളുടെ ദുരിതങ്ങൾ വിവരിച്ചു."

## ഏകവിഷയമനോവിഭ്രമം

മേല്പറഞ്ഞ വിവരണങ്ങളിൽനിന്നു് ഈ ടൈപ്പിസ്റ്റിനെ ഭാനമതിഭയംമൂലം ഏകവിഷയമനോവിഭ്രമം (Monomania) എന്ന രോഗം ബാധിച്ചിരിക്കുകയാണെന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്.

എന്നാൽ ലേഖകൻ തന്റെ ലേഖനത്തിൽ മാനസസന്ദേശവിനിമയവും (Telepathy) ആത്മാവിന്റെ അസ്തിത്വവും അതുവഴി ക്ഷുദ്രംമൂലമുള്ള മനോമർദ്ദനവും യാഥാർത്ഥ്യങ്ങളാണെന്നു ചില ശാസ്ത്രജ്ഞന്മാരുടെ പേരുകളുടെ സഹായത്തോടെ സ്ഥാപിക്കാനുദ്ദേശിച്ചു തുടന്നെഴുതീട്ടുള്ളതാണു് സാമാന്യവായനക്കാരെ കുഴക്കുന്നതു്. ആ പേരുകൾ ഡോ: റൈനിന്റേതും ഡോ: ജറാം കിൻസന്റേതുമാണു്. അവർ ഇന്ദ്രിയാതീതാനുഭൂതി (Extra Sensory Perception) സംബന്ധിച്ച ചില പരിശോധനപരീക്ഷണങ്ങൾ നടത്തുകയും വിവരം ഗ്രന്ഥങ്ങൾമുഖേന പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടു്. തങ്ങളുടെ പരിശ്രമം വിജയിച്ചിട്ടുണ്ടെന്നു് അവർതന്നെ അവകാശപ്പെട്ടിട്ടില്ല. എന്നാൽ മാനസസന്ദേശവിനിമയം (Telepathy) ഒരു വസ്തുതയാണെന്നു സ്ഥാപിച്ചിട്ടുണ്ടെന്ന ഭാവത്തിലാണു് അവർ തങ്ങളുടെ പേരുകൾ ലേഖ

നത്തിലുപയോഗിച്ചിട്ടുള്ളതു്. അവർ നടത്തിയതുപോലെ കളിശ്ശീട്ടുകഠം(Playing Cards)കൊണ്ടും മററും ശാസ്ത്രജ്ഞന്മാരായ ഡോ: ആഡംസ് (Dr. Eugene Adams), ഡോ: പ്രൈസ് (Dr. George R. Price), പ്രൊ. കെന്നഡി (Prof. Kennedy), പ്രൊ. സ്ലാൺ (Prof. John Searne) എന്നിവർ പരിശോധന-പരീക്ഷണങ്ങഠം നടത്തി ഇന്ദ്രിയാതീതാനുഭൂതി, ഇന്ദ്രിയാതീതസന്ദേശപ്രേഷണം (Extra Sensory Perception, Telepathy) മുതലായവസംബന്ധിച്ച റൈനിൻെറ പ്രാഥമികാനുമാനം തന്നെ തെററാണെന്നു സ്ഥാപിച്ചിട്ടുണ്ടു്.

ക്ഷുദ്രത്തിന്നു 'ഭാനമതി' എന്ന പേരിലെ 'ഭാനം' എന്ന പദത്തിൻെറ അർത്ഥം 'തോന്നൽ' അഥവാ 'പ്രതീതി' എന്നാണു്. താൻ ക്ഷുദ്രത്തിനു് ഇരയാണെന്നു വിശ്വസിച്ചുപോകുന്ന വ്യക്തിയുടെ മനസ്സിൽ ഉണ്ടാകുന്ന ഭയംമാത്രമാണു് ക്ഷുദ്രഫലമായി പ്രകടിതമാകുന്നതു്.

**പ്രേതബാധയും മററും**

ടൈപ്പിസ്റ്റിൽ ഭാനമതിയുടെ ഫലമായി തോന്നിച്ചതെല്ലാം ഒരു സവിശേഷമനോരോഗത്തിൻെറ (Obsessional Anxiety Neurosies) ലക്ഷണങ്ങഠംമാത്രമാണു്. ഈ തരത്തിൽ പെട്ടവയാണു് പ്രേതബാധ, കൈവിഷം, ചാത്തനുപദ്രവം മുതലായവ. പ്രസ്തുതരോഗികളിൽ പലരും അവരുടെ രോഗകാര്യം ഒഴിച്ചുള്ള സംഗതികളിൽ സാധാരണമനുഷ്യരെപ്പോലെ സംസാരിക്കുകയും പെരു

മാറുകയും ചെയ്യും. അതുകൊണ്ടാണ് അവർ മനോരോഗികളാണെന്നു മററുള്ളവർക്ക് തോന്നാതിരിക്കാനും ക്ഷുദ്രവും ടെലപ്പതിയും വസ്തുതകളാണെന്നു വിശ്വസിച്ചുപോകാനും കാരണം.

മാലദ്വീപിലെ മെഡിക്കൽ ഓഫീസറുടെ കഥയും ഇതുതന്നെയാണ്. അദ്ദേഹം ക്ഷുദ്രത്തിൽ ദൃഢവിശ്വാസിയായിരുന്നില്ലെങ്കിലും ഹിന്ദുവായ അദ്ദേഹത്തിൻെറ അബോധമനസ്സിൽ മന്ത്രം, മന്ത്രവാദം, ക്ഷുദ്രം മുതലായവയിലുള്ള പാരമ്പര്യവിശ്വാസം സൂക്ഷ്മമായിക്കിടന്നിരുന്നതു തൻെറ മേൽ ക്ഷുദ്രം നടത്തപ്പെട്ടിട്ടുണ്ടെന്നുള്ള ശക്തിയായ ജനപ്രവാദത്തിൽ ഉണരുകയും വളരുകയും ചെയ്തു എന്നേയുള്ളു. തങ്ങളുടെ മേൽ ക്ഷുദ്രം പ്രയോഗിക്കുന്നു എന്ന ഭയവും വിശ്വാസവുമാണ് ഡോക്ടരിലും ടൈപ്പിസ്റ്റിലും അസ്വാസ്ഥതകളും മററനുഭവങ്ങളും ഉണ്ടാക്കിയതു്. എന്നാൽ അവർ വിശ്വസിച്ചതു്, തങ്ങളുടെ മററനുഭവം അന്യർ ഇന്ദ്രിയാതീതസന്ദേശം(Telepatpy) വഴിയുണ്ടാക്കിയതാണെന്നായിരുന്നു.

**അധ്യാപകനു്**

ഇതുപോലെ മനോമാറ്റം അനുഭവിക്കുന്ന ഒരു സ്കൂൾ മാസ്റ്ററെ എൻെറ അടുക്കൽ കൊണ്ടുവരികയുണ്ടായിട്ടുണ്ടു്. അദ്ദേഹം ഇരിങ്ങാലക്കുടെനിന്നു് എട്ടുപത്തു നാഴിക പടിഞ്ഞാറുള്ള ആളാണു്. അദ്ദേഹത്തിനാദ്യം ജോലി കിട്ടിയതു കോഴിക്കോടിനു സമീപമുള്ള ഒരു നായർ മാനേജ്മെൻറ്സ്കൂളിലായിരുന്നു. ധനികനായ മാനേ

ജരുടെ തറവാട്ടുവീടിനു തൊട്ടടുത്തുള്ള ഒരു കെട്ടിടത്തി ലാണദ്ദേഹം താമസിച്ചിരുന്നതു്. മാനേജരുടെ മരുമക ളായ ബാലികയെ കണ്ട മാത്രയിൽ ആ അധ്യാപകനു് അവളിൽ പ്രേമം ജനിച്ചു. അതൊന്നുമറിയാത്ത നിഷ്കള ങ്കയായ ആ ബാലികയ്ക്കു തന്നിൽ പ്രേമമുണ്ടെന്നും അദ്ദേ ഹത്തിനു തോന്നി. തുടന്നു് അദ്ദേഹം കാണിച്ച ചാപ ല്യങ്ങൾ മനോരോഗലക്ഷണമായി പ്രത്യക്ഷപ്പെട്ടു. വി വരം അധ്യാപകൻെറ വീട്ടുകാരെ മാനേജർ അറിയിച്ചു തനുസരിച്ചു വീട്ടുകാർ ചെന്നു് അധ്യാപകനെ വീട്ടിലേ യ്ക്കു കൂട്ടിക്കൊണ്ടുവന്നു. ഈ പ്രേമവിഷയത്തിലല്ലാതെ മററു കാര്യങ്ങളിലൊന്നിലും അദ്ദേഹത്തിന്നൊരു വികല്പ വും അസാധാരണത്വവുമുണ്ടായിരുന്നില്ല. അതുകൊണ്ടു വീട്ടുകാർ അവിടെ അടുത്തുള്ള ഒരു സ്കൂളിൽ അദ്ദേഹത്തി നു ജോലി വാങ്ങിക്കൊടുത്തു. ആ ജോലിയിൽ അദ്ദേഹം ഇരിക്കുകയാണിപ്പോൾ.

ആദ്യത്തെ സ്കൂളിൻെറ മാനേജർ തൻെറ തലച്ചോ റിനെ ഇന്ദ്രിയാതീതസന്ദേശങ്ങൾവഴി (Telepathic Messages) മട്ടിച്ചു തന്നെ ഭ്രാന്തനാക്കാൻ ശ്രമിച്ചുകൊ ണ്ടിരിക്കയാണെന്നാണു് അദ്ദേഹത്തിൻെറ ഇപ്പോഴ ത്തെ ആവലാതി.

തന്നെ പ്രേമിക്കുന്ന ആ ധനികബാലികയെ വിവാ ഹംചെയ്യുന്നതിനെ തടഞ്ഞതിനും തന്നെ ഇന്ദ്രിയാതീത മട്ടിറംകൊണ്ടു ഭ്രാന്തനാക്കാൻ പ്രവത്തിച്ചുകൊണ്ടിരിക്കു ന്നതിനും ആ മാനേജരുടെ പേരിൽ നടപടി എടുക്കണ മെന്നുള്ള അപേക്ഷകൾ പോസ്റ്റു്, കമ്പി, ഫോൺ എ

ന്ദിവ വഴിക്ക പ്രധാനമന്ത്രി നെഹ്റു മുതലായ അധികാരികഠക്ക് അയയ്ക്കുന്നതിലാണ് അദ്ദേഹം തനിക്ക കിട്ടുന്ന ശമ്പളം ചെലവാക്കിക്കൊണ്ടിരിക്കുന്നതു്. ഇപ്പോഠ പോസ്റ്റാഫീസുകാർ അദ്ദേഹത്തിൻെറ കമ്പിയും ഫോണും സ്വീകരിക്കാത്ത നിലവരെ എത്തിക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ 10മുതൽ 4മണിവരെയുള്ള സ്കൂഠസമയത്തു് അദ്ദേഹം തൻെറ അധ്യാപകജോലി ഒരസാധാരണത്വവും കുഴപ്പവുംകൂടാതെ നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നതു്.

അദ്ദേഹത്തിൻെറ മനോമത്ദ്നാനുഭവം യാഥാത്ഥ്യമല്ലെന്നും ഒരു ലഘുമനോരോഗലക്ഷണമാണെന്നും അദ്ദേഹത്തെ ധരിപ്പിച്ചു സ്വയംപ്രത്യായനം ചെയ്യിക്കാൻ ഞാൻ നടത്തിയ ശ്രമമൊന്നും ഫലിക്കാതെ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നവർ മടക്കിക്കൊണ്ടുപോവുകയാണുണ്ടായതു്.

ഇക്കാര്യത്തിൽ അദ്ദേഹത്തിൻെറ അസാധാരണമായ പെരുമാററമില്ലാതിരുന്നെങ്കിൽ അതൊരു മനോരോഗമാണെന്നു സാധാരണക്കാക്ക് മനസ്സിലാക്കാൻ സാധിക്കമായിരുന്നില്ല. ഇദ്ദേഹത്തെപ്പോലെ അസാധാരണമായ പെരുമാററം ഉണ്ടാകാത്തവരാണ് ഈ ലേഖനത്തിൽ പറഞ്ഞിട്ടുള്ള ഡോക്ടരും ടൈപ്പിസ്ററും. അതുകൊണ്ടാണ് അവരുടെ അനുഭവവിവരണം മനോരോഗലക്ഷണമായി മററുള്ള സാധാരണക്കാക്ക് മനസ്സിലാകാതിരുന്നതു്.

**മാനസസന്ദേശം**

മാനസസന്ദേശം (Telepathy) ഒരു ശാസ്ത്രീയയാഥാത്ഥ്യമല്ലെന്നാണ് ഇതേവരെ ലഭിച്ചിട്ടുള്ള ശാസ്ത്രീയ

മായ തെളിവു്. അതിനെപ്പററിയുള്ള ശാസ്ത്രീയാന്വേഷണം നടത്തിത്തുടങ്ങിയിട്ടു് എൺപതെട്ടു വർഷങ്ങളായി. ഏററവും ഒടുവിലത്തെ എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക ഉൾപ്പടെ ചില വിജ്ഞാനകോശങ്ങളിൽ 'ടെലിപ്പതി' എന്ന തലക്കെട്ടിൽ പ്രതിപാദിക്കുന്ന പ്രബന്ധംതന്നെയില്ല. യൂണിവേർസൽ എൻസൈക്ലോപ്പീഡിയ വാള്യം XII പുറം 7521-ൽ അതിനെപ്പററിപ്പറയുന്ന ഒരു ഭാഗം ഇവിടെ തർജ്ജമചെയ്തു് ഉദ്ധരിച്ചുകൊള്ളുന്നു:

"ടെലിപ്പതി എന്നതിൻെറ പൊരുൾ ഇന്ദ്രിയങ്ങളിലൂടെയല്ലാതെ രണ്ടു മനസ്സുകൾതമ്മിൽ നടത്തുന്ന ആശയസംക്രമണം എന്നാണു്. ഇത്തരമൊരു പ്രതിഭാസത്തെപ്പററി പ്രഫസ്സർ സർ ഡബ്ലിയു എഫ്. ബാരെററ് പഠനങ്ങളാരംഭിച്ചതു് 1876-ൽ ആയിരുന്നു. 'സ്വയം ഹിപ്നോട്ടിസ'ത്തിൽ ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാവുന്നതായി കാണുകയുണ്ടായി. ഉപബോധമനസ്സിനോടും ഭൂതക്കാഴ്ച(Apparition)യോടും ബന്ധപ്പെട്ടതാണിതു്. ഇതിന്നിരയായവർ ചിലപ്പോൾ കാരണം വിവരിക്കാനാവാത്ത ഇരിപ്പുറയ്ക്കായ്കയോ അസുഖമോ വേദനയോ അനുഭവപ്പെടുന്നു. രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിഘടിപ്പിച്ചുള്ള ഓർമ്മ, പ്രതീക്ഷ മുതലായവയുമായി ബന്ധപ്പെട്ടവയാണു് ഈ അനുഭവങ്ങൾ. ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ ഒരു വസ്തുതയല്ല ടെലിപ്പതി."

# ഹിസ്റ്റീരിയ

ഭിഷഗ്വരന്മാരുടെ ഔഷധംകൊണ്ടോ ചികിത്സകൊണ്ടോ ഉണ്ടാവുന്ന രോഗശമനങ്ങളെ ആരും അത്ഭുതങ്ങളായി കരുതാറില്ല. അധ്യാത്മശക്തിമൂലം ദിവ്യന്മാർ പെട്ടന്നു വരുത്തുന്നതോ ദേവാലയദർശനം, തീർത്ഥാടനം, വഴിപാട്, പ്രാർത്ഥന മുതലായവസ്സുശേഷം യദൃച്ഛയാ ഉണ്ടാകുന്നതോ ആയ രോഗശാന്തികളാണ് വിസ്മയജനകങ്ങളായിട്ടുള്ളതു്.

ഇപ്പോൾ ഒരു ക്രിസ്ത്യൻമിഷ്യനറിയായിരിക്കുന്ന ജോൺ ധർമ്മതീർത്ഥർ ശ്രീനാരായണഗുരുവിൻെറ പ്രധാനശിഷ്യനായിരുന്ന കാലത്തു ഗുരു ഒരത്ഭുതരോഗശാന്തി വരുത്തിയതിനു ദൃക്സാക്ഷിയായിരുന്നു. പത്രലേഖകനായ ശ്രീ. പി. സി. സുകുമാരൻനായർ ജോൺ ധർമ്മതീർത്ഥരുമായി ഈയിടെ നടത്തിയ ഒരഭിമുഖസംഭാഷണത്തിൽ പറഞ്ഞ ആ വിവരം ധർമ്മതീർത്ഥരുടെ വാചകങ്ങളിൽത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

## ഒരത്യത്ഭുതം

"വടക്കാഞ്ചേരിയിൽ ഒരു ക്ഷേത്രപ്രതിഷ്ഠ നിർവ്വഹിക്കാനെത്തിയപ്പോഴാണു് ഞാൻ ശ്രീനാരായണഗുരുവിനെ ആദ്യമായി കണ്ടതു്. അന്നൊക്കെ അദ്ദേഹം പ്രതിഷ്ഠിച്ചിരുന്നതു ശിവലിംഗമാണു്. പിന്നീട കണ്ണാടിപ്രതിഷ്ഠവരെയായി. അദ്ദേഹത്തിൻെറ അവസാനകാലത്തും ഞാൻ കൂടെ ഉണ്ടായിരുന്നു. വക്കലസത്രത്തിൽ ഗുരു സുഖമില്ലാതെ കിടക്കമ്പോൾ ഒരു സംഭവമുണ്ടായി: പക്ഷവാതരോഗം ബാധിച്ച ശരീരമാകെ സ്തംഭിച്ച ഒരു സ്ത്രീയെ ചിറയിൻകീഴനിന്നു ഗുരുവിൻെറ മുന്നിൽ കൊണ്ടുവന്നു. രോഗശാന്തിക്കു് അവരെ ഗുരുവിനെ കാണിക്കണമെന്നു് ഏതോ ഒരു ജ്യോത്സ്യൻ നിദ്ദേശിച്ചതനുസരിച്ചാണു് അവരെ കൊണ്ടുവന്നതു്. രോഗശയ്യയിലായിരുന്ന ഗുരുവിനു് അഭിമുഖമായി രോഗിയെ എടുത്തുകൊണ്ടു വന്നു കിടത്തി. ഗുരുവിനു കാഴ്ചവെയ്ക്കുവാൻ വേണ്ടി വാങ്ങിയ ഒരു പട്ടു മടക്കിയതു കൈയിൽ ഉയത്തിപ്പിടിച്ചു് അവർ ദീനരോദനങ്ങൾ പുറപ്പെടുവിച്ചു കൊണ്ടു കിടന്നു. അവരുടെ മുഖത്തു കുറെ വെള്ളം തളിക്കുവാൻ ഗുരു നിദ്ദേശിച്ചു. തുടന്നു ഗുരു രോഗിയോടു്: 'ഇനി എഴുന്നേല്ക്കാം. അടുത്തു വരൂ. കൈയിലിരിക്കുന്ന പട്ടു് ഇവിടെ കൊണ്ടുവന്നു വെയ്ക്കൂ' എന്നു പറഞ്ഞു. അത്ഭുതമെന്നു പറയട്ടെ, ആ സ്ത്രീ കിടന്നേടത്തുനിന്നു് ആരുടെയും സഹായമില്ലാതെ എഴുന്നേററു ഗുരുവിൻെറ സമീപത്തു ചെന്നു. 'ആശ്രമത്തിൽ പോയി ഭക്ഷണമൊക്കെ കഴിച്ചിട്ടു വേണം പോകാൻ.' എ

ന്നു ഗുരു പറഞ്ഞതനുസരിച്ച് അവർ ആശ്രമത്തിലേയ്ക്കു നടന്നുപോയി.”

നേരിട്ടു കാണുകയോ കള്ളമോ അതിശയോക്തിയോ കലരാത്ത യഥാർത്ഥകഥനമാണെന്നു് അറിയുകയോ ചെയ്യുന്ന ആൾക്കും ഇതൊരത്ഭുതംതന്നെയാണു്. കാര്യകാരണബന്ധം ഊഹിക്കാൻപോലും കഴിയാത്ത സംഭവമാണല്ലോ അത്ഭുതം. ഈ സംഭവം യാഥാർത്ഥ്യംതന്നെയാണെന്നുള്ളതിൽ സംശയമൊന്നുമില്ല.

## ഹിസ്റ്റീരിയ

തളർവാതം രണ്ടുതരമുണ്ടു്: ഒന്നു് ആവയവികം (Organic); മറേറതു മാനസികം (Mental), ആവയവികമായ തളർവാതം ഒരു നാഡീരോഗചികിത്സകൻെറ (Neuropathist) ചികിത്സയ്ക്കുമാത്രമേ വഴങ്ങാൻ സാധിക്കു. മാനസികമായ തളർവാതം ഹിസ്റ്റീരിയ(വാതോന്മാദം)യുടെ ഇനത്തിൽ പെട്ടതാണു്. അതിനു മനോരോഗചികിത്സകൻെറ (Psychiatrist) ചികിത്സയാണു് ആവശ്യം. മാനസികാപഗ്രഥനവും (Psycho-analysis) പ്രത്യായനവും (Suggestion) ആണു് മനോരോഗചികിത്സയിൽ ഫലപ്രദമായി പ്രയോഗിക്കുന്ന ഉപാധികൾ. ഹിസ്റ്റീരിയയിൽ തളർവാതംമാത്രമല്ല അപസ്മാരം, അന്ധത, മൂകത, ബധിരത, ത്വഗ്രോഗം, പിശാചുബാധ, ചാത്തനുപദ്രവം മുതലായവയും പ്രത്യക്ഷപ്പെടുന്നതാണു്. തൻെറ രോഗശമനത്തിനാവശ്യമായ പ്രത്യായനം തനിക്കേററവും ഭയഭക്തിയോ വിശ്വാസമോ ഉള്ള

ആളിൽനിന്നായാലേ രോഗിയുടെ മനസ്സ് അതു സ്വീകരിക്കയുള്ളൂ.

രോഗം മാനസികംമാത്രമാണെന്നു വിദഗ്ദ്ധരോഗനിർണ്ണയത്തിൽനിന്നും സാഹചര്യങ്ങളിൽനിന്നും രോഗി ദൃഢമായി ധരിക്കാനും പ്രസ്തുതധാരണ സ്വയംപ്രത്യായനംമൂലമോ മറേറാ തൻെറ അബോധമനസ്സിൽ പ്രവേശിക്കാനും ഇടവന്നാലും രോഗവിമുക്തി താനേ വന്നുകൊള്ളുന്നതാണ്.

എല്ലാ മതങ്ങളിലെയും പരിശുദ്ധഗ്രന്ഥങ്ങളിൽ മഹാസിദ്ധന്മാർ അത്ഭുതകരമായി രോഗശാന്തികൾ വരുത്തിയിട്ടുള്ളതായി പ്രസ്താവനകളുണ്ട്. അവയിൽ അതിശയോക്തിക്ക വക തള്ളിയാലും കറെ അടിസ്ഥാനപരമാത്ഥ്യം ഉണ്ടാകാം. പ്രവാചകന്മാരും സിദ്ധന്മാരും സുഖമാക്കിയ രോഗങ്ങളെല്ലാം മാനസികംമാത്രമായിരുന്നു എന്നതാണ് യാഥാത്ഥ്യം. യേശുക്രിസ്തു സുഖക്കേട് മാററിയതായി ബൈബിളിൽ പറയുന്ന കരുടനും ഊമയും അപസ്മാരരോഗിയും ത്വക്‌രോഗിയും പിശാചുബാധിതനുമെല്ലാം മനോരോഗികൾമാത്രമായിരുന്നു. അതുപോലെ മനോരോഗികൾമാത്രമായിരുന്നു ശ്രീനാരായണഗുരു സൗഖ്യമാക്കിയ രോഗികളും.

## മറെറാരനുഭവം

സർവ്വകലാശാലാബിരുദധാരിണിയും ഭേദപ്പെട്ട ഒരുദ്യോഗസ്ഥയുമായ ഒരവിവാഹിതയുവതി ഇരിങ്ങാലക്കടയിൽ സ്ഥലംമാററമായി വന്നു സ്വന്തം കടുംബാംഗങ്ങ

ളമൊത്തു താമസിച്ചതു് എന്റെ അയൽപ്രദേശത്തായിരുന്നു. മാസത്തിൽ പല ദിവസങ്ങളിലും സർക്കീട്ടിലായിരിക്കേണ്ട ഒന്നായിരുന്നു അവരുടെ ഉദ്യോഗം. 1954-ലാണെന്നു തോന്നുന്നു, 'ഹിസ്റ്റീരിയ—അതിന്റെ മനശ്ശാസ്ത്രം' എന്ന എന്റെ ഒരു ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നതു്. അതു വന്നു രണ്ടാഴ്ച കഴിഞ്ഞപ്പോഠം അവരുടെ കൂടെ താമസിക്കുന്ന മൂത്ത സഹോദരിയുടെ ഭർത്താവു് എന്റെ അടുക്കൽ വന്നു്, ആ ലേഖനമുള്ള ആഴ്ചപ്പതിപ്പു വാങ്ങാൻ അന്വേഷിച്ചിട്ടു കിട്ടിയില്ലെന്നും അതൊന്നു വായിക്കാൻ കിട്ടിയാൽക്കൊള്ളാമെന്നുമാവശ്യപ്പെട്ടു. അതാവശ്യപ്പെടാനുള്ള കാരണം ചോദിച്ചപ്പോഠം ഉദ്യോഗസ്ഥയായ തന്റെ ഭാര്യാസഹോദരിക്കു് ഇടയ്ക്കിടയ്ക്കു (മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം) തളർവാതം ഉണ്ടാകാറുണ്ടെന്നും അവരെ ഇവിടെവെച്ചും മറ്റു സ്ഥലങ്ങളിൽവെച്ചും പരിശോധിച്ച ഡോക്ടർമാരെല്ലാം ഒരുപോലെ അതു ഹിസ്റ്റീരിയയാണെന്നു പറയാറുണ്ടെന്നും ലേഖനം വായിക്കാൻ താത്പര്യപ്പെടുന്നതു് ആ സഹോദരിയാണെന്നും പറഞ്ഞു. ഞാൻ ആ ലേഖനമുള്ള ലക്കം എടുത്തുകൊടുത്തിട്ടു്, സഹോദരി ആ ലേഖനം ഒരു വട്ടമല്ല അരഡസൻ പ്രാവശ്യം സാവധാനം വായിച്ചു്, ഹിസ്റ്റീരിയയുടെ കാര്യകാരണബന്ധം ധരിച്ചാൽ അതിനു കുറവുണ്ടാകാമെന്നു പറഞ്ഞയച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോഠം ആഴ്ചപ്പതിപ്പു് അദ്ദേഹം മടക്കിക്കൊണ്ടുവന്നു തന്നു. പിന്നെ ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തെ വഴിമദ്ധ്യേ കാണു

മ്പോൾ, അവക്ക് തളർവാതം പിന്നെ ഉണ്ടായിട്ടില്ലെന്നു പറയുമായിരുന്നു. ആറുമാസം കഴിഞ്ഞപ്പോൾ അവക്ക് ഇരിങ്ങാലക്കുടെനിന്നു മാററമായെന്നും അതേവരെ തളർവാതം കാണാതിരുന്നതു് അത്ഭുതകരമായിരിക്കുന്നു എന്നുമുള്ള വിവരം ആ സഹോദരീഭർത്താവു വന്നു പറഞ്ഞു യാത്ര ചോദിച്ചു പോയി.

അതിനുശേഷം കുന്നരക്കൊല്ലം കഴിഞ്ഞു് അദ്ദേഹം വേറെ എവിടെയോ പോകുന്ന വഴി ഇരിങ്ങാലക്കുട വന്നു്, ആ ലേഖനം വായിച്ചു വസ്തുതകൾ ഗ്രഹിച്ചതിൽ പിന്നെ അതേവരെ അവക്ക് തളർവാതം ഉണ്ടായിട്ടില്ലെന്ന സന്തോഷവാർത്ത അറിയിക്കുകയും നന്ദിപറയുകയും ചെയ്തു. അതിൽപ്പിന്നെ അവരെപ്പററിയുള്ള അറിവൊന്നും ഇല്ല. തളർവാതം പിന്നെ ഉണ്ടായെങ്കിൽ എന്നെ അറിയിക്കുമായിരുന്നു എന്ന അനുമാനത്തിനു പ്രസക്തിയുണ്ടു്. പ്രസ്തുതലേഖനത്തിൽനിന്നു പ്രത്യായനം കൈക്കൊണ്ടതല്ലാതെ ആ തളർവാതശാന്തിക്കു മറെറാരു കാരണവുമില്ലായിരുന്നു.

**രോഗം മാറുന്നതെങ്ങനെ?**

ഇതുപോലെ ലേഖനത്തിൽനിന്നു്, അല്ലെങ്കിൽ ഈ ലേഖകനിൽനിന്നു്, പ്രത്യായനം സ്വീകരിച്ചു മനോരോഗം മാറിയ മററു ചില ദൃഷ്ടാന്തങ്ങളുമുണ്ടു്. 1. രോഗിക്കു തൻേറതു മനോരോഗംമാത്രമാണെന്നു ബോധ്യം വരിക, 2. അതു മാറിക്കിട്ടണമെന്ന ആഗ്രഹം ഉണ്ടാവുക, 3. പ്രത്യായനംകൊണ്ടോ സ്വയംപ്രത്യായനം

കൊണ്ടോ മാറുമെന്ന അറിവുണ്ടാവുക—ഇവ മൂന്നുമാണ് രോഗനിവാരണത്തിന്നു് അവശ്യം വേണ്ട പൂർവ്വോപാധികൾ. തനിക്ക മനോരോഗമാണെന്ന ബോധ്യം വരാത്തവരും രോഗം തൻെറ ചില പ്രയാസങ്ങളിൽനിന്നുള്ള മോചനമായി (Escapism) വർത്തിക്കുകയാൽ രോഗശാന്തി വരണമെന്നാഗ്രഹമില്ലാത്തവരും മനോരോഗചികിത്സയിൽ വിശ്വാസമില്ലാത്തവരും ധാരാളം ഇല്ലാതില്ല. സാഹചര്യത്തിൻെറ സമ്മർദ്ദത്താൽ മനസ്സു സ്വീകരിച്ചുപോയ തെററായ പ്രത്യായനമോ സ്വയംപ്രത്യായനമോ ആണു് മനോരോഗമായി പരിണമിക്കുന്നതു്. ആ തെററു ശരിയായ പ്രത്യായനത്താലോ സ്വയംപ്രത്യായനത്താലോ തിരുത്തിയാൽ ആ മനോരോഗം മാറുന്നു. പ്രത്യായനചികിത്സകൊണ്ടു് സാധിക്കുന്നതു് അതാണു്.

# കണ്ണപുരത്തെ ശ്രീകൃഷ്ണൻ

"തൃശ്ശൂർ, 23-2-'64. ഇവിടെയടുത്തു ചേററുപുഴയിൽ കണ്ണപുരംക്ഷേത്രത്തിലെ ഒരാൽവൃക്ഷത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ശ്രീകൃഷ്ണരൂപം കഴിഞ്ഞ ഒരാഴ്ചയായി വളരെപ്പേരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

"ഇന്നു രാത്രി 8½ മണിക്കു സ്ഥലം സന്ദർശിച്ച പത്രലേഖകർ 20 വാര ദൂരംവെച്ചു ശ്രീകൃഷ്ണൻെറ രൂപം വ്യക്തമായി അരയാലിൽ കാണുകയുണ്ടായി. എന്നാൽ അടുത്തു ചെന്നാൽ അതു കാണാൻ കഴിയുന്നില്ല. ആലിൻെറ തറയിലുള്ള എണ്ണയൊഴിച്ചു കത്തിക്കുന്ന ദീപത്തിൻെറ പ്രകാശത്തിൽമാത്രമേ രൂപം പ്രത്യക്ഷമാകുന്നുള്ളു. ആലിൻെറ തടിയിൽ ചിത്രത്തിൻെറയോ കൊത്തുപണിയുടെയോ അടയാളങ്ങളില്ല. ക്ഷേത്രത്തിൽ ഉത്സവമാണിന്നു്. ഒരാഴ്ചമുമ്പു ക്ഷേത്രത്തിൽ നിറമാല തുടങ്ങി. അന്നു ക്ഷേത്രത്തിൽ തൻെറ പുത്രനെയും കാത്തുനിന്ന ഒരു സ്ത്രീയാണു് ഈ രൂപം ആദ്യമായി കണ്ടതെന്നു നാട്ടുകാർ പറയുന്നു. (പി. ടി. ഐ.)"

ഈ വാർത്ത പല പത്രങ്ങളിലും അവരുടെ സ്വ. ലേ. മാരുടെ വാചകങ്ങളിലും വന്നിട്ടുണ്ടു്. അവയിൽ കാണുന്ന കൂടുതൽ വിവരങ്ങാം ഇവയാണു്: "കുറച്ച് അകലെനിന്നു നോക്കിയാലേ രൂപം കാണുകയുള്ളൂ. അകന്നകന്നുനിന്നു നോക്കുന്തോറും രൂപം കൂടുതൽ കൂടുതൽ വലുതായിക്കാണാം. പെട്രോമാക്സ്, ഇലക്ട്രിക്ക് ലൈറ്റ് മുതലായവയുടെ നല്ല വെളിച്ചത്തിൽ ഒന്നും കാണുകയില്ല. അമ്പലത്തിലെ ബിംബത്തിന്റെ ഒരു തനിപ്പകപ്പാണു് ആലിൽ കാണുന്ന രൂപം."

വിശ്വാസഭ്രമംമൂലം വിശ്വാസികഠംക്കമാത്രം മാനസികമായുണ്ടാകുന്ന സ്വാനുഭവം(Subjective Experience)മാത്രമാണിതു്. ഇത്തരം ദൃശ്യം വിശ്വാസികളായ ഒരു വലിയ ജനക്കൂട്ടത്തിൽ വളരെ പേക്ക് ഒന്നടങ്കവും തുടർച്ചയായും പ്രത്യക്ഷപ്പെട്ടതായ ദൃഷ്ടാന്തങ്ങഠം ധാരാളമുണ്ടു്.

## തൃശ്ശൂരാകാശത്തിലെ കന്യകമറിയം

തൃശ്ശൂർ ലൂർദ്ദ്പള്ളിയങ്കണത്തിനു മുകളിലെ ആകാശത്തിൽ 1950 ജനുവരി 18-ാംനു-മുതൽ എല്ലാ മാസവും 18-ാംനു-കളിൽ ഉച്ചസമയം ദൈവമാതാവായ വിശുദ്ധകന്യകമറിയം പ്രത്യക്ഷപ്പെട്ടിരുന്നു എന്നതു് ഒരു സമീപകാലസംഭവമാണു്. തൃശ്ശൂരാകാശത്തിൽ ദൈവമാതാവു പ്രത്യക്ഷപ്പെടുന്ന വിവരം 'മ. മനോരമയി'ൽ മി. പോഠം തച്ചിൽ എം. ഏ., എൽ. ടി. ഒരു ലേഖനമായി പ്രസിദ്ധീകരിച്ചതോടെ കോട്ടയം, പാല, കാ

ഞ്ഞിരപ്പള്ളി, മൈസൂർസ്റ്റേറ്റ്, മദ്രാസ്സ്റ്റേറ്റ് മുതലാ യിടങ്ങളിൽനിന്നും മററും കത്തോലിക്കർ കാറുകളി ലും ബസ്സുകളിലും മററുമായി ആയിരക്കണക്കിനു വ ന്നു് ആകാശത്തിൽ സൂര്യബിംബത്തെ കറക്കിക്കൊണ്ടു ദൈവമാതാവു നില്ക്കുന്നതു കണ്ടുകൊണ്ടാണിരുന്ന തു്. ചില സുഹൃത്തുക്കളുടെ നിർബ്ബന്ധപ്രേരണയാൽ ഞാൻ ഒരു 18-ാംനു- ചെന്നപ്പോൾ കന്യാസ്ത്രീകളും പു രോഹിതരുമുൾപ്പടെ 5000-ത്തിൽപ്പരം വരുന്ന ഒരു ജനക്കൂട്ടം ദൈവമാതാവിനെ ആകാശത്തിൽക്കണ്ടു മുട്ടുക ത്തി പ്രാത്ഥിക്കുകയായിരുന്നു. എന്നാൽ ഞാൻ നോക്കി യതിൽ ദൈവമാതാവിനെയോ സൂര്യബിംബം കറങ്ങു ന്നതോ കണ്ടില്ല. അങ്ങനെ കാണാത്തവരായി അടുത്തു നിന്നവരിൽ പലരുമുണ്ടായിരുന്നു. ആ ദിവ്യദൃശ്യം ക ണ്ടു മടങ്ങുന്ന കുറെപ്പേരിൽ ഓരോരുത്തരോടു ചോദിച്ച തിൽ 75 ശതമാനം പേർ ഏറെക്കുറെ കണ്ടെന്നും 25 ശതമാനം പേർമാത്രം ഒട്ടും കണ്ടില്ലെന്നുമാണു് പറഞ്ഞ തു്. ഈ അത്ഭുതദൃശ്യം ഏഴെട്ടുമാസത്തോളം നടന്നുക ഴിഞ്ഞപ്പോൾ അതു വിശ്വാസികൾക്കു വിശ്വാസാധിക്യ ത്താൽ കൂട്ടത്തോടെയും വ്യക്തിപരമായുമുണ്ടാകുന്ന ഒരു മായക്കാഴ്ച(Illusion)മാത്രമാണെന്നു് തൃശ്ശൂർമെത്രാനു ബോധ്യം വരികയും ആ ദിവ്യദശ്നക്കമ്പത്തെ അദ്ദേ ഹം നിരോധിക്കുകയും ചെയ്തു. അതോടെയാണതു് അ വസാനിച്ചതും തിരസ്കൃതമായതും. അതിനുശേഷം ചൊ വ്വര ആകാശത്തിലും ദൈവമാതാവു പ്രത്യക്ഷപ്പെട്ട അ നുഭവം ചിലക്കുണ്ടായെങ്കിലും അതിനു ശിങ്കിടിപാടാൻ

മേലധികാരികൾ അനുവദിച്ചില്ല. ഇത്തരം ദിവ്യദർശനങ്ങൾ ലൂർദ്ദിലും ഫാത്തിമായിലും ഉണ്ടായതിനെ അനുകരിച്ചുണ്ടായതാണ് തൃശ്ശൂരിലെ ദിവ്യദർശനം. ഇതിനു കൂട്ടഹിസ്റ്റീരിയാ (Mass Hysteria) എന്നാണ് സാങ്കേതികപ്പേര്.

തിരുവിതാംകൂർ കടമ്പഴക്ഷേത്രത്തിലെ ആലിൽ ഈയിടെ ശ്രീകൃഷ്ണരൂപം പ്രത്യക്ഷപ്പെട്ടു എന്നു പറയപ്പെട്ടുന്ന പത്രവാർത്തയാണ് ചെറുപുഴ കണ്ണപുരംക്ഷേത്രത്തിലെ ആലിൽ ശ്രീകൃഷ്ണരൂപം പ്രത്യക്ഷപ്പെട്ട 'മായക്കാഴ്ച'യ്ക്കു പ്രചോദനമായിട്ടുള്ളതു്.

കടമ്പഴയിലെ പ്രതിഭാസത്തിന്റെ ഒരു പത്രറിപ്പോർട്ട് ഉദ്ധരിച്ചുകൊള്ളുന്നു:

"കടമ്പഴ, 16—9—63. കടമ്പഴ പത്തനാട്ടുകാവു ക്ഷേത്രത്തിലെ ആൽവൃക്ഷത്തിൽ ശ്രീകൃഷ്ണരൂപം കണ്ടുവെന്നു പത്രറിപ്പോർട്ട് ഉണ്ടായിരുന്നുവല്ലോ. അതേസ്സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു: കടമ്പഴസ്വദേശികളായ രണ്ടുപേർ 13—9—'63 വെള്ളിയാഴ്ച രാത്രി 3 മണിക്കു റോഡിലൂടെ പോകവേ ആൽവൃക്ഷത്തിൽനിന്നു് ഒരു ശബ്ദം കേട്ടതായി തോന്നി നോക്കിയപ്പോഴാണ് ആലിൽ ശ്രീകൃഷ്ണരൂപം കണ്ടതു്. അവർ വിളിച്ചുകാണിച്ച ചില നാട്ടുകാരും അതു കണ്ടു. അപ്പോൾ മുതൽ അവിടെ പ്രാർത്ഥനകളും മററും ആരംഭിച്ചു. ആലിൽ കണ്ട രൂപത്തിന്നു് ഏകദേശം ഒരടിയോളം നീളവും തലയിൽ കിരീടവും കൈയിൽ ഓടക്കുഴലുമുണ്ടു്. ഇപ്പോൾ ശ്രീകൃഷ്ണന്റെ ഒരു പടം ആലി

ൻെറ ചുവട്ടിൽ വെച്ചുപൂജിക്കുകയാണു്. ദിവസംപ്രതി അനേകം ആളുകൾ പ്രസ്തുതസ്ഥലം സന്ദശിച്ചു്, പ്രസാദം വാങ്ങുകയും കാണിക്കയിടുകയും സംഭാവന നല്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. ഞായറാഴ്ചമുതൽ ഭാഗവതപാരായണം ആരംഭിച്ചിട്ടുണ്ടു്. അതുകൂടാതെ ദീപാരാധന, ഭജന, താലപ്പൊലി മുതലായവയും നടന്നുകൊണ്ടിരിക്കുന്നു. ഇവിടം ഇപ്പോൾ ഒരു ബസ്സ്സ്റ്റോപ്പായിട്ടുണ്ടു്."

## പത്രപ്രതിനിധികളുടെ സന്ദശ്നം

ഈ കുറിപ്പു് ഇത്രയുംകൊണ്ടവസാനിപ്പിച്ചതിനുശേഷം കണ്ട ഒരു പത്രവാത്തയാണു് താഴെ ചേക്കുന്നതു്:

"തൃശ്ശൂർ, 25—2—64. ചേററുവഴ കണ്ണപുരം ക്ഷേത്രത്തിലെ ആൽവൃക്ഷത്തിന്മേൽ ശ്രീകൃഷ്ണസ്വരൂപം പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്ന പത്രവാത്തകളെ അടിസ്ഥാനപ്പെടുത്തി ഇന്നലെയും ഇന്നുമായി 'കേരളകൗമുദി', 'കേരളഭൂഷണം', 'കേരളപ്രകാശം', 'കേരള ടൈംസ്', 'ദീപിക', 'ദേശാഭിമാനി', 'നവജീവൻ' തുടങ്ങിയ പത്രങ്ങളുടെ പ്രതിനിധികൾ സംഭവസ്ഥലം സന്ദശിക്കുയുണ്ടായി. അവരിൽ ആക്കും ശ്രീകൃഷ്ണസ്വരൂപത്തെ കാണാൻ കഴിഞ്ഞില്ല.

"ശ്രീകൃഷ്ണസ്വരൂപം പ്രത്യക്ഷപ്പെടുന്നുവെന്നു പറയപ്പെടുന്ന അരയാലിനുസമീപം ക്ഷേത്രത്തിലെ മാലകെട്ടുകാരനായ നാരായണൻനമ്പീശൻെറ വീടാണു്. ശ്രീകൃഷ്ണസ്വരൂപം പ്രത്യക്ഷപ്പെട്ടതായി പറയുന്ന ആ

ലിന്മേൽ ഒരു പൂമാല തൂക്കിയിട്ടുണ്ടു്. മുമ്പിൽ ഒരെണ്ണദീപം കൊളുത്തിയിരിക്കുന്നു. ആലിൽ ശ്രീകൃഷ്ണരൂപം കാണുന്നില്ലല്ലോ എന്നു പറഞ്ഞപ്പോൾ അതിനു ക്ഷേത്രത്തിലെ കാര്യക്കാരിൽനിന്നു കിട്ടിയ മറുപടി ഇങ്ങനെയാണു്: 'കണ്ണടച്ച് 5 മിനിട്ടുനേരം ശ്രീകൃഷ്ണസ്വരൂപത്തെ മനസ്സിൽ കരുതി നോക്കിയാൽ കാണും' എന്നാണു്. ഞങ്ങളിൽ പലരും അതൊന്നു പരീക്ഷിച്ചുനോക്കി. ഞങ്ങൾ കണ്ടില്ല."

ആദ്യം യാദൃച്ഛികമായി കണ്ണപുരംക്ഷേത്രത്തിലെ ആൽത്തറയിൽ ചെന്ന പത്രലേഖകന്മാർ വിശ്വാസികളായിരുന്നു. അവരുടെ വിശ്വാസാവേശത്തിൽ അവക്കുണ്ടായ മാനസികാനുഭവമായിരുന്നു അവർ കണ്ട ശ്രീകൃഷ്ണരൂപം.

25—4—64-ലെ റിപ്പോർട്ടിൽ പറയുന്ന പത്രലേഖകന്മാർ ആദ്യത്തെ കൂട്ടരെപ്പോലെ വിശ്വാസികളല്ല. പോരെങ്കിൽ പരിശോധനാർത്ഥമാണു് അവർ അവിടെ ചെന്നതു്. കാല്പനികമല്ലാത്ത—വസ്തുനിഷ്ഠമായ—ഒരു ശ്രീകൃഷ്ണരൂപവും ആലിൽ ഇല്ലാത്തതിനാൽ അവരൊരു ശ്രീകൃഷ്ണരൂപവും അവിടെ കണ്ടില്ലെന്നതു് ഒരു യഥാർത്ഥവസ്തുതതന്നെയാണു്.

## അന്വേഷിച്ചപ്പോൾ

തൃശ്ശൂരിലെ 28—4—64 ലക്കം 'എക്സ്പ്രസ്സ്' പത്രത്തിൽ "ചെറുവുഴ കണ്ണപുരംക്ഷേത്രത്തിലെ ആലിൽ ശ്രീകൃഷ്ണന്റെ 'ഛായ' രാത്രിസമയം പ്രത്യക്ഷപ്പെടുന്ന

തിനെസ്സംബന്ധിച്ച ശാസ്ത്രീയമായ ഒരു വിശദീകരണം നല്കേണ്ടതു യുക്തിവാദികളുടെ ചുമതലയാണെ"ന്ന 'ഒരു ജിജ്ഞാസു'വിൻെറ 26-ാംനു-യിലെ കത്തു പ്രസിദ്ധപ്പെടുത്തിക്കാണുകയും തൃശ്ശൂരിലെ പത്രലേഖകന്മാർ എന്നോടു കണ്ണപുരംക്ഷേത്രത്തിലെ ആൽ ഒന്നു ചെന്നു കണ്ടതിനുശേഷം വിശദീകരണം നല്കണമെന്നു നിർബ്ബന്ധപൂർവ്വം ഫോൺവഴി ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ഏതാനും പത്രലേഖകന്മാരൊരുമിച്ച് 28-ാംനു- വൈകുന്നേരം 6 മണിസമയത്താണ് തൃശ്ശൂരിൽനിന്നു 3½ നാഴിക പടിഞ്ഞാറുള്ള പ്രസ്തുതമായ ആലും പരിസരവും ഞാൻ പോയിക്കണ്ടതു്. അപ്പോൾ വിളക്ക കൊളുത്തേണ്ട സമയമായിട്ടില്ല, ആൽത്തറയിൽ കെടാവിളക്കില്ലതാനും. ആലു വളരെ വണ്ണമുള്ളതും പ്രായം കൂടിയതുമാണ്. ആലിനുമുമ്പിൽ കഴിച്ചിട്ടു നിത്തിയിട്ടുള്ളതും ഒന്നരയടി ഉയൎന്നുനില്ക്കുന്നതുമാണ് കരിങ്കൽവിളക്ക്. ശ്രീകൃഷ്ണരൂപം കാണപ്പെടുന്ന സ്ഥലം ഞങ്ങൾക്ക ചിലർ ചൂണ്ടിക്കാണിച്ചുതന്നു. അതു് ആ വിളക്കിൻെറ പുറകിലാണ്. ദീപത്തിലെ മങ്ങിയ വെളിച്ചത്തിലും അതിൻെറ നിഴലിലുമാണ് ശ്രീകൃഷ്ണൻെറ ഛായ ആൽത്തടിയിൽ കാണപ്പെടുന്നതു്. അവിടം നിരപ്പുള്ളതല്ല; മുഴയും കുഴിയും തിണ്ടും തോടും മുരടും മുരണയുമുള്ളതാണ്. ആ പശ്ചാത്തലത്തിൽ അവിടെ വീഴുന്ന മങ്ങിയ വെളിച്ചത്തിൻെറയും ഇരുളിൻെറയും നിഴലിൽ കാണണമെന്ന് ഒരു ദൃഢവിശ്വാസി ആഗ്രഹിക്കകയും ധ്യാനിക്കകയും ചെയ്യുന്ന ഏതു രൂപവും—മനുഷ്യൻെറ

യോ മൃഗത്തിൻെറയോ ആയാലും—കാണുന്നു എന്ന ആത്മനിഷ്ഠമായ പ്രതീതിയുണ്ടാകാൻ പ്രയാസമില്ല. അവിടെ കണ്ട ചെറിയ രണ്ടു കുഴികൾ ധ്യാനത്തിൽ കാണുന്ന രൂപത്തിൻെറ കണ്ണുകൾ ആവാമെന്നു ഞാൻ ചൂണ്ടിക്കാണിച്ചു.

മങ്ങിയ വെളിച്ചത്തിലും നിഴലിലുമല്ലാതെ നല്ല വെളിച്ചത്തോ പകൽസമയത്തോ ശ്രീകൃഷ്ണരൂപം കാണാത്തതെന്തെന്നു ചിന്തിക്കാനുള്ള മാനസികമായ ഉണർച്ചയില്ലാത്തതിനാലാണു് ഇതൊരു ദിവ്യപ്രതിഭാസമായി വിശ്വാസികൾ വിശ്വസിക്കുന്നതു്. പ്രേതം, ഭൂതം, പിശാചു്, ദേവസ്വരൂപം മുതലായവയുടെ ദർശനമൊന്നും മനുഷ്യൎക്കു പകൽസമയം ഉണ്ടാകുന്നില്ല. ഉണങ്ങിയ ഒരു വാഴക്കൈ ഒടിഞ്ഞു തൂങ്ങിക്കിടക്കുന്നതോ വേലിപ്പത്തലിൽ ഒരു പഴന്തുണി കിടക്കുന്നതോ രാത്രിസമയം മങ്ങിയ വെളിച്ചത്തിൽക്കണ്ടു് അതു പ്രേതമോ ഭൂതമോ ആണെന്നു വിചാരിച്ചു ഭയപ്പെടുന്നവരുണ്ടു്. ചന്ദ്രനിലെ നിഴലിനെ ഒരു മുയലായി സങ്കല്പിക്കുന്നു. അതുപോലെതന്നെയുള്ള സങ്കല്പപരമായ മാനസികാനുഭവം മാത്രമാണു് കണ്ണപുരത്തെ ശ്രീകൃഷ്ണരൂപവും.

ഇത്തരം പ്രതിഭാസങ്ങൾ പല മതക്കാൎക്കും ഉണ്ടാകാറുണ്ടു്. ശ്രീകൃഷ്ണരൂപം കാണപ്പെടുന്നു എന്നു പറഞ്ഞതിനുശേഷം കണ്ണപുരം ആൽത്തറയിൽ വെച്ച ഭണ്ഡാരപ്പെട്ടിയിൽ 8 ദിവസത്തിനകം 700ൽപ്പരം ഉറുപ്പിക വഴിപാടു കിട്ടിയതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

# തൃഷ്ണയും തൃപ്തിയും

"ഭീമമായ സമ്പത്തു മുതല്ക്കൂട്ടി വെയ്ക്കുന്നതുകൊണ്ടു്, പിൻഗാമികൾ പ്രവൃത്തിവിമുഖരും അലസരുമായിത്തീരുകയേയുള്ളൂ. അതു് അവരുടെ ജീവിതത്തെത്തന്നെ മുഷിപ്പനും പിഴച്ചതുമാക്കിത്തീർക്കും. അതിനാൽ അമിതധനവാന്മാർ അവരുടെ സമ്പത്തിൽ ഭൂരിഭാഗവും തങ്ങളുടെ ജീവിതകാലത്തിൽത്തന്നെ, പരോപകാരകരങ്ങളായ സ്ഥാപനങ്ങൾക്കും മററുമായി വിനിയോഗിക്കുകയാണു് വേണ്ടതു്. അതായിരിക്കും അവർ തങ്ങളുടെ പിൻഗാമികൾക്കു ചെയ്യുന്ന ഏററവും വലിയ ഉപകാരം എന്നു വില്യം ബ്ലാക്ക് എന്ന ധനവാൻ പ്രസ്താവിച്ചിരിക്കുന്നു. ഹോട്ടലുകളും കാപ്പിക്കടകളും നടത്തി കോടീശ്വരനായിരിക്കുന്ന ആളാണദ്ദേഹം. ഔഷധീയഗവേഷണശാലയുടെ നിർമ്മാണത്തിനു് അമ്പതു ലക്ഷം ഡോളർ (സുമാർ രണ്ടു കോടിയിൽപ്പരം ഉറുപ്പിക) സംഭാവന ചെയ്തു് ആ കെട്ടിടത്തിന്റെ തറക്കല്ലു് ഔപചാരികമാ

യി ഇടുന്ന ചടങ്ങിൽ അടുത്ത ദിവസം ചെയ്ത ചെറുപ്ര സംഗത്തിലാണദ്ദേഹമിങ്ങനെ പറഞ്ഞതു്.

—റോയിട്ടർ."

"പട്ടിണികൊണ്ടും സുഖക്കേടുകൊണ്ടും അവശനിലയിൽ ഒരുവക്ഷേത്രത്തിനുസമീപം റോഡരുകിൽ കിടന്നിരുന്ന ഒരു യാചകനെ പോലീസ് എടുപ്പിച്ചു് ആശുപത്രിയിലാക്കിയിരുന്നു. അയാളുടെ മാറാപ്പു പരിശോധിച്ചതിൽ കണ്ടുകിട്ടിയതു് 480 (നാനൂറ്റി എൺപതു്) രൂപായുടെ ഒരു ശേഖരണമാണു്." കായംകുളത്തുനിന്നുള്ള ഒരു പത്രവാർത്തയാണിതു്. യാചിച്ചുകിട്ടുന്ന പണം ശേഖരിച്ചുകൂട്ടുകയായിരുന്നു അയാളുടെ ജോലി. വല്ല ധർമ്മാശുപത്രിയിലും ചെന്നുകിടന്നു സുഖക്കേടിനു ചികിത്സിപ്പിക്കാമെന്നു വെച്ചാൽ യാചകത്തൊഴിൽ മുടങ്ങും; പണംശേഖരണം നടക്കുകയുമില്ല. അതുകൊണ്ടു് ഇഴഞ്ഞുവലിഞ്ഞു യാചിച്ചുനടന്നിരുന്ന ആൾ അവശനായി റോഡരുകിൽ കിടന്നുപോയതാണു്.

"ഇന്ത്യയിലെ അഞ്ഞൂറോളം പ്രധാനവ്യവസായസ്ഥാപനങ്ങളുടെ പ്രസിദ്ധീകൃതബാക്കിപത്രങ്ങൾ (Balance Sheets) ഞാൻ ഈയിടെ ഒന്നു ചികഞ്ഞുനോക്കുകയുണ്ടായി. ആ സ്ഥാപനങ്ങളുടെയും അവയുടെമേൽ സ്വാധീനം ചെലുത്തുന്ന ബാങ്കുകളുടെയും നിയന്ത്രണം മുഖ്യമായും ഇരുപതു വ്യക്തികളുടെ കൈയിലാണു്. എണ്ണൂറോളം വ്യവസായസ്ഥാപനങ്ങളിൽ ഡയറക്ടർമാരാണു് ആ 20 പേരിൽ ഓരോരുത്തരും എന്നാണു് മനസ്സിലാകുന്നതു്. അവർ ഇന്ത്യയിലെ കേന്ദ്രശ

വമ്മേണ്ടിലും പല സ്റ്റേററ്ഗവമ്മേണ്ടുകളിലും ധാരാളം പ്രേരണാബലം ചെലുത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണു് സാമാന്യജനതയ്ക്കു ഹാനികരമായ പഴയ സാമ്പത്തികവ്യവസ്ഥിതിക്കു സാരമായ മാററം വരുത്താൻ ഗവമ്മേണ്ടിനു പ്രയാസമായിരിക്കുന്നതു്. ചുരുക്കം ചില വ്യക്തികളുടെ പക്കൽ ധനം ചെന്നു കുന്നുകൂടാൻ അനുവദിക്കുന്ന ഇന്നത്തെ സമ്പ്രദായമില്ലാതാക്കുന്ന സാമൂഹ്യവ്യവസ്ഥിതിയാണു് സോഷ്യലിസം.” പി. എസ്സ്. പി. നേതാവായ ശ്രീ. അശോകമേത്ത മദ്രാസ്സിൽവെച്ചു ചെയ്ത പ്രസംഗത്തിലെ ഒരു ഖണ്ഡികയാണിതു്. ടാററാ, ബിർളാ, ബാജാജ്, ഡാൽമിയ, ജെയിൻ, താപ്പർ, രൂയ്യ, ഗോയെൻകാ, സിങ്കാനിയ ആദിയായവരാണു് അദ്ദേഹം സൂചിപ്പിക്കുന്ന 20 വ്യക്തികൾ.

“ഭാരതത്തിൽ കാണുന്ന കൊട്ടാരങ്ങളൊന്നും ഇന്ത്യയുടെ സമ്പത്സമൃദ്ധിയുടെ ലക്ഷണമല്ല; ചുരുക്കം ചിലക്കു ലഭിച്ച അധികാരത്തിൻെറ ധിക്കാരപ്രകടനമാണു്. ഇന്ത്യയിൽ ലക്ഷക്കണക്കിനുള്ള ദരിദ്രരുടെ യാതനാപൂർണ്ണവും മതിയായ പ്രതിഫലം ലഭിക്കാത്തതുമായ പ്രയത്നമാണു് കൊട്ടാരവാസികൾക്കു് ഈ ആഡംബരവും പദവിയും ഉണ്ടാക്കിക്കൊടുത്തതു്.” ഇതു മഹാത്മാഗാന്ധി 1927-ൽ പറഞ്ഞിട്ടുള്ളതാണു്.

സാമാന്യജനതയെ പരക്കെ കൂടുതൽ ദരിദ്രരാക്കിക്കൊണ്ടാണു് ചുരുക്കം ചിലർ ലക്ഷപ്രഭുക്കളും കോടീശ്വരന്മാരുമായിത്തീരുന്നതു്. ഒരിടത്തു പണം കുന്നുകൂന്നാ

യി കോരികുളുമ്പോൾ, മററിടങ്ങളിൽ സ്വതേ ദാരിദ്ര്യ ക്കണ്ടുകൾ നിമ്മിക്കപ്പെട്ടുപോവുകയാണു്.

ലക്ഷപ്രഭുക്കൾ കോടീശ്വരന്മാരാകുന്നതും അവർ പിന്നെയും ബഹുകോടികൾക്കധീശരാകണമെന്നാഗ്രഹിക്കുന്നതും ഒരു കാര്യസാധ്യതത്തെയും മുൻനിറുത്തിയല്ല. മനുഷ്യക്ക് പ്രകൃത്യാ പണത്തോടും അധികാരത്തോടും വല്ലാത്തൊരാകർഷണമുണ്ടു്. വശ്യതമാത്രമല്ല പണത്തിനും അധികാരത്തിനുമുള്ളതു്. മതവും മദ്യവും ചെയ്യുന്നതുപോലെ, പണവും അധികാരവും മനുഷ്യരെ മത്തുപിടിപ്പിക്കും. അനാവശ്യവും അമിതവുമായ ധനമോ അധികാരമോ സമ്പാദിക്കാനുള്ള വ്യഗ്രത ഒരുവക ഭ്രാന്തിന്റെ ലക്ഷണമാണു്.

"മിസ്സിസ് വീഗിൾ (Mrs Minnie Weigle) എന്നൊരു വിധവ ന്യൂയോക്കിലെ ഒരു ഹോട്ടൽമുറിയിൽ സ്ഥിരവാസമായിരുന്നു. രണ്ടു ദിവസംമുമ്പു് അവരെ കാണാതായി. വിവരമറിഞ്ഞ പോലീസ് സ്ഥലത്തു വന്നു് ആ പാർപ്പിടം പരിശോധിച്ചു. അവരുടെ കുളിമുറി ഉള്ളിൽനിന്നു കുററിയിട്ടിരിക്കുന്നതായി കണ്ടു. കതകു പൊളിച്ചു് അകത്തു കടന്നപ്പോൾ കണ്ടതു് അവർ കുളിത്തൊട്ടിയിൽ (Bath-tub) മരിച്ചുകിടക്കുന്നതാണു്. മൃതികാരണവിചാരണയിൽ (Inquest) ഹൃദയസ്തംഭനത്താലാണു് 79 വയസ്സായ അവർ മരിച്ചതെന്നു മനസ്സിലായി. ചെലവുചെയ്യാതെ പണം ചരതിച്ചു വെയ്ക്കുന്ന ശീലക്കാരിയായ അവരുടെ പെട്ടിയിൽ നിക്ഷേപമുണ്ടാകുമെന്നു കരുതി പരിശോധിച്ചതിൽ തീരെ നിസ്സാരത്തു

കയേ കണ്ടുള്ളൂ. ഒരിരിമ്പുപെട്ടിനിർമ്മാണവിദഗ്ധനെ (Trunk Expert)ക്കൊണ്ടു പരിശോധിച്ചപ്പോഴാണു് ആ പെട്ടിക്കു് ഒരു കള്ളറയുള്ളതായി കണ്ടതു്. അതിൽ 40,000-ത്തിൽപ്പരം ഡോളറിൻെറ (രണ്ടു ലക്ഷത്തിൽ പരം ഉറുപ്പികയുടെ) നോട്ടുകൾ ഉണ്ടായിരുന്നു.''—റോയിട്ടർ നല്കിയിട്ടുള്ള ഒരു പത്രവാർത്തയാണിതു്.

ഒരുദ്ദേശവും പ്രയോജനവുമില്ലാതെ മുതലു കൂട്ടിവെച്ചു മരിച്ചുപോയവരും കൂട്ടിവെച്ചുകൊണ്ടിരിക്കുന്നവരുമായ അനവധി 'മുതൽഭ്രാന്തന്മാർ' നമ്മുടെ നാട്ടിലുമുണ്ടു്. സമ്പാദിച്ചുകൂട്ടുക എന്നതാണവരുടെ ഏകലക്ഷ്യം. ചില വ്യവസായികൾക്കും വ്യാപാരികൾക്കും വെള്ളം ഒഴുകിവന്നു കൂടുന്നതുപോലെയാണു് മുതലു വന്നുകൂടുന്നതു്. വെള്ളം കൂടികിടന്നു നിലത്തിന്നു ദോഷം ചെയ്യുന്നതുപോലെ, കൂടികിടക്കുന്ന മുതലും ഉടമസ്ഥന്നു ദോഷമേ ചെയ്യൂ. വെള്ളത്തെപ്പോലെ മുതലും ഓവുചാലുകൾ വെച്ചു പ്രയോജനകരമായ വിധത്തിൽ കഴിച്ചുകൊണ്ടു തന്നെയിരിക്കണം. വമ്പിച്ച മുതൽമുടക്കു വേണ്ടിവരുന്ന പ്രയോജനകരമായ ഏതെങ്കിലും സ്ഥാപനനിർമ്മാണത്തിനാണെങ്കിൽ അത്രത്തോളം മുതൽശേഖരണം അനഭിലഷണീയമല്ല. കരിഞ്ചന്തക്കാരും കൊള്ളലാഭക്കാരുമായ മുതലാളിമാർ തനി പണഭ്രാന്തന്മാർതന്നെയാണു്.

"സാധാരണരീതിയിൽ കഴിയാനുള്ള വക എനിക്കിപ്പോളുണ്ടു്. ഇളയമ്മയുടെ മരണപത്രപ്രകാരം എനിക്കു വെച്ചിട്ടുള്ള സംഖ്യ വാങ്ങിയെടുത്തിട്ടു സാധിക്കേണ്ട ഒരു കാര്യവും എനിക്കില്ല. ധനികയല്ലാത്ത എ

ന്റെ ഇപ്പോഴത്തെ ജീവിതം എനിക്കു തൃപ്തികരവും സുഖപൂർണ്ണവുമാണു്. അതിനു മാററമോ ഭംഗമോ വരുത്തേണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ആ പണം വാങ്ങിയാൽ ഞാനൊരു ധനികയാകും. ധനികത്വത്തിന്റെ മോടിയും ഭാരവും എനിക്കു വേണ്ടാ. ആവശ്യത്തിൽ വളരെ കവിഞ്ഞുള്ള പണം ഒരു ബാധ്യതയും ബുദ്ധിമുട്ടുമാണു്. അതുകൊണ്ടു ഞാനതു വാങ്ങുന്നില്ലെന്നാണു് തീർച്ചയാക്കിയിരിക്കുന്നതു്." ഇതു ബാററർസിയിലെ മിസ്സ് ആലീസ് ഡേവിഡ് (Miss Alice David of Battersea) തന്റെ സുഹൃത്തുക്കളോടു പറഞ്ഞ വാക്കുകളാണു്. അമേരിക്കയിൽ സ്ഥിരവാസമായിരുന്ന അവരുടെ ഇളയമ്മ 91-ാമത്തെ വയസ്സിൽ മരിച്ചു. അവരുടെ സ്വത്തായ ആററലക്ഷത്തിൽപ്പരം ഉറുപ്പികയിൽ നേർപകുതി മരണപത്രപ്രകാരം ഈ മിസ്സ് ആലീസ് ഡേവിഡിനാണു് നല്കീട്ടുള്ളതു്. പണം വാങ്ങാൻ അവകാശിയെ കാണാഞ്ഞതിനാൽ അതിനൊരു നോട്ടീസ്സ് ലണ്ടൻപത്രങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. അതു കണ്ട ചില സുഹൃത്തുക്കൾ ആലീസിനോടു പറഞ്ഞപ്പോൾ ആലീസ് നല്കിയതാണു് മേലുദ്ധരിച്ച മറുപടി. മതാധ്യക്ഷന്മാരോ വലിയ പുണ്യവാളപദവിക്കർഹരായവരോപോലും അനുഷ്ഠിക്കാത്ത ഒരു മഹാദർശമാണു് ആ സ്ത്രീ പ്രായോഗികമാക്കിക്കാണിച്ചതു്.

സ്വന്തം ആവശ്യത്തെ പരിമിതമാക്കുകയും ആവശ്യത്തിനു വേണ്ടുവോളം പ്രയത്നിച്ചുണ്ടാക്കുകയും കരുതിവെയ്ക്കുകയുമെന്നതു് ഓരോ വ്യക്തിയുടെയും കടമയാ

ണ്ടു്; ആവശ്യത്തിലും വളരെ കൂടുതൽ ഉണ്ടാകുന്നതു് അനൎത്ഥകരമായ ഒരു ഭാരമേ ആവൂ എന്നതാണാ തത്വം. പണക്കാർ, മതക്കാർ മുതലായവൎക്കാൎക്കും ഈ തത്വബോധമില്ല. അതില്ലായ്കയാലാണു് എവിടെയും അസ്വാസ്ഥ്യങ്ങളും സമരങ്ങളും യുദ്ധങ്ങളുമുണ്ടായിക്കൊണ്ടിരിക്കുന്നതു്.

ബോസ്റ്റൺനഗരത്തിലെ കോടീശ്വരനായ ജോൺ ഡിഫാരി 86-ാംവയസ്സിൽ ഈയിടെ മരിച്ചു. അദ്ദേഹത്തിന്റെ മരണപത്രപ്രകാരം 'ബോസ്റ്റൺവായനശാല' യ്ക്കു നല്കിയിരിക്കുന്നതു 66 ലക്ഷം ഉറുപ്പികയോളം വരുന്ന പണമാണു്. 'പണം സമ്പാദിക്കുന്ന മാൎഗ്ഗം' ആ വായനശാലയാണദ്ദേഹത്തെ പഠിപ്പിച്ചതെന്ന വസ്തുത ആ ദാനത്തിനു കാരണമായി മരണപത്രത്തിൽ പറഞ്ഞിട്ടുണ്ടു്. അതിപ്രകാരമാണു്:

"ബോസ്റ്റണിലെ തെരുവീഥികളിൽ കായ്കനികൾ (Fruits) കൊണ്ടുനടന്നു വില്ക്കുകയായിരുന്നു യുവാവായ എന്റെ ആദ്യത്തെ തൊഴിലും ഉപജീവനമാൎഗ്ഗവും. ഒഴിവു കിട്ടുമ്പോൾ ഞാൻ ബോസ്റ്റൺവായനശാലയിൽ ചെന്നിരുന്നു വായിക്കാറുണ്ടായിരുന്നു. കിട്ടുന്ന ലാഭം ചെറുതായിരുന്നാലും അതിൽ എത്രയും തുച്ഛമായ ഒരംശമെങ്കിലും ചരതിച്ചുകൊണ്ടു പ്രവൎത്തനമൂലധനം വൎദ്ധിപ്പിക്കുന്ന ശീലംമൂലം ലക്ഷപ്രഭുക്കളായ ചിലരുടെ ജീവചരിത്രക്കുറിപ്പുകൾ ഒരു മാസികയിൽ ഞാൻ വായിച്ചു. അതെന്റെ മനസ്സിൽ പതിഞ്ഞു. അതനുസരിച്ചു തുച്ഛമായിരുന്ന എന്റെ വ്യാപാരമൂലധനത്തെ വൎദ്ധിപ്പിച്ചാ

ണു് ഞാൻ സമ്പാദ്യക്കാരനായതു്. അതിനുള്ള നന്ദി പ്രകാശമാണീ സംഭാവന."

ബങ്കാളിയായ സുഖ്‌വീർ ഭരദ്വാജ്, ഇന്ത്യൻകരസേനയിലെ ഒരു പട്ടാളക്കാരനായിരുന്നു. കഴിഞ്ഞ മഹായുദ്ധത്തിൽ ബർമ്മാസമരമുഖത്തുവെച്ച് വെടിയുണ്ട കൊണ്ടു് അയാളുടെ കണ്ണൊന്നു പോയി. അതുകാരണം പെൻഷൻ കൊടുത്തയാളെ പിരിച്ചു. ഉററവരൊന്നുമില്ലാത്ത അയാളുടെ സുഖജീവിതത്തിനു പെൻഷ്യൻ തുക അല്പം മതിയാകാതെ വന്നു. മററു വരവിനുള്ള സ്വത്തൊന്നും അയാൾക്കുണ്ടായിരുന്നുമില്ല. അതുകൊണ്ടു കല്ക്കട്ടയിലെ ഒരു സിനിമാശാലയിൽ 'രാത്രികാവല്ക്കാര'ന്റെ ജോലിയിൽ അയാൾ ഏർപ്പെട്ടു. ആ ശമ്പളംകൊണ്ടും പെൻഷ്യൻകൊണ്ടും അയാളുടെ സുഭിക്ഷമായ ചെലവു കഴിച്ചു മിച്ചം ഉണ്ടായിക്കൊണ്ടാണിരിക്കുന്നതു്. അങ്ങനെ മിച്ചം വരുന്നതു കൂട്ടിവെച്ചുണ്ടാകുന്ന വലുതല്ലാത്ത തുകകൾ ലോകോപകാരികളായ മഹത്തുക്കൾക്കോരോരുത്തർക്കു സംഭാവനയായി ഇടയ്ക്കിടയ്ക്കു് അയച്ചുകൊടുക്കുകയാണയാളുടെ പതിവു്. ഗാന്ധി, ജിന്നാ, നെഹ്‌റു, ജോർജ്ജ് ആറാമൻ, ചർച്ചിൽ, പ്രസിഡണ്ടു് ട്രൂമൻ, വേവൽപ്രഭു, മൗണ്ട്ബാററൻപ്രഭു, രണ്ടാം എലിസബത്തുരാജ്ഞി മുതലായവർ അങ്ങനെ അയച്ചുകിട്ടിയ സംഖ്യ വാങ്ങി നന്ദിപറഞ്ഞു ഭരദ്വാജിനു മറുപടി നല്കീട്ടുള്ളവരാണു്. എന്നാൽ പ്രസിഡണ്ടു് റൂസ്‌വെൽററ്‌മാത്രം ആ സംഭാവന ഉപേക്ഷിച്ചു മടക്കുകയാണുണ്ടായതു്. അതിൽ ആശ്ചര്യപ്പെട്ട ഭരദ്വാജ്, എളിയതെങ്കിലും ആദരപൂർവ്വം താനയച്ച സംഭാവന നിരസിച്ച

തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടു റൂസ്വെൽററിനു ഒരു കത്തയച്ചു. അതിനു മറുപടിയെന്നോണം ഭരദ്വാജിനു റൂസ്വെൽററിൽനിന്നു കിട്ടിയതു 800 ഡോളറിൻെറ ഒരു ചെക്കുമാത്രമാണു്. ഭരദ്വാജു് ആ ചെക്കു ബംഗാൾദുരിതനിവാരണഫണ്ടിലേയ്ക്കു സംഭാവന നല്കി.” ഇന്ത്യൻസേനകളുടെ വാർത്താപത്രികയായ 'ഫൗജി അക്ബർ' (Fauji Akhbar) എന്ന ഔദ്യോഗികപ്രസിദ്ധീകരണത്തിൽനിന്നാണിതുദ്ധരിക്കുന്നതു്. ധനതൃഷ്ണയില്ലായ്മയ്ക്കു ഭരദ്വാജോ റൂസ്വെൽറേറാ മുന്തിനില്ക്കുന്നതു് എന്നതൊരു പ്രശ്നമാണു്.

"അറുപതുലക്ഷമുള്ളവനെക്കാൾ സംതൃപ്തൻ ആറു മക്കളുള്ളവനാണു്” എന്നൊരു ചൊല്ലുണ്ടു്. അറുപതു ലക്ഷക്കാരനു പിന്നെയും കൂടുതൽ ലക്ഷം വേണമെന്നായിരിക്കും മോഹം. ആറുമക്കളുള്ളവനു പിന്നെയും മക്കൾ വേണമെന്ന മോഹം ഉണ്ടാവുകയില്ല.

താൻ മരിക്കുന്നതുവരെ തനിക്കും താൻ സംരക്ഷിക്കേണ്ടവർക്കും ദാരിദ്ര്യത്തിനോ പരാശ്രയത്തിനോ ഇടവരാത്തവണ്ണം സമ്പാദ്യം കരുതിവെയ്ക്കേണ്ട കടമ ഓരോരുത്തനുമുണ്ടു്. ആ അതിർത്തി വല്ലാതെ ലംഘിച്ചു സമ്പാദിച്ചുകൂട്ടണമെന്നാഗ്രഹിക്കുന്നതു ധനതൃഷ്ണയാലുണ്ടാകുന്ന ഒരുതരം ഉന്മാദമാണു്.

"നീ അതിധനികനാണോ, എന്നാൽ നീ ഒരു പാവമാണു്. കഴുത ഭാരം ചുമക്കുന്നതുപോലെ നീ ധനം ചുമന്നുകൊണ്ടു നടക്കുന്നു. ആ ഭാരത്തിൽനിന്നു നിന്നെ മോചിപ്പിക്കാൻ മരണത്തിനുമാത്രമേ കഴിയുകയുള്ളു.” എന്നതാണു് ഷേക്സ്പിയർവാക്യം.

# മിശ്രവിവാഹം എന്നാൽ

മിശ്രവിവാഹം എന്നു കേൾക്കുമ്പോൾ പുരികം ചുളിച്ച് ഒരുതരം പുച്ഛമനോഭാവം കാണിക്കുന്നവർ ധാരാളമാണു്. ചെറുപ്പത്തിന്റെ ചപലതകൊണ്ടുണ്ടാകുന്ന വികാരവായ്പിന്റെ ഫലമായി ആലോചനയില്ലാതെ ചില ചെറുപ്പക്കാർ ചെന്നുചാടുന്ന അപകടമാണതെന്നാണു് ചിലരുടെ വിചാരം. അതു ശരിയല്ല. ഏതു മതത്തിലും ജാതിയിലും പെട്ടവരായാലും വിവാഹത്തിനു ചില പൊരുത്തങ്ങൾ വേണമെന്നെല്ലാവരും കരുതാറുണ്ടു്. സ്വന്തജാതിയിലോ സമുദായത്തിലോ ഉള്ള ഏതെങ്കിലുമൊരുത്തനു മകളെ പിടിച്ചുകൊടുക്കുവാൻ ഒരുത്തരും തയ്യാറാകുന്നില്ല. വിവാഹജീവിതത്തിന്റെ സൗഭാഗ്യപരമായ നിലനില്പിനു മതത്തിനും ജാതിക്കും അപ്പുറത്തുള്ള ചില പൊരുത്തങ്ങൾ അവശ്യം വേണമെന്നു് അതിൽനിന്നു വ്യക്തമാവുന്നുണ്ടു്. അത്തരം പൊരുത്തങ്ങൾ ഉണ്ടായാൽ മതവും ജാതിയും പ്രശ്നമേയല്ല.

സാമ്പത്തികനില, സംസ്കാരം, സ്വഭാവം, ആരോഗ്യം, വയസ്സ് എന്നിവയിൽ സാമാന്യയോജിപ്പുണ്ടായാൽ, ജാതിയോ മതമോ വ്യത്യസ്തമാണെങ്കിലും, ഏതു വിവാഹവും വിജയിക്കും. മതമോ ജാതിയോ ആണു സർവ്വപ്രധാനമെങ്കിൽ മററു യോജിപ്പുകളൊന്നും നോക്കാതെ ഒരു മതത്തിലോ ജാതിയിലോ പെട്ടവർ വിവാഹം ചെയ്യുമായിരുന്നല്ലോ. അങ്ങനെ ചെയ്യാത്തതുകൊണ്ടു വിവാഹകാര്യത്തിൽ മതക്കാർതന്നെ മതത്തിൻെറയും ജാതിയുടെയും മാത്രം പ്രാമാണികതയെ ചോദ്യംചെയ്തു കൊണ്ടിരിക്കുകയാണു്.

## മിശ്രവിവാഹസംഘം

ജാതിയോ മതമോ വർഗ്ഗമോ പ്രാദേശികത്വമോ വിവാഹകാര്യത്തിൽ നോക്കേണ്ടതില്ലെന്നു പ്രചരിപ്പിക്കുകയും ഈ ആശയത്തിനനുസൃതമായി നടക്കുന്ന പൊരുത്തമുള്ള വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണു് മിശ്രവിവാഹസംഘത്തിൻെറ കർത്തവ്യം. ചിലർ കരുതുന്നപോലെ അസമത്വപരമോ തോന്ന്യാസജടിലമോ ആയ വിവാഹങ്ങളെ ഒരിക്കലും സംഘം പിൻതാങ്ങുകയില്ല. ജാതിമതവ്യത്യാസങ്ങളെയും സമുദായങ്ങൾതമ്മിലുള്ള പരസ്പരസ്പർദ്ധയെയും നശിപ്പിച്ചു മനുഷ്യരിൽ സാഹോദര്യവും സൗഹൃദവും വളർത്താൻ ഏററവും പററിയ മാർഗ്ഗമാണു് മിശ്രവിവാഹം. മിശ്രവിവാഹപ്രസ്ഥാനത്തെ എതിർക്കുന്നതിനു കച്ചകെട്ടി നടക്കുന്ന ചിലർ ചോദിക്കാറുണ്ടു്, കെ. അയ്യപ്പനും എം. സി. ജോസഫും മററും എന്തുകൊണ്ടു് അവർ പ്രസംഗിക്കുന്നപോലെ മിശ്രവിവാ

ഹം ചെയ്തില്ല എന്നു്. തികച്ചും അസ്ഥാനത്തുള്ള ഒരു ചോദ്യമാണതു്. തനിക്കു പററിയ ഒരു വധുവിനെ അല്ലെങ്കിൽ വരനെ തിരഞ്ഞെടുക്കുമ്പോഠം ജാതിയോ മതമോ പരിഗണിക്കരുതെന്നു പറയുമ്പോഠം വിവാഹജീവിതത്തിനാവശ്യമായ പൊരുത്തങ്ങഠം വേണ്ടെന്നു് ഒരുത്തരും കരുതാറില്ല, പറയാറുമില്ല. വയസ്സന്മാരായ ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു വളരെ വർഷങ്ങളായി. അന്നു ഭാരതീയർ സ്വതന്ത്രരോ ഒരു ജനതയോ (Nation) ആയിട്ടില്ല; ജാതിവ്യത്യാസം നിയമത്താൽ പാലിക്കപ്പെട്ടിരുന്നു; ദേശീയോദ്ഗ്രഥനാശയം മുളയെടുത്തിരുന്നുമില്ല. ഞങ്ങഠംക്കു വിവാഹം ചെയ്യാൻ അനുയോജ്യരും സമ്മതമുള്ളവരുമായ മററു ജാതിക്കാരായ സ്ത്രീകളെ കാണാനുമില്ലായിരുന്നു. ഇനിയും എന്റെ മക്കഠം മിശ്രവിവാഹം കഴിച്ചിട്ടുണ്ടോ എന്നു ചിലർ ചോദിക്കുന്നുണ്ടു്. എന്റെ മക്കളുടെ വിവാഹത്തിനു സമയമായപ്പോഠം മററു മതസമുദായങ്ങളിൽനിന്നു പററിയ ആളുകളെ കിട്ടുമോ എന്നു ഞാൻ അന്വേഷിച്ചു. ഒരുത്തരെയും കിട്ടിയില്ല. എങ്കിലും യാക്കോബായസമുദായാംഗമായ എന്റെ മക്കളെ പ്രൊട്ടസ്റ്റൻറുകാരുമായും റോമൻകത്തോലിക്കരുമായും മാർത്തോമക്കാരുമായും വിവാഹബന്ധത്തിലേപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. കേരളമിശ്രവിവാഹസംഘത്തിന്റെ പ്രവർത്തകരിൽ ചിലരുടെ മക്കഠംക്കു മിശ്രവിവാഹം ചെയ്യാൻ പററിയ ചെറുക്കനോ പെണ്ണോ മററു ജാതിയിൽനിന്നു കിട്ടിയില്ലെന്നു കരുതി ആ മക്കഠം ആജീവനാന്തം വിവാഹം ചെയ്യാതെ ജീവിക്കണമെന്നാരും പറയുകയില്ലല്ലോ.

മക്കളോ അന്യരോ ആയാലും നിർബ്ബന്ധിച്ചു ചെയ്യിക്കേണ്ടതല്ല വിവാഹം. മിശ്രവിവാഹത്തിനു പൊരുത്തവും സാധ്യതയും സൗകര്യവും കാണുന്നേടത്തു് അതിനെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണു് വേണ്ടതു്. പ്രബുദ്ധമതികൾ അതു ചെയ്യണമെന്നേയുള്ളൂ.

മിശ്രവിവാഹങ്ങൾ സാർവ്വത്രികമാകണമെങ്കിൽ ജാതിയും മതവും നോക്കാതെ കാരണവന്മാർ തങ്ങളുടെ മക്കൾക്കു വിവാഹം ആലോചിക്കാൻ തുടങ്ങണം. അത്തരം ഒരു കാലം വരുത്തുക എന്നുള്ളതാണു് മിശ്രവിവാഹസംഘത്തിന്റെ ലക്ഷ്യം. അതു നടക്കുമോ എന്നു സംശയിക്കുന്നവർ കാണും. ഒട്ടും സംശയിക്കേണ്ടാ, മനുഷ്യൻ അത്തരമൊരു സാമൂഹ്യവ്യവസ്ഥിതിയിലേയ്ക്കുതന്നെയാണു് നീങ്ങുന്നതു്. ഇവിടെയുള്ള പ്രായമേറിയവക്കറിയാം, കേരളീയർ കുടുമവെച്ചുനടന്ന കാലം. മുൻകുടുമ, ഉച്ചിക്കുടുമ, പിൻകുടുമ, ചെന്നിക്കുടുമ (ജൂതന്മാർ) എന്നിങ്ങനെ ജാതി തിരിച്ചു പല കുടുമകളുണ്ടായിരുന്നു. ഒരമ്പതു കൊല്ലംകൊണ്ടു കുടുമകൾ വെയ്ക്കുന്ന ആചാരം നിശ്ശേഷം മാറിപ്പോയി. യൂറോപ്യന്മാരുടെ ഇടയിൽനിന്നാണു് ക്രോപ്പുചെയ്യുന്ന സമ്പ്രദായം ഇങ്ങോട്ടു വന്നതു്. ചില ആചാരപരിഷ്കാരകുതുകികൾ അന്നു ക്രോപ്പിനുവേണ്ടി വാദിച്ചപ്പോൾ ആചാരസംരക്ഷണകുതുകികൾ കുടുമ നിലനിർത്തേണ്ടതിനുള്ള ന്യായങ്ങൾ പറഞ്ഞുനടന്നു. പക്ഷേ അവരെ മറികടന്നു ക്രോപ്പു സർവ്വസാധാരണമായി. ഈ കുടുമ പോയപോ

ലെതന്നെ സ്വജാതിവിവാഹം എന്ന ആചാരവും അധികം താമസിയാതെ മാറിപ്പോകുകതന്നെ ചെയ്യും.

**മിശ്രവിവാഹപ്രവാചകൻ**

കേരളത്തിലെ മിശ്രവിവാഹപ്രസ്ഥാനത്തിൻെറ പ്രവാചകൻ ശ്രീനാരായണഗുരുവാണു്. ലോകത്തുള്ള മനുഷ്യരെല്ലാം ഒരു ജാതിയാണെന്നും അതുകൊണ്ടു് അവർതമ്മിൽ വിവാഹവും പന്തിഭോജനവും ആകാമെന്നും സ്വാമികൾ പറഞ്ഞു. സ്വാമികളുടെ ശിഷ്യനായ മഹാകവി കുമാരനാശാൻ ചോദിച്ചു, ബ്രാഹ്മണനും ചണ്ഡാലിയും ചേർന്നാൽ കുട്ടികളുണ്ടാവുകയില്ലേ എന്നു്. മനുഷ്യരിൽ ഏതു മതക്കാരും ജാതിക്കാരുമായ സ്ത്രീപുരുഷന്മാർതമ്മിൽ ബന്ധപ്പെട്ടാലും കുട്ടികളുണ്ടാകും. മനുഷ്യരെല്ലാം ഒരൊററ ജാതിയാണെന്നു് അതു തെളിയിക്കുന്നു. ആടു്, പശു മുതലായ ജീവികളുടെ ഗർഭപാത്രത്തിൽ മനുഷ്യബീജം കുത്തിവെച്ചാൽ അവ ഗർഭം ധരിക്കുന്നില്ല.

മനുഷ്യവർഗ്ഗത്തെ മുഴുവൻ ഒന്നായിക്കാണുവാൻ കഴിഞ്ഞു എന്നുള്ളതാണു് ശ്രീനാരായണനെൻറ മഹത്വം. അതിലാണദ്ദേഹം ശ്രീശങ്കരനിൽനിന്നു വ്യത്യസ്തനായിരിക്കുന്നില്ലുന്നതു്. മനുഷ്യനിൽത്തന്നെയാണു് ദൈവം എന്ന അദ്വൈതം ശ്രീശങ്കരൻ പ്രചരിപ്പിച്ചു. മനുഷ്യനാണു് ദൈവമെന്ന മഹത്തരമായ യുക്തിവാദമാണു് ശ്രീനാരായണൻ പഠിപ്പിച്ചതു്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്' എന്നു സ്വാമികൾ പറഞ്ഞതിൻെറ അർത്ഥം ഈഴവരിൽത്തന്നെ ബഹുഭൂരിപക്ഷത്തിനുപോലും ഇന്നും ദഹിക്കുന്നില്ല. ജാതിവ്യവസ്ഥ മാ

റി മനുഷ്യരെല്ലാം ഒന്നാകുമ്പോളാണു് ഒരു ജാതിയാകുന്നതു്. അതുപോലെതന്നെ മതവും ദൈവവുമില്ലാതാകുന്ന സാമൂഹ്യവ്യവസ്ഥിതിയാണു് സ്വാമികളുടെ വിഭാവന.

നാരായണഗുരു ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചില്ലേ, ദൈവവും മതവും വേണ്ടെന്നായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നോ എന്നു ചോദിക്കുന്നവർ ഉണ്ടു്. അന്നത്തെ കാലത്തു് അവർണ്ണജാതികളെ ഒന്നിപ്പിക്കാൻ അതല്ലാതെ മററു മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം നേരെതന്നെ മതത്തെ എതിർത്തിരുന്നുവെങ്കിൽ അദ്ദേഹത്തിനു് ഇവിടെ ഒന്നും ചെയ്യാൻ കഴിയുകയില്ലായിരുന്നു. ഈഴവരെപ്പോലെ ജാതിയിൽ താണവക്കു ക്ഷേത്രം പ്രതിഷ്ഠിക്കാനോ പൂജ നടത്താനോ അന്നു് അർഹതയുണ്ടായിരുന്നില്ല. വൈദികബ്രാഹ്മണനുമാത്രമായിരുന്നു ആ അധികാരം. സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണരുടെ വഴിപാടുകൾ സ്വീകരിച്ചിരുന്നു. ക്ഷേത്രത്തിൽനിന്നു തീണ്ടപ്പാടകലെ മാറിനിന്നു് ഇലയിൽ വഴിപാടു വെച്ചു തൊഴുതിട്ടു് അവർ പോയ്ക്കൊള്ളണമെന്നായിരുന്നു ചട്ടം. ക്ഷേത്രത്തിന്നടുത്തു് അയിത്തജാതിക്കാർ ചെന്നാൽ അവക്കു കഠിനമായ ശിക്ഷകൾ നല്കിയിരുന്നു. വെറും മുപ്പതുവർഷം മുമ്പുള്ള സ്ഥിതിയായിരുന്നു ഇതു്. ഈ സമ്പ്രദായത്തെ കടപുഴക്കിയെറിയാൻ വേണ്ടി നാരായണഗുരു എടുത്ത ഒരു വലിയ തന്ത്രമായിരുന്നു ക്ഷേത്രപ്രതിഷ്ഠകൾ. വൈദികത്വം സ്വയം കവർന്നെടുത്തുകൊണ്ടായിരുന്നു അദ്ദേഹം പ്രതിഷ്ഠകൾ നടത്തിയതു്.

ബ്രാഹ്മണർ ചോദ്യംചെയ്തപ്പോഠം താൻ പ്രതിഷ്ഠിച്ചതു് ഈഴവദൈവത്തെയാണെന്നും പറഞ്ഞു ബ്രാഹ്മണരെ മിണ്ടാതാക്കി. സവർണ്ണനും അവർണ്ണനും ദൈവം വെവ്വേറെയല്ലാത്തതുകൊണ്ടു്, ശ്രീനാരായണഗുരുവിൻെറ ക്ഷേത്രപ്രസ്ഥാനവും പ്രതിഷ്ഠയുമെല്ലാം വെറുംകൗശലപ്രയോഗമായിരുന്നെന്നു സ്പഷ്ടമാണല്ലോ. ആദ്യകാലത്തു സ്വാമികഠംക്കു ക്ഷേത്രങ്ങളുടെ കാര്യത്തിൽ കുറെ പ്രതീക്ഷകളുണ്ടായിരുന്നു. എന്നാൽ പില്ക്കാലത്തു ക്ഷേത്രസ്ഥാപനം അബദ്ധമായിപ്പോയി എന്നുതന്നെ അദ്ദേഹം പറഞ്ഞു. 1093 മിഥുനത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ഒരു കല്പനയിൽ അതു വ്യക്തമാക്കിക്കൊണ്ടു ക്ഷേത്രങ്ങളെല്ലാം വിദ്യാലയങ്ങളാക്കി മാററണമെന്നു സ്വാമികഠം നിർദ്ദേശിച്ചിട്ടുണ്ടു്. നാരായണഗുരുവിൻെറ അനുയായികഠം എന്നു പറഞ്ഞു നടക്കുന്നവർ ഇതൊന്നും അറിഞ്ഞിട്ടും കേട്ടിട്ടുമില്ലാത്തപോലെയാണു് പെരുമാറുന്നതു്.

## രാമായണവും മഹാഭാരതവും

ദൈവവും പിശാചും ജാതിയും മതവും മററന്ധവിശ്വാസങ്ങളും നിലനില്ക്കുന്നതു കെട്ടുകഥകഠംവഴിയാണു്. രാമായണം, മഹാഭാരതം, പുരാണങ്ങഠം തുടങ്ങിയവയെല്ലാം പൊറെറക്കാടിൻെറയും തകഴിയുടെയും കേശവദേവിൻെറയും പൊൻകുന്നം വക്കിയുടെയും മററും കഥകഠംപോലെയുള്ള കെട്ടുകഥകഠംമാത്രമാണു്. ക്രിസ്തുവിനുശേഷം രണ്ടും നാലും ശതകങ്ങളിൽമാത്രമാണു് ഇപ്പോഠം കാണുന്ന രാമായണവും മഹാഭാരതവുമുണ്ടായ

തെന്നു ദേവിപ്രസാദ് ചതോപാധ്യായ മുതലായ ചരിത്രപണ്ഡിതന്മാർ അസന്ദിഗ്ദ്ധമായി സ്ഥാപിച്ചിട്ടുണ്ട്. രാമായണത്തിൽ ബുദ്ധനെപ്പററി പരാമർശിച്ചിട്ടുള്ളതിനാൽ, വേദത്തെയും യാഗത്തെയും ജാതിയെയും നിഷേധിക്കുന്ന ബുദ്ധമതത്തെ നശിപ്പിച്ച് ബ്രാഹ്മണമതവും ചാതുർവ്വർണ്ണ്യവും പുനസ്ഥാപിച്ച് നിലനിറുത്തണമെന്നാഗ്രഹിച്ച ചില വിരുതന്മാരായ സാഹിത്യകാരന്മാരായിരുന്നു അവയുടെ കർത്താക്കൾ. തന്മയത്വവും രസികത്വവും നിറഞ്ഞ ദൈവികകൃതികളായതുകൊണ്ട് അവ വിശ്വാസികൾക്കു ചരിത്രസത്യങ്ങളായി തോന്നിപ്പോകുന്നു എന്നുമാത്രം. ഷേക്സ്പിയർ, മോളിയർ തുടങ്ങിയവരെക്കാളും പ്രസ്തുതകൃതികളുടെ കർത്താക്കന്മാർ അക്കാര്യത്തിൽ വിജയിച്ചിട്ടുണ്ട്. 10 തലയുള്ള രാവണനും സംസാരിക്കുന്ന കുരങ്ങന്മാരും രാമായണത്തിൽ ഉണ്ടല്ലോ. ഈസോപ്പിൻെറ സാരോപദേശകഥകളിൽ കുതിരയും കഴുതയും തവളയും മററും സംസാരിക്കുന്നതായി പറയുന്നുണ്ട്. അതുപോലെമാത്രമേ രാമായണ–മഹാഭാരതകഥകൾക്കും വിലകല്പിക്കേണ്ടതുള്ളൂ. ഹനുമാൻ എന്ന കുരങ്ങൻ ഇന്ത്യയിൽനിന്നു സിലോണിലേയ്ക്കു ചാടിപോലും! ആ ഹനുമാൻെറ ദൈവമായ ശ്രീരാമനു ചിറകെട്ടിയിട്ടേ അങ്ങോട്ടു കടക്കാൻ കഴിഞ്ഞുള്ളൂ. എന്തൊരു വൈരുദ്ധ്യമാണിത്? പാലാഴിയിൽ പാമ്പിൻെറ പുറത്തു മലർന്നുകിടക്കുന്ന വിഷ്ണു! അദ്ദേഹത്തിന്റെ നാഭിയിൽ താമര വളരുന്നു! അതിൽ ബ്രഹ്മാവുണ്ടാകുന്നു! ഇതൊക്കെ കേട്ടാൽ, 'കല്ലുവെച്ച' നുണയാണെന്നു മനസ്സിലാക്കാൻ ന

മുക്ക ബുദ്ധിയില്ലെങ്കിൽ കഷ്ടമാണു്. കൈലാസത്തിലാണത്രേ ശിവൻ വസിക്കുന്നതു്. ശിവൻെറ കഴുത്തിൽ പാമ്പിനെ ചുററിയിട്ടിരിക്കുന്നു എന്നും കാണുന്നുണ്ടു്. മനുഷ്യർക്കു പണ്ടു കൈലാസം (ഹിമാലയം) അപ്രാപ്യമായിരുന്നു. എന്നാൽ ഇന്നു് ആർക്കും അവിടെപ്പോകാം. അവിടെ ഒരു ശിവനുമില്ല; പാമ്പുമില്ല. പാമ്പിനു ജീവിക്കാൻ വയ്യാത്ത കാലാവസ്ഥയാണവിടെ. 1962-ൽ എൻെറ ഒരു ജാമാതാവു്—അയാൾ ഇന്ത്യൻപട്ടാളത്തിൽ ഇപ്പോൾ ഒരു മേജറാണു്—ഹിമാലയത്തിൽ പോയി ചൈനീസ്കൈയേററംമൂലം 15 ദിവസം അവിടെ അലഞ്ഞുനടക്കേണ്ടിവന്നതിനുശേഷം തിരിച്ചെത്തി. മനുഷ്യനെ ഉപദ്രവിക്കുന്ന ഒരുതരം ജന്തുക്കളും മഞ്ഞുനിറഞ്ഞ അവിടെയില്ലത്രേ. മനുഷ്യരെ ചൂഷണം ചെയ്തു ജീവിക്കുന്ന പുരോഹിതന്മാരും ഹൈന്ദവനേതാക്കളുമാണു് ഇത്തരം നുണക്കഥകൾ പ്രചരിപ്പിക്കുന്നതിൽ വ്യഗ്രരായിരിക്കുന്നതു്.

ഒരു മതത്തിൽമാത്രമല്ല, ഇത്താരം ചൂഷണങ്ങളും കള്ളത്തരങ്ങളുമുള്ളതു്. എല്ലാ മതങ്ങളും ചൂഷണത്തിനുവേണ്ടി കെട്ടിപ്പടുത്ത അന്ധവിശ്വാസപരമായ നുണകളുടെ സമാഹാരങ്ങളാണു്. അന്ധവിശ്വാസികളും അല്പബുദ്ധികളും അതിനെ ഏററുപാടുന്നു എന്നുമാത്രം.

# വിവാഹവും പ്രണയവും

ഒരു ടോക്കിയോവാർത്തയാണിതു്:

"രണ്ടാംലോകമഹായുദ്ധത്തിനുശേഷം പാശ്ചാത്യരെ അനുകരിച്ചു പ്രേമവിവാഹം നടത്തിയിരിക്കുന്ന ജപ്പാനിലെ യുവതികൾ ഇപ്പോൾ ആ നടപടി ഉപേക്ഷിച്ചുതുടങ്ങിയിരിക്കുന്നു; പഴയ സമ്പ്രദായത്തിലുള്ള വിവാഹരീതിയിലേയ്ക്കുവർ മടങ്ങുകയാണു് എന്നു് 'അസാഹിജിനൊ' എന്ന ജപ്പാൻമാസിക പറയുന്നു. അന്ധമായി പ്രേമിച്ചു വിവാഹം നടത്തുന്നതിനുപകരം, നല്ല മുൻകരുതലോടും ദീർഘാലോചനയോടും കൂടി ഭർത്താവിനെ തിരഞ്ഞെടുക്കാനാണവർ ആഗ്രഹിക്കുന്നതു്. 'ഞാൻ വിവാഹം കഴിക്കുന്ന പുരുഷനെ ഞാനൊരിക്കലും പിണക്കുകയില്ല, വെറുക്കുകയുമില്ല. പ്രേമം പൂർവ്വോപാധിയായിരുന്നില്ലെങ്കിലും പ്രേമം താനേ വന്നുകൊള്ളുന്നതാണു്. പ്രേമിച്ചു വേണം കല്യാണം കഴിക്കാനെന്നു പറയുന്നതു മുഴുവനും ശരിയല്ല. അത്രയൊന്നും വികാരപരമല്ല ലോ

കം' എന്നു കച്ചവടക്കാരിയായ 24 വയസ്സുള്ള ഒരു കന്യക പറഞ്ഞു.

"തങ്ങളുടെ ഭാവിഭർത്താക്കന്മാരുടെ പ്രധാനയോഗ്യത സാമ്പത്തികഭദ്രതയും സ്വഭാവഗുണവുമാണെന്നു ജപ്പാനിലെ 90 ശതമാനം യുവതികളും അറിയുന്നുണ്ടു്."

പ്രണയത്തെസ്സംബന്ധിച്ചുണ്ടായിട്ടുള്ള ഈ അഭിപ്രായമാററം മാനസികാരോഗ്യകരമായ ഒന്നാണെന്നതിനു സംശയമൊന്നുമില്ല.

ചഞ്ചലവും വൈകാരികവുമായ ഒരു മാനസികാനുഭവമാണു് പ്രണയം. അതു തുല്യാവേശത്തോടെ മറെറാരു വ്യക്തിയുമായി ഉണ്ടായിക്കൊള്ളട്ടെന്നു പ്രകൃതിനിയമമൊന്നുമില്ല. വിവാഹം ഏററവും ഗൗരവമേറിയതും ആജീവനാന്തം നിലനില്ക്കേണ്ടതുമായ ഒരു കൂട്ടിടപാടു് (Joint Business) ആണു്. അങ്ങനെ ജീവിതത്തെ ഗാഢമായും ഗുരുതരമായും ബാധിക്കുന്ന ഒരു കൂട്ടിടപാടിൽ വികാരപരമായിമാത്രം പ്രവേശിക്കുന്നതു് അഭിലഷണീയമല്ലല്ലോ.

"പ്രണയം അഥവാ പരസ്പരഹൃദ്യത, വിവാഹത്തിനു് ഒരു പൂർവ്വോപാധി(Pre-condition)യാണെങ്കിലും പ്രണയത്തെമാത്രം അടിസ്ഥാനമാക്കി വിവാഹം കഴിക്കുന്നതു ഹാനികരമായി ഭവിക്കാം. പ്രണയം 90 ശതമാനവും അന്ധതയാണു്. ജീവിതത്തിൽ ഒരു കൂട്ടുണ്ടാകുവാൻ വേണ്ടിയായിരിക്കണം വിവാഹം. വിവാഹം വിജയകരമായിരിക്കുമെന്നതിനു പ്രണയം ഒരുറപ്പല്ല." ഇതു വിവാഹതത്ത്വജ്ഞാനവിദഗ്ദ്ധനായ പ്രൊഫസർ എഡ്വേ

ഡ്° വെസ്റ്റർമാർക്കി(Prof. Edward Westermark)ൻെറ ഉപദേശമാണു°. അദ്ദേഹം തുടൎന്നു പറയുന്നു:

"വിവാഹം യഥാൎത്ഥത്തിൽ എന്താണെന്നു ശ്രദ്ധാപൂൎവ്വം മനസ്സിലാക്കിക്കൊണ്ടു ബുദ്ധിപൂൎവ്വം അതിൽ ഏൎപ്പെടുന്നവരുടെ മനസ്സിനു° അതു ശിക്ഷണവും കീഴ്°വഴക്കവും നല്കി വികസിപ്പിക്കുകയും സ്വഭാവത്തെ ശുദ്ധീകരിച്ചു° അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും. അതു ബുദ്ധിമുട്ടുകളെ ലഘൂകരിപ്പെടുത്തുന്നതും സന്തോഷങ്ങളെ ഇരട്ടിപ്പിക്കുന്നതുമാണു°. ഭാൎയ്യാഭൎത്താക്കന്മാരായവർ തങ്ങളുടെ സ്വഭാവബലഹീനതകളെപ്പററി അല്പം നൎമ്മബോധത്തോടെ പരസ്പരം അറിയിക്കുന്നതോടൊപ്പം അവയെ പരിഹരിക്കുവാൻ സ്വയം യത്നിക്കുകയും അന്യോന്യം സേവിക്കുന്നതിനും ക്ഷമിക്കുന്നതിനും സന്നദ്ധമാവുകയും ചെയ്താൽ വൈവാഹികജീവിതം പരിപൂൎണ്ണവിജയംതന്നെയായിരിക്കും.

"സൗശീല്യമില്ലാത്ത സൗന്ദൎയ്യത്തിൽ ക്ഷണം വിരക്തിവരും. സൗന്ദൎയ്യമില്ലെങ്കിലും സൗശീല്യമുണ്ടെങ്കിൽ അതു തീരാത്ത ആശ്വാസവും സംതൃപ്തിയും നല്കിക്കൊണ്ടിരിക്കുകയും സൗശീല്യംതന്നെയാണു° സൗന്ദൎയ്യമെന്നു ബോധ്യമാകുകയും ചെയ്യും. അകവും പുറവും ഒരുപോലെ സുന്ദരമായ ഒരു മനുഷ്യജീവി പ്രകൃതിയുടെ ഒരു അപൂൎവ്വസമ്പത്താണു°."

സുപ്രസിദ്ധതത്ത്വജ്ഞനും ചരിത്രകാരനും ലോകപ്രസിദ്ധങ്ങളായ ഒട്ടേറെ ഗ്രന്ഥങ്ങളുടെ കൎത്താവുമായ

വിൽ ഡ്യൂറൻറ് (Will Durant) വിവാഹത്തെപ്പററി രേഖപ്പെടുത്തീട്ടുള്ള പരിണതചിന്തകൂടി ഉദ്ധരിച്ചുകൊള്ളുന്നു:

"യൗവനത്തിലായാലും പ്രായം ധാരാളമുള്ളപ്പോളായാലും ഒരാൾക്കു താൻ വിവാഹംചെയ്യാനാഗ്രഹിക്കുന്ന വ്യക്തിയോടു പ്രണയാവേശമുണ്ടെങ്കിൽ ആ ആഗ്രഹം ദോഷരഹിതമാവണമെന്നില്ല. തൻെറ ദാമ്പത്യപങ്കാളിയെ സ്വയം ബുദ്ധിപൂർവ്വം തിരഞ്ഞെടുക്കാനുള്ള കഴിവു പ്രണയാവേശത്താൽ നഷ്ടീഭവിച്ചെന്നുവരും. ആ സന്ദർഭത്തിൽ തൻെറ മാതാപിതാക്കളുടെയോ മററു ഗുരുജനങ്ങളുടെയോ ഉപദേശസഹായം അത്യന്താപേക്ഷിതമാണു്. അല്ലെങ്കിൽ ആ കാര്യത്തിൽ പതിയിരിക്കുന്ന അപകടമറിയാൻ സാധിക്കുകയില്ല.

"നിങ്ങളുടെ സുഖപ്രദമായ ദാമ്പത്യജീവിതാരംഭത്തിനു സാമ്പത്തികാദിസഹായം നല്കുന്നവരെ നിങ്ങളുടെ ദാമ്പത്യപങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും നിങ്ങൾക്കുപദേശസഹായം ചെയ്യാൻ നിങ്ങൾ അനുവദിക്കണം. അവരുടെ ഉപദേശം ബുദ്ധിശൂന്യമായ വിപ്രതിപത്തിയാൽ കലുഷിതമാണെന്നു സുവിദിതമാണെങ്കിൽമാത്രമേ നിരാകരിക്കാവൂ."

അങ്ങനെ ഉപദേശം നിരാകരിക്കുന്നതിനു മുമ്പു് ഒരു കാര്യംകൂടി ആലോചിക്കേണ്ടതുണ്ടു്: തങ്ങളിൽ ഒരാളുടെയോ ഇരുവരുടെയുംകൂടിയതോ ആയ സ്വാതന്ത്ര്യവരുമാനംകൊണ്ടു പരാശ്രയം കൂടാതെ തങ്ങളുടെ തനതായ

കുടുംബം പുലർത്തിക്കൊണ്ടുപോകാൻ കഴിയുമോ എ താണാത്തു്.

"സ്ത്രീ ഒരു ഭോഗവസ്തുവല്ല. ജീവിതനിവ്ഹണത്തിനു കഠിനാധ്വാനം ചെയ്യുന്നവൻ വിവാഹം കഴിക്കുന്നതു സുഖഭോഗത്തിനല്ല; ജീവിതത്തിൽ ഒരു കൂട്ടുകാരിയെയും ഉത്തമാധികാരിയെയും സമ്പാദിക്കുന്നതിനാണു്" എന്നു് ടോൾസ്റ്റോയി പറയുന്നു.

★

C. V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

[illegible] SELA
Reg. No. 938
THENNOORKONAM
VIZHINJAM (P.O)

1813

C. V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

യുക്തിപ്രകാശം

2803

Indic Digital Archive Foundation
gpura.org